# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

# താബോർ വിഭാഗം

## പാഠാവലി പന്ത്രണ്ട്


ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-4
ഫോൺ: 2572890

**AN OSSAE PUBLICATION**
**Sunday School Padavali - XII**
Sixth Edition: September 2021
Copies: 5,000
Price: ₹ 80.00
Printed at Alois Graphics, Kottayam
aloisgraphics@gmail.com

# പ്രവേശിക

മലങ്കര ഓർത്തഡോക്സ് സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ കാലോചിതമായി സമ്പൂർണ്ണമായി പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നതിന് പ്രസ്ഥാനത്തിന് കഴിഞ്ഞു. അഭിനന്ദനീയമായ ചുവടു വെയ്പായിരുന്നു ഇത്. പ്രസ്ഥാനം അദ്ധ്യക്ഷനും വിദ്യാഭ്യാസ വിചക്ഷണനനുമായ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെയും ഡയറക്ടർ ജനറലും സഭയുടെ പ്രശസ്ത മനശ്ശാസ്ത്രജ്ഞനുമായ ഫാ. ഡോ. ഒ. തോമസിന്റെയും നേതൃത്വത്തിൽ അദ്ധ്യാപന മേഖലയിൽ പരിചയസമ്പന്നരായ വൈദികരും അത്മായരും അടങ്ങിയ ഒരു സംഘം അദ്ധ്വാനശീലരുടെ പരിശ്രമ ഫലമായിരുന്നു പ്രസ്തുത പ്രസിദ്ധീകരണം. അത് ഇപ്പോൾ പുനഃപ്രസിദ്ധീകരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. ഇതിനായി പ്രയത്നിച്ചവരെ നന്ദിപൂർവ്വം ഓർക്കുന്നു; ദൈവ കരങ്ങളിൽ സമർപ്പിക്കുന്നു.

ദൈവവചനം, പള്ളി ആരാധന, കുടുംബ നമസ്ക്കാരം, സഭാ പിതാക്കന്മാരുടെ ജീവിതവൃത്താന്തവും പ്രബോധനവും, സഭാ വിശ്വാസം, സഭാ ചരിത്രം, സാമൂഹ്യവിഷയങ്ങൾ എന്നിവ ചേർത്തിണക്കിക്കൊണ്ടും ബാലപാഠം മുതൽ വേദപ്രവീൺ തരം വരെ അനുക്രമമായും സമതുലിതമായും വികസിപ്പിച്ചെടുത്തുകൊണ്ടുമുള്ള വിഷയക്രമീകരണമാണ് ഈ പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിക്കാൻ പരിശ്രമിച്ചിട്ടുള്ളത്. ഇതിന്മേൽ ആവശ്യമെങ്കിൽ പരിഷ്ക്കാരങ്ങളും തിരുത്തലുകളും ആവാം. അവ നിർദ്ദേശിക്കാനുള്ള സ്വാതന്ത്ര്യവും തുറവിയും ഉണ്ടെന്നും ഏവരെയും ഓർമ്മിപ്പിക്കട്ടെ.

ഒരു കാര്യം മറന്നുകൂടാ. പാഠ്യവിഷയങ്ങളോടൊപ്പം ഗുരുമുഖം എന്ന മറ്റൊരു തുറന്ന പുസ്തകം കുഞ്ഞുങ്ങൾ കാണുന്നു, അറിയുന്നു, സാംസ്വീകരിക്കുന്നു. ഇളം മനസ്സുകളിൽ സ്ഥായിയായ സ്വാധീനമായി അലിഞ്ഞുചേരുന്നത് പാഠ്യവിഷയങ്ങളോ, ഗുരുമുഖമോ? രണ്ടിനും പ്രാധാന്യമുണ്ട്; എങ്കിലും ഏറെ ആഴമായി പതിയുന്നത് ഗുരുമുഖം തന്നെയെന്ന് നാം തിരിച്ചറിയുന്നു. മുഖം ആളത്വത്തിന്റെ സമഗ്രപ്രകാശമാകുന്നുവല്ലോ; കേഴ്വിക്കുമപ്പുറം പോകുന്ന നേർക്കാഴ്ച. അമ്മയും അപ്പനും ആചാര്യരും (അദ്ധ്യാപകരും) വൈദീകരും ജ്യേഷ്ഠസഹോദരരും ഗുരുവരരത്രെ. എന്നാൽ "ഗുരുണാംമാതാഗ്രേയസി (ഗുരുക്കളിൽ അഗ്രിമസ്ഥാനത്ത് അമ്മ നിൽക്കുന്നു)".

ഭവനമാണ് ആദ്യത്തെ പഠനകളരി; പിന്നെ പള്ളിയും പള്ളിക്കൂടവും. ഇതെല്ലാം കൂടിചേരുന്നൊരു ഗുരുകുല സങ്കൽപ്പവും ഗുരുശിഷ്യ പാരസ്പര്യവും പരമ്പരയും. ഇത്തരമൊരു പ്രവിശാല പാഠ്യസങ്കൽപത്തിൽ വേണം പാഠ്യ-പാഠ്യേതര വിഷയങ്ങളെയും അദ്ധ്യാപക - അദ്ധ്യേതാക്കളെയും കാണാനും പരിഗണിക്കാനും.

ഈ ആമുഖക്കുറിപ്പോടെ നമ്മുടെ സൺഡേസ്കൂൾ പാഠപുസ്തകങ്ങളുടെ പുതിയ പതിപ്പ് സഭാ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

**ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത**
*പ്രസിഡന്റ്*
*ഒ.എസ്.എസ്.എസ്.എ.ഇ*

# ആമുഖം

പന്ത്രണ്ടാം ക്ലാസ്, OSSAE പഠനത്തിന്റെ പരിസമാപ്തിയും ജീവിതപഠനത്തിന്റെ സമാരംഭവുമാണ്. ബാല്യകൗമാരകാലങ്ങൾ കഴിഞ്ഞ് യൗവ്വനത്തിലേക്ക് പദമൂന്നിയിരിക്കുന്നു. പാശ്ചാത്യസംസ്കാരത്തിൽ 18-ാം വയസ്സിൽ തന്നെ കുട്ടികൾ സ്വയം പര്യാപ്തതയിൽ ജീവിക്കുവാൻ പരിശീലിക്കുന്നു. കഴിഞ്ഞ പന്ത്രണ്ട് ക്ലാസ്സുകളിലെ പഠനം ജീവിതത്തിന് ഉപയുക്തമാകുവാൻ പ്രയോജനപ്പെടത്തക്കവിധമാണ് പന്ത്രണ്ടാം ക്ലാസ്സിലെ പാഠഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

പഴയ പുസ്തകത്തിൽനിന്ന് വ്യത്യസ്തമായി പാഠഭാഗങ്ങളിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ ശ്രദ്ധിക്കണം. 'ക്രിസ്തീയ ആരാധന' എന്ന 11-ാം ക്ലാസ്സിലെ യൂണിറ്റ് 12-ാം ക്ലാസ്സിലേയ്ക്ക് കൊണ്ടുവന്നു. അതു മുഖാന്തിരം 11-ാം ക്ലാസ്സിലെ പഠനഭാരം അല്പം കുറയുകയും 12-ാം ക്ലാസ് പഠനം ഗൗരവതരമാകുവാനും സാധിക്കുന്നു. 12-ാം ക്ലാസ്സിലെ 'അധ്യാപനവുമായി' ബന്ധപ്പെട്ട 8 പാഠങ്ങൾ നാലായി ക്രമപ്പെടുത്തി. പരിസ്ഥിതി, ശാസ്ത്രം, ആരോഗ്യം, വിവരസാങ്കേതികത എന്നിവ ഒരു യൂണിറ്റായി മാറ്റി. കൂടാതെ യൂണിറ്റുകളുടെ എണ്ണം ഏഴായി നിലനിർത്തതക്കവിധം 12-ാം ക്ലാസ്സിൽ പഠിക്കേണ്ടിയിരുന്ന പ്രാർത്ഥനകൾ നിജപ്പെടുത്തി പ്രാർത്ഥനകളും ഗീതങ്ങളും വ്യാഖ്യാനങ്ങളും ഉൾപ്പെടുത്തി പുതുതായി ഒരു യൂണിറ്റ് ക്രമീകരിച്ചു.

സംവാദത്തിലൂടെയും സംശോധനയിലൂടെയും ഉള്ളടക്കവും അവതരണരീതിയും സമഗ്രമാകുവാൻ പുസ്തകത്തിന്റെ അണിയറ ശില്പികൾ ആവോളം ശ്രമിച്ചിട്ടുണ്ട്. തീർച്ചയായും അവരുടെ കഠിനാദ്ധ്വാനം പ്രശംസനീയമാണ്. വരുംതലമുറയ്ക്ക് വഴികാട്ടികളായവർ എന്ന നിലയിൽ അവരുടെ ഗുരുസ്ഥാനത്തിന് മുമ്പിൽ ശിരസ്സ് നമിക്കുന്നു.

യേശുക്രിസ്തുവിൽ ജീവിതം കേന്ദ്രീകരിച്ച് ആത്മീകമായി വളരുക എന്നതായിരിക്കണം സൺഡേസ്കൂൾ പഠനത്തിന്റെ ലക്ഷ്യം. പന്ത്രണ്ടാം ക്ലാസ്സുവരെ പഠിച്ച പാഠങ്ങൾ ഉപേക്ഷിക്കപ്പെടാതെ ജീവിതത്തിൽ നിലനിർത്തണം. അവ നമ്മെ ഒരിക്കലും വിട്ടുപിരിയാത്ത സ്നേഹിതന്മാരായി ജീവിതയാത്രയിൽ സഹയാത്രികരായി നിലകൊള്ളട്ടെ! പുതിയ പാഠപുസ്തകത്തിന്റെ താളുകൾ വിടർത്തുമ്പോൾ ഓർക്കുക..... ജീവിതത്തിന്റെ പുതിയ അദ്ധ്യായം തുടങ്ങുകയാണ്. ദൈവസ്നേഹം, ദൈവിക വഴിനടത്തിപ്പ്, ദൈവികമനുഷ്യരുടെ ജീവിതാനുഭവങ്ങൾ തുടങ്ങി നിരവധി അമൂല്യസമ്പത്തുകൾ ഈ പുസ്തകം നൽകുന്നു. ഈ പുസ്തകം വായിക്കണം..... പഠിക്കണം..... പ്രയോജനപ്പെടുത്തണം.... ജീവിതം വിജയിക്കട്ടെ!

**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ

# മുഖവുര

ഒ. എസ്. എസ്. എ. ഇ.യുടെ കരിക്കുലം സമ്പൂർണ്ണമായി പരിഷ്ക്കരിച്ചത് 2012, 2013 കാലഘട്ടത്തിലാണ്. വിദ്യാർത്ഥികളുടെ മനഃശാസ്ത്രം ഉൾക്കൊണ്ടും, വിദ്യാർത്ഥികേന്ദ്രീകൃതമായ അധ്യാപനം പരിഗണിച്ചും ആണ് പുസ്തകങ്ങൾക്ക് രൂപം നല്കിയത്. അന്ന് സൺഡേസ്കൂൾ അസോസിയേഷൻ പ്രസിഡന്റായിരുന്ന അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ സമ്പൂർണ്ണമായ മേൽനോട്ടത്തിലും, അന്ന് ഡയറകട്ർ ജനറൽ ആയിരുന്ന ബഹു. ഡോ. ഒ. തോമസച്ചന്റെ നേതൃത്വത്തിലുമാണ് കരിക്കുലം റിവിഷൻ നടത്തിയത്. തുമ്പമൺ ഭദ്രാസനത്തിലെ പ്രൊഫ. ഡോ. സാം വി. ഡാനിയേൽ ആണ് എക്സിക്യൂട്ടീവ് എഡിറ്ററായി പ്രവർത്തിച്ച് പാഠങ്ങൾക്ക് രൂപം നല്കിയത്. പാഠങ്ങളുടെ ഘടനയെക്കുറിച്ച് അദ്ദേഹം തയ്യാറാക്കിയ കുറിപ്പ് ഉള്ളടക്കത്തിനുശേഷം കൊടുത്തിട്ടുള്ളത് ശ്രദ്ധിക്കുക. പിന്നീട് ഡയറക്ടർ ജനറലായി വന്ന ബഹു. ഡോ. റജി മാത്യു അച്ചൻ ഉൾപ്പെടെയുള്ളവർ അടങ്ങിയ ഒരു കരിക്കുലം കമ്മറ്റിയാണ് ഇതിനുവേണ്ടി അഹോരാത്രം യത്നിച്ചത്. പാഠങ്ങൾ എഴുതി തയ്യാറാക്കിയ അനേകരുണ്ട്. എല്ലാവരുടെയും പ്രവർത്തനങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. പുസ്തകങ്ങളിൽ വന്ന അക്ഷരതെറ്റുകളും മറ്റും പരിഹരിക്കുവാനുള്ള ശ്രമം ആരംഭിച്ചത് ബഹു. ഡോ. ജേക്കബ് കുര്യനച്ചൻ ഡയറക്ടർ ജനറലായി വന്നപ്പോഴാണ്.

പുസ്തക പരിഷ്ക്കരണം നടത്തിട്ട് പത്തുവർഷം ആയ സാഹചര്യത്തിൽ അദ്ധ്യാപകരുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തേണ്ട സമയം ആയിരിക്കുകയാണ് എന്ന് OSSAE പൊതുയോഗം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ സൺഡേസ്കൂൾ അസോസിയേഷൻ പ്രസിഡന്റായിരിക്കുന്ന അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും, ഡയറക്ടർ ജനറൽ ആയിരിക്കുന്ന ബഹു. ഡോ. വർഗീസ് വർഗീസ് അച്ചന്റെയും നേതൃത്വത്തിലുള്ള കരിക്കുലം കമ്മിറ്റി അതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

പരീക്ഷ എന്നതല്ല നമ്മുടെ സൺഡേസ്കൂൾ അഭ്യസനത്തിന്റെ പ്രധാന ലക്ഷ്യം എന്ന് അദ്ധ്യാപകരും, മാതാപിതാക്കളും വിദ്യാർത്ഥികളും തിരിച്ചറിയണം. കുഞ്ഞുങ്ങളെ ദൈവാനുരൂപരാക്കി വളർത്തിയെടുക്കുക എന്നതാണ് നമ്മുടെ പരമമായ ലക്ഷ്യം. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പ്രാർത്ഥനയോടെ ഓരോ പാഠവും കൈകാര്യം ചെയ്യുവാൻ നമുക്ക് സാധിക്കണം. MCQ മാതൃകയിലുള്ള Online പരീക്ഷയിൽ, ഊന്നൽ നല്കുന്നതും ഈ ആശയത്തിനായിരിക്കും എന്നതും പ്രത്യേകം ശ്രദ്ധിക്കുക.

ബേത്ലഹേം, നസ്രേത്ത്, ഗലീലി, യരുശലേം, താബോർ എന്നീ അഞ്ചു വിഭാഗങ്ങളിലായി പതിമൂന്നു ക്ലാസ്സുകളാണ് ഇപ്പോൾ നിലവിലുള്ളത്. ഏറ്റവും മുതിർന്ന കുട്ടികളുടെ വിഭാഗമായ താബോർ വിഭാഗത്തിലെ രണ്ടാം വർഷ കോഴ്സിന്റെ പാഠപുസ്തക

മാണ് ഇത്. കുട്ടികളെ ദൈവബന്ധത്തിൽ നിലനിർത്തുവാൻ ശക്തീകരിക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യണം. ഈ ക്ലാസ്സോടുകൂടി സൺഡേസ്കൂൾ പഠനം അവസാനിക്കുന്നു എങ്കിലും തുടർന്നും വായിക്കുവാനും പഠിക്കുവാനും ഉള്ള പ്രോത്സാഹനം അവർക്കു നൽകണം. യൗവ്വനത്തിലേക്കു കാലൂന്നുന്ന മുതിർന്ന കുട്ടികളാണിവർ എന്ന ചിന്ത അധ്യാപകരിൽ ഉണ്ടാകണം. എന്നാൽ കുട്ടികളെ 'മുതിർന്നവരായി' കരുതി പഠിപ്പിക്കരുത് എന്ന മനഃശാസ്ത്രവും മനസ്സിൽ കരുതുക.

സൺഡേസ്കൂൾ ക്ലാസ്സുകളിൽ നാം പഠിച്ച സത്യവിശ്വാസം എന്നും മുറുകെ പിടിക്കും എന്ന തീരുമാനത്തോടെയാകണം വേദപ്രവീൺ ഡിപ്ലോമാ കോഴ്സ് പൂർത്തീകരിക്കേണ്ടത്. എന്തു സമ്മർദ്ദമുണ്ടായാലും ഈ വിശ്വാസം കൈവിടരുത്.

ഓരോ പാഠവും അനുഗ്രഹപ്രദമായും ഫലപ്രദമായും പ്രയോജനപ്പെടുത്തുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പ്രൊഫ. ഡോ. ചെറിയാൻ തോമസ്**

23-02-2021 *പബ്ലിക്കേഷൻ ഓഫീസർ*

# ഉള്ളടക്കം


*യൂണിറ്റ് ഒന്ന്:* **മിഷനറി പ്രസ്ഥാനവും സന്യാസ പ്രസ്ഥാനവും**

*ഫാ. ഡോ. കെ.എം. ജോർജ്*

*അദ്ധ്യായം ഒന്ന്:* മിഷൻ എന്ന ആശയം വേദപുസ്തകത്തിൽ ..... 11

*അദ്ധ്യായം രണ്ട്:* ഓർത്തഡോക്സ് സഭയും മിഷണറി പ്രസ്ഥാനവും ..... 15

*അദ്ധ്യായം മൂന്ന്:* മലങ്കര ഓർത്തഡോക്സ് സഭയും മിഷൻ പ്രവർത്തനങ്ങളും .. 18

*അദ്ധ്യായം നാല്:* സന്യാസപ്രസ്ഥാനവും മിഷണറി പ്രവർത്തനവും ..... 21

*യൂണിറ്റ് രണ്ട്:* **ഓർത്തഡോക്സ് വിശ്വാസം**

*ഫാ. ഏബ്രഹാം തോമസ്*

*അദ്ധ്യായം ഒന്ന്:* അടിസ്ഥാന വിശ്വാസം ..... 24

*അദ്ധ്യായം രണ്ട്:* വിശുദ്ധ പാരമ്പര്യം ..... 28

*അദ്ധ്യായം മൂന്ന്:* സഭാപിതാക്കന്മാർ ..... 31

*അദ്ധ്യായം നാല്:* ഓർത്തഡോക്സ് സഭകൾ ഇന്ന് ..... 36

*യൂണിറ്റ് മൂന്ന്:* **ഓർത്തഡോക്സ് ആരാധന**

*പ്രൊഫ. ചെറിയാൻ തോമസ്*

*അദ്ധ്യായം ഒന്ന്:* ആത്മീയത ഒരു ഓർത്തഡോക്സ് വീക്ഷണം ..... 43

*യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ*

*അദ്ധ്യായം രണ്ട്:* ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതകൾ ..... 48

*അദ്ധ്യായം മൂന്ന്:* ഓർത്തഡോക്സ് ആരാധനാക്രമം ..... 53

*അദ്ധ്യായം നാല്:* ഓർത്തഡോക്സ് സഭയിലെ പെരുന്നാളുകൾ ..... 58

*യൂണിറ്റ് നാല്:* **പഠനവും അദ്ധ്യാപനവും സൺഡേസ്കൂളിൽ**

(Learning and Teaching in Sunday School)

*ഡോ. സാം വി. ഡാനിയേൽ*

*അദ്ധ്യായം ഒന്ന്:* പഠനവും അദ്ധ്യാപനവും സൺഡേസ്കൂളിൽ ..... 64

*അദ്ധ്യായം രണ്ട്:* ബോധന രീതികൾ (Teaching Methods) ..... 69

*അദ്ധ്യായം മൂന്ന്:* പഠന സഹായികൾ (Learning Aids) .................................................... 75
*അദ്ധ്യായം നാല്:* സൺഡേസ്കൂൾ അദ്ധ്യാപകൻ- കഴിവുകളും മുന്നൊരുക്കവും ................................................................ 80

*യൂണിറ്റ് അഞ്ച്:* **ക്രിസ്തീയ വിദ്യാഭ്യാസം**
*അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് & ഫാ. കെ.വി. ഏലിയാസ്*
*അദ്ധ്യായം ഒന്ന്:* ക്രിസ്തീയ വിദ്യാഭ്യാസം (Christian Education) .......................... 84
*അദ്ധ്യായം രണ്ട്:* ക്രിസ്തീയ വിദ്യാഭ്യാസം: ചരിത്രപശ്ചാത്തലം ........................... 187
*അദ്ധ്യായം മൂന്ന്:* ക്രിസ്തീയ വിദ്യാഭ്യാസവും സൺഡേസ്കൂളും ........................... 91
*അദ്ധ്യായം നാല്:* ക്രിസ്തീയ തുടർവിദ്യാഭ്യാസം .......................................................... 97

*യൂണിറ്റ് ആറ്:* **പരിസ്ഥിതി, ശാസ്ത്രം, ആരോഗ്യം**
*ഫാ. തോമസ് വറുഗീസ് & ഡോ. ഐപ്പ് വർഗീസ്*
*അദ്ധ്യായം ഒന്ന്:* പാരിസ്ഥിതിക ആദ്ധ്യാത്മികത-അർത്ഥവും പ്രാധാന്യവും (Eco-Spirituality-Meaning and Importance) .................................. 103
*അദ്ധ്യായം രണ്ട്:* ഇൻഫർമേഷൻ ടെക്നോളജി; സാധ്യതകൾക്കൊപ്പം പ്രശ്നങ്ങളും ................................................ 109
*അദ്ധ്യായം മൂന്ന്:* ശാസ്ത്രവും സാങ്കേതികവിദ്യയും .................................................. 114
*അദ്ധ്യായം നാല്:* ആരോഗ്യസംരക്ഷണവും മദ്യം-മയക്കുമരുന്ന് ദുരുപയോഗവും ............................................ 119

*യൂണിറ്റ് ഏഴ്:* **പ്രാർത്ഥനകളും പ്രാർത്ഥനാഗീതങ്ങളും**
*പ്രൊഫ. ഡോ. ചെറിയാൻ തോമസ്*
*അദ്ധ്യായം ഒന്ന്:* സാധാരണ നമസ്കാരത്തിലെപ്രാർത്ഥനകൾ .............................. 124
*അദ്ധ്യായം രണ്ട്:* വി. കുർബ്ബാനയിലെ ത്രിത്വ പ്രാർത്ഥനകൾ .................................. 125
*അദ്ധ്യായം മൂന്ന്:* ആരാധനാഗീതങ്ങൾ ക്യംതാ-സന്ധ്യാനമസ്കാരം ............................................................. 127
*അദ്ധ്യായം നാല്:* കുർബ്ബാനാനന്തര ശുശ്രൂഷയിലെ ഗീതങ്ങൾ .............................. 131

# വേദപ്രവീൺ ഡിപ്ലോമാ കോഴ്സ്

താബോർ വിഭാഗത്തിലെ 11,12 ക്ലാസ്സുകളിലെ പാഠഭാഗങ്ങളാണ് വേദപ്രവീൺ ഡിപ്ലോമാ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 11-ാം ക്ലാസ്സിലെ ടെക്സ്റ്റും 'വി. കുർബ്ബാനയുടെ ധ്യാനപഠനം' എന്ന പുസ്തകവും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പരീക്ഷ 11-ാം ക്ലാസ്സ് അവസാനവും, 12-ാം ക്ലാസ്സിലെ ഈ ടെക്സ്റ്റും 'അർത്ഥവത്തായ അനുഷ്ഠാനങ്ങൾ' എന്ന ഉപപാഠവും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പരീക്ഷ 12-ാം ക്ലാസ്സ് അവസാനവും ഉണ്ടായിരിക്കും. എന്നാൽ പ്രൈവറ്റായി പരീക്ഷ എഴുതുന്നവർക്ക് 11,12 ക്ലാസ്സുകളിലെ എല്ലാ ഭാഗങ്ങളും ഉൾപ്പെടുത്തിയുള്ള ഒരു പരീക്ഷ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

ഇതിനു പുറമേ ഒരു പ്രോജക്ട് റിപ്പോർട്ടും വിദ്യാർത്ഥികൾ പങ്കെടുത്ത ഒരു ഓറിയന്റേഷൻ കോഴ്സ് റിപ്പോർട്ടും വേദപ്രവീൺ ഡിപ്ലോമാ കോഴ്സിന്റെ ഭാഗമാണ്. ഈ രണ്ടു റിപ്പോർട്ടുകൾക്കും കൂടി 10 മാർക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് അഞ്ചു പേജിൽ കുറയാതെയും ഓറിയന്റേഷൻ റിപ്പോർട്ട് രണ്ടു പേജിൽ കുറയാതെയും തയ്യാറാക്കണം.

പ്രോജക്ട് റിപ്പോർട്ട് ക്ലാസ്സ് ടീച്ചർ മുഖേന ഹെഡ്മാസ്റ്റർക്ക് നൽകണം. പ്രോജക്ട് റിപ്പോർട്ടിന്റെ ഒരു ഏകദേശ ഘടന ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് തലക്കെട്ട്
2. ആമുഖം
3. വിഷയത്തിന്റെ പ്രാധാന്യവും പഠനത്തിന്റെ ആവശ്യകതയും
4. പഠനരീതി
5. ശേഖരിച്ച വിവരങ്ങളുടെ വിശകലനം
6. പ്രധാന കണ്ടെത്തലുകൾ
7. ഉപസംഹാരം
8. റഫറൻസുകൾ

ഇതിനു പുറമെ എല്ലാ പരീക്ഷാർത്ഥികളും ഏതെങ്കിലും സൺഡേസ്കൂൾ ക്ലാസ്സിൽ മൂന്നു മണിക്കൂർ എങ്കിലും പഠിപ്പിച്ചിരിക്കണം.

ഓരോ വർഷത്തേക്കും അസോസിയേഷൻ നിശ്ചയിച്ചുതരുന്ന വിഷയങ്ങളിൽനിന്നും വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള വിഷയം അധ്യാപകരുടെ ആലോചനയോടെ തെരഞ്ഞെടുക്കാം. അധ്യാപകരുടെ നേതൃത്വത്തിൽ പ്രോജക്ട് ചെയ്ത്, റിപ്പോർട്ട് നിശ്ചിത സമയത്ത് ഹെഡ്മാസ്റ്ററെ ഏല്പിക്കണം.

ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്കാണ് സൺഡേസ്കൂൾ അധ്യാപകർക്കുള്ള യോഗ്യത എന്നു മനസ്സിലാക്കി എല്ലാ കാര്യങ്ങളും കൃത്യമായും ഭംഗിയായും ചെയ്യുക.

യൂണിറ്റ് ഒന്ന്

# മിഷനറി പ്രസ്ഥാനവും സന്യാസ പ്രസ്ഥാനവും

അദ്ധ്യായം ഒന്ന്

## മിഷൻ എന്ന ആശയം വേദപുസ്തകത്തിൽ

**മി**ഷൻ, മിഷണറി തുടങ്ങിയ ഇംഗ്ലീഷ് വാക്കുകൾ നമുക്ക് ചിരപരിചിതങ്ങളാണ്. റോമൻ കത്തോലിക്കരായ പോർച്ചുഗീസുകാർ കൊളോണിയൽ ഭരണാധികാരികളായി കേരളത്തിൽ എത്തിയതിനുശേഷമാണ് ഇത്തരം യൂറോപ്യൻ ഭാഷാപദങ്ങളും സംസ്കാരവുമായി നാം പരിചയപ്പെടുന്നത്. സുവിശേഷപ്രചരണം എന്നതാണ് മിഷൻ എന്ന വാക്കുകൊണ്ട് പ്രധാനമായും ഉദ്ദേശിച്ചത്. നമ്മുടെ കർത്താവിന്റെ ശിഷ്യനായ മാർത്തോമ്മാ ശ്ലീഹാ ഇൻഡ്യയിൽ സുവിശേഷം അറിയിച്ച കാലം മുതൽ ഇവിടെ കേരളത്തിൽ, ചെറുതെങ്കിലും അപ്പോസ്തോലികമായ ഒരു ക്രിസ്തീയ സഭ ഉണ്ടായിരുന്നു. എന്നാൽ, യൂറോപ്പിൽനിന്ന് വന്നവർ അതൊന്നും പരിഗണിക്കാതെ, പലപ്പോഴും അക്രൈസ്തവ മാർഗ്ഗങ്ങളുപയോഗിച്ച്, ഇൻഡ്യയിലെ പുരാതന പൗരസ്ത്യ ക്രിസ്ത്യാനികളെ പാശ്ചാത്യമായ കത്തോലിക്കാ സഭയിലും പ്രൊട്ടസ്റ്റന്റ് സഭകളിലും ചേർക്കാനാണ് സുവിശേഷത്തെ ഉപയോഗിച്ചത്. അതുകൊണ്ട് മിഷൻ എന്ന വാക്കിനോടുതന്നെ നമ്മുടെ സഭയിൽ പൊതുവെ ഒരു വിരക്തിയുണ്ട്. ഈ ചരിത്രപരമായ ഭയത്തെ നാം മറികടക്കേണ്ടതുണ്ട്.

### വേദപുസ്തകത്തിൽ

1. "നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി" മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുക്രിസ്തു തന്റെ ഏറ്റവും അടുത്ത ശിഷ്യന്മാരായി പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു. അവർ യേശുവിനോടൊപ്പം ഏതാണ്ട് മൂന്നുവർഷത്തിലധികം ജീവിച്ച് ആദ്ധ്യാത്മികമായ പരിശീലനം നേടി. അവരെ പന്ത്രണ്ടു പേരെയും കർത്താവ് ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കാനായി പല സ്ഥലങ്ങളിലേക്കും നിയോഗിച്ചു. അങ്ങനെയാണല്ലോ മാർത്തോമ്മാ ശ്ലീഹാ ഇൻഡ്യയിൽ വന്നത്. ഇങ്ങനെ പ്രത്യേകമായി നിയോഗം ലഭിച്ച ശിഷ്യൻ 'ശ്ലീഹാ' അഥവാ 'നിയോഗിക്കപ്പെട്ടവൻ' ('അയയ്ക്കപ്പെട്ടവൻ') എന്ന് വാക്കുകൊണ്ട് അറിയപ്പെട്ടു. ശ്ലീഹാ (ശ്ലീഹോ) എന്നത് സുറിയാനി വാക്കാണ്. കർത്താവ് സംസാരിച്ചിരുന്ന അരാമ്യ ഭാഷയുടെ ഒരു വകഭേദമാണിത്. ശ്ലീഹാ എന്ന സുറിയാനി വാക്കിന് തത്സമമാണ് അപ്പോസ്തോലൻ (Apostolos) എന്ന ഗ്രീക്ക് വാക്ക്. ശ്ലീഹാ അഥവാ

അപ്പോസ്തോലൻ എന്ന വാക്കിന് ലത്തീൻ ഭാഷയിലുള്ള തത്സമമാണ് മിഷണറി (missionary) എന്ന വാക്കായി മാറിയത്. ശ്ലീഹന്മാർക്ക് ലഭിച്ച സുവിശേഷ 'ദൗത്യം' അഥവാ '*നിയോഗം*' ആണ് മിഷണറി പ്രസ്ഥാനമായി രൂപാന്തരപ്പെട്ടത്.

2. ക്രിസ്തീയ സഭയുടെ ദൗത്യം അഥവാ നിയോഗമാണ് യേശുക്രിസ്തുവിന്റെ സുവിശേഷം എല്ലാ മനുഷ്യരെയും അറിയിക്കുക എന്നുള്ളത്. അറിയിക്കുക എന്നാൽ മുഖ്യമായും പ്രസംഗിക്കുക എന്ന പരിമിതമായ അർത്ഥത്തിലാണ് 'സുവിശേഷ പ്രസംഗം' എന്ന ആശയമുണ്ടായത്. എന്നാൽ കൺവൻഷൻ പന്തലുകളിലും വഴിക്കവലകളിലും നിന്ന് ദീർഘമായി പ്രസംഗിച്ചതുകൊണ്ടുമാത്രം സുവിശേഷം അറിയിക്കൽ ആവുകയില്ല. യേശുക്രിസ്തുവിന്റെ മാതൃക തന്നെയാണ് ഇവിടെ നമുക്കുള്ള ഏക അടിസ്ഥാനം. പിതാവായ ദൈവം നൽകിയ നിയോഗമാണ് താൻ മനുഷ്യാവതാരകാലത്ത് നിറവേറ്റുന്നതെന്ന് കർത്താവായ യേശുക്രിസ്തു വ്യക്തമാക്കുന്നുണ്ട്. "ദൈവം നിങ്ങളുടെ പിതാവ് എങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു. ഞാൻ ദൈവത്തിന്റെ അടുക്കൽനിന്ന് വന്നിരിക്കുന്നു. ഞാൻ സ്വയമായി വന്നതല്ല. അവൻ എന്നെ അയച്ചതാകുന്നു" (വി. യോഹ. 8:42). "എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു" (വി. യോഹ. 9:4). പരസ്യശുശ്രൂഷ ആരംഭിച്ചപ്പോൾ യേശു തന്റെ സ്വന്തം ഗ്രാമമായ നസ്രേത്തിലെ യഹൂദപ്പള്ളിയിൽ (സിന്നഗോഗ്) വേദഗ്രന്ഥം വായിക്കുന്നുണ്ട്. യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള ഭാഗമാണ് വായിച്ചത്. അത് വി. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ച് അയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു." (വി. ലൂക്കോ. 4:18; യെശയ്യ 61:1-2). ഇതാണ് സുവിശേഷ പ്രഖ്യാപനം (കോറൂസൂസോ)

ഇതെല്ലാം ഉൾപ്പെട്ടതാണ് സുവിശേഷം അറിയിക്കൽ അഥവാ സുവിശേഷ ഘോഷണം. അതുകൊണ്ട് കർത്താവ് തന്റെ ശിഷ്യന്മാരെ നിയോഗിച്ചപ്പോൾ അവരോട് പറഞ്ഞത്, 'ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കയും രോഗികളെ സൗഖ്യമാക്കുകയും ചെയ്വിൻ' എന്നാണ്. പുറമേ കാണാവുന്ന രോഗങ്ങളെ മാത്രമല്ല, എല്ലാത്തരം പാപരോഗങ്ങളെയും സൗഖ്യമാക്കാനുള്ള നിയോഗമാണിത്. മനുഷ്യർക്ക് ആത്മശരീരമനസ്സുകളുടെ സൗഖ്യം ലഭിക്കുന്നത് ദൈവരാജ്യത്തിന്റെ ലക്ഷണമാണ്. കർത്താവിന്റെ അടുത്ത് സൗഖ്യത്തിനുവേണ്ടി വന്നവരിൽ യഹൂദന്മാരും വിജാതീയരും ഉണ്ടായിരുന്നു. സ്ത്രീകളും പുരുഷന്മാരുമുണ്ടായിരുന്നു. കുഷ്ഠരോഗികളും കാഴ്ചയില്ലാത്തവരും കേൾവിയില്ലാത്തവരും അതുപോലെ മാനസിക വിഭ്രാന്തി (ഭൂതബാധ) ബാധിച്ചവരും പാപകർമ്മങ്ങളിൽ വീണവരും ഉണ്ടായിരുന്നു. ചിലർ അവരുടെ മക്കളുടെയോ ജോലിക്കാരുടെയോ സൗഖ്യത്തിനുവേണ്ടി യാചിച്ചു. വിശ്വാസപൂർവ്വം തന്നോട് അപേക്ഷിച്ചവർക്കെല്ലാം കർത്താവ് സൗഖ്യം നൽകി. ഇത് ദൈവരാജ്യത്തിന്റെ നല്ല വാർത്തയായിരുന്നു.

യഹൂദ മതത്തിലെ നേതൃസ്ഥാനത്തുനിന്ന മഹാപുരോഹിതന്മാരുടെയും പരീശന്മാരുടെയും ശാസ്ത്രിമാരുടെയും കാപട്യങ്ങളെ യേശു ശക്തിയായി വിമർശിച്ചു. മതപ്രമാണിമാർ ദൈവത്തിന്റെ പേരിൽ സാധാരണ ജനങ്ങളെ ചൂഷണം ചെയ്യുന്നതും അവരുടെ ദൈവദത്തമായ സ്വാതന്ത്ര്യം എടുത്തുകളയുന്നതും കർത്താവ് പരസ്യമായി അപലപിച്ചു. ഇത് ഒരു സാമൂഹ്യ പരിവർത്തനത്തിനുവേണ്ടിയായിരുന്നു.

ദൈവരാജ്യത്തിന്റെ മൂല്യങ്ങളാണ് സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും. മിശിഹാ എന്ന നിലയിലുള്ള തന്റെ ദൗത്യത്തിന്റെ ഭാഗമായിരുന്നു കർത്താവ് കാണിച്ചു തന്ന മനുഷ്യസ്നേഹപരമായ എല്ലാ പ്രവർത്തനങ്ങളും. നമ്മുടെ മിഷണറി പ്രവർത്തനത്തിന് ഇവ മാതൃകയാണ്. ഇതു വെറും പ്രസംഗമല്ല. കർത്താവ് പഠിപ്പിക്കയും പ്രവർത്തിക്കയും ചെയ്ത കാര്യങ്ങൾക്കുവേണ്ടി തന്റെ ജീവനെ ബലിയായി കൊടുക്കാനും തയ്യാറായി. ഇതാണ് ശരിയായ മിഷണറി മാതൃക.

ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ, യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ അയയ്ക്കുന്നതിന്റെ പല വിവരണങ്ങൾ ഉണ്ട്. പന്ത്രണ്ടുപേരെ അയയ്ക്കുന്നതായും എഴുപത് പേരെ അയയ്ക്കുന്നതായും നാം കാണുന്നു. വി. മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം മുഴുവൻ, യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കാൻ ഒരുക്കുന്നതിന്റെയും പറഞ്ഞയക്കുന്നതിന്റെയും വിവരണമാണ്. അതിന്റെ ചുരുങ്ങിയ രൂപമാണ് വി. മർക്കോസിന്റെയും വി. ലൂക്കോസിന്റെയും സുവിശേഷങ്ങളിൽ കാണുന്നത്. (വി. മത്താ. 10:1, 5-11, വി. മർക്കോ. 6:7-12; വി. ലൂക്കോ. 9:1-6). വി. ലൂക്കോസിന്റെ സുവിശേഷത്തിൽ എഴുപത് 'അറിയിപ്പുകാരെ' നിയോഗിക്കുന്നതായും കാണുന്നു (എഴുപത്തിരണ്ടുപേർ എന്ന പാരമ്പര്യവും ഉണ്ട്). വി. ലൂക്കോ. 10:1-12. പന്ത്രണ്ട് അപ്പോസ്തോലന്മാരാണെങ്കിലും എഴുപത് അറിയിപ്പുകാരാണെങ്കിലും അവരെ ഏൽപ്പിക്കുന്ന ദൗത്യം ഒന്നു തന്നെയാണ്. യാതൊരുതരത്തിലുള്ള ബാഹ്യസന്നാഹങ്ങളോ പണമോ അത്യാവശ്യത്തിലധികം വസ്ത്രമോ ഒന്നും എടുക്കാതെ, അതീവ ലാളിത്യത്തോടെയും സമാധാനത്തോടെയും ദൈവരാജ്യത്തിന്റെ സുവാർത്ത അറിയിച്ച് രോഗികളെ സൗഖ്യമാക്കാനാണ് കർത്താവ് അവരോട് ആവശ്യപ്പെടുന്നത്. ആദ്യം ഇസ്രായേൽ ജനത വസിക്കുന്ന പട്ടണങ്ങളിൽ "ഇസ്രായേൽഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കൽ ചെന്ന്" സുവിശേഷം അറിയിക്കാനാണ് കർത്താവ് അവരെ നിയോഗിച്ചത് എന്ന് വി. മത്തായി രേഖപ്പെടുത്തുന്നു (വി. മത്താ. 10:5). മറ്റു ജാതിക്കാരുടെ അടുക്കൽ പോകാതെ ഇസ്രായേൽക്കാരുടെ അടുത്തേക്കു പോകണമെന്ന് പറയുന്നത്, യഹൂദ പശ്ചാത്തലത്തിൽ നമുക്കു മനസ്സിലാക്കാം. ഒരു മിശിഹാ വരുമെന്നും, തങ്ങൾക്ക് വിമോചനവും വീണ്ടെടുപ്പും സൗഖ്യവും രക്ഷകനായ മിശിഹാ കൊണ്ടുവരുമെന്നും യഹൂദന്മാർ ഗാഢമായി വിശ്വസിച്ചിരുന്നു. പ്രവാചകന്മാർ മുൻകൂട്ടി സൂചിപ്പിച്ച ആ മിശിഹാ തന്നെയാണ് നസ്രായനായ യേശു എന്നു വ്യക്തമാക്കാൻ കൂടിയാണ്, മറ്റു ജനതകൾക്കിടയിൽ പോകാതെ മിശിഹായുടെ സുവിശേഷം ഇസ്രായേൽക്കാരോട് അറിയിക്കണം എന്ന് വി. മത്തായി രേഖപ്പെടുത്തുന്നത്.

എന്നാൽ ഇസ്രായേൽക്കാരിൽ മാത്രമായി തന്റെ സുവിശേഷം ഒതുങ്ങണം എന്ന് ഒരിക്കലും കർത്താവ് വിചാരിച്ചില്ല. അന്യജാതിയിൽപ്പെട്ട പലരും കർത്താവിന്റെ അടുക്കൽ സൗഖ്യത്തിനായി അപേക്ഷിക്കുകയും താൻ അവരുടെ ആവശ്യം നിറവേറ്റുകയും ചെയ്തു. മാത്രമല്ല, അവരുടെ വിശ്വാസം ഇസ്രായേൽക്കാരുടേതിനെക്കാൾ മഹത്തരവും ആഴമേറിയതുമാണെന്ന് കർത്താവ് പരസ്യമായി പറയുകയും ചെയ്തു.

മുകളിൽ സൂചിപ്പിച്ച സുവിശേഷ ഭാഗങ്ങളിൽ കാണുന്ന മിഷൻ കർത്താവിന്റെ ജീവിതകാലത്ത് താൻ തന്നെ ആരംഭിച്ചതാണ്. പാശ്ചാത്യ പണ്ഡിതന്മാർ ഇതിനെ ആഭ്യന്തര മിഷൻ (domestic mission) എന്ന് വിശേഷിപ്പിക്കാറുണ്ട്. കാരണം, പ്രധാനമായും ഇസ്രായേൽ ജനതയിലാണ് അത് നടന്നത്. തന്റെ മരണത്തിനും ഉയിർപ്പിനുംശേഷം പതിനൊന്ന് ശിഷ്യന്മാരെ (യൂദ ഒഴിച്ച്) ലോകമാസകലം സുവിശേഷം അറിയിക്കുന്നതിനായി നിയോഗിച്ചതായി ആദ്യ മൂന്നു സുവിശേഷങ്ങളുടെ അവസാനം കാണുന്നു. (വി. മത്താ. 28:16-20;

വി. മർക്കോ. 16:16–18; വി. ലൂക്കോ. 24:46–49) ഈ മിഷൻ മാതൃക അനുസരിച്ച് സകല ജനതകളെയും ശിഷ്യരാക്കി, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കണം എന്ന് പറയുന്നു. നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. (വി. മർക്കോ.) യെറുശലേമിൽ തുടങ്ങി സകല ജനതകളിലും യേശുവിന്റെ നാമത്താൽ മാനസാന്തരവും പാപമോചനവും പ്രസംഗിക്കപ്പെടണം (വി. ലൂക്കോ.). ഈ മൂന്നു സുവിശേഷ ഭാഗങ്ങളും പിന്നീട് കൂട്ടിച്ചേർത്തതാണ് എന്ന് പണ്ഡിതമതമുണ്ട്. ആദ്യം പറഞ്ഞ ആഭ്യന്തര മിഷൻ മാതൃകയിൽ നിന്ന് വ്യത്യസ്തമാണ് ഇവിടെ പറയുന്ന സാർവ്വത്രിക മിഷൻ മാതൃക എന്ന് പാശ്ചാത്യ മിഷൻ വക്താക്കൾ വ്യാഖ്യാനിച്ചു. യൂറോപ്യൻ സഭകൾ പതിനാറാം നൂറ്റാണ്ടു മുതൽ ആരംഭിച്ച കൊളോണിയൽ മിഷണറി പ്രസ്ഥാനം ആദ്യത്തെ മാതൃകയെ അവഗണിക്കയും രണ്ടാമത്തെ മാതൃക സ്വീകരിക്കയും ചെയ്തു. അതിന്റെ ഫലമായി ഏതു മാർഗ്ഗവും ഉപയോഗിച്ച് സർവ്വജനതകളെയും തങ്ങളുടെ പാശ്ചാത്യ സഭാധികാരത്തിൻ കീഴിൽ കൊണ്ടുവരുന്നതാണ് ക്രിസ്തുവിന്റെ മിഷൻ എന്നു തെറ്റിദ്ധരിച്ചു പ്രവർത്തിച്ചു. അങ്ങനെയാണ് ഇൻഡ്യയിലെ നമ്മുടെ പുരാതന സഭയിലും മറ്റും അവർ 'മിഷണറി പ്രവർത്തനം' നടത്തിയത്. തൽഫലമായി ഒന്നായിരുന്ന സഭയെ ഭിന്നിപ്പിക്കയും ഇന്നുവരെ തുടരുന്ന വഴക്കുകൾക്ക് വിത്തിടുകയും ചെയ്തു, യൂറോപ്പിലെ കത്തോലിക്കാസഭയും മറ്റു സഭകളും ഈ ശൈലി ആഫ്രിക്കയിലും ലാറ്റിൻ അമേരിക്കയിലും ഏഷ്യയിലും പിന്തുടരുന്നു. അതുകൊണ്ട് പാശ്ചാത്യ മിഷൻ മാതൃകയ്ക്ക് എതിരെ ശക്തമായ എതിർപ്പ് ഈ രാജ്യങ്ങളിലൊക്കെ ഉണ്ടായി.

ഓർത്തഡോക്സ് പാരമ്പര്യമനുസരിച്ച്, ഇങ്ങനെ രണ്ടു വ്യത്യസ്ത മാതൃകകളായി സുവിശേഷ പ്രഖ്യാപനത്തെ തിരിക്കുന്നതു ശരിയല്ല. ആദ്യത്തെ മാതൃകയിൽ കാണുന്ന പല ഗുണങ്ങൾ രണ്ടാമത്തേതിലും ഉണ്ടായിരിക്കണം. അതായത്, ക്രിസ്തുവിന്റെ സുവിശേഷം സമാധാനത്തിന്റെ സുവിശേഷമാണ്, അത് ആരുടെമേലും അക്രമമോ അവിഹിത മാർഗ്ഗങ്ങളോ നിർബന്ധമോ ഉപയോഗിച്ച് അടിച്ചേൽപ്പിക്കരുത്. സുവിശേഷദൗത്യം വഹിക്കുന്നവർ ദ്രവ്യാഗ്രഹികളോ, മറ്റുള്ളവരുടെ സമ്പത്തും ഭൂമിയും അധികാരങ്ങളും മോഹിക്കുന്നവരോ ആകരുത്. സുവിശേഷവാഹകർ ഏറ്റവും ലളിതമായി ജീവിക്കുന്നവരും ശരിയായ ത്യാഗമനോഭാവമുള്ളവരും ആയിരിക്കണം. സത്യത്തിനും നീതിക്കുംവേണ്ടി അവർ നിലകൊള്ളണം. ചുരുക്കത്തിൽ, യേശുക്രിസ്തു എങ്ങിനെയാണോ ജീവിച്ച്, തന്റെ ദിവ്യമായ മിഷൻ ഈ ലോകത്തിൽ നിറവേറ്റിയത്, ആ മാതൃക തന്നെ ക്രിസ്തീയ സഭയും പിന്തുടരണം എന്നാണ് ഓർത്തഡോക്സ് പാരമ്പര്യം പഠിപ്പിക്കുന്നത്.

ഇപ്പറഞ്ഞ രീതിയിൽ വളരെ ത്യാഗങ്ങളോടുകൂടി തങ്ങൾ സേവിച്ച ജനങ്ങൾക്കു വേണ്ടി ജീവിതം പൂർണ്ണമായി സമർപ്പിച്ച് ക്രിസ്തീയസാക്ഷ്യം നിർവ്വഹിച്ച ഒരു ചെറിയ കൂട്ടം പാശ്ചാത്യ മിഷണറിമാർ എല്ലായിടത്തും ഉണ്ടായിരുന്നു എന്നതു നാം ഒരിക്കലും വിസ്മരിച്ചുകൂടാ.

**പ്രവർത്തനങ്ങൾ**

1. 'സുവിശേഷഘോഷണം' എന്നത് നിങ്ങളുടെ ജീവിതത്തിൽ എത്രമാത്രം പ്രായോഗികമാകുന്നു എന്നു പരിശോധിക്കുക.
2. വി. മത്തായിയുടെ സുവിശേഷം 10–ാം അദ്ധ്യായം വായിച്ച് സുവിശേഷഘോഷണത്തിന്റെ പ്രധാന ആശയങ്ങൾ കണ്ടുപിടിക്കുക.

അദ്ധ്യായം രണ്ട്

# ഓർത്തഡോക്സ് സഭയും മിഷണറി പ്രസ്ഥാനവും

**ഓ**ർത്തഡോക്സ് സഭ ഒരു മിഷണറിസഭയല്ല എന്നു പൊതുവെ മറ്റുള്ളവർ പറയാറുണ്ട്. അതിന്റെ ഒരു കാരണം പാശ്ചാത്യമായ റോമൻ കത്തോലിക്കാസഭയും നവീകരണ സഭകളും ചെയ്തതുപോലെ മറ്റുള്ളവരെ ഏത് മാർഗ്ഗത്തിലൂടെയും അവരുടെ സഭയിൽ ചേർക്കുകയാണ് സഭയുടെ മിഷണറി പ്രവർത്തനം എന്ന് ഓർത്തഡോക്സ് സഭ കരുതുന്നില്ല എന്നുള്ളതാണ്. എന്നാൽ ദൈവരാജ്യത്തിന്റെ നല്ല വാർത്ത യഥാസമയങ്ങളിൽ ലോകത്തെ അറിയിക്കുവാനും കർത്താവ് കാണിച്ചുതന്ന മാതൃകയിൽ മനുഷ്യനന്മയ്ക്കുവേണ്ടിയും സാമൂഹിക പരിവർത്തനത്തിനുവേണ്ടിയും പ്രതിബദ്ധതയോടെ പ്രവർത്തിക്കാനും നമുക്ക് ചുമതലയുണ്ട്. പൗരസ്ത്യ സഭകളുടെ ചരിത്രത്തിൽ മിഷണറി ഉദ്യമങ്ങൾ ധാരാളം നടത്തിയിട്ടുണ്ട്. ഇറാക്കിലെ മെസപ്പൊട്ടോമിയ പ്രദേശം കേന്ദ്രമാക്കിയിരുന്ന പേർഷ്യൻ സഭ അഥവാ പൗരസ്ത്യ സുറിയാനി സഭ ഏ. ഡി. ഒമ്പതാം നൂറ്റാണ്ടിലും മറ്റും ഏഷ്യയിൽ ചൈനവരെയുള്ള പ്രദേശങ്ങളിൽ സുവിശേഷം പ്രചരിപ്പിച്ച് വ്യാപിച്ചിരുന്ന ഒന്നാണ്. ഇൻഡ്യയിൽ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച സഭയും ഒരു കാലത്ത് ഈ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നു. എന്നാൽ പൗരസ്ത്യ സുറിയാനി സഭ മിക്കവാറും ക്ഷയിച്ചുപോയി. ഒൻപതാം നൂറ്റാണ്ടിൽ ഗ്രീക്ക് ഓർത്തഡോക്സ് മിഷണറിമാരായ മെത്തോഡിയോസും കിറിലോസുമാണ് റഷ്യ, ബൾഗേറിയ തുടങ്ങിയ പ്രദേശത്തെ സ്ലാവിക് ജനതയെ സുവിശേഷമറിയിച്ചതും സ്ലാവോണിക് ഭാഷയ്ക്ക് ലിപിയുണ്ടാക്കി, വേദപുസ്തകവും ആരാധനാ ക്രമങ്ങളും ആ ഭാഷയിലേക്ക് തർജ്ജമ ചെയ്തതും. മുകളിൽപ്പറഞ്ഞ രണ്ടുദാഹരണങ്ങളിലും അക്രമമോ കൊളോണിയൽ രാഷ്ട്രീയ ആധിപത്യമോ ഉപയോഗിച്ചില്ല എന്നു കാണാവുന്നതാണ്. ഇതിനുശേഷം ഏതാണ്ട് അഞ്ഞൂറു വർഷങ്ങൾക്കുശേഷമാണ് പാശ്ചാത്യ സഭകൾ മിഷണറി പ്രസ്ഥാനം ആരംഭിക്കുന്നത്. അതാവട്ടെ മിക്കവാറും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ കൊളോണിയൽ മേലധികാരത്തിന്റെ മറവിലായിരുന്നുതാനും. എന്നാൽ അക്കൂട്ടത്തിലും നിസ്വാർത്ഥമായി സുവിശേഷം അറിയിക്കുകയും ജനങ്ങളുടെ നന്മയ്ക്കും വിദ്യാഭ്യാസത്തിനുംവേണ്ടി കഠിനാദ്ധ്വാനം ചെയ്ത് ജീവൻ ബലിയർപ്പിച്ചവരും ഉണ്ടായിരുന്നു എന്ന് നാം മറക്കരുത്.

ഓർത്തഡോക്സ് സഭകൾ പൊതുവെ അനുഷ്ഠാന പ്രധാനങ്ങളാണ്. അതിമനോഹരവും ഹൃദയസ്പർശിയുമായ ആരാധനാ രീതികൾ ഓർത്തഡോക്സ് സഭകൾക്കുണ്ട്. വി. കുർബാനയും മറ്റ് ആരാധനകളും ഏറ്റവും ഭംഗിയായും കൃത്യമായും ദീർഘമായും അനുഷ്ഠിക്കുന്നതിലാണ് കൂടുതൽ ശ്രദ്ധ. ആരാധനയുടെ അതീന്ദ്രിയാനുഭവത്തിലൂടെ ദൈവരാജ്യത്തിന്റെ അനുഭവം കൈവരിക്കാനാണ് താല്പര്യം. ചിലർ ലോകത്തിൽ മനു

ഷ്യരുടെ ദുഃഖങ്ങളും വിശപ്പും അനീതിയും അസമത്വങ്ങളും കുറച്ചൊക്കെ ഇതുമൂലം അവഗണിക്കുന്നു എന്നു വിമർശിക്കുന്നുമുണ്ട്. Liturgy after the Liturgy എന്നൊരു പ്രയോഗം തന്നെ ഓർത്തഡോക്സ് മിഷണറി ചിന്തയുടെ ഭാഗമായി അടുത്തകാലത്ത് രൂപപ്പെടുത്തിയിട്ടുണ്ട്. ഗ്രീക്ക് ഭാഷയിൽ *ലിറ്റർജി* എന്നാൽ സേവനം, ശുശ്രൂഷ എന്നാണർത്ഥം. എന്നാൽ വാക്കിന്റെ ആക്ഷരികാർത്ഥമനുസരിച്ച് ഇത് ദൈവശുശ്രൂഷയോ മനുഷ്യശുശ്രൂഷയോ ആകാം. ദൈവശുശ്രൂഷയ്ക്കാണ് സാധാരണഗതിയിൽ ഓർത്തഡോക്സ് ആരാധനയിൽ പ്രാമുഖ്യം. അതുകൊണ്ട് ആദ്യത്തെ ലിറ്റർജി ദൈവസേവനവും രണ്ടാമത്തേത് മനുഷ്യസേവനവുമാണ്. രണ്ടുംകൂടിയാവുമ്പോളാണ് യഥാർത്ഥ ആരാധന പൂർത്തിയാവുന്നത്. അതുകൊണ്ട് ഓർത്തഡോക്സ് പാരമ്പര്യം, ഇവ രണ്ടും - ദൈവശുശ്രൂഷയും മനുഷ്യശുശ്രൂഷയും - ഒരുമിച്ച് കൊണ്ടുപോകണം എന്നാണ് ഈ പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത്. ചുരുക്കത്തിൽ ആരാധനയും മിഷനും ഒരുമിച്ച് നിൽക്കുന്നു. ഒന്നിനോടൊന്ന് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഏതെങ്കിലുമൊന്നുമാത്രമാണ് ഓർത്തഡോക്സ് സഭയുടെ താല്പര്യം എന്നുപറയാനാവില്ല.

സഭ അതിന്റെ സ്വഭാവത്തിൽത്തന്നെ ലോകത്തിനു അഭിമുഖമായി തിരിഞ്ഞതാണ്. "തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു" എന്ന് വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തുന്നു (യോഹ. 3:16). ദൈവത്തിന്റെ ലോകസൃഷ്ടിയുടെ പുറകിലുള്ള പ്രേരകശക്തി സ്നേഹമാണ് എന്നു സഭ പഠിപ്പിക്കുന്നു. ദൈവം സ്നേഹപൂർവ്വം സൃഷ്ടിച്ച സകല സൃഷ്ടിയെയും നാമും സ്നേഹിക്കണം. 'ലോകം' എന്ന വാക്ക് തെറ്റിദ്ധാരണ ഉളവാക്കാം. അധാർമ്മികതയും അനീതിയുമുള്ള ലോകത്തെ സ്നേഹിക്കുക എന്നുപറഞ്ഞാൽ, അതിനെ നന്മയിലേക്കും നീതിയിലേക്കും രൂപാന്തരപ്പെടുത്താനായി സ്നേഹിക്കുക എന്നാണർത്ഥം. 'ദൈവം പാപികളെ സ്നേഹിക്കുന്നു, പാപത്തെ വെറുക്കുന്നു' എന്നു പറയുന്നതുപോലെ ഈ ലോകത്തിൽ മനുഷ്യസൃഷ്ടിയായ ലൗകികതയെ നാം വിമർശിക്കയും തിരുത്തുകയും ചെയ്യേണ്ടതാണ്. പക്ഷേ ദൈവസൃഷ്ടിയായ ലോകത്തെ അനുകമ്പയോടും സ്നേഹത്തോടും കൂടി നാം സ്വീകരിക്കയും വേണം. അപ്പോൾ ഈ ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതും, അതിനെ അതിന്റെ സകല പ്രശ്നങ്ങളോടുംകൂടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നതും സഭയുടെ മിഷനാണ്. ആരാധനയിൽ നാമിത് നന്നായി ചെയ്യുന്നുണ്ട്. മനുഷ്യരുടെ അനുദിന ജീവിതവ്യാപാരങ്ങളിലും സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിലും ഈ നിലപാട് നാം മനുഷ്യലോകത്തോട് നിലനിർത്തണം. സൃഷ്ടിയോടുള്ള ദൈവസ്നേഹത്തിൽനിന്നും, തന്റെ സൃഷ്ടിയെക്കുറിച്ചുള്ള ദൈവത്തിന്റെ കരുതലിൽ നിന്നും ഉത്ഭവിക്കുന്നതായിരിക്കണം ഓർത്തഡോക്സ് സഭയുടെ മിഷൻ പ്രവർത്തനങ്ങൾ.

ക്രിസ്തുവിന്റെ സുവിശേഷമറിഞ്ഞ്, ക്രിസ്തുവിനോടുള്ള സ്നേഹംമൂലം ക്രിസ്തീയ സഭയിലേക്ക് ചേരാൻ ആഗ്രഹിക്കുന്നവരെ സഭ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു. എന്നാൽ മിഷണറി പ്രവർത്തനത്തിന്റെ പേരിൽ ചില സഭകൾ ചെയ്യുന്നതുപോലെ ഏതെങ്കിലും തരത്തിലുള്ള നിർബന്ധമോ പണമോ ജോലി വാഗ്ദാനമോ രാഷ്ട്രീയ സമ്മർദ്ദമോ സ്വാധീനമോ ഉപയോഗിച്ച് ആളുകളെ സഭയിൽ ചേർക്കുന്നതിനോട് ഓർത്തഡോക്സ് സഭ പൂർണ്ണമായും വിയോജിക്കുന്നു. മനുഷ്യസ്നേഹം, മനുഷ്യസ്വാതന്ത്ര്യം, സാമൂഹ്യനീതി തുടങ്ങിയ ക്രിസ്തീയ മൂല്യങ്ങളെ ബഹുമാനിക്കാത്ത ഒരു മിഷണറി പ്രവർത്തനത്തെയും ഓർത്തഡോക്സ് സഭ അംഗീകരിക്കുന്നില്ല.

മിഷൻ എന്നത് വി. ത്രിത്വത്തിന്റെ മൗലിക സ്വഭാവമാണ് എന്ന് ഓർത്തഡോക്സ് ഗുരുക്കന്മാർ പഠിപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവം ഒരേസമയം ഏകവും ത്രിത്വവുമായിരിക്കുന്നത് നിത്യമായ സ്നേഹത്തിന്റെ പങ്കാളിത്ത ത്തിലൂടെയാണ്. മൂന്ന് ആളത്തങ്ങളുടെ വ്യതിരിക്തതയെ ബഹുമാനിക്കയും ഏകത്വത്തിന്റെ സാരാംശത്തെ അഭംഗുരം പാലിക്കയും ചെയ്യുന്നു. ദൈവസ്നേഹത്തിന്റെ നിത്യമായ പ്രവാഹമാണ് മനുഷ്യസൃഷ്ടിയിലും പ്രപഞ്ചത്തിന്റെ താളക്രമങ്ങളിലും കാണുന്നത്. ഒന്ന് മറ്റൊന്നിനു വിരോധമാവാതെയും പരസ്പരം ആദരിച്ചും സഹകരിച്ചും സമജ്ഞസമായി സമ്മേളിച്ചും ദിവ്യസത്യത്തിനും, മനുഷ്യനന്മയ്ക്കും സാക്ഷ്യം നൽകുന്ന ഒരു സാമൂ ഹികാവസ്ഥയാണ് ത്രിത്വദർശനത്തിൽനിന്ന് ഓർത്തഡോക്സ് സഭ സ്വീകരിക്കുന്നത്.

സമൂഹത്തിൽ ഏറ്റം അധഃസ്ഥിതരായവരുടെ ഉന്നമനവും സമ്പത്തിന്റെ നീതിപൂർവ്വ മായ വിനിയോഗവും ദൈവസ്നേഹത്തിലൂന്നിയ സാമൂഹ്യസേവനവും ഓർത്തഡോക്സ് സഭയുടെ മിഷൻ പ്രവർത്തനത്തിന്റെ കാതലാണ്. താബോർ മലയിൽവച്ച് രൂപാന്തര പ്പെട്ട് പ്രകാശരൂപിയായിത്തീർന്ന കർത്താവിനെപ്പോലെ മനുഷ്യരായ നാമും ദൈവത്തിന്റെ സകല സൃഷ്ടിയും രൂപാന്തരം പ്രാപിച്ച് ദൈവസ്വഭാവത്തിൽ പങ്കാളികളാകണം എന്ന താണ് ഓർത്തഡോക്സ് മിഷണറി ചിന്തയുടെ ആത്യന്തികലക്ഷ്യം.

**പ്രവർത്തനങ്ങൾ**

1. 'Liturgy after liturgy' എന്ന പ്രയോഗത്തിന്റെ അർത്ഥം വിശദീകരിക്കുക.
2. 'ആരാധനയിലൂടെ മിഷൻ' എന്ന ആശയം നമ്മുടെ ആരാധന എങ്ങനെ ഉൾക്കൊ ണ്ടിരിക്കുന്നു എന്നു പരിശോധിക്കുക.

അദ്ധ്യായം മൂന്ന്

# മലങ്കര ഓർത്തഡോക്സ് സഭയും മിഷൻ പ്രവർത്തനങ്ങളും

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുണ്ടായത് കർത്തൃശിഷ്യനായ മാർത്തോമ്മാ ശ്ലീഹായുടെ ത്യാഗപൂർണ്ണമായ സുവിശേഷപ്രവർത്തനം മൂലമാണ്. അതുകൊണ്ട് മലങ്കരസഭയുടെ സ്വഭാവത്തിൽ സുവിശേഷവ്യഗ്രത പ്രതിഫലിക്കേണ്ടത് ആവശ്യമാണ്. നൂറ്റാണ്ടുകളോളം ഒരു ചെറിയ സമൂഹമായി, ഇൻഡ്യയിലെ ജാതിവ്യവസ്ഥയോട് സമരസപ്പെട്ടു കഴിഞ്ഞതുമൂലം മലങ്കരസഭയ്ക്കു സുവിശേഷചൈതന്യം കുറച്ചൊക്കെ നഷ്ടപ്പെട്ടുപോയി എന്ന് പലരും കുറ്റപ്പെടുത്താറുണ്ട്. ദൈവേഷ്ടത്തിന് വിരുദ്ധമായ ജാതിവ്യവസ്ഥയെ തിരുത്താനോ, അതിന് ബദലായി സമത്വത്തിൽ ഊന്നിയ ഒരു സാമൂഹ്യവ്യവസ്ഥ സൃഷ്ടിക്കാനോ ഇൻഡ്യയിലെ സഭയ്ക്ക് കഴിഞ്ഞില്ല എന്നത് വാസ്തവമാണ്. അത് മനസ്സിലാക്കിയാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ്, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ്, പിന്നീട് ഗീവർഗീസ് മാർ ഒസ്താത്തിയോസ്, സ്തേഫാനോസ് മാർ തേവോദോസിയോസ് എന്നീ മെത്രാപ്പോലീത്താമാർ സഭയുടെ സുവിശേഷ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്ത് പ്രബോധിപ്പിക്കയും പ്രവർത്തിക്കയും ചെയ്തത്. അവരോടൊപ്പം സമർപ്പണ ബോധത്തോടെ പ്രവർത്തിച്ച കെ. ഐ. ഫിലിപ്പ് റമ്പാനെപ്പോലെയുള്ള നിരവധി വൈദികരും അൽമായരും സഭയിൽ നല്ല സുവിശേഷ സാക്ഷ്യം നൽകിയവരാണ്. പരുമല തിരുമേനിയും പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും ദളിത് വിഭാഗത്തിൽപ്പെട്ടവരുടെ ദയനീയ സാമൂഹിക-സാമ്പത്തികാവസ്ഥയെക്കുറിച്ച് ഭാരപ്പെടുകയും സുവിശേഷവെളിച്ചത്തിൽ അവരുടെ സാഹചര്യങ്ങൾക്ക് മാറ്റമുണ്ടാക്കാൻ ശ്രമിക്കയും ചെയ്തു. വിദ്യാഭ്യാസംമൂലം നമ്മുടെ സമൂഹത്തിൽ ഉണ്ടാകാവുന്ന സമത്വബോധവും നീതിചിന്തയും പരുമലതിരുമേനി മുൻകൂട്ടി കണ്ടുകൊണ്ട് പ്രവർത്തിച്ചു. ഒരുകാലത്ത് അനേകർക്ക് പ്രചോദനം നൽകിയ സ്ലീബാദാസസമൂഹം സമുദായക്കേസും മറ്റും നടക്കുന്ന കലുഷിതമായ അന്തരീക്ഷത്തിൽ, ജനങ്ങൾക്ക് പുതിയ പ്രകാശവും പ്രത്യാശയും നൽകി. ഉന്നതകുലജാതനും വിദ്യാസമ്പന്നനുമായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വർണ്ണക്കൊഴുപ്പുള്ള വേഷഭൂഷാദികളോ കൊടികെട്ടിയ വാഹനങ്ങളോ ഒന്നും ഉപയോഗിക്കാതെ, നമ്മുടെ കർത്താവിന്റെ മാതൃകയിൽ ഏറ്റവും എളിയവരും അവശരുമായവരുടെ ജീവിതവുമായി താദാത്മ്യം പ്രാപിച്ചു. പുലയർക്കും പറയർക്കും മറ്റു അവശവിഭാഗങ്ങൾക്കും പൊതുവഴി നടക്കാനുള്ള അവകാശത്തിനുവേണ്ടി അക്കാലത്ത് സമരം ചെയ്ത അദ്ദേഹത്തെ നമ്മുടെ പൊതുസമൂഹം കൂടുതൽ തിരിച്ചറിയേണ്ടതാണ്. സാമൂഹ്യനീതിക്കുവേണ്ടിയും പാവങ്ങളോടുള്ള സ്നേഹാധിഷ്ഠിതമായ കരുതലിനുവേണ്ടിയും ഗീവർഗീസ് മാർ ഒസ്താ

ത്തിയോസ് തിരുമേനി പൊരുതി. സ്നേഹത്തിന്റെ മതമാണ് യഥാർത്ഥ ക്രിസ്തീയത എന്നു പഠിപ്പിച്ചുകൊണ്ടിരുന്നു. അതുപോലെതന്നെ ഉത്തരേന്ത്യയിൽ മലങ്കരസഭയുടെ മിഷനറിയായി അങ്ങേയറ്റത്തെ എളിമയും ത്യാഗവും നിസ്വാർത്ഥതയും കൈമുതലാക്കി കഠിനാദ്ധ്വാനം ചെയ്ത മഹത്വ്യക്തിയായിരുന്നു സ്തേഫാനോസ് മാർ തേവോദോസിയോസ്. ഇവരെല്ലാം തന്നെ നല്ല സന്യാസിമാരും ആചാര്യന്മാരുമായി തങ്ങളുടെ ജീവിതങ്ങളെ സമ്പൂർണ്ണമായി യേശുക്രിസ്തുവിന്റെ സുവിശേഷത്തിനുവേണ്ടി സ്വയം സമർപ്പിച്ചവരായിരുന്നു. ഇവരുടെ സാക്ഷ്യം മലങ്കരസഭയെ സുവിശേഷത്തിന്റെ പാതയിലേക്ക് നയിക്കാൻ ശക്തിയുറ്റതാണ്.

മുകളിൽ പറഞ്ഞത് സഭയുടെ ക്രിസ്തീയ ദൗത്യത്തിന്റെ ഒരു പ്രമുഖ വശമാണ്. മറ്റ് നിരവധി സുപ്രധാന വശങ്ങൾ സഭയുടെ മിഷനുണ്ട്. ഉദാഹരണമായി, ക്രിസ്തീയ സുവിശേഷത്തിന്റെ വെളിച്ചത്തിൽ ഊന്നിനിന്നുകൊണ്ട്, ചുറ്റുമുള്ള മതപരവും മതേതരവുമായ സംസ്കാരത്തോട് സംവദിക്കുക എന്നത് വളരെ പ്രാധാന്യമുള്ള മിഷനാണ്. കപ്പദോക്യൻ പിതാക്കന്മാരെപ്പോലെ സമുന്നതരായ സഭാപിതാക്കന്മാരും ഗുരുക്കന്മാരും അത് ഗൗരവപൂർവ്വം ചെയ്തിരുന്നു. ക്രൈസ്തവർ ഒരു ന്യൂനപക്ഷമായി ഇവിടെ നില്ക്കുമ്പോൾ, ഭൂരിപക്ഷവും മറ്റു മതങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും വിശ്വസിക്കുന്നവരാണ്. ഇൻഡ്യയിൽ ദർശനവും മനഃശാസ്ത്രവും, വ്യാകരണവും ഭാഷാവിജ്ഞാനീയവും, സാഹിത്യവും, കലയും തർക്കശാസ്ത്രവുമെല്ലാം ഒരുകാലത്ത് ലോകോത്തര നിലവാരത്തിൽ എത്തിയതാണ്. ഹിന്ദു-ബൗദ്ധ-ജൈന പാരമ്പര്യങ്ങളിലൊക്കെ അതിന്റെ മായാത്ത മുദ്രകൾ ഇന്നുമുണ്ട്. അതെല്ലാം ഒരുമിച്ച് ഒരു വലിയ സംസ്കാരവിശേഷം സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെതന്നെ ആധുനിക ശാസ്ത്രവും സാങ്കേതിക വിദ്യയും, സാമൂഹ്യ-സാമ്പത്തിക പരിവർത്തനത്തിനുവേണ്ടിയുള്ള പ്രത്യയശാസ്ത്രങ്ങളും നമുക്കുചുറ്റും അത്യധികം സജീവമായി നമ്മുടെ ജീവിതദർശനത്തെ സ്വാധീനിക്കുന്നു. ഇവരോടു ക്രിസ്തുവിന്റെ സ്നേഹത്തിലും ക്രിസ്തീയ ജ്ഞാനത്തിലും ഊന്നിനിന്ന് ബൗദ്ധികമായി പ്രതിസ്പന്ദിക്കുകയും സംവദിക്കുകയും ചെയ്യുക എന്നത് എല്ലാവർക്കും സാധിക്കാത്ത വലിയ മിഷനാണ്. ഇരുപതാം നൂറ്റാണ്ടിൽ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഇക്കാര്യത്തിൽ സഭയുടെ സമുന്നത മിഷണറിയായി പ്രവർത്തിച്ചു. നിരവധി ജനതകളിൽനിന്ന് വലിയൊരു ശിഷ്യസമ്പത്ത് ഉണ്ടാക്കി. ദൈവരാജ്യത്തിന്റെ മൂല്യങ്ങളായിരുന്നു അദ്ദേഹത്തിന്റെ ചിന്തയെയും ദർശനത്തെയും നയിച്ചതും. മറ്റു സഭകളും മതങ്ങളും തമ്മിലുള്ള ബന്ധത്തിൽ നല്ല വൈകാരിക സാക്ഷ്യം വഹിച്ച പണ്ഡിത ശ്രേഷ്ഠനായിരുന്നു ഫാ. ഡോ. വി. സി. ശാമുവേൽ. വിവിധ മാധ്യമങ്ങളിലൂടെ ക്രിസ്തുവിന്റെ സുവിശേഷം ലളിതമായി വ്യാഖ്യാനിക്കയും ജനങ്ങൾക്ക് ആത്മിക പ്രചോദനം നൽകുകയും ചെയ്തുകൊണ്ടിരിക്കുന്ന ഫാ. ഡോ. റ്റി. ജെ. ജോഷ്വാ തുടങ്ങിയവരും നമ്മുടെ കാലത്ത് സുവിശേഷ സാക്ഷ്യത്തിന്റെ നല്ല മാതൃകകളാണ്. പേരെടുത്ത് പറയേണ്ട നിരവധി വൈദികരും അവൈദിക മിഷണറിമാരും നമുക്കുണ്ട്. ലോകത്തിൽ വിവിധ രംഗങ്ങളിൽ വലിയ ഉത്തരവാദിത്തങ്ങൾ വഹിക്കവെ, തങ്ങളുടെ ഓർത്തഡോക്സ് ക്രിസ്തീയ സാക്ഷ്യം നന്നായി അതതുരംഗങ്ങളിൽ നിറവേറ്റുന്നവർ പലരും സഭാചരിത്രത്തിന്റെ താളുകളിൽ അറിയപ്പെടുന്നില്ല എങ്കിലും, അനേകർക്ക് പ്രചോദനം നൽകിക്കൊണ്ടിരിക്കുന്നു. സഭയുടെ നല്ല മിഷണറിമാരാണ് അവർ.

പൂർണ്ണസമയം മിഷനുവേണ്ടി നീക്കിവച്ചിരിക്കുന്ന ഒരു മിഷണറി ബിഷപ്പും മിഷണറി ഭദ്രാസനങ്ങളും സഭയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. പ. സുന്നഹദോസ് തീരുമാനി

ക്കുന്ന ഒരു മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള മിഷൻ ബോർഡാണ് ഇപ്പോൾ സഭയുടെ മിഷണറി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്. നമ്മുടെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളെല്ലാം തന്നെ സഭയ്ക്ക് അകത്തുള്ളവർക്ക് മാത്രം പ്രയോജനം ചെയ്തേക്കാവുന്ന കർമ്മപരിപാടികളിലാണ് ഏതാണ്ട് പൂർണ്ണമായും ശ്രദ്ധിക്കുന്നത്. അതേസമയം ക്രിസ്തീയസഭയുടെ സുവിശേഷപ്രവർത്തനം അകത്തുള്ളവരെയും പുറത്തുള്ളവരെയും ഒരുപോലെ നേടാനുള്ള കാഴ്ചപ്പാടു വികസിപ്പിച്ചെങ്കിലേ സുവിശേഷം അർത്ഥപൂർണ്ണമാകയുള്ളൂ.

## ബ്രഹ്മവാർ മിഷൻ

മലങ്കര ഓർത്തഡോക്സ് സഭയുടെ സുവിശേഷ ചരിത്രത്തിൽ എടുത്തുപറയേണ്ടതാണ് ബ്രഹ്മവാർ മിഷൻ. ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തോട് മതിപ്പും കത്തോലിക്കാസഭയുടെ പല കാര്യങ്ങളോട് എതിർപ്പും തോന്നി സഭയിലേക്ക് ആകർഷിക്കപ്പെട്ട അന്റോണിയോ ഫ്രാൻസിസ് സേവ്യർ അൽവാറീസ് എന്ന പട്ടക്കാരനാണ് ബ്രഹ്മവാർ മിഷന് തുടക്കം കുറിക്കുന്നത്. അദ്ദേഹത്തെ സഹായിക്കുവാൻ നൊറാണോ എന്ന മറ്റൊരു കത്തോലിക്കാ വൈദികനുമുണ്ടായിരുന്നു. ഉഡുപ്പിക്കടുത്ത് ബ്രഹ്മവാർ എന്ന സ്ഥലത്ത് കത്തോലിക്കാസഭയോട് വിഘടിച്ചുനിന്ന ഏകദേശം 1000 കുടുംബങ്ങൾ ഈ വൈദികരുടെ നേതൃത്വത്തിൽ ഓർത്തഡോക്സ് സഭയിൽ ചേർന്നു. ബ്രഹ്മവാർ മിഷൻ എന്ന പേരിൽ ഒരു സുവിശേഷസമൂഹംതന്നെ ഉണ്ടാക്കി. അന്റോണിയോ ഫ്രാൻസിസ് എന്ന വൈദികൻ 1889 ജൂലൈ 29-ന് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ്, പരുമല തിരുമേനി, പൗലോസ് മാർ ഈവാനിയോസ്, കടവിൽ പൗലോസ് മാർ അത്താനാസ്യോസ് എന്നിവരുടെ കാർമ്മികത്വത്തിൽ പഴയസെമിനാരിയിൽവെച്ച് അൽവാരീസ് മാർ യൂലിയോസ് എന്ന പേരിൽ മെത്രാനായി വാഴിക്കപ്പെട്ടു. കത്തോലിക്കാസഭയിൽനിന്ന് വിട്ടുപോന്ന മാർ യൂലിയോസിന് ഒട്ടേറെ പീഡകൾ അവരിൽനിന്ന് ഏൽക്കേണ്ടിവന്നു. 1923 സെപ്റ്റംബർ 23ന് അദ്ദേഹം കാലം ചെയ്തു.

ബ്രഹ്മവാർ കേന്ദ്രമായി ഇപ്പോൾ ഒരു ഭദ്രാസനംതന്നെ ഓർത്തഡോക്സ് സഭയ്ക്കുണ്ടായിട്ടുണ്ട്. യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലിത്താ ഇടയശുശ്രൂഷ നിർവഹിക്കുന്നു.

**പ്രവർത്തനങ്ങൾ**

1. പ. പരുമലതിരുമേനിയുടെ മിഷൻപ്രവർത്തനങ്ങളെക്കുറിച്ച് ഒരു പഠനം നടത്തുക.
2. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ആരംഭിച്ച മിഷൻ പ്രവർത്തനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.
3. ബ്രഹ്മവാർ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.

അദ്ധ്യായം നാല്

# സന്യാസപ്രസ്ഥാനവും മിഷണറി പ്രവർത്തനവും

**ക്രി**സ്തീയ സഭയ്ക്ക് ശക്തമായ നേതൃത്വവും ദിശാബോധവും നൽകുന്നതിൽ സഭയിലെ സന്യാസപ്രസ്ഥാനം വളരെ സഹായിച്ചു. മൂന്നാം നൂറ്റാണ്ടിൽ ഈജിപ്ത്, സിറിയ തുടങ്ങിയ സ്ഥലങ്ങളിൽ മരുഭൂമിയിലും മറ്റും പ്രാർത്ഥനയ്ക്കും തപോനിഷ്ഠ കൾക്കുമായി പൂർണ്ണസമയം വിനിയോഗിച്ച ധാരാളം സന്യാസിമാരുണ്ടായി. ആദ്യകാല ങ്ങളിൽ പലരും ഏകാന്തവാസികളായിരുന്നു. വിശുദ്ധ അന്തോനിയോസ് വളരെ അറിയ പ്പെട്ട താപസ്സനായിരുന്നു. പിന്നീട് വിശുദ്ധനായ പക്കോമിയോസ് പലരെയും സംഘ ടിപ്പിച്ച്, സന്യാസിമാർ പൊതുനിയമങ്ങൾ അനുസരിച്ച്, ഒരുമിച്ച് താമസിച്ച് തങ്ങളുടെ വ്രതാനുഷ്ഠാനങ്ങളും ആരാധനയും നടത്തണമെന്ന് നിഷ്കർഷിച്ചു. അങ്ങനെയാണ് 'ദയറാ' എന്നു നാം വിളിക്കുന്ന സന്യാസഭവനങ്ങളും സന്യാസ സമൂഹങ്ങളും ഉണ്ടാ യത്. പിൽക്കാലത്ത് നാലാം നൂറ്റാണ്ടിൽ കൈസര്യയിലെ വിശുദ്ധ ബസേലിയോസ് സന്യാസിമാർക്കുള്ള നിയമങ്ങൾ ക്രോഡീകരിച്ചു. പാശ്ചാത്യ രാജ്യങ്ങളിൽ ആറാം നൂറ്റാണ്ടിൽ വിശുദ്ധ ബനഡിക്റ്റ് ആദ്യമായി സന്യാസസമൂഹവും അവർക്ക് നിയമങ്ങളും ഉണ്ടാക്കി. ഐറീഷുകാരായ മിഷണറിമാർ, നിരന്തരം യാത്രചെയ്ത് സുവിശേഷ വെളിച്ചം തെളിയിക്കാൻ ശ്രമിച്ചു.

പാശ്ചാത്യ സഭയിൽ സംഘടനാപരമായി സന്യാസപ്രസ്ഥാനത്തിന് വലിയ വളർച്ചയുണ്ടായി. മദ്ധ്യകാല നൂറ്റാണ്ടുകളിൽ അസീസിയിലെ വിശുദ്ധ ഫ്രാൻസിസ്, വിശുദ്ധ ഡൊമിനിക്, ഇഗ്നേഷ്യസ് ലെയോള തുടങ്ങിയവർ ആരംഭിച്ച സന്യാസ സംഘ ങ്ങളാണ് കത്തോലിക്കാ സഭയുടെ പ്രമുഖ മിഷണറിസംഘങ്ങളായിത്തീർന്നത്. അവരുടെ പ്രവർത്തന ശൈലിയിൽ നല്ല വശങ്ങളും തെറ്റായ രീതികളും കാണാം. ഉദാഹരണ മായി പോർച്ചുഗീസുകാർ ഇവിടെ കേരളത്തിൽ 15-ാം നൂറ്റാണ്ടിന്റെ അവസാനം അധി കാരം സ്ഥാപിച്ചതോടെ, അക്കൂട്ടത്തിൽ വന്ന ജസ്യൂറ്റ് മിഷണറിമാരാണ് ഇവിടെ ഹീനമായ മതപരിവർത്തന രീതികൾ ഉപയോഗിച്ച്, അപ്പസ്തോലികവും ഭാരതീയവുമായ മലങ്കര സഭയെ കത്തോലിക്കാ വിശ്വാസത്തിലും മാർപാപ്പായുടെ അധീനതയിലും കൊണ്ടുവരാൻ ശ്രമിച്ചത്. ഇൻഡ്യയിൽ മാത്രമല്ല, തെക്കേ അമേരിക്കയിലും ലോകത്തിന്റെ മറ്റു ഭാഗങ്ങ ളിലുമെല്ലാം, പശ്ചിമ യൂറോപ്പിലെ പ്രാദേശിക സഭയായിരുന്ന റോമാസഭയെ ലോകമാ സകലം വ്യാപിപ്പിക്കുന്നതിൽ പ്രമുഖ പങ്ക് വഹിച്ചത് അവരുടെ സന്യാസസമൂഹങ്ങ ളാണ്.

പൗരസ്ത്യ സഭയിലും പ്രശസ്തങ്ങളായ ദയറാകളും പ്രസിദ്ധരായ സന്യാസ ശ്രേഷ്ഠരും ഉണ്ടായി. സന്യാസജീവിതത്തെ സംബന്ധിച്ചുള്ള ധാരാളം പുസ്തകങ്ങളും

ആത്മീയ സാധനകൾ നിറവേറ്റുന്നതിന് സഹായിക്കുന്ന മാർഗ്ഗനിർദ്ദേശക ഗ്രന്ഥങ്ങളും ഉണ്ടായി. മാർ അപ്രേമിനെപ്പോലെ സഭയുടെ ആരാധനാസാഹിത്യത്തെ അതിസമ്പന്ന മാക്കാൻ മുൻകൈയെടുത്തത് സന്യാസിമാരാണ്. ലോകത്തെയും അതിന്റെ മോഹങ്ങ ളെയും പരിത്യജിച്ച്, അതീവ ലളിതമായ ജീവിതരീതി അവലംബിച്ച്, ഏകാന്തമായ സ്ഥല ങ്ങളിൽ ഇവർ നിരന്തരം പ്രാർത്ഥിക്കയും വേദപുസ്തകം പഠിച്ചും മനനം ചെയ്തും വ്യാഖ്യാനങ്ങൾ എഴുതിയും ഒരു വലിയ ക്രിസ്തീയ പൈതൃകം സൃഷ്ടിക്കുവാൻ അവർക്കു കഴിഞ്ഞു. ഇങ്ങനെയുള്ള പല പുസ്തകങ്ങളും മിഷണറി പ്രവർത്തനത്തിൽ സഭയ്ക്ക് വലിയ ഉപകരണങ്ങളായിട്ടുണ്ട്. ഉദാഹരണമായി ഫിലോക്കാലിയ എന്ന പ്രശസ്തമായ ഓർത്തഡോക്സ് ആദ്ധ്യാത്മിക ഗ്രന്ഥസമുച്ചയം ഇപ്പോൾ മലയാളത്തിൽ 5 വാല്യങ്ങളായി തർജ്ജമ ചെയ്തു പ്രസിദ്ധീകരിക്കാൻ ഒരു സഭാംഗം തന്റെ സമ്പത്തും സമയവും ഉപയോഗിച്ചതിന്റെ ഫലമായി, കേരളത്തിലെ സന്യാസസമൂഹങ്ങളിൽ ഒരു പുതിയ താല്പര്യവും ഉത്സാഹവും തെളിഞ്ഞിട്ടുണ്ട്. ഫിലോക്കാലിയ എന്നാൽ 'നന്മയോടുള്ള സ്നേഹം' എന്നോ 'സൗന്ദര്യത്തോടുള്ള സ്നേഹം' എന്നോ തർജ്ജമ ചെയ്യാം. നന്മയും സൗന്ദര്യവും (kalos) ദൈവത്തിന്റെ നിത്യമായ നന്മയെയും സൗന്ദ ര്യത്തെയുമാണ് സൂചിപ്പിക്കുന്നത്. മെഡിറ്ററേനിയൻ കടലിൽ ഗ്രീസിന്റെ ഭാഗമായുള്ള ഒരു ഉപദ്വീപാണ് ആഥോസ് മല. സന്യാസിമാർ മാത്രം വസിക്കുന്ന അവിടെ അനേകം സന്യാസാശ്രമങ്ങളുണ്ട്. ഓർത്തഡോക്സ് സഭയിൽനിന്ന് ധാരാളം സന്യാസിമാർ അവിടെ താമസിക്കയും ആത്മീയനിഷ്ഠകൾ നടത്തുകയും ചെയ്യുന്നു. ഏതാണ്ട് നാലാം നൂറ്റാണ്ടു മുതലുള്ള സഭാപിതാക്കന്മാരുടെ ആഴമേറിയ ആദ്ധ്യാത്മിക വചനങ്ങളും സന്യാസ ജീവി തത്തിൽ ആവശ്യമായ ഉപദേശങ്ങളും പ്രബോധനങ്ങളും ക്രോഡീകരിച്ചതാണ് ഫിലോ ക്കാലിയ. പൗരസ്ത്യ ഓർത്തഡോക്സ് സഭയിൽ അംഗസംഖ്യകൊണ്ട് ഏറ്റവും വലിയ സഭയായ റഷ്യൻ സഭയിൽ ഇടയ്ക്കിടെ ആത്മീക നവോത്ഥാനത്തിന് ഈ പുസ്തകം വളരെ സഹായിച്ചു. ഓർത്തഡോക്സ് പാരമ്പര്യത്തിൽ വിശുദ്ധ ജീവിതം, നല്ല ആദ്ധ്യാ ത്മിക സാഹിത്യം, ആരാധനയുടെ നിഷ്ഠ എന്നിവയാണ് മിഷണറി പ്രസ്ഥാനത്തിന് പ്രബലമായ സഹായം നൽകിവന്നത്. പാശ്ചാത്യരെപ്പോലെ സന്യാസിമാർ പോയി മത പരിവർത്തനം നടത്തുന്ന രീതി കാര്യമായിട്ടില്ല. എന്നാൽ ആധുനിക കാലത്ത് ലോക ത്തിന്റെ പലഭാഗത്തും ചില ഓർത്തഡോക്സ് സഭകൾ സുവിശേഷമറിയിച്ച് പുതിയ വിശ്വാസികളെ സഭയിൽ സ്വീകരിക്കുന്നുണ്ട്. ഗ്രീക്ക്-റഷ്യൻ സഭകൾക്ക് ഏഷ്യൻ രാജ്യ ങ്ങളിലും ആഫ്രിക്കയിലും മിഷണറി പ്രവർത്തനം മൂലം പുതിയ വിശ്വാസികളെ ലഭിച്ചി ട്ടുണ്ട്. നമ്മുടെ സഭയോട് വി. കുർബ്ബാന സംസർഗ്ഗമുള്ള ഈജിപ്തിലെ കോപ്റ്റിക് സഭ ആഫ്രിക്കയിലും, യൂറോപ്പിലും, മിഷൻ പ്രവർത്തനത്തിലൂടെ സഭയുടെ സാക്ഷ്യം വളരെ വർദ്ധിപ്പിച്ചിട്ടുണ്ട്. അമേരിക്കയിലും മറ്റും ധാരാളം പേർ ഓർത്തഡോക്സ് വിശ്വാസം സ്വീകരിക്കുന്നുണ്ട്. അവിടെയുള്ള നവീകരണസഭകളിലും മറ്റും ഇപ്പോൾ നടക്കുന്ന ചില കാര്യങ്ങളോട് (*ഉദാ.* സ്വവർഗ്ഗ വിവാഹം) എതിർപ്പുള്ളവരും ഓർത്തഡോക്സ് ആരാധന യുടെ അനുഭവം അടുത്തറിയാൻ താൽപര്യമുള്ളവരുമാണ് അങ്ങനെ വിശ്വാസം സ്വീക രിച്ചുവരുന്നത്. ഓർത്തഡോക്സ് സഭകൾ നല്ല സാക്ഷ്യം നൽകുന്ന സ്ഥലങ്ങളിൽ, പലരും സ്വാഭാവികമായും സഭയിലേക്ക് വരും. കാരണം പുരാതന സഭയുടെ വിശ്വാസവും നല്ല പാരമ്പര്യങ്ങളും ആരാധനയും അഭംഗുരം പാലിക്കപ്പെടുന്നത് ഓർത്തഡോക്സ് പാരമ്പര്യ ത്തിലാണ്. ഈ സാധ്യതകൾ ഓർത്തഡോക്സ് സഭകൾ തന്നെ മനസ്സിലാക്കി ബോധ പൂർവ്വം മനുഷ്യസ്നേഹത്തിലും ക്രിസ്തുവിനോടുള്ള വിശ്വസ്തതയിലും വേരൂന്നിയ ഒരു മിഷണറി പ്രസ്ഥാനത്തിന് ഓർത്തഡോക്സ് സഭ വലിയ സ്ഥാനം നൽകേണ്ടതാണ്.

മലങ്കര ഓർത്തഡോക്സ് സഭയിൽ സംഘടിതമായ സന്യാസപ്രസ്ഥാനം ആരംഭിച്ചിട്ട് ആറേഴ് ദശകങ്ങളേ ആയിട്ടുള്ളൂ. സന്യാസവും മിഷനും തമ്മിലുള്ള ഗാഢമായ ബന്ധം വേണ്ടത്ര പ്രയോഗത്തിൽ വരുത്താൻ നമുക്കു കഴിഞ്ഞിട്ടില്ല. എന്നാൽ പരിശുദ്ധനായ പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനിയെപ്പോലെ സാത്വികരും വിശുദ്ധരുമായ സന്യാസിമാർ തങ്ങളുടെ ആസ്ഥാനം ദയറാ ആക്കി മാറ്റുകയും, അവിടെ നാനാജാതി മതസ്ഥരുടെ ഇടയിൽ ക്രിസ്തുവിന്റെ സാക്ഷ്യം അതിബഹുലമായും എന്നാൽ അതിഫലപ്രദമായും നിർവ്വഹിക്കയും ചെയ്തിട്ടുണ്ട്. റമ്പാന്മാരായിരുന്ന പലരും ഈ ശൈലിയിൽ തങ്ങളുടെ സന്യാസത്തെ നല്ല സുവിശേഷ സാക്ഷ്യമാക്കിയതിന്റെ ഓർമ്മകൾ നമ്മുടെ സമൂഹത്തിനുണ്ട്.

ഓർത്തഡോക്സ് സഭയുടെ പുരാതന പാരമ്പര്യം വച്ചു നോക്കിയാൽ സജീവവും സമ്പൂർണ്ണവുമായ സന്യാസ ജീവിതം നയിക്കുന്ന വ്യക്തികൾ ധാരാളം ഉണ്ടായാൽ മാത്രമേ സഭയുടെ ആരാധനാസാഹിത്യവും മിഷണറിപ്രവർത്തനവും സാമൂഹ്യസേവനവും ഫലപ്രദമായിത്തീരുകയുള്ളൂ. ബ്രഹ്മചാരികളായി, പ്രാർത്ഥനയിലും നോമ്പിലും വേദപഠനത്തിലും ഉറ്റിരിക്കാൻ വേണ്ടത്ര ദൈവവിളി ഇല്ലാത്തവരും, സന്യാസത്തെ ഉപരിസ്ഥാനങ്ങളിലേക്കുള്ള ചവിട്ടുപടിയായി മാത്രം കാണുന്നവരും, ആ വഴിക്ക് പോയാൽ അത് വിപരീത സാക്ഷ്യം സൃഷ്ടിക്കും എന്ന വലിയ അപകടവും ചരിത്രത്തിൽ നമുക്കു കാണാം.

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ കാലത്ത് ആരംഭിച്ച മിഷൻബോർഡാണ് ഇപ്പോൾ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

മലങ്കര സഭ അതിന്റെ മിഷണറി ദൗത്യത്തെക്കുറിച്ച് പ്രാർത്ഥനാപൂർവ്വം പഠിക്കയും, ധൈര്യപൂർവ്വമായ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കി, ഒരു നല്ല മിഷണറി പ്രസ്ഥാനം സൃഷ്ടിക്കാൻ കഴിയുകയും ചെയ്താൽ, നമുക്കു മുൻപിൽ ധാരാളം സാധ്യതകളുണ്ട്.

**പ്രവർത്തനങ്ങൾ**

1. നമ്മുടെ സഭയിൽ ദയറാകൾ സുവിശേഷഘോഷണത്തിൽ വഹിച്ച പങ്ക് പഠനവിധേയമാക്കുക.
2. സുവിശേഷഘോഷണത്തിൽ നമ്മുടെ സഭയ്ക്ക് കൂടുതലായി എന്തു ചെയ്യുവാൻ കഴിയും? നിർദ്ദേശങ്ങൾ തയ്യാറാക്കുക.

യൂണിറ്റ് രണ്ട്

# ഓർത്തഡോക്സ് വിശ്വാസം

അദ്ധ്യായം ഒന്ന്

# അടിസ്ഥാന വിശ്വാസം

**പ**രിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസവും, യേശുക്രിസ്തു മനുഷ്യാവതാരം ചെയ്ത ദൈവമാണെന്നുള്ള വിശ്വാസവുമാണ് ഓർത്തഡോക്സിയുടെ അടിസ്ഥാനം. ത്രിത്വ വിശ്വാസം ജീവശ്വാസംപോലെ കാത്തുസൂക്ഷിക്കേണ്ടതും, നമ്മുടെ ജീവിതത്തിന്റെ സമഗ്ര മേഖലകൾക്കും അത് മാതൃകയാകേണ്ടതുമാകുന്നു.

## വി. ത്രിത്വം

പഴയനിയമ രചനകളിൽ വി. ത്രിത്വം മറഞ്ഞിരിക്കുകയോ, ഭാഗികമായി മാത്രം വെളിപ്പെട്ടിരിക്കുകയോ ചെയ്തിരിക്കുന്നു. ഇതിന് സാധൂകരണമായി ദൈവശാസ്ത്രജ്ഞന്മാർ 2 കൊരിന്ത്യർ മൂന്നാം അദ്ധ്യായത്തിൽ പ. പൗലോസ് ശ്ലീഹാ പറയുന്ന 'മൂടുപടം' എടുത്തു കാണിക്കുന്നുണ്ട്. "പഴയനിയമം വായിക്കുമ്പോഴൊക്കെയും ആ *മൂടുപടം* നീങ്ങാതെ ഇന്നുവരെ ഇരിക്കുന്നുവല്ലോ, അത് ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു. മോശയുടെ പുസ്തകം വായിക്കുമ്പോൾ *മൂടുപടം* ഇന്നേയോളം അവരുടെ ഹൃദയത്തിന്മേൽ കിടക്കുന്നു" (2 കൊരിന്ത്യർ 3:14-16). ഇതിൽനിന്ന് വ്യക്തമാകുന്നത്, പഴയനിയമ കാലത്ത് ഭാഗികമായി മാത്രം സത്യം വെളിപ്പെട്ടിരുന്നു എന്നാണ്. ദൈവം പണ്ട് അരുളപ്പാടുകൾ ഭാഗം ഭാഗമായിട്ടാണ് പ്രവാചകന്മാർക്കും പിതാക്കന്മാർക്കും നൽകിയതെന്ന് എബ്രായ ലേഖന കർത്താവും നമ്മെ ഓർമ്മിപ്പിക്കുന്നു (എബ്രാ. 1:1).

താഴെപ്പറയുന്ന പഴയനിയമ ഭാഗങ്ങൾ വി. ത്രിത്വത്തിന്റെ സാന്നിദ്ധ്യം തെളിയിക്കുന്നു.

1. ഉൽപത്തി 1:1-ൽ 'ദൈവം' എന്നത് എബ്രായമൂലഭാഷയിൽ 'എലോഹിം' എന്നാണ്. വ്യാകരണപ്രകാരം ആ ഭാഷയിൽ 'എലോഹിം' ബഹുവചനമാകുന്നു.
2. ഉൽപത്തി 1:26-ൽ "അനന്തരം ദൈവം: *നാം* നമ്മുടെ സ്വരൂപത്തിൽ, നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" എന്നതിലും ബഹുവചനരൂപമാണ് ഉപയോഗിച്ചിരിക്കുന്നത് എന്നുള്ളത് ശ്രദ്ധിക്കുക.
3. ഉൽപത്തി 3:22-ൽ, "മനുഷ്യൻ നമ്മിൽ ഒരുത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു" എന്നതിലും ബഹുവചനരൂപം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്.

4. ഉൽപ. 11:6-7-ലെ ബാബേൽ ഗോപുരത്തിലെ ഭാഷയുടെ കലക്കത്തിലും, "വരുവിൻ, നാം ഇറങ്ങിച്ചെന്ന്" എന്നുള്ളിടത്തും ബഹുവചനരൂപം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്.

5. ഉൽപത്തി പുസ്തകം 18-ാം അദ്ധ്യായത്തിൽ അബ്രഹാമിന് ദൈവം മമ്രേയുടെ തോപ്പിൽ വെളിപ്പെടുന്നത് മൂന്നുപേരായാണ്. അബ്രഹാം അവരെ അഭിവാദ്യം ചെയ്തത് യജമാനനെ എന്ന ഏകവചന രൂപത്തിലാണ്. ഇതിനെ സഭാപിതാക്കന്മാർ വി. ത്രിത്വത്തിന്റെ വെളിപ്പെടലായാണ് വ്യാഖ്യാനിച്ചിരിക്കുന്നത്.

6. സംഖ്യ 6:24-26-ൽ പറയുന്ന യഹോവയുടെ അനുഗ്രഹവചസ്സുകൾ മൂന്നായി വെളിപ്പെടുത്തിയിരിക്കുന്നതിനെയും സഭാപിതാക്കന്മാർ ത്രിത്വസൂചനയായി കാണുന്നു.

7. യെശയ്യ 6:1 മുതലുള്ള ഭാഗത്ത് യെശയ്യായിക്കുണ്ടായ ദർശനത്തിൽ സാറാഫുകൾ "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്ന് വാഴ്ത്തുന്നതിനെയും പിതാക്കന്മാർ വ്യാഖ്യാനിക്കുന്നത് വി. ത്രിത്വസാന്നിദ്ധ്യമായാണ്.

8. കൂടാതെ സങ്കീ. 33:6-ൽ "യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യങ്ങളും ഉളവായി" എന്നുപറയുന്നതിൽ യഹോവ, അവന്റെ വചനം, അവന്റെ ശ്വാസം (എബ്രായ ഭാഷയിൽ 'റൂഹാ' എന്നുതന്നെയാണ് ഈ വാക്ക്) എന്നിങ്ങനെ മൂന്നായി തന്നെ ദൈവം വെളിപ്പെട്ടിരിക്കുന്നു.

ഈ വാക്യങ്ങൾ കൂടാതെ പുത്രൻതമ്പുരാന്റെയോ പരിശുദ്ധാത്മാവിന്റെയോ സാന്നിദ്ധ്യം സൂചിപ്പിക്കുന്ന മറ്റു വാക്യങ്ങളുമുണ്ട്. ഉദാഹരണത്തിന്, സങ്കീ. 2:7-ൽ "നീ എന്റെ പുത്രൻ, ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് പറഞ്ഞിരിക്കുന്നു. (ഇതിനോട് സദൃശ്യമായി സങ്കീ. 143:10, യെശ. 48:16 എന്നീ വാക്യങ്ങളിൽ 'ആത്മാവ്' എന്ന് വെളിപ്പെടുത്തിയിരിക്കുന്നതും ശ്രദ്ധിക്കുക.)

പുതിയനിയമത്തിൽ പുത്രൻ തമ്പുരാന്റെ ജഡാവതാര വിവരണത്തിലൂടെയും, പരിശുദ്ധാത്മാവിന്റെ വാഗ്ദാനം, വെളിപ്പെടൽ എന്നിവയിലൂടെയും ത്രിത്വസാന്നിദ്ധ്യം കൂടുതൽ മിഴിവോടെ വെളിപ്പെടുത്തിയിരിക്കുന്നു. കർത്താവിന്റെ മാമോദീസായുടെ സമയത്ത് അദൃശ്യശബ്ദവും, അതോടൊപ്പം പ്രാവിന്റെ രൂപത്തിലിറങ്ങുന്നതും, ത്രിത്വവെളിപ്പെടലായി മനസ്സിലാക്കാം.

വി. മത്തായി 28:19ൽ "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും" നാമത്തിൽ എന്ന് എടുത്ത് പറയുന്നുണ്ട്. മൂന്നായി പറയുന്നുവെങ്കിലും 'നാമത്തിൽ' എന്ന് ഏകവചനത്തിൽ ഇവിടെ പറഞ്ഞിരിക്കുന്നതിൽനിന്നും, മൂന്നായി വെളിപ്പെടുന്നുവെങ്കിലും ദൈവം ഏകനാകുന്നുവെന്ന് നമുക്ക് മനസ്സിലാകുന്നു. 2 കൊരി. 13:14-ൽ ത്രിത്വനാമത്തിലുള്ള അനുഗ്രഹം നൽകിയിരിക്കുന്നത് ശ്രദ്ധേയമാണ്. കൂടാതെ, യോഹ. 15:26-ൽ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നിടത്തും ത്രിത്വസാന്നിദ്ധ്യം വ്യക്തമായി വരച്ചുകാണിച്ചിരിക്കുന്നു. പ. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ ധാരാളമായി വി. ത്രിത്വത്തിലെ മൂന്ന് ആളത്വത്തെ സംബന്ധിച്ചുള്ള ദീർഘ പരാമർശങ്ങൾ ഉണ്ട്. പ്രത്യേകിച്ച് എഫേസ്യർക്ക് എഴുതിയ ലേഖനം 1-3 ആദ്ധ്യായങ്ങളിൽ ഇവ ധാരാളമായി കാണുന്നു.

## വി. ത്രിത്വം സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകളിൽ

സഭയുടെ അടിസ്ഥാനപ്രമാണം എന്ന നിലയിൽ വിശ്വാസപ്രമാണത്തിലൂടെയും മറ്റ് ദാർശനിക രചനകളിലൂടെയും, വി. ത്രിത്വത്തിന്റെ വിശദീകരണ പാഠങ്ങൾ, നാലാം നൂറ്റാ

ണ്ടിലാണ് ഏറ്റവും കൂടുതൽ പ്രചാരത്തിൽ വരുന്നത്. എന്നാൽ പുതിയനിയമ സഭയിലും, അപ്പോസ്തോല പിതാക്കന്മാരിലും, വിശ്വാസ സംരക്ഷകരുടെ (Apologists) രചനകളിലും ഒക്കെ ദീർഘമായി ത്രിത്വവിശ്വാസം പ്രതിപാദിച്ചിട്ടുണ്ട്. ലിയോൺസിലെ വി. ഐറേനിയോസ്, അദ്ദേഹത്തിന്റെ "വേദവിപരീതങ്ങൾക്കെതിരെ" (1:10) എന്ന കൃതിയിൽ പ്രതിപാദിക്കുന്നത് "സഭ ലോകം മുഴുവനും വ്യാപിച്ചു നിൽക്കുന്നുവെങ്കിലും, ലഭിച്ചിരിക്കുന്ന വിശ്വാസം സർവ്വശക്തനായ ഏക പിതാവിലും, നമ്മുടെ രക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്ത ഏക പുത്രനിലും, പ്രവാചകന്മാരിലൂടെയും മറ്റും രക്ഷാവ്യാപാരം പ്രസിദ്ധം ചെയ്ത ഏക പരിശുദ്ധാത്മാവിലും ആകുന്നു. ഈദൃശ പ്രബോധനം ലഭിച്ച സഭ ലോകവ്യാപകമായി പടർന്നിരിക്കുന്നുവെങ്കിലും ഒരൊറ്റ ഭവനത്തിൽ എന്നവിധം ഈ ഒരു വിശ്വാസത്തിൽ ഒന്നായിത്തീരുന്നു."

വലിയ മാർ ബസേലിയോസ് പറയുന്നത്: "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്നും പുത്രനോടുകൂടെ പിതാവിനും, പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും എന്നുമെന്നേക്കും ഉണ്ടായിരിക്കട്ടെ" എന്നുമുള്ള സ്തുതിപ്പ് സഭയിൽ സുവിശേഷ കാലഘട്ടം മുതൽ നിന്നിരുന്നുവെന്നാണ്.

ത്രിത്വത്തിലുള്ള മൂന്ന് ആളത്തങ്ങൾ ഒന്ന് മറ്റൊന്നിനേക്കാൾ കൂടിയതോ കുറഞ്ഞതോ അല്ല. ആളത്തങ്ങൾ തമ്മിൽ കാലവ്യത്യാസവും ഇല്ല എന്ന് ആദിമ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. മൂന്ന് ആളത്തങ്ങളും, ആവിഷ്ക്കരണത്തിൽ (Manifestation) വ്യത്യാസമായിരിക്കുന്നുവെങ്കിലും ഉണ്മയിൽ ഒന്നാകുന്നു. ഉണ്മ നിത്യവുമാകുന്നു. ഈ അടിസ്ഥാന വിശ്വാസത്തിൽ സഭാംഗങ്ങളെ ഉറപ്പിച്ചു നിർത്തുന്നതിൽ സഭാപിതാക്കന്മാർക്ക് ധാരാളം ക്ലേശം സഹിക്കേണ്ടിവന്നിട്ടുണ്ട്.

നാലാം നൂറ്റാണ്ടിന് മുൻപുള്ള പിതാക്കന്മാർ പ്രത്യക്ഷങ്ങളായ ചില ഉദാഹരണങ്ങൾ നിരത്തി ത്രിത്വത്തിലെ ഏകത്വവും ആളത്തങ്ങളുടെ വ്യത്യാസവും വിശദീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. *ഉദാ.* 1. സൂര്യൻ, സുര്യകിരണം, വെളിച്ചം 2. ഒരു മരത്തിന്റെ തന്നെ വേര്, തായ്ത്തടി, ഫലം 3. ഉറവ, ജലസഞ്ചയം, നദി 4. ബോധം, ജ്ഞാനം, വാഞ്ഛ. മേല്പറഞ്ഞ ഉദാഹരണങ്ങളിലെല്ലാം, ഓരോ ഘടകങ്ങളുടെയും ഉണ്മ ഒന്നായിരിക്കെ അവയ്ക്കെല്ലാം വ്യത്യസ്തങ്ങളായ ഭാവവും, ആവിഷ്ക്കാരവും ഉണ്ട്. എന്നാൽ ഇവയെല്ലാംതന്നെ കേവല ഉദാഹരണങ്ങൾ മാത്രമാകുന്നു. ത്രിത്വത്തെ വിശദീകരിക്കുവാൻ പൂർണ്ണമായും ഇവ ഉപയുക്തമാകില്ല. ഭൂമിയിലുള്ള യാതൊരു സംവിധാനവുമായി ഉപമിക്കുന്നതിലൂടെ നമുക്ക് ദൈവത്തെ മനസ്സിലാക്കുവാൻ കഴിയുന്നില്ലായെന്ന് നാലാം നൂറ്റാണ്ടിലെ പിതാവായ നാസിയാൻസിലെ വി. ഗ്രീഗോറിയോസ് പഠിപ്പിക്കുന്നു.

## വി. ത്രിത്വാരാധന

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയെന്നത് (ശുബഹോലാബോ ലബ്രോവല്റൂഹോ കാദീശോ) ഏറ്റവും പ്രധാനപ്പെട്ട പ്രാർത്ഥനയാണ്. ദൈവത്തെ പരിശുദ്ധ ത്രിത്വമായി നാം ആരാധിക്കുന്നു. വിശുദ്ധ കുർബ്ബാനയിലും മറ്റെല്ലാ കൂദാശാനുഷ്ഠാനങ്ങളിലും കർമ്മങ്ങളിലും ഇതുതന്നെയാണ് നാം നിർവ്വഹിക്കുന്നത്. നമ്മുടെ എല്ലാ കർമ്മങ്ങളും ആരംഭിക്കുന്നതും, എല്ലാ പ്രാർത്ഥനകളും നാം ചൊല്ലി അവസാനിപ്പിക്കുന്നതും ഈ ത്രിത്വാരാധനയിലൂടെയാണ്.

വി. കുർബ്ബാനയിൽ ധൂപക്കുറ്റി വാഴ്വിന്റെ ക്രമം, രഹസ്യങ്ങളുടെ ആഘോഷത്തിന്റെ സമയം - ഇവിടെയെല്ലാം പ്രത്യക്ഷമായി നാം ത്രിത്വാഘോഷം നടത്തുന്നുണ്ട്. വിശുദ്ധ

രഹസ്യങ്ങളുടെ ആഘോഷം വി. കുർബ്ബാനയിൽ നടത്തുമ്പോൾ, ത്രിത്വത്തിലെ ആളത്തങ്ങളുടെ ആവിഷ്ക്കാരം വ്യക്തമായി പറയുന്നുണ്ട്. സകലത്തെയും സൃഷ്ടിച്ച പിതാവ്, സകലത്തെയും പരിപാലിക്കുന്ന പുത്രൻ, സകലത്തെയും പൂർത്തീകരിക്കുന്നവനായ പരിശുദ്ധാത്മാവ് - എന്നിങ്ങനെ വി. ത്രിത്വത്തെ വ്യക്തമായി ആരാധനയിൽ ആവിഷ്ക്കരിക്കുന്നു. പരിശുദ്ധ മാമോദീസായിൽ സ്വീകർത്താവിനെ വിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ ആവർത്തിച്ച് മുദ്രയിടുന്നു. വിവാഹ കൂദാശയിൽ വിശുദ്ധ ത്രിത്വം കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഭാര്യാഭർത്താക്കന്മാർക്ക് സ്നേഹത്തിന്റെയും ഐക്യത്തിന്റെയും മാതൃകയാകുന്നു. താതാത്മജ വിമലാത്മാവിന്റെ ഗേഹമായ വി. ത്രോണോസിനെ സാക്ഷി നിർത്തിയാകുന്നു വധൂവരന്മാർ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. ഭവനവാഴ്വിന്റെ ക്രമത്തിലും ഏറ്റവും ശ്രദ്ധേയമായി അവതരിപ്പിച്ചിരിക്കുന്നത് വി. ത്രിത്വത്തെയാകുന്നു. അബ്രഹാമിനെ സന്ദർശിക്കുന്ന മൂന്ന് ദൈവപുത്രന്മാരുടെ സംഭവവിവരണത്തിലൂടെ ത്രിത്വാധിഷ്ഠിതമായ ആതിഥേയത്വം, ക്രിസ്തീയ ജീവിതാടിസ്ഥാനമായി, ഭവനവാഴ്വിന്റെ ക്രമത്തിൽ വരച്ചുകാണിച്ചിരിക്കുന്നു. കൂടാതെ, "ത്രിത്വം വാണീടണം" എന്ന ആശംസയും ഭവനത്തിന് നൽകുന്നു. ഇത്തരത്തിൽ വി. സഭയുടേത് ത്രിത്വാരാധനയായി നാം മനസ്സിലാക്കുന്നു.

## മനുഷ്യാവതാരം

പുത്രനാം ദൈവം മനുഷ്യനായി അവതരിച്ചു. നമ്മിൽ ഒരുവനായി, കഷ്ടത അനുഭവിച്ചു മരിച്ചു, ഉയിർത്തെഴുന്നേറ്റു എന്നത് ത്രിത്വവിശ്വാസം പോലെതന്നെ പ്രാധാന്യത്തോടെ വി. സഭ കാണുന്നു.

"അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാർക്ക് പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു" (1 തിമോ. 3:16) എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു എന്നത് ആദിമ ക്രൈസ്തവ സഭയിലെ വിശ്വാസ കീർത്തനങ്ങളിലൊന്നായിരുന്നു. ഈ വാക്യത്തിൽ 'മനുഷ്യാവതാരം' എന്നതുകൊണ്ട് സഭ അർത്ഥമാക്കുന്നത് മുഴുവനായും വിശദീകരിച്ചിരിക്കുന്നു.

**പ്രവർത്തനങ്ങൾ**

1. വി. ത്രിത്വവിശ്വാസത്തിന്റെ വേദപുസ്തകാടിസ്ഥാനം വിശദീകരിക്കുക
2. വിവിധ ആരാധനാക്രമങ്ങളിലെ ത്രിത്വവിശദീകരണം ഉദാഹരണസഹിതം വിശദീകരിക്കുക.

അദ്ധ്യായം രണ്ട്

# വിശുദ്ധ പാരമ്പര്യം

**പാ**രമ്പര്യം (Tradition) എന്ന് വിവർത്തനം ചെയ്തിരിക്കുന്ന പദം Traditio (ട്രഡീഷിയോ) എന്ന ലത്തീൻ പദത്തിൽനിന്നും വന്നിട്ടുള്ളതാണ്. ഗ്രീക്ക് മൂലഭാഷയിൽ പാരഡോസിസ് (Paradosis) എന്നതാണ് ഈ പദം. ആക്ഷരികമായ അർത്ഥത്തിൽ തലമുറയായി പകർന്നുനൽകപ്പെട്ടത് എന്ന് ഈ പദത്തെ വിശദീകരിക്കാവുന്നതാണ്. വി. ത്രിത്വത്തിലുള്ള വിശ്വാസവും, അതിലധിഷ്ഠിതമായ ജീവിതവും യേശുക്രിസ്തുവിൽ വെളിപ്പെട്ട് പരിശുദ്ധാത്മാവിനാൽ അത് എന്നും സഭയിൽക്കൂടി സാക്ഷ്യപ്പെട്ടുകൊണ്ടിരിക്കുന്നതിനെയാണ് സഭയിൽ പാരമ്പര്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

'പാരമ്പര്യം' വേദപുസ്തകാടിസ്ഥാനത്തിലുള്ളതും, അപ്പോസ്തോലികവുമാണ്. വി. യോഹന്നാൻ ശ്ലീഹാ ഇത് കൃത്യമായി വിശദീകരിച്ചിരിക്കുന്നു.

"ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, സ്വന്തം കണ്ണുകൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും, ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം സംബന്ധിച്ചു-ജീവൻ പ്രത്യക്ഷമായി കണ്ടു സാക്ഷീകരിക്കുകയും പിതാവിനോട് കൂടെയിരുന്ന് ഞങ്ങൾക്ക് പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോട് അറിയിക്കുകയും ചെയ്യുന്നു..." (1 യോഹന്നാൻ 1:1-3)

അപ്പോസ്തോലന്മാർ കണ്ടതും, അനുഭവിച്ചതുമായ വിശ്വാസ സത്യങ്ങളെ പുതിയനിയമസഭയിൽ നിലനിർത്തിയതും, പിന്നീട് അവരാൽ നിയമിതരായ, സഭാദ്ധ്യക്ഷന്മാരിലൂടെ പിൽക്കാല തലമുറയിലേക്കും, പരമ്പരാഗതമായി അവ സഭയിൽ തുടർന്നും നിലനിൽക്കുന്നതിനെയുമാണ് വിശുദ്ധ പാരമ്പര്യമായി സഭ കാണുന്നത്. അതിപ്രധാനമായി ഇത്തരത്തിൽ നിലനിന്നുപോരുന്ന വിശുദ്ധ ത്രിത്വത്തിലും മനുഷ്യാവതാരത്തിലുമുള്ള വിശ്വാസ പാരമ്പര്യത്തിന് വിഭിന്നമായ പഠിപ്പിക്കലുകൾ സഭയിൽ ഉണ്ടായപ്പോഴൊക്കെ, സഭാപിതാക്കന്മാർ ഈ ശ്രേഷ്ഠ പാരമ്പര്യത്തിന്റെ നിലനിൽപ്പിനായി ശ്രദ്ധിച്ചിരുന്നു.

അലക്സന്ത്രിയായിലെ വിശുദ്ധ അത്താനാസിയോസ് വിശുദ്ധ പാരമ്പര്യത്തെക്കുറിച്ച് പറയുന്നത് ശ്രദ്ധേയമാണ്. "പാരമ്പര്യം എന്നത്, വചനമാം ദൈവം (Logos) ആദിയിൽ നൽകിയ വിശ്വാസം, അപ്പോസ്തോലന്മാർ പ്രസംഗിക്കുകയും, സഭാപിതാക്കന്മാർ സംരക്ഷിക്കുകയും, വിശുദ്ധസഭ അതിൽ അടിസ്ഥാനപ്പെടുത്തി വളർത്തുകയും ചെയ്തിട്ടുള്ളതാകുന്നു" (അത്താനാസിയോസ്, സെറാഫിയോണിന് എഴുതിയ കത്ത്, 28).

പാരമ്പര്യം എന്നത് പൂർവ്വികമായ ഒന്നിനെ ഒരു മാറ്റവുമില്ലാതെ നിലനിർത്തുക എന്ന അർത്ഥത്തിലല്ല എടുക്കേണ്ടത്, എന്നാൽ പൂർവ്വികമായ സത്യത്തിന്റെ പരിശുദ്ധാത്മാവിനായുള്ള തുടർച്ചയായാണ് നാം അതിനെ കാണേണ്ടത്. പരിശുദ്ധാത്മാവിലുള്ള സഭാജീവിതത്തിന്റെ തുടർച്ചയാണ് പാരമ്പര്യം. വലിയ മാർ ബസേലിയോസ് പറയുന്നത്:

"പരിശുദ്ധാത്മാവിലൂടെയാണ് പറുദീസയിലേക്കുള്ള പുനഃപ്രവേശനം നമുക്ക് സാധ്യമാകുന്നത്; സ്വർഗ്ഗരാജ്യ സിദ്ധിയും, പുത്രസ്വീകാര്യത്തിലേക്കുള്ള നമ്മുടെ മടങ്ങിവരവും, ദൈവത്തെ പിതാവേ എന്നു വിളിക്കുന്നതിനുള്ള സ്വാതന്ത്ര്യവും, ക്രിസ്തുവിന്റെ കൃപയിലുള്ള നമ്മുടെ സംബന്ധവും, നിത്യമായ മഹത്വത്തിലെ നമ്മുടെ പങ്കും, അനുഗ്രഹിച്ച പൂർണ്ണാവസ്ഥയിലേക്കുള്ള നമ്മുടെ പ്രവേശനവും എല്ലാം സാധ്യമാകുന്നത് പരിശുദ്ധാത്മാവിലൂടെയാണ് (വി. ബസേലിയോസ്, പരിശുദ്ധാത്മാവിനെക്കുറിച്ച് XV). സഭയുടെ പരിശുദ്ധ പാരമ്പര്യത്തെ നാം കാണേണ്ടത് പരിശുദ്ധാത്മാവിനാൽ സാധ്യമാകുന്ന ഈ തുടരനുഭവത്തിലൂടെയാണ്.

## വിശുദ്ധ സംസർഗ്ഗം

വിശുദ്ധ ത്രിത്വത്തിലധിഷ്ഠിതമായ വിശ്വാസത്തിന്റെ അനുബന്ധമായി സഭയിൽ നിലനിൽക്കുന്നതും, വിശുദ്ധ പാരമ്പര്യത്തിന്റെ ഭാഗവുമാണ് വിശുദ്ധന്മാരോടുള്ള നമ്മുടെ സംസർഗ്ഗം. അത് യാതൊരു അർത്ഥത്തിലും കാര്യസാധ്യത്തിന്റെ പ്രാർത്ഥനകൾക്കായി ഒരു കുറുക്കുവഴിയായി ഉദ്ദേശിച്ചിട്ടില്ലാത്തതാകുന്നു.

മരണം ഒരവസാനമല്ലെന്നും, വിശുദ്ധ ത്രിത്വത്തിലധിഷ്ഠിതമായ ജീവിതത്തിന്റെ നിത്യമായ തുടർച്ച മരണത്തിലൂടെ സാധ്യമാകുന്നു എന്നതും അടിസ്ഥാനപരമായ ക്രിസ്തീയ വിശ്വാസത്തിന്റെ ഭാഗമാകുന്നു. ഇഹലോകത്തിൽ ജീവിച്ചിരിക്കുന്നവർ പരസ്പരം പ്രാർത്ഥന ആവശ്യപ്പെടുന്നു; അത് ഒരു എളുപ്പവഴി എന്ന അർത്ഥത്തിലല്ല നാം എടുക്കുന്നത്; എന്നാൽ പ്രാർത്ഥനയിലുള്ള നമ്മുടെ ഐക്യത്തെയാണ് അത് ലക്ഷ്യമാക്കുന്നത്. "ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നെ അറിയും" (1 കൊരി. 13:12) എന്ന് പ. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. അങ്ങനെയെങ്കിൽ, ഇഹലോകത്ത് ജീവിക്കുമ്പോഴുള്ള നമ്മുടെ സംസർഗ്ഗ പ്രാർത്ഥനകൾപോലെയോ അതിലുപരി പ്രാധാന്യം അർഹിക്കുന്നതോ ആകുന്നു വിശുദ്ധരോടുള്ള സംസർഗ്ഗം. "പ്രവാചകൻ എന്നുവച്ച് പ്രവാചകനെ കൈക്കൊള്ളുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും. നീതിമാൻ എന്നുവച്ച് നീതിമാനെ കൈക്കൊള്ളുന്നവന് നീതിമാന്റെ പ്രതിഫലം ലഭിക്കും" (മത്താ. 10:41) എന്ന് നമ്മുടെ കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മെ സംബന്ധിച്ചിടത്തോളം പരസ്പരം ഓർക്കുന്ന പ്രാർത്ഥനകൾ സഭാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ സൂചകം കൂടിയാണ്. മരണത്തിലൂടെ ഒരുവൻ കർത്താവിന്റെ ശരീരത്തിന്റെ ഭാഗമല്ലാതാകുന്നില്ല. അതിനാൽ നീതിമാനായി കൈക്കൊള്ളുന്നതും പ്രാർത്ഥിക്കുന്നതും എല്ലാം സഭാജീവിതത്തിൽ വിശുദ്ധ പാരമ്പര്യത്തിന്റെ അതിപ്രധാനഭാഗം തന്നെയാകുന്നു.

വിശുദ്ധരുടെ സംസർഗ്ഗസാന്നിദ്ധ്യത്തിൽ വി. ദൈവമാതാവിന് നാം അഗ്രിമസ്ഥാനം നൽകുന്നു. മനുഷ്യാവതാര സംഭവത്തിൽ, പരിശുദ്ധ ദൈവമാതാവിന്റെ പങ്ക് സഭ എന്നും അതീവ ശ്രദ്ധയോടെയും വിശുദ്ധിയോടെയും കണക്കാക്കുന്നു. വി. ലൂക്കോസ് 1:41-45-ൽ വി. യോഹന്നാന്റെ മാതാവായ എലിസബത്ത് പരിശുദ്ധ ദൈവമാതാവിനുള്ള പുകഴ്ചയായി പറഞ്ഞത് പരിശുദ്ധ ദൈവമാതാവിനോടുള്ള പരിശുദ്ധസഭയുടെ നിരന്തര സംസർഗ്ഗത്തിനുള്ള ആധാരമായി സ്വീകരിച്ചിരിക്കുന്നു.

രണ്ടാം നൂറ്റാണ്ടുമുതലുള്ള വി. സഭാപിതാക്കന്മാർ വിശുദ്ധന്മാരോട് - വിശേഷാൽ വിശുദ്ധ ദൈവമാതാവിനോടുള്ള സംസർഗ്ഗത്തെ സംബന്ധിച്ച് ആവർത്തിച്ച് രേഖപ്പെടു

ത്തിയിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ വിരചിതമായ വിശുദ്ധ ഇഗ്നാത്തിയോസിന്റെ രക്തസാക്ഷിത്വത്തെ സംബന്ധിച്ചുള്ള വിവരണത്തിൽ, വിശുദ്ധൻ നിത്യതയിൽ അവർക്കായി പ്രാർത്ഥിക്കുന്നതിനെ ദർശനത്തിൽ കണ്ടതായി സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിശുദ്ധ സഭ അതിന്റെ പൂർണ്ണതയിൽ ദൃശ്യമാകുന്നത്, സഭയുടെ കാണപ്പെടുന്നതും കാണപ്പെടാത്തതുമായ തലങ്ങളിലൂടെയാണ്.

## വാങ്ങിപ്പോയവരോടുള്ള സംസർഗ്ഗം

വിശുദ്ധ സംസർഗ്ഗത്തോടെതന്നെ ചേർത്ത് വയ്ക്കാവുന്ന, വിശുദ്ധസഭാപാരമ്പര്യമാകുന്നു വാങ്ങിപ്പോയവരോടുള്ള സഭയുടെ സംസർഗ്ഗം. പുതിയനിയമസഭയിൽ നിലനിൽക്കുന്ന ഒരു ശ്രേഷ്ഠ പാരമ്പര്യമാകുന്നു ഇത്. 1 കൊരി. 15:29-ൽ പ. പൗലോസ് ശ്ലീഹാ പുനരുത്ഥാനത്തെ സംബന്ധിച്ച് പഠിപ്പിക്കുന്നതിൽ, "മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ അവർക്കുവേണ്ടി സ്നാനം എൽക്കുന്നത് എന്തിന്" എന്ന് ചോദിക്കുന്നുണ്ട്. ഇതിൽ നിന്നും മനസ്സിലാക്കാവുന്നത്, പുതിയനിയമസഭയിൽ പൂർവ്വികരെക്കൂടി സ്മരിച്ചുകൊണ്ടാണ് വിശുദ്ധ സ്നാനം സ്വീകരിച്ചിരുന്നത് എന്നാണ്.

നിത്യനായ ദൈവത്തിന്റെ സ്നേഹവും കരുണയും നിത്യമാകുന്നു. അവിടുത്തെ സ്നേഹം നിത്യമായി വർത്തിക്കുന്നു. അതിനാൽ മരണംകൊണ്ട് ദൈവസ്നേഹം ഒരാളിൽ പ്രവർത്തിക്കുന്നതിൽനിന്നും ഒഴിഞ്ഞിരിക്കുന്നു എന്ന് ചിന്തിക്കുവാൻ കഴിയില്ല. 2 തിമോ. 1:18, പ. പൗലോസ് ശ്ലീഹാ അദ്ദേഹത്തിന്റെ കൂട്ടുവേലക്കാരനായ ഒനേസിഫോറെസിനെ സ്മരിക്കുന്നതിൽ, "ആ ദിവസത്തിൽ കർത്താവിന്റെ പക്കൽ, കരുണ കണ്ടെത്തുവാൻ കർത്താവ് അവന് സംഗതി വരുത്തട്ടെ" എന്ന് പ്രാർത്ഥിക്കുന്നു. വാങ്ങിപ്പോയവരെ സഭ സ്മരിക്കുന്നതും അടിസ്ഥാനപരമായി ഇതേ പ്രാർത്ഥനാസ്വഭാവത്തോടെയാകുന്നു.

ആരാധനയിൽ, ഉപയോഗിക്കുന്ന ഐക്കണുകൾ സഭാജീവിതത്തിന്റെ ഭാഗമായുള്ള വിശുദ്ധരുടെ തിരുശേഷിപ്പുകൾ, ഇവയെല്ലാം അടിസ്ഥാനപരമായ വിശ്വാസ സത്യങ്ങളിൽ ഉറച്ചു ജീവിക്കുവാൻ നമ്മെ സഹായിക്കേണ്ട സഭാപാരമ്പര്യ സംഗതികളാകുന്നു.

### പ്രവർത്തനങ്ങൾ

1. എഫേസ്യർ 2:13-14; ഗലാ. 1:8-9; 1 കൊരി. 11:23; 2 തെസ്സ. 2:15 എന്നീ വേദഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തി, വിശുദ്ധ പാരമ്പര്യത്തിന്റെ വേദപുസ്തകാടിസ്ഥാനം വിശദീകരിക്കുക
2. നമ്മുടെ എല്ലാ പാരമ്പര്യങ്ങളും, ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസജീവിത വളർച്ചയെ സഹായിക്കേണ്ടതാകുന്നു. പാഠഭാഗത്തെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുക.

അദ്ധ്യായം മൂന്ന്

# സഭാപിതാക്കന്മാർ

'സഭാ പിതാക്കന്മാർ' ആര്, എന്ത് എന്നതിന് നിയതമായ നിർവ്വചനങ്ങൾ ഒന്നും തന്നെ ഓർത്തഡോക്സ് സഭ നൽകുന്നില്ല. മാത്രമല്ല, ഏതെങ്കിലും കൃത്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് 'സഭാപിതാക്കന്മാരെ' സഭ ഒന്നായി പ്രഖ്യാപിക്കുന്നതുമില്ല.

എങ്കിലും 'പിതാക്കന്മാർ' എന്ന് പൗരസ്ത്യ സഭയിൽ ആദ്യ നൂറ്റാണ്ടുകൾ മുതൽ തന്നെ സഭാദ്ധ്യക്ഷന്മാരെ വിളിച്ചിരുന്നു. 'പാപ്പാ' (Pope) പിതാവെന്നുള്ള അർത്ഥത്തിൽ എല്ലാ ബിഷപ്പുമാരെയും വിളിച്ചിരുന്നു. ഇതേപദം അറബിയിൽ 'ബാബാ' എന്നും, സുറിയാനിയിൽ 'ബാവാ' എന്നും ഉപയോഗിക്കുവാൻ തുടങ്ങി. പിന്നീട് ആശ്രമാദ്ധ്യക്ഷന്മാരെ; അബ്ബാ (പിതാവ്) എന്ന അർത്ഥത്തിൽ വിളിക്കുന്ന പതിവുണ്ടായി.

വി. സഭയിൽ ആവിർഭവിച്ച സത്യോപദേശ വിപരീതികളെ, രചനകളിലൂടെ എതിർക്കുകയും, ജനങ്ങളെ യഥാർത്ഥ വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തവരെ നാലാം നൂറ്റാണ്ടു മുതൽക്കുതന്നെ പിതാക്കന്മാർ എന്ന് വിളിക്കുവാൻ ആരംഭിച്ചു. നിത്യവിശ്വാസ സംരക്ഷണവുമായി ഇവരുടെ ജീവിതവും സംഭാവനകളും ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നതിനാൽ സഭാപിതാക്കന്മാർക്ക് വി. സഭയിൽ പ്രധാന ഭാഗധേയമാണുള്ളത്. പൗരസ്ത്യ സഭയിൽ പിതാക്കന്മാരുടെ കാലഘട്ടത്തെ, എട്ടാം നൂറ്റാണ്ടുവരെ എന്ന് ഏകദേശം കണക്കാക്കാവുന്നതാണ്. അഞ്ചാം തുബ്ദേനിൽ നാം ഓർമ്മിപ്പിക്കുന്ന വി. പിതാക്കന്മാരിൽ ചരിത്രപരമായി യഥാക്രമം 700, 708 എ. ഡി. വരേയ്ക്കും ജീവിച്ചിരുന്നത്, നിനവായിലെ മാർ ഇസ്സഹാക്കും, എഡേസ്സായിലെ വിശുദ്ധ യാക്കോബും ആകുന്നു.

### പ്രധാനമായും നാല് വിഭാഗത്തിലായി സഭാപിതാക്കന്മാരെ കാണാവുന്നതാണ്

1. അപ്പോസ്തോലിക പിതാക്കന്മാർ ഉൾപ്പെടെ നിഖ്യാസുന്നഹദോസിന് മുൻപുള്ള പിതാക്കന്മാർ
2. മൂന്ന് സാർവ്വത്രിക സുന്നഹദോസ് കാലഘട്ടത്തിലെ പിതാക്കന്മാർ
3. സാർവ്വത്രിക സുന്നഹദോസിന്റെ കാലത്തിനുശേഷമുള്ള പിതാക്കന്മാർ
4. സന്യസ്ത പിതാക്കന്മാർ

### അപ്പോസ്തോലിക പിതാക്കന്മാർ മുതൽ നിഖ്യാസുന്നഹദോസ് വരെ

പരിശുദ്ധ ശ്ലീഹന്മാരുടെ ഏകദേശം നേരിട്ടുള്ള ശിക്ഷണത്തിൽ വന്നിട്ടുള്ളവരെയാണ് അപ്പോസ്തോലിക പിതാക്കന്മാർ എന്ന് വിളിച്ചത്. ജീവിതംകൊണ്ടും രചനകൾ കൊണ്ടും ശ്രദ്ധേയമായ മൂന്ന് പ്രധാന അപ്പോസ്തോലിക പിതാക്കന്മാർ, റോമിലെ മാർ

ക്ലീമ്മീസ്, അന്ത്യോഖ്യയിലെ മാർ ഇഗ്നാത്തിയോസ്, സ്മിർണ്ണായിലെ മാർ പോളിക്കാർപ്പോസ് എന്നിവരാകുന്നു.

പുതിയനിയമ ലേഖനങ്ങളുമായി സാമ്യമുള്ളതാണ് ഈ മൂന്ന് പിതാക്കന്മാരുടെയും രചനകൾ. മാത്രമല്ല, അപ്പോസ്തോലന്മാർ ഓരോരുത്തരുംതന്നെ എഴുത്തുകളോടൊപ്പം സുദീർഘമായി പഠിപ്പിച്ചിരുന്നുവെന്നും, ഈ പഠിപ്പിക്കലുകൾക്ക് ആദിമ സഭയിൽ വലിയ പ്രചാരമുണ്ടായിരുന്നുവെന്നും ഇവരുടെ രചനകൾ നമ്മെ പഠിപ്പിക്കുന്നു. വേദപുസ്തക രചനകൾ അപ്പോസ്തോല പഠിപ്പിക്കലുകൾ മുഴുവനായും ഉൾക്കൊള്ളുന്നില്ല എന്നത് ഈ രചനകളിൽനിന്നും വ്യക്തമാണ്. ഏ. ഡി. 96നോട് അടുത്ത് രചിക്കപ്പെട്ട റോമിലെ വി. ക്ലീമ്മീസിന്റെ 'കൊരിന്ത്യർക്ക് എഴുതിയ ലേഖനം' 40-ാം അദ്ധ്യായത്തിൽ വി. കുർബ്ബാന, നിയതമായ സമയത്ത് നിശ്ചയിച്ചിരിക്കുന്ന രീതിയിൽ ആയിരിക്കണമെന്നും, അത് നമ്മുടെ ഇഷ്ടത്തിനനുസരിച്ച് മാറ്റിമറിക്കാതെ അതീവ വിശുദ്ധിയോടെ നിർവ്വഹിക്കേണ്ടതാകുന്നു എന്നും ഓർമ്മിപ്പിക്കുന്നുണ്ട്.

അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസിന്റേതായി ഏഴ് രചനകൾ ലഭ്യമാണ്. ഇവ അന്ത്യോഖ്യയിൽനിന്നും റോമിലേക്ക് അദ്ദേഹത്തെ പീഡനാർത്ഥം കൊണ്ടുപോകുമ്പോൾ മാർഗ്ഗമദ്ധ്യേ എഴുതിയിട്ടുള്ളതാണ്. 'ക്രിസ്തു ആരാകുന്നു' എന്ന ചോദ്യത്തിന്റെ ഉത്തരം (ക്രിസ്തുവിജ്ഞാനീയം - Christology) ഈ രചനകൾ സുദീർഘമായി പ്രതിപാദിക്കുന്നു. അതോടൊപ്പം എപ്പിസ്ക്കോപ്പ, കശീശ്ശ, ശെമ്മാശ്ശൻ എന്നീ മൂന്ന് സ്ഥാനികളുടെ വി. സഭയിലുള്ള ഭാഗധേയവും ഈ ലേഖനങ്ങൾ വിശദമാക്കുന്നു.

ക്രിസ്തു ജഡത്തിൽ കഷ്ടതയനുഭവിച്ചു എന്ന യാഥാർത്ഥ്യത്തെ നിഷേധിക്കുന്ന തോന്നൽ വാദം (Docetism) എന്ന സത്യവിശ്വാസ വിരുദ്ധതയെ സ്മിർണ്ണായിലെ വി. പോളിക്കാർപ്പോസ് അദ്ദേഹത്തിന്റെ രചനകളിലൂടെ എതിർത്തിരുന്നു.

'ഡിഡാക്കേ' അഥവാ 'നമ്മുടെ കർത്താവിന്റെ, പന്ത്രണ്ട് അപ്പോസ്തോലന്മാരിലൂടെയുള്ള, പഠിപ്പിക്കലുകൾ' എന്ന് നാമകരണം ചെയ്തിട്ടുള്ള രചന, ആദ്യനൂറ്റാണ്ടുകളിൽ തന്നെ വി. സഭയിൽ പ്രചരിച്ചിരുന്നു. പുതിയനിയമ രചനകളോളം തന്നെ പഴക്കമുള്ളതായാണ് ഈ രചന വിലയിരുത്തപ്പെട്ടിട്ടുള്ളത്. ഡിഡാക്കേ 14, 15 അദ്ധ്യായങ്ങളിൽ വി. കുർബ്ബാനാനുഷ്ഠാനത്തിന്റെ രീതിയെ സംബന്ധിച്ച് സുദീർഘമായി പ്രതിപാദിക്കുന്നുണ്ട്.

ഈ കാലഘട്ടത്തിന് ശേഷം നിഖ്യാസുന്നഹദോസ് വരെയുള്ള കാലത്ത് ഗ്രീക്ക്-ലത്തീൻ ഭാഷകളിലായി വിശദമായി ദൈവ-ശാസ്ത്ര രചനകൾ സഭയിലുണ്ടായി. ഇന്നത്തെ തുർക്കി (ഏഷ്യാമൈനർ), അന്ത്യോഖ്യ, അലക്സാന്ത്രിയ എന്നീ സ്ഥലങ്ങളായിരുന്നു പ്രധാനമായും ഈ രചനകളുടെ പ്രഭവകേന്ദ്രങ്ങൾ. ലിയോൺസിലെ വി. ഐറേനിയോസിന്റെ (ഏ.ഡി. 155), സത്യവിശ്വാസ വിരുദ്ധർക്കെതിരെ എന്ന അഞ്ച് പുസ്തകങ്ങൾ, ആദിമസഭയുടെ പാരമ്പര്യത്തെ സംബന്ധിച്ച് നല്ല വ്യക്തത നൽകുന്നു. ശരിയായ അപ്പോസ്തോലിക പിന്തുടർച്ചയുടെ ആവശ്യകതയും ഈ രചന വ്യക്തമാക്കിത്തരുന്നു.

അലക്സാന്ത്രിയായിലെ വി. ക്ലീമ്മീസും ഒറിഗണും ശ്രദ്ധിക്കപ്പെടേണ്ട രണ്ട് പിതാക്കന്മാരാണ്. വി. ക്ലീമ്മീസിന്റെ രചനകൾ ഗ്രീക്ക് ദർശനത്തെയും, എബ്രായ-യഹൂദ ദർശനത്തെയും സമാന്തരമായി വിശകലനം ചെയ്യുകയും, ഗ്രീക്ക് ദർശനത്തിന്റെ നന്മയെ ഉൾക്കൊള്ളുവാൻ സഹായകരമായ വിശദീകരണങ്ങൾ നൽകുകയും ചെയ്തു. ഒറിഗന്റെ പിൽക്കാല രചനകൾ വി. സഭയുടെ പൊതുവിശ്വാസത്തിൽനിന്നും ഭിന്നമായി തീർന്നു

വെങ്കിലും അദ്ദേഹത്തിന്റെ വേദപുസ്തക വ്യാഖ്യാനങ്ങളും, സുദീർഘമായ വി. ത്രിത്വ ത്തെയും മനുഷ്യാവതാരത്തെയും സംബന്ധിച്ചുള്ള ദാർശനിക ലേഖനങ്ങളും സഭാപാര മ്പര്യത്തിൽ പ്രാധാന്യം അർഹിക്കുന്നവ തന്നെയാണ്.

നിഖ്യാ സുന്നഹദോസ് വരെയുള്ള മൂന്ന് നൂറ്റാണ്ടിൽ, സഭാപിതാക്കന്മാർ അതാത് കാലഘട്ടത്തിന്റെ ആവശ്യകതയെയും സാഹചര്യത്തെയും മുൻനിർത്തി ക്രൈസ്തവ വിശ്വാസ സംരക്ഷണത്തിനായി നല്ല അടിസ്ഥാനമിട്ടു.

## സാർവ്വത്രിക സുന്നഹദോസ് കാലഘട്ടത്തിലെ പിതാക്കന്മാർ

ക്രൈസ്തവ രചനാപാരമ്പര്യത്തിലെ സുവർണ്ണ കാലഘട്ടമായി ഈ സമയത്തെ വിലയിരുത്തിയിരിക്കുന്നു. ഗ്രീക്ക് ഭാഷയിൽ, അലക്സാന്ദ്രിയായിലെ വി. അത്താനാസി യോസും, കപ്പദോക്യൻ പിതാക്കന്മാരും, സ്വർണ്ണനാവുകാരനായ വി. ഈവാനിയോസും, ജറുശലേമിലെ മാർ കൂറിലോസും, ലത്തീൻ ഭാഷയിൽ ഹിപ്പോയിലെ വി. അഗസ്തീ നോസും, മിലാനിലെ വി. ആമ്പ്രോസും, സുറിയാനിഭാഷയിൽ വി. അപ്രേമും, വി. അഫ്ര ഹാത്തും ഇപ്രകാരം മഹാരഥന്മാരുടെ ഒരു നീണ്ടനിരതന്നെ ഈ കാലഘട്ടത്തിലുണ്ടാ യിരുന്നു.

മനുഷ്യാവതാരത്തെ സംബന്ധിച്ച് വ്യക്തമായ പഠിപ്പിക്കലുകളും, വചനമാം ദൈവം അഥവാ പുത്രനാം ദൈവം, വിശുദ്ധ ത്രിത്വം, മൂന്ന് ക്നൂമാകളുടെ വ്യത്യസ്തതകളും എന്നാൽ ഉണ്മയിലുള്ള ഏകതയും, എല്ലാം ഈ പിതാക്കന്മാരുടെ പ്രതിപാദ്യവിഷയങ്ങ ളായിരുന്നു. ദാർശനിക രചനകൾ, പ്രസംഗങ്ങൾ, വേദപുസ്തക വ്യാഖ്യാനങ്ങൾ, സുദീർഘ മായ പദ്യങ്ങൾ, വ്യക്തിപരമായ കത്തുകൾ, ചരമപ്രസംഗങ്ങൾ, ജീവചരിത്രങ്ങൾ, സന്യസ്ത രചനകൾ, ഇത്തരത്തിൽ ആശയ വൈവിധ്യതയിൽ ക്രിസ്തീയ വിശ്വാസ ത്തിന് ശക്തമായ ഒരു ദാർശനിക അടിത്തറ ഈ പിതാക്കന്മാരുടെ കാലത്തുണ്ടായി. മൂന്ന് പൊതു സുന്നഹദോസിന്റെ സത്യവിശ്വാസ കാനോനുകളും, വിശ്വാസപ്രമാണവും, രൂപപ്പെടുത്തിയതിലുള്ള ഇവരുടെ പങ്ക് നിസ്തുലമാണ്. ആ കാലഘട്ടത്തിൽ ലഭ്യമായി രുന്ന ലോകോത്തരമായ വിദ്യാഭ്യാസമാണിവർക്കെല്ലാംതന്നെ ഉണ്ടായിരുന്നത്. ഇന്നും ഇവരുടെ രചനകൾ സുദീർഘമായി ചർച്ചചെയ്യപ്പെടുകയും, ഗവേഷണപഠനങ്ങൾക്ക് വിധേ യമായും ഇരിക്കുന്നു.

ഈ കാലഘട്ടത്തിലെ ഗ്രീക്ക്-സുറിയാനി പിതാക്കന്മാരുടെ രചനകൾ പൗരസ്ത്യ പാരമ്പര്യത്തിലെ ത്രിത്വവിശ്വാസത്തിന്റെ അടിസ്ഥാനമാകുന്നു. കൂടാതെ വലിയ മാർ ബസേലിയോസിനെപോലുള്ളവരുടെ രചനകൾ, സന്യസ്ത പൊതുജീവിത ശൈലിയിൽ, പൊതുവായി അനുവർത്തിക്കപ്പെടേണ്ട നിയമങ്ങളും അതിന്റെ വിശദീകരണങ്ങളും നൽകി. നാസിയാൻസിലെ വി. ഗ്രീഗോറിയോസിന്റെ ദാർശനിക ലേഖനങ്ങളിൽ പലതും, ആരാധനാക്രമങ്ങളിലെ പ്രൊമിയോൻ, സെദറപോലെയുള്ള പ്രാർത്ഥനകളുടെ ആശയ സ്രോതസ്സാകുന്നു.

## സാർവ്വത്രിക സുന്നഹദോസിന് ശേഷമുള്ള പിതാക്കന്മാർ

431-ലെ എഫേസൂസ് സുന്നഹദോസിന് ശേഷം, അലക്സാന്ത്രിയ, കുസ്തന്തിനോ പ്പോലീസ് പട്ടണങ്ങൾ കേന്ദ്രീകരിച്ച് പ്രധാനമായും ഉണ്ടായ ദൈവശാസ്ത്ര സംവാദ

ങ്ങളും, മാറിവന്ന രാഷ്ട്രീയ സാഹചര്യങ്ങളും വി. സഭയിൽ ഭിന്നതകളുടെ വലിയ വിള്ളലുകൾ തീർത്തു. 451ലെ കല്ക്കദൂന്യ സുന്നഹദോസ് അലക്സാന്ത്രിയ കേന്ദ്രീകരിച്ചുള്ള പൗരസ്ത്യ സഭകൾ അംഗീകരിക്കാതിരിക്കുകയും ചെയ്തതോടുകൂടി വിഭജനം കൂടുതൽ ശക്തമായി. തുടർന്നുള്ള കാലഘട്ടങ്ങളിൽ പിതാക്കന്മാരുടെ രചനകൾ പ്രധാനമായും ദാർശനിക നിലപാടുകളുടെ സുദീർഘമായ വ്യാഖ്യാനങ്ങളായിരുന്നു. അലക്സാന്ത്രിയായിലെ വി. കൂറിലോസ്, അന്ത്യോഖ്യായിലെ വി. സേവേറിയോസ്, മാബ്ബൂഗിലെ വി. പീലക്സിനോസ് എന്നീ പിതാക്കന്മാരാണ് പ്രധാന രചയിതാക്കൾ. ദൈവശാസ്ത്ര വ്യാഖ്യാനങ്ങളോടൊപ്പം വേദപുസ്തക വ്യാഖ്യാനങ്ങളും ഇവരുടേതായിട്ടുണ്ട്.

## സന്യസ്ത പിതാക്കന്മാർ

മൂന്നാം നൂറ്റാണ്ടു മുതലെങ്കിലും, ക്രൈസ്തവസഭയിൽ സന്യസ്ത ജീവിതശൈലി, ഒറ്റയ്ക്കും സമൂഹമായും നിലനിന്നിരുന്നു. ഏ. ഡി. 250 നോടടുത്ത് ഈജിപ്ഷ്യൻ മരുഭൂമിയിലെ തീബ്സിലെ വി. പൗലോസ്, അന്തോണിയോസ് എന്നീ പിതാക്കന്മാരാണ് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ ആദ്യ ഏകാന്ത സന്യാസിമാർ എന്നുപറയാം. എന്നാൽ പിന്നീട് ഇവരുടെ ജീവിതശൈലിയെ അനുകരിച്ച് അനേകർ, ഈ മാർഗ്ഗം സ്വീകരിച്ചു. നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ക്രൈസ്തവ സഭയ്ക്ക് രാജ്യാംഗീകാരം ലഭിച്ചപ്പോൾ മുതൽ സഭയിൽ വ്യാപകമായി കടന്നുവന്ന 'ലോകസ്വഭാവത്തോടുള്ള പ്രതീകമായി, ലോകത്തിന്റെ സ്വഭാവത്തിൽനിന്നും മാറിനിൽക്കുവാനും ദൈവരാജ്യത്തിന്റെ സ്വഭാവം നിലനിർത്തുവാനുമായാണ് പ്രധാനമായും സന്യസ്തമാർഗ്ഗം ഉടലെടുത്തതെന്ന് പൊതുവിൽ കണക്കാക്കപ്പെടുന്നു. രക്തസാക്ഷിത്വത്തിലൂടെ കർതൃസ്നേഹത്തോട് അനുരൂപപ്പെടുവാൻ സാധ്യമാകാത്തതിനാൽ ലോകത്തെ ത്യജിക്കുന്നതിലൂടെ വ്യത്യസ്തമായതെങ്കിലും അത് രക്തസാക്ഷിത്വത്തിന് തുല്യമാണ് എന്ന് കരുതി സന്യസ്ത ജീവിതശൈലി സ്വീകരിച്ചവരുമുണ്ട്.

മൂന്നാം നൂറ്റാണ്ടിന്റെ അവസാനഭാഗത്തും നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി സമൂഹ സന്യസ്ത ശൈലികൾ പ്രചാരത്തിലായി. ഈജിപ്റ്റിൽ വി. പക്കോമിയോസിന്റെ നേതൃത്വത്തിൽ പലയിടങ്ങളിലും പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകമായ സന്യസ്താശ്രമത്തിന്റേതായി സന്യസ്താശ്രമങ്ങളും മഠങ്ങളും സ്ഥാപിച്ചു. അദ്ദേഹത്തിന്റേതായി സന്യസ്ത ആദ്ധ്യാത്മികതാ പാഠങ്ങളും നിയമാവലികളും പ്രസിദ്ധീകൃതമായി. പിന്നീട് ഏഷ്യാമൈനറിൽ വലിയ മാർ ബസേലിയോസിന്റെ നേതൃത്വത്തിൽ പോന്തസിൽ സന്യസ്ത സമൂഹം സ്ഥാപിക്കപ്പെട്ടു. അദ്ദേഹവും സമൂഹാംഗങ്ങൾക്കായി ആദ്ധ്യാത്മിക രചനകളും പാഠാവലികളും നിയമസംഹിതകളും എഴുതി. (ബസേലിയോസിന്റെ പൗരസ്ത്യ സന്യസ്ത പാഠാവലികളാണ് ഏകദേശം ഒരു നൂറ്റാണ്ടിനുശേഷം, ലത്തീൻ ഭാഷയിൽ മൊഴിമാറ്റം ചെയ്യപ്പെടുകയും, കത്തോലിക്കാ സഭയിലെ ബനഡിക്റ്റൻ സന്യസ്ത വിഭാഗങ്ങൾക്ക് അടിസ്ഥാന പ്രമാണമായി തീരുകയും ചെയ്തത്.)

ഒരു കാലഘട്ടത്തിന്റെ ചരിത്രത്തിൽ മാത്രമായി ഒതുങ്ങിനിൽക്കുന്ന ഒരു ജീവിതശൈലിയായല്ല സന്യസ്ത പിതാക്കന്മാരുടെ ജീവിതത്തെ നാം കാണേണ്ടത്. പരിശുദ്ധ സഭയ്ക്ക് ആദ്ധ്യാത്മിക മാർഗ്ഗദർശനങ്ങളിലൂടെയും, ആരാധനാക്രമങ്ങളുടെ നിർമ്മിതിയിലൂടെയും, ആത്മീക ജീവചരിത്ര രചനകളിലൂടെയും സന്യസ്ത പിതാക്കന്മാർ പരി

ശുദ്ധ സഭയ്ക്ക് ബഹുവിധ സംഭാവനകൾ നൽകി. വി. അത്താനാസിയോസിന്റെ 'അന്തോണിയോസിന്റെ ജീവിതം', പല്ലാഡിയോസിന്റെ 'ലൗസിയാക് ചരിത്രം', നിസായിലെ വി. ഗ്രീഗോറിയോസിന്റെ 'വി. മക്രീനയുടെ ജീവിതം' എന്നിവ ഈദൃശ രചനകളിൽ ചിലത് മാത്രമാണ്.

പൊതു ജീവിതശൈലിയിൽനിന്നും തിരക്കുകളിൽനിന്നും ഒഴിഞ്ഞും, എന്നാൽ സാമൂഹിക തിന്മകൾക്കെതിരെ സധൈര്യം ശബ്ദിച്ചും സഭാജീവിതത്തിൽ ദൈവരാജ്യത്തിന്റെ സംശുദ്ധി ശരിയായി അനുവർത്തിച്ച സന്യസ്ത പിതാക്കന്മാരുടെ സംഭാവനകൾ നിസ്തുലമാണ്.

## പ്രവർത്തനങ്ങൾ

1. അഞ്ചാം തുബ്ദേനിൽ പേരുകൾ ഓർക്കുന്ന പിതാക്കന്മാരുടെ ജീവചരിത്ര കുറിപ്പുകൾ സ്വയമായി ശേഖരിക്കുക
2. സഭാപിതാക്കന്മാരുടെ സംഭാവനകൾ, ഒരു പ്രോജക്ട് റിപ്പോർട്ടായി തയ്യാറാക്കുക.

അദ്ധ്യായം നാല്

# ഓർത്തഡോക്സ് സഭകൾ ഇന്ന്

(ഈ അദ്ധ്യായത്തിലെ ജനസംഖ്യാ കണക്കുകൾ
2012ലെ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.)

**ഓ**റിയന്റൽ ഓർത്തഡോക്സ്, ബൈസന്റൈൻ ഓർത്തഡോക്സ് എന്നീ രണ്ടു കുടുംബങ്ങളിലായുള്ള ഓർത്തഡോക്സ് സഭാ വിഭാഗങ്ങൾ ഇന്ന് ലോകമെമ്പാടും വ്യാപിച്ചിരിക്കുന്നു. രാജ്യാന്തര അതിർത്തികളിൽ വ്യാപകമായുണ്ടായ വ്യത്യാസങ്ങൾ, മാറി വരുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ, ജോലി, വ്യവസായം, യുദ്ധം ഇങ്ങനെ വൈവിധ്യമാർന്ന കാരണങ്ങളാൽ ഒറ്റയ്ക്കൊറ്റയ്ക്കോ കൂട്ടമായോ ഉണ്ടായ കുടിയേറ്റങ്ങൾ – ഇങ്ങനെ വ്യത്യസ്തമായ കാരണങ്ങളാൽ സഭകൾ വിവിധ രാജ്യങ്ങളിൽ വേരുറപ്പിച്ചിരിക്കുന്നു. അത്ര വ്യാപകമല്ലെങ്കിലും ചില ഓർത്തഡോക്സ് സഭകൾ പല രാജ്യങ്ങളിലും പുതിയ മിഷൻ പ്രവർത്തനങ്ങളും ആരംഭിച്ചിരിക്കുന്നു.

## I. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ

പരസ്പരം വിശുദ്ധ കുർബ്ബാന സംബന്ധമുള്ളതും എന്നാൽ സ്വതന്ത്രവുമായ ആറ് സഭകളാണ് ഈ കുടുംബത്തിലുള്ളത്.

### 1. അർമ്മീനിയൻ അപ്പോസ്തോലിക്ക് ചർച്ച്

ബർത്തലോമായി, തദ്ദേവൂസ് എന്നീ അപ്പോസ്തോലന്മാരുടെ പാരമ്പര്യം അവകാശപ്പെടുന്ന അർമ്മീനിയൻ സഭ ഇന്ന് രണ്ട് കാതോലിക്കേറ്റുകളായും രണ്ടു പാത്രിയർക്കേറ്റുകളുമായി ഏകദേശം ലോകവ്യാപകമായി നിലനിൽക്കുന്നു. അർമ്മീനിയയിലെ തന്നെ ഹോളി എച്ച്മിയാഡ്സിനിൽ കേന്ദ്രീകരിച്ചിരിക്കുന്ന അർമ്മീനിയൻ കാതോലിക്കേറ്റിന് (The Mother see of Holy Etchmiadzin) തത്വത്തിൽ പ്രഥമ സ്ഥാനം നൽകിയിരിക്കുന്നു. അതിപ്രശസ്തവും, പ്രാചീനവുമായ കത്തീഡ്രൽ പള്ളി, അനുബന്ധമായുള്ള മ്യൂസിയം, ആശ്രമങ്ങൾ എല്ലാം വളരെ പ്രശസ്തങ്ങളാണ്. അർമ്മീനിയയിലും, നോർത്ത് അമേരിക്കയിലും, യൂറോപ്പിലും മറ്റുമായി ആറു മില്യൻ (60 ലക്ഷം) വിശ്വാസികൾ ഈ കാതോലിക്കേറ്റിന്റെ കീഴിലുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ലെബനനിലെ ആന്റെലിയാസ് കേന്ദ്രീകരിച്ചുള്ള കാതോലിക്കേറ്റാണ് (Great House of Cilicia) അടുത്തത്. എച്ച്മിയിഡസിലെ കാതോലിക്കോസിന് 'സമന്മാരിൽ മുമ്പൻ' എന്നസ്ഥാനം നൽകുന്നുവെങ്കിലും, ഇത് ഭരണപരമായി സ്വതന്ത്രമായി തന്നെ നിലനിൽക്കുന്നു. ലെബനൻ, സിറിയ, സൈപ്രസ്, ഗ്രീസ്, ഇറാൻ, പേർഷ്യൻ ഗൾഫ്, അമേരിക്ക, കാനഡ, വെനസ്വേല മുതലായ രാജ്യങ്ങളിലായി 4 മില്യനിൽ (40 ലക്ഷം) അധികം വിശ്വാസികളുള്ളതായി കണക്കാക്കപ്പെട്ടിരി

ക്കുന്നു. ഈ രണ്ടു കാതോലിക്കേറ്റുകൾക്കും പ്രത്യേകം പ്രത്യേകം കാതോലിക്കാമാർ അദ്ധ്യക്ഷന്മാരായിട്ടുണ്ട്. താരതമ്യേന വളരെ കുറച്ചുമാത്രം അംഗങ്ങളുള്ള എന്നാൽ ചരിത്രപരമായി പ്രാധാന്യം നിലനിൽക്കുന്നതുമായ യെറുശലേമിലെയും കോൺസ്റ്റാന്റിനോപ്പിളിലെയുമായി രണ്ട് പാട്രിയാർക്കേറ്റും ഇന്ന് അർമ്മീനിയൻ ഓർത്തഡോക്സ് സഭയ്ക്കുണ്ട്.

### 2. കോപ്റ്റിക് ഓർത്തഡോക്സ് സഭ

വി. മർക്കോസ് ഏവൻഗേലിസ്തായാൽ ഏ. ഡി. 42-ൽ സ്ഥാപിതമായ ഈ അതിപുരാതനമായ സഭ ഓർത്തഡോക്സ് വിശ്വാസ ദർശനങ്ങൾക്ക് അതിപ്രധാനമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. പുരാതന ക്രൈസ്തവ ദർശന കേന്ദ്രമായ അലക്സാന്ത്രിയ കേന്ദ്രീകരിച്ച് സഭാഭരണം നിർവ്വഹിക്കപ്പെട്ടിരുന്നത് ഇന്നിപ്പോൾ രാഷ്ട്രീയമായ കാരണങ്ങളാൽ ഈജിപ്റ്റിന്റെ തലസ്ഥാന നഗരമായ കെയ്റോയിലേക്ക് മാറ്റിയിരിക്കുന്നു. മദ്ധ്യപൂർവ്വമേഖലകളിലെ ഏറ്റവും വലിയ ക്രൈസ്തവ സാന്നിദ്ധ്യമായി ഈ സഭ നിലകൊള്ളുന്നു.

സുദീർഘമായ സന്യാസ പാരമ്പര്യമുള്ള കോപ്റ്റിക് സഭയിൽ ഇന്നും ഈജിപ്റ്റിലും മറ്റനേകം രാജ്യങ്ങളിലും സന്യാസ ആശ്രമങ്ങളുണ്ട്. ഈജിപ്റ്റിൽ പലയിടത്തും കോപ്റ്റിക് സഭാംഗങ്ങൾ ഇസ്ലാമിക തീവ്രവാദ പീഡനങ്ങൾക്ക് വിധേയരാകുന്നു.

കോപ്റ്റിക് ഓർത്തഡോക്സ് സഭാതലവൻ ഔദ്യോഗികമായി അറിയപ്പെടുന്നത്, "അല്കസാന്ത്രിയായുടെയും എല്ലാ ആഫ്രിക്കായുടെയും പോപ്പ്" എന്നാണ്.

പരിശുദ്ധ മർക്കോസിന്റെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന സന്യസ്ത ജീവിത പാരമ്പര്യംകൊണ്ടും, ആദ്ധ്യാത്മിക ദർശനംകൊണ്ടും ശ്രദ്ധേയനായ പരിശുദ്ധ പോപ്പ് ഷെനൂഡ, 2012 മാർച്ച് മാസം 17-ാം തീയതി കാലം ചെയ്തു. ശ്രദ്ധേയമായ പല രചനകളും ഓർത്തഡോക്സ് സഭയ്ക്ക് നൽകിയ വ്യക്തിയായിരുന്നു അദ്ദേഹം. സുദീർഘവും സുതാര്യവുമായ ഒരു തെരഞ്ഞെടുപ്പു പ്രക്രിയയാണ് കോപ്റ്റിക് സഭാതലവന്റേത്. ബിഷപ്പുമാരെ മാത്രമല്ല, പുരോഹിതന്മാരെയും അത്മായ സന്യാസിമാരേവരെയും സഭാതലവന്റെ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിന് കോപ്റ്റിക്ക് സഭ ഉൾപ്പെടുത്തുന്നു. നമ്മുടെ സഭയ്ക്ക് കോപ്റ്റിക് ഓർത്തഡോക്സ് സഭയുമായി നല്ല ബന്ധമാണുള്ളത്.

അംഗസംഖ്യ ഈജിപ്റ്റിനുള്ളിൽ 18 മില്യനായും (1.8 കോടി) ഈജിപ്റ്റിനു പുറത്ത് ലോകവ്യാപകമായി 4 മില്യനും (40 ലക്ഷം) കണക്കാക്കപ്പെട്ടിരിക്കുന്നു. ചരിത്രപരമായി എത്യോപ്യൻ, എരിത്രിയൻ ഓർത്തഡോക്സ് സഭകൾ കോപ്റ്റിക് സഭയുടെ പുത്രീസഭകളായി കണക്കാക്കപ്പെടുന്നു. ഇന്നും ഈ രണ്ടു സഭകളും കോപ്റ്റിക് പോപ്പിന് 'സമന്മാരിൽ മുമ്പൻ' എന്ന സ്ഥാനം നൽകി ആദരിക്കുന്നു. ഇന്ന് കോപ്റ്റിക് സഭ ഒരു മിഷനറി സഭ കൂടിയാണ്. 20-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് ഓർത്തഡോക്സ് സഭ, ഫ്രഞ്ച് ഓർത്തഡോക്സ് സഭ എന്നീ രണ്ട് പുത്രീസഭകൾ കോപ്റ്റിക് ഓർത്തഡോക്സ് മിഷൻ സഭകളായി രൂപംകൊണ്ടു.

### 3. സിറിയൻ ഓർത്തഡോക്സ് സഭ

ഇപ്പോഴത്തെ തെക്കൻ ടർക്കിയിലെ അന്ത്യാക്യ (അന്ത്യോക്യ) കേന്ദ്രീകരിച്ച്, പരിശുദ്ധ പത്രോസ് ശ്ലീഹായാൽ സ്ഥാപിതമായ സഭയാണിത്. അലക്സാന്ത്രിയ പോലെതന്നെ അന്ത്യോക്യയും അതിപുരാതനമായ ക്രൈസ്തവ ദർശനപാരമ്പര്യമുള്ള കേന്ദ്രമാണ്. സുദീർഘമായ സന്യസ്ത പാരമ്പര്യം, ആരാധനാ സാഹിത്യ പാരമ്പര്യം, ശ്രദ്ധേയമായ

ദൈവശാസ്ത്രജ്ഞരുടെ പാരമ്പര്യം എന്നിവയാൽ സമ്പന്നമാണീ സഭ. ആരാധനാ ഭാഷ അടിസ്ഥാനപരമായി പാശ്ചാത്യ സുറിയാനിയാണെങ്കിലും ഇപ്പോൾ വ്യാപകമായി അറബിക് ഭാഷയും ഉപയോഗിക്കുന്നു.

സഭയുടെ അംഗസംഖ്യ ലോകവ്യാപകമായി 7 മില്യൻ (70 ലക്ഷം) എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. മാറിയ രാഷ്ട്രീയ സാഹചര്യങ്ങൾ, പീഡനം എന്നിവയാൽ സിറിയയിൽ സഭയ്ക്ക് ഏകദേശം ഏഴ് ലക്ഷത്തോളം അംഗങ്ങൾ മാത്രമാണിപ്പോൾ ഉള്ളത്. ലബനോൻ, റ്റർക്കി, പലസ്തീൻ, ഇസ്രയേൽ, യൂറോപ്പ്, അമേരിക്കൻ മേഖലകളിലായും സഭയ്ക്ക് വിശ്വാസ സമൂഹമുണ്ട്. സിറിയൻ ഓർത്തഡോക്സ് സഭാതലവനെ പാത്രിയർക്കീസ് എന്ന് വിളിക്കുന്നു.

പരിശുദ്ധ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ, 1665-ൽ ഇന്ത്യയിൽ വന്നതുമുതൽ മലങ്കര സഭയുമായുള്ള സിറിയൻ സഭയുടെ ബന്ധത്തിന് നാന്ദികുറിച്ചു. 19-ാം നൂറ്റാണ്ടോടുകൂടി ഈ ബന്ധം സജീവമായെങ്കിലും, ഇരുപതാം നൂറ്റാണ്ടിൽ പലകാരണങ്ങളാൽ ഇരുസഭകളും തമ്മിലുള്ള ബന്ധത്തിന് ഉലച്ചിൽ സംഭവിച്ചിട്ടുണ്ട്.

### 4. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

നിർദ്ദേശം: 'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഇന്ന്' എന്ന തലക്കെട്ടോടുകൂടി വിദ്യാർത്ഥികൾ ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുക.

### 5. എത്യോപ്യൻ ഓർത്തഡോക്സ് തെവാഹെദോ സഭ

'തെവാഹെദോ' എന്നാൽ being made one (ഒന്നാക്കപ്പെട്ട) എന്നാണ് അർത്ഥം. ഒന്നാം നൂറ്റാണ്ടുമുതൽ തന്നെ എത്യോപ്യയിൽ ക്രൈസ്തവ സാന്നിദ്ധ്യമുണ്ടെങ്കിലും, നാലാം നൂറ്റാണ്ടിലെ അക്സമേറ്റ് രാജവംശത്തോടെയാണ് ക്രൈസ്തവമതം ഔദ്യോഗികമാകുന്നത്. നാലാം നൂറ്റാണ്ടിൽ ഒരു കപ്പൽഛേദത്തിലൂടെ എത്യോപ്യൻകരയിൽ എത്തിയ പരിശുദ്ധ ഫ്രുമെൻഷിയസിലൂടെ (എത്യോപ്യൻ ഭാഷയിൽ അബ്ബാ സെലാമാ എന്നറിയപ്പെടുന്നു) ക്രൈസ്തവസഭ വ്യാപകമായി. അലക്സാന്ത്രിയായിലെ വി. അത്താനാസ്യോസ് ഫ്രുമെൻഷിയസിനെ തന്നെ എത്യോപ്യയുടെ ബിഷപ്പായി നിയമിച്ചു. 1948 വരെയും കോപ്റ്റിക്ക് ഓർത്തഡോക്സ് സഭയുടെ ഭാഗമായി തന്നെ എത്യോപ്യൻ ഓർത്തഡോക്സ് സഭ നിലനിന്നു. 1949 മുതൽ എത്യോപ്യയിൽ സഭ സ്വയംശീർഷകത്വമാവുകയും 1959-ൽ കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ പോപ്പ് സിറിൽ ആറാമൻ ആബൂനാ ബസേലിയോസിനെ എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ ഒന്നാമത്തെ പാത്രിയർക്കീസായി വാഴിക്കയും ചെയ്തു.

സഭയുടെ അഖില ലോക കൗൺസിലിന്റെ (WCC) പ്രസിഡന്റുകൂടിയായിരുന്ന പരിശുദ്ധ ആബൂന പൗലോസ് പാത്രിയർക്കീസ് (സഭയുടെ അഞ്ചാമത്തെ പാത്രിയർക്കീസായിരുന്നു). 2012 ആഗസ്റ്റ് മാസം 16-ാം തീയതി കാലം ചെയ്തു.

സുദീർഘമായ സന്യസ്ത പാരമ്പര്യമുള്ള ഈ സഭയ്ക്ക് ഇന്നും സജീവമായ ആശ്രമങ്ങൾ ധാരാളമുണ്ട്. എത്യോപ്യയിലെ അക്സം പ്രവിശ്യയിലുള്ള ഔർ ലേഡിമേരി ഓഫ് സിയോൺ (Our Lady Mary of Zion) പള്ളിയിൽ, യിസ്രായേല്യരുടെ സാക്ഷ്യപെട്ടകം സൂക്ഷിക്കുന്നതായി വിശ്വസിക്കപ്പെടുന്നു. പള്ളിയോട് ചേർന്നുള്ള ആശ്രമത്തിലെ ഒരു സന്യാസിക്കുമാത്രമാണ്, സാക്ഷ്യപെട്ടകം സൂക്ഷിക്കുന്ന സ്ഥലത്ത് പ്രവേശനമുള്ളത്. ധാരാളം തീർത്ഥാടകർ ഈ ദേവാലയം സന്ദർശിക്കുന്നു.

എത്യോപ്യയിലും, വിദേശത്തുമായി 45 മില്യൻ (4.5 കോടി) വിശ്വാസികളുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. സഭയ്ക്കിപ്പോൾ അറുപതോളം ബിഷപ്പുമാരും 44 ഭദ്രാസന ങ്ങളുമുണ്ട്.

### 6. എരിത്രിയൻ ഓർത്തഡോക്സ് തെവാഹെദോ സഭ

1993-ൽ സ്വയംശീർഷകത്വം ലഭിച്ച സഭയാണിത്. എത്യോപ്യയുമായി ചേർന്ന് ഒരു ഫെഡറേറ്റഡ് രാജ്യമായി നിലനിന്നിരുന്ന എരിത്രിയ 1991-ൽ സ്വതന്ത്രമാവുകയും 1993-ൽ നിയമപരമായി സ്വതന്ത്ര രാഷ്ട്രമാകുകയും ചെയ്തതോടുകൂടി ഓർത്തഡോക്സ് സഭയും സ്വതന്ത്രമാവുകയായിരുന്നു. 1998-ൽ കോപ്റ്റിക്ക് പോപ്പ് അബ്ബാ ഷെനൂഡാ എരിത്രിയൻ ഓർത്തഡോക്സ് സഭയുടെ ഒന്നാമത്തെ പാത്രിയർക്കീസായി ആബൂനാ ഫിലിപ്പോസിനെ വാഴിച്ചു.

അസ്ഥിരമായ രാഷ്ട്രീയ സാഹചര്യങ്ങൾ, അതിർത്തിരാജ്യങ്ങളുമായുള്ള യുദ്ധങ്ങൾ മുതലായവ പൊതുവിലുള്ള സഭാജീവിതത്തെയും സാരമായി ബാധിക്കുന്നുണ്ട്. 2007-ൽ എരിത്രിയൻ ഗവൺമെന്റ് സഭാതലവനെ വീട്ടുതടങ്കലിലാക്കുകയും, അദ്ദേഹത്തിന്റെ ഔദ്യോഗിക ചിഹ്നങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. എരിത്രിയയിലും രാജ്യത്തിന് വെളിയിലുമായി മൂന്ന് മില്യൻ (30 ലക്ഷം) വിശ്വാസികൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

## II. ബൈസന്റൈൻ ഓർത്തഡോക്സ് സഭകൾ

ബൈസന്റൈൻ ഓർത്തഡോക്സ് സഭയാകെ ഒന്നായി കണക്കെടുക്കുന്നുവെങ്കിൽ, ലോകത്തിലെതന്നെ രണ്ടാമത്തെ വലിയ ക്രൈസ്തവ വിഭാഗമായി കണക്കാക്കാവുന്നതാണ്.

### 1. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാട്രിയാർക്കേറ്റ്

പരസ്പരം വി. കുർബ്ബാന സംബന്ധമുള്ളതും എന്നാൽ സ്വയം ശീർഷകത്വമുള്ളതുമായ പതിനാല് ബൈസന്റൈൻ ഓർത്തഡോക്സ് സഭകളിൽ അഗ്രഗാമിയായി ഈ പാട്രിയാർക്കേറ്റ് കണക്കാക്കപ്പെട്ടിരിക്കുന്നു. എണ്ണത്തിൽ റഷ്യൻ ഓർത്തഡോക്സ് സഭയുടെ വളരെ പിന്നിലാണെങ്കിലും, കോൺസ്റ്റാന്റിനോപ്പിളിന്റെ ചരിത്രപരമായ പ്രാധാന്യവും പഴമയും ഈ പാട്രിയാർക്കേറ്റിന് പ്രാമുഖ്യം നൽകുന്നു. ഈ പാത്രിയർക്കീസിനെ സ്ഥാന പ്രകാരം ഇതര ബൈസന്റൈൻ ഓർത്തഡോക്സ് സഭകൾ 'സമന്മാരിൽ മുമ്പനായി' കണക്കാക്കുന്നു. അതിനാൽ എക്യുമെനിക്കൽ പാത്രിയർക്കീസ് എന്ന സ്ഥാനപ്പേരും കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസിനുണ്ട്. (കോൺസ്റ്റാന്റിനോപ്പിൾ ഇന്നത്തെ ടർക്കിയുടെ തലസ്ഥാനമായ ഈസ്റ്റാംബൂളാണ്. സഭയുടെ ഇന്നത്തെ ആസ്ഥാനം ഈസ്റ്റാംബൂളാകുന്നു). ഫിനിഷ് ഓർത്തഡോക്സ് സഭ - ഫിൻലന്റ്, ഈസ്റ്റോണിയൻ അപ്പോസ്തോലിക് ഓർത്തഡോക്സ് സഭ, പശ്ചിമ യൂറോപ്പിലെ റഷ്യൻ ഇടവകയുടെ പേട്രിയാർക്കൻ എക്സാർക്കേറ്റ്, കാനഡയിലെ ഉക്രേനിയൻ ഓർത്തഡോക്സ് സഭ, കൊറിയൻ ഓർത്തഡോക്സ് സഭ എന്നീ സ്വയംശീർഷക ഓർത്തഡോക്സ് സഭകൾ കോൺസ്റ്റാന്റിനോപ്പിളിലെ ഓർത്തഡോക്സ് പേട്രിയാർക്കേറ്റിന്റെ സ്വതന്ത്ര ആർച്ച് ഡയോസിസ് ആയി കണക്കാക്കപ്പെട്ടിരിക്കുന്നു. അതിൽ തന്നെ കൊറിയൻ ഓർത്തഡോക്സ് സഭ റഷ്യൻ ഓർത്തഡോക്സ് സഭയുടെ ഒരു മിഷനറിസഭയാകുന്നു.

**2. അലക്സാന്ത്രിയൻ ഗ്രീക്ക് ഓർത്തഡോക്സ് സഭ**

കോപ്റ്റിക് ഓർത്തഡോക്സ് സഭപോലെ മർക്കോസ് ഏവൻഗേലിസ്തായുടെ പിന്തുടർച്ച ഈ സഭയ്ക്കുണ്ട്. ഗ്രീക്ക്, അറബിക്, ഇംഗ്ലീഷ്, ഫ്രഞ്ച്, ഭാഷകളിലായി ഈജിപ്റ്റിൽ മൂന്നു ലക്ഷവും, ഈജിപ്റ്റിന് പുറത്തായി 1.5 മില്യനും (പതിനഞ്ച് ലക്ഷം) വിശ്വാസികൾ ഈ സഭാംഗങ്ങളായി ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. അതാത് രാജ്യങ്ങളിലെ ഭാഷയിൽ ആരാധനാ ക്രമങ്ങൾ പരിഭാഷപ്പെടുത്തി ഉപയോഗിക്കുന്നതിലൂടെ ഓർത്തഡോക്സ് മിഷനറി പ്രവർത്തനങ്ങളിൽ ഈ സഭ മുന്നിട്ട് നിൽക്കുന്നു.

**3. അന്ത്യോക്യൻ ഗ്രീക്ക് ഓർത്തഡോക്സ് സഭ**

അന്ത്യോക്യയിലെ ഗ്രീക്ക് ഓർത്തഡോക്സ് പാത്രിയർക്കീസ് സഭാ തലവനായുള്ള സഭയാണിത്. സിറിയയിലെ ഡമാസ്ക്കസാണ് സഭാ തലസ്ഥാനം. 2 മില്യനിൽ പരം (20 ലക്ഷം) വിശ്വാസികളുള്ളതായി കണക്കാക്കപ്പെടുന്നു. പശ്ചിമ യൂറോപ്പിലും, അമേരിക്കയിലും പ്രവർത്തനോന്മുഖമാണീ സഭ. മിഷൻ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധകൊടുക്കുന്നു. ഓർത്തഡോക്സ് ദർശന സാഹിത്യ പ്രസിദ്ധീകരണത്തിൽ മുന്നിൽ നിൽക്കുന്നു.

**4. ജറുസലേമിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭ**

എല്ലാ ക്രിസ്തീയ സഭകളുടെയും മാതൃസഭയായി ഒരുപക്ഷേ ഈ സഭയെ കണക്കാക്കാവുന്നതാണ്. യിസ്രായേലിലും, പാലസ്തീനിലും, ജോർഡാനിലും, ഖത്തറിലും, അമേരിക്കയിലുമായി അഞ്ചുലക്ഷത്തിൽപരം വിശ്വാസികളുള്ളതായി കണക്കാക്കപ്പെടുന്നു. മൗണ്ട് സീനായിലുള്ള അതിപുരാതനമായ സെന്റ് കാതറീൻ ആശ്രമം ഈ പാട്രിയേർക്കേറ്റിന്റെ കീഴിലാകുന്നു.

**5. റഷ്യൻ ഓർത്തഡോക്സ് സഭ**

പൗരസ്ത്യ സഭകളിൽ ഏറ്റവും വലിയ സഭാവിഭാഗമാണ് റഷ്യൻ ഓർത്തഡോക്സ് സഭ. 150 മില്യൻ (15 കോടി) വിശ്വാസികളുള്ളതായി കണക്കാക്കപ്പെടുന്നു. മോസ്കോയിലുള്ള ഡാനിലോവ് മൊണാസ്ട്രിയാണ് സഭയുടെ ആസ്ഥാനം. സ്ലാവോണിക്, ആരാധനാഭാഷയാകുന്നു.

ഈസ്റ്റോണിയൻ ഓർത്തഡോക്സ് വിഭാഗങ്ങളിൽ ഒന്ന്, ലാങ്ങ്വിയൻ ഓർത്തഡോക്സ് സഭ, കൂടാതെ മോൾഡോവൻ, മുക്രേനിയൻ ഓർത്തഡോക്സ് വിഭാഗങ്ങളിൽ ഒന്ന്, ജാപ്പനീസ്, ചൈനീസ് ഓർത്തഡോക്സ് സഭകൾ എന്നിവ സ്വയംശീർഷക സ്വഭാവമുള്ള റഷ്യൻ ഓർത്തഡോക്സ് അവാന്തര വിഭാഗങ്ങളാകുന്നു. ഐക്കണോഗ്രഫിയിലും, പുരാതനവും ആധുനികവുമായ വാസ്തുശില്പ വൈദഗ്ദ്ധ്യങ്ങൾകൊണ്ടും റഷ്യൻ സഭ ഓർത്തഡോക്സ് പാരമ്പര്യത്തെ സമ്പന്നമാക്കുന്നു.

**6. സെർബിയൻ ഓർത്തഡോക്സ് സഭ**

സെർബിയയിൽ കൂടാതെ മോണ്ടനിഗ്രോ, ക്രൊയേഷ്യ, ബോസ്നിയ മുതലായ രാജ്യങ്ങളിലായി സെർബിയൻ ഓർത്തഡോക്സ് സഭ വ്യാപിച്ചിരിക്കുന്നു. മേൽപറഞ്ഞ രാജ്യങ്ങൾ കൂടാതെ അമേരിക്ക, ഓസ്ട്രേലിയ, യൂറോപ്യൻ യൂണിയൻ എന്നിവിടങ്ങളിലായി 10 മില്യൻ (ഒരു കോടി) വിശ്വാസികളുള്ളതായി കണക്കാക്കപ്പെടുന്നു. 1999-ലെ കൊസോവോ യുദ്ധത്തിന്റെ ഫലമായി സഭ വിശുദ്ധമായി കണക്കാക്കിയിരുന്ന പല പള്ളി

കളും ആശ്രമ സ്ഥാപനങ്ങളും അനാഥമായി. (2010-ൽ പരിശുദ്ധ ഇറിനെജ് പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിൽ അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പരിശുദ്ധ കാതോലിക്കാബാവായെ പ്രതിനിധീകരിച്ചു സംബന്ധിച്ചു. ഫാ. ഡോ. കെ. എം. ജോർജ്ജിന്റെ ദൈവശാസ്ത്ര രചനകൾ സെർബിയൻ ഭാഷയിൽ തർജ്ജമ ചെയ്തിട്ടുള്ളത് ഈ സഭയിൽ പ്രചാരം നേടിയിരിക്കുന്നു).

### 7. റുമേനിയൻ ഓർത്തഡോക്സ് സഭ

17 മില്യൻ (1.7 കോടി) റുമേനിയയിലും 7 ലക്ഷത്തിൽ പരം മോൾഡോവയിലും വിശ്വാസികൾ ഉള്ള റുമേനിയൻ ഓർത്തഡോക്സ് സഭയ്ക്ക് പശ്ചിമ യൂറോപ്പിലും അമേരിക്കയിലുമായി നിരവധി ഇടവകകൾ ഉണ്ട്. റുമേനിയൻ കമ്മ്യൂണിസ്റ്റ് കാലഘട്ടത്തിൽ സഭ വലിയ കഷ്ടതകളിലൂടെ പോകേണ്ടതായി വന്നു. 1987 മുതൽ സഭയ്ക്ക് പ്രവർത്തന സ്വാതന്ത്ര്യം ലഭിക്കുകയും, വളർച്ച ത്വരിതമാവുകയും ചെയ്തു. ദൈവശാസ്ത്ര സാഹിത്യ മേഖലയിൽ ഈ സഭയുടെ സംഭാവന വിപുലമാണ്.

### 8. ബൾഗേറിയൻ ഓർത്തഡോക്സ് സഭ

ബാൾക്കൻ മേഖലയിലെ ഏറ്റം വലിയ ക്രിസ്തീയ സാന്നിദ്ധ്യമാണീ സഭ. ഒന്നാം നൂറ്റാണ്ടിൽ അന്ത്രയോസ് ശ്ലീഹായുടെ പ്രേഷിത പ്രവർത്തനഫലമായി ക്രിസ്തീയ സഭാ സ്ഥാപനം ബാൾക്കൻ മേഖലയിലുണ്ടായി എന്ന് വിശ്വസിക്കപ്പെടുന്നു. ഏ. ഡി. 870-ൽ കോൺസ്റ്റാന്റിനോപ്പിൾ പാട്രിയർക്കേറ്റിൽനിന്നും വേർപെട്ട സ്വയംശീർഷക സഭയായി തീർന്നു. 10 മില്യനോളം (1 കോടി) വിശ്വാസികൾ അംഗങ്ങളായുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

### 9. ജോർജ്ജിയൻ ഓർത്തഡോക്സ് സഭ

നാലാം നൂറ്റാണ്ടിൽ ഐബീര്യൻ രാജ്യം ക്രിസ്തുമതം സ്വീകരിച്ചതിലൂടെയാണ് ജോർജ്ജിയയിൽ ക്രിസ്തുമതം എത്തുന്നത്. ജോർജ്ജിയയിലെ ത്ബിലിസിയാണ് സഭാ ആസ്ഥാനം. ജോർജ്ജിയയിലും, അമേരിക്കയിലും, റഷ്യയിലും, പശ്ചിമ യൂറോപ്പിലുമായി 3.5 മില്യൻ (35 ലക്ഷം) വിശ്വാസികളുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. (പരിശുദ്ധ ജൂലിയൻ രണ്ടാമൻ പാത്രിയർക്കീസ് 1982-ൽ നമ്മുടെ സഭയുടെ കാതോലിക്കേറ്റ് സപ്തതിയുടെ മുഖ്യാതിഥി ആയിരുന്നു). 1990-ൽ ജോർജ്ജിയൻ പാട്രിയാർക്കേറ്റ് കോൺസ്റ്റാന്റിൽനിന്നും സ്വയംശീർഷക സഭയായി തീർന്നു. 2002 മുതൽ സഭയ്ക്ക് ഗവൺമെന്റ് തലത്തിലുള്ള ഔദ്യോഗിക രേഖയോടുകൂടി കൂടുതൽ അവകാശങ്ങൾ ലഭിച്ചു.

### 10. അമേരിക്കൻ ഓർത്തഡോക്സ് സഭ

പ്രധാനമായി റഷ്യനും എന്നാൽ അമേരിക്കൻ കുടിയേറ്റത്തിന്റെ സുദീർഘ ചരിത്രത്തിന്റെ ഭാഗമായി കഴിഞ്ഞ നൂറ്റാണ്ടുകളിൽ വിവിധ ബൈസന്റൈൻ ഓർത്തഡോക്സ് സഭാംഗങ്ങൾ ചേർന്നും സഭ നിലവിൽ വന്നു. റഷ്യൻ - ബൾഗേറിയൻ ജോർജ്ജിയൻ, പോളിഷ്, ചെക്ക് - സ്ലോവാക്ക് ഓർത്തഡോക്സ് സഭ 1970-തോടുകൂടി ഈ സഭയുടെ സ്വയംശീർഷകത്വം അംഗീകരിച്ചു. ഏകദേശം ഒരുലക്ഷത്തോളം മാത്രം അംഗങ്ങളേ ഉള്ളൂവെങ്കിലും ഈ സഭ അമേരിക്കൻ പുതിയ തലമുറയ്ക്ക് പ്രത്യേകിച്ചും, ലോക ഓർത്തഡോക്സ് സഭകളിലെ യുവതലമുറയ്ക്ക് പൊതുവായും, ധാരാളം സംഭാവനകൾ നൽകുന്നു.

## ഉപസംഹാരം

വി. ബർണബാസ് സ്ഥാപിച്ചു എന്ന് വിശ്വസിക്കുന്ന സൈപ്രസിലെ ഓർത്തഡോക്സ് സഭ (അംഗങ്ങൾ 7 ലക്ഷം). 1833-ൽ കോൺസ്റ്റാന്റിനോപ്പിൾ പാട്രിയർക്കേറ്റിൽനിന്നും സ്വതന്ത്രമായ ഗ്രീസിലെ ഓർത്തഡോക്സ് സഭ (അംഗങ്ങൾ 10 ലക്ഷം). റഷ്യൻ ഓർത്ത ഡോക്സ് സഭയിൽനിന്നും 1948-ൽ സ്വതന്ത്രമായ പോളിഷ് ഓർത്തഡോക്സ് സഭ (അംഗ ങ്ങൾ 6 ലക്ഷം), 1937-ൽ കോൺസ്റ്റാന്റിനോപ്പിളിൽനിന്നും സ്വതന്ത്രമായി അംഗീകരിച്ച അൽബേനിയൻ ഓർത്തഡോക്സ് സഭ (അംഗങ്ങൾ 7 ലക്ഷം), 1951-ൽ റഷ്യൻ ഓർത്ത ഡോക്സ് സഭയിൽനിന്നും സ്വതന്ത്രമായ ചെക്ക് ആന്റ് സ്ലോവാക്യ ഓർത്തഡോക്സ് സഭ (അംഗങ്ങൾ 1 ലക്ഷം) എന്നീ ഓർത്തഡോക്സ് സഭകൾ കൂടിയാകുമ്പോൾ, പൊതു വിൽ ലോക ഓർത്തഡോക്സ് സഭകളുടെ എണ്ണം പൂർണ്ണമാകുന്നു.

### പ്രവർത്തനങ്ങൾ

1. ലോകത്തിലെ ആകെയുള്ള ഓർത്തഡോക്സ് സഭാംഗങ്ങളുടെ എണ്ണം ഏകദേശ മായി കണക്കാക്കുക.
2. കർത്താവിന്റെ ശിഷ്യന്മാർ നേരിട്ടു സ്ഥാപിച്ചു എന്നു പാരമ്പര്യമുള്ള സഭകൾ കണ്ടു പിടിക്കുക.
3. സിറിയക്ക് ഓർത്തഡോക്സ് സഭയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിലുള്ള ബന്ധം വഷളാകാനിടയായ സാഹചര്യങ്ങൾ കണ്ടുപിടിക്കുക.
4. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ എന്നാലെന്ത്?
5. 2 മക്കാബിയർ 2-ാം അദ്ധ്യായം വായിച്ച്, പ്രവാസകാലത്ത് സാക്ഷിയിൻപെട്ടകത്തിന് എന്തു സംഭവിച്ചു എന്നു കണ്ടുപിടിക്കുക.
6. വിവിധ ഓറിയന്റൽ, ബൈസന്റയിൻ, ഓർത്തഡോക്സ് സഭകളുടെ ഇപ്പോഴത്തെ തലവന്മാരുടെ പേരുകൾ കണ്ടുപിടിക്കുക.

യൂണിറ്റ് മൂന്ന്

# ഓർത്തഡോക്സ് ആരാധന

അദ്ധ്യായം ഒന്ന്

## ആത്മീയത
## ഒരു ഓർത്തഡോക്സ് വീക്ഷണം

### മുഖവുര

മനുഷ്യപ്രകൃതിക്ക് 'ആത്മീയത' കൂട്ടിച്ചേർക്കപ്പെട്ട ഒരു പ്രതിഭാസമല്ല, പ്രത്യുത ഒരു അനിവാര്യതയാണ്. അല്ലെങ്കിൽ പരമപ്രധാനമായ കാര്യമാണ്. അതിനാൽ പ്രകടനാത്മ കമായ ആത്മീയത മനുഷ്യപ്രകൃതിയിലും പെരുമാറ്റരീതികളിലും കാണാം. മനുഷ്യൻ കേവലം ഭൗതികശരീരം മാത്രമല്ല, അതിലുപരി ദൃഢമായ സംയുക്തമാണ്. ശരീരം, മനസ്സ്, ആത്മാവ് എന്നിവയുടെ സംയോജനമാണ്. മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതും അത് നല്ലതാണെന്ന് കാണപ്പെട്ടതുമാകയാൽ ആത്മീയത ദൈവ ത്തിൽനിന്ന് മനുഷ്യന് വളരെ സ്വാഭാവികമായി ലഭിച്ചതാണ്. ഇത് പരിശുദ്ധാത്മാവിന്റെ നിയമവും സ്വാധീനവുമാകയാൽ ഭൗതികശരീരവും അദൃശ്യമായ മനസ്സും ആത്മാവിനാൽ ഭരിക്കപ്പെടുന്നു.

'മനുഷ്യർ ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടു' എന്നു വേദപുസ്തകം പറഞ്ഞിരിക്കുന്നതിനാൽ ദൈവവും ദൈവസൃഷ്ടിയായ മനുഷ്യനും തമ്മിൽ സാദൃശ്യമുണ്ട് എന്ന് വ്യക്തമാണ്. ദൈവത്തെപ്പോലെ മനുഷ്യന് സ്നേഹിക്കു വാനും സേവനം ചെയ്യുവാനും ത്യാഗം ചെയ്യുവാനും ജന്മസിദ്ധമായ സഹനവും കഴിവും ശേഷിയുമുണ്ട്. മനുഷ്യൻ എപ്പോൾ, ദൈവത്തോട് അനുസരണക്കേട് കാണിച്ച് പുറമെ യുള്ള മറ്റാരുടെയും എന്നല്ല, ദൈവത്തിന്റെപോലും സഹായമില്ലാതെ ഈ ഭൂമിയിൽ ജീവിക്കാം എന്നു വിചാരിച്ചുവോ ആ നിമിഷത്തിൽ അവന്റെ വീഴ്ച ഉണ്ടാവുകയും ചെയ്തു. അവന്റെ പതനത്തിനുശേഷം മരണത്തിനു വിധിക്കപ്പെടുകയും ദൈവമി ല്ലാത്ത അവസ്ഥയിലേക്കു മാറ്റപ്പെടുകയും ചെയ്തു.

മനുഷ്യജീവിതത്തിന്റെ ഉത്ഭവം ദൈവത്തിൽനിന്നാണല്ലോ. മനുഷ്യൻ ഇന്നത്തെ അവസ്ഥയിലായിരിക്കുന്നത് അവന്റെ സ്വന്തം കഴിവുകൊണ്ടോ ഭൗതികമോ ശാസ്ത്രീ യമോ ആയ പ്രതിഭാസംകൊണ്ടോ ആണെന്ന് അനുമാനിക്കുന്നതുതന്നെ സ്വാത്മവഞ്ച നയാണ്.

## ആത്മീയതയും മതവിശ്വാസവും

ആത്മീയത എല്ലാ മതത്തിന്റെയും ഹൃദയമാണ്. ഇത് പുരാതനമതങ്ങളായ ഹിന്ദു മതം, ബുദ്ധമതം, മാവോ മതം തുടങ്ങിയവയിലും കാണാം. മനുഷ്യന്റെ അടിസ്ഥാനപര മായ ആത്മീയതയിൽ മതങ്ങൾ തമ്മിൽ തമ്മിൽ ബഹുമാനസൂചകമായ പാരസ്പര്യ മുണ്ട്.

ഓർത്തഡോക്സ് വിശ്വാസത്തിലെയും പാരമ്പര്യത്തിലെയും ആത്മീയത എന്നത് മനുഷ്യനെ ഭൗതികതയുടെയും പാപത്തിന്റെയും ചങ്ങലകളിൽനിന്ന് മോചിപ്പിച്ച് ദൈവ ത്തിന്റെ അനുഗ്രഹിക്കപ്പെട്ട സാദൃശ്യത്തിലേക്കും സ്വരൂപത്തിലേക്കും വീണ്ടെടുക്കുന്ന ഒരു സ്ഥിരമായ പ്രക്രിയയാണ്.

ഗൗരവമായി പറഞ്ഞാൽ ആത്മീയത എന്നത് നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളാണ്. ആത്മീയമായ പുരോഗമനം അളക്കപ്പെടുന്നത് മനുഷ്യന്റെ പ്രയ ത്നംകൊണ്ടു മാത്രമല്ല. ആത്യന്തികമായി ദൈവകൃപകൊണ്ടു മാത്രമാണ് വിശുദ്ധിയി ലേക്കും പൂർണ്ണതയിലേക്കും നയിക്കപ്പെടുവാനുള്ള ആഗ്രഹവും താല്പര്യവും നമുക്കു ണ്ടാകുന്നത്. ആത്മീയവളർച്ച ദൈവത്തിന്റെ ദാനമാണെന്ന് വിചാരിക്കുന്നതിൽ തെറ്റില്ല. അതേസമയത്തുതന്നെ നമ്മുടെ ഭാഗത്തുനിന്നു നിരന്തരവും ആത്മാർത്ഥവുമായ ഒരു ക്കവും പരിശ്രമവും ഉണ്ടെങ്കിൽ മാത്രമേ ആത്മീയതയുടെ ഉയരങ്ങളിലേക്ക് ക്രമേണ ഉയരുവാനും അതുവഴി നാം ദൈവത്തിന്റെ വിശുദ്ധിയിലേക്കും പൂർണ്ണതയിലേക്കും രൂപാ ന്തരപ്പെട്ട് ഉയരുവാനും സാധ്യമാകുകയുള്ളൂ.

## ആത്മീയത വേദപുസ്തകപശ്ചാത്തലത്തിൽ

മനുഷ്യന്റെ ആത്മീയമായ ഉയർച്ചയ്ക്ക് വി. വേദപുസ്തകത്തിൽ അനേകം വ്യക്ത മായ ഉദാഹരണങ്ങളും ബിംബങ്ങളും (images) കാണുവാൻ സാധിക്കും. ഉല്പത്തിപു സ്തകത്തിൽ ഇസഹാക്കിന്റെ പുത്രനായ യാക്കോബ് സ്വപ്നത്തിൽ സ്വർഗ്ഗത്തോളം ഉയർന്നുനില്ക്കുന്ന ഒരു ഗോവണി കാണുന്നു (ഉല്പത്തി 28:12). ഉയരങ്ങളിലേക്കുള്ള ഗോവണി അതിശക്തമായ ഒരു പ്രതിബിംബമാണ്. കാരണം യാക്കോബ് ഗോവണി യുടെ ഏറ്റവും താഴെയാണ്. എന്നാൽ ദൈവം സ്നേഹത്തോടെ ഗോവണിയുടെ ഉയര ത്തിൽ നിന്നുകൊണ്ട് യാക്കോബിനോട് സംസാരിച്ചു. ആർക്കെങ്കിലും യേശുവിനെ അനു ഗമിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ ആ വ്യക്തി തന്നെത്തന്നെ ഉപേക്ഷിച്ച് തന്റെ ക്രൂശെ ടുത്തു ദൈവത്തെ അനുഗമിക്കണമെന്നു സുവിശേഷത്തിൽ യേശുക്രിസ്തു പഠിപ്പിക്കുന്നു. (വി. മത്താ. 10:38; 16:24-28; വി. ലൂക്കോ. 14:27; 9:23-27; വി. മർക്കോ. 8:34-35) അങ്ങനെ വിശ്വാസത്തോടെ അനുഗമിച്ചവരെയാണ് യേശുവിന്റെ ശിഷ്യന്മാർ എന്നു വിളിച്ചത്. വി. പൗലോസ് അവകാശപ്പെടുന്നത് 'ആ മനുഷ്യൻ പറുദീസയോളം എടുക്കപ്പെട്ടു' എന്നാണ് (2 കൊരി. 12:3). ആത്മീയവളർച്ച സംബന്ധിച്ച ശക്തമായ ഒരു പരാമർശമാണ് ഇത്.

താബോർമലയിലെ രൂപാന്തരീകരണത്തിലെ (വി. മർക്കോ. 9:2-8; വി. ലൂക്കോ. 9:28-36; വി. മത്താ. 17:1-8) ഒരു പ്രധാന കാര്യം താബോർ മലയിൽ മറുരൂപാനുഭവത്തിൽ ആത്യന്തികമായ ദൈവികദർശനം ലഭിക്കുന്നു എന്നതു മാത്രമല്ല നമ്മളിൽ രൂപാന്തരീക രണം ഉണ്ടായി ദൈവത്തിന്റെ മഹത്വത്തിലും പ്രകൃതിയിലും പങ്കാളികളാകുന്നു എന്ന

താണ്. ദൈവാജ്ഞ അനുസരിച്ച് മോശ സീനായ്പർവ്വതത്തിൽ കയറി. എന്നാൽ അവിടെ നിന്ന് മോശ താഴെ ഇറങ്ങിയപ്പോൾ അവന്റെ മുഖത്ത് അലൗകികമായ പ്രകാശമുണ്ടായിരുന്നതിനാൽ ഇസ്രായേൽ ജനതയ്ക്ക് ആ മുഖത്തേക്ക് നോക്കുവാൻ സാധിച്ചില്ല. ദൈവത്തോടുള്ള ബന്ധത്തിലും അവന്റെ കൃപയിലും പാപത്തിൽനിന്നും തെറ്റുകളിൽനിന്നും വിമുക്തമാവുക എന്നതാണ് ആത്മീയതകൊണ്ടുദ്ദേശിക്കുന്ന രൂപാന്തരീകരണം.

## ക്രൈസ്തവ സന്യാസപാരമ്പര്യവും ആത്മീയതയും

തെരഞ്ഞെടുക്കപ്പെട്ട വളരെ കുറച്ചുപേർക്കോ അഥവാ പരിശുദ്ധന്മാർക്കോ മാത്രമേ ആത്മീയമായി ഉയരാൻ സാധിക്കുകയുള്ളു എന്നത് മിഥ്യാധാരണയാണ്. വാസ്തവത്തിൽ, എല്ലാ മനുഷ്യരെയും ഈ നിത്യമായ രൂപാന്തരീകരണ പ്രക്രിയയിലേക്കും ആത്മീയമായ ഉയർച്ചയിലേക്കും ദൈവം വിളിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഒരു ദിവസംകൊണ്ടു നേടാവുന്നതല്ല; പ്രത്യുത, നിരന്തരമായ ഒരുക്കവും എല്ലാവരോടുമുള്ള വിനയവും ആത്മത്യാഗവും നിരുപാധികമായ സ്നേഹവുമെല്ലാം ഇതിനുവേണ്ടിയിരിക്കുന്നു.

ആത്മീയമായ രൂപാന്തരീകരണത്തിന്റെ നിത്യമാതൃകകളായ 'മരുഭൂമിയിലെ പിതാക്കളും മാതാക്കളും' നമ്മുടെ മുമ്പിൽ കാഴ്ചവയ്ക്കുന്നത് പരിപൂർണ്ണമായി ദൈവത്തെ അനുസരിച്ചുകൊണ്ടും ദൈവികകല്പനകളുടെ സംഗ്രഹമായ 'ദൈവത്തെ സ്നേഹിക്കുക, മനുഷ്യരെ സ്നേഹിക്കുക' എന്നിവ പ്രാവർത്തികമാക്കുക എന്നത്രേ. വലിയതും അനുസ്യൂതവുമായ ക്ലേശാനുഭവങ്ങളാലാണ് ആത്മീയമായ രൂപാന്തരീകരണവും വളർച്ചയും ഉണ്ടാകുന്നത്. അവർ സാക്ഷ്യജീവിതം നയിച്ചതുപോലെ ഓരോരുത്തർക്കും സ്ഥിരമായ സഹനം അനിവാര്യമാണ്. ആത്മീയവളർച്ച ദൈവത്തെ ഒരു നിമിഷംപോലും മറന്നുകൊണ്ടു സാധ്യമല്ല എന്നു മാത്രമല്ല, അതിന് ദൈവകൃപ നിരന്തരമായി ലഭ്യമാക്കുകയും വേണം.

'മരുഭൂമിയുടെ മഹർഷി' പാരമ്പര്യത്തിലുണ്ടായിരുന്ന സന്യാസികൾ അവരുടെ ആത്മീയമായ പോരാട്ടത്തിൽ പുരോഗതിക്ക് ഈ ലോകത്തിൽനിന്നുള്ള 'ഓടിപ്പോകൽ' ജീവിതത്തിൽ സ്വീകരിച്ചിരുന്നു. ആത്മീയ പുരോഗതിക്കു തടസ്സമായിരിക്കുന്ന പ്രധാന പ്രശ്നം 'ലോക'ത്തോടും 'ജഡ'ത്തോടുമുള്ള ബന്ധമാണ്. മരുഭൂമിയിലെ പിതാക്കന്മാരെ സംബന്ധിച്ചിടത്തോളം 'ലോകം', 'ജഡം' എന്നീ രണ്ടു വാക്കുകളും സൂചിപ്പിച്ചത് ദൈവത്തിനും നന്മയ്ക്കുമെതിരെ മനുഷ്യനിൽ പ്രവർത്തിക്കുന്ന ആസക്തികളാണ്. അവർ ഈ ലോകം ഉപേക്ഷിച്ചത് വ്യക്തിയുടെ രക്ഷയ്ക്കുവേണ്ടിയായിരുന്നില്ല മറിച്ച്, എല്ലാ നന്മയ്ക്കും എതിരായി വർത്തിക്കുന്നതും ദൈവത്തെയും നന്മയെയും നിരാകരിക്കുന്നതുമായ പൈശാചികതയെ തോല്പിക്കാനാണ്. അവർ പൈശാചികതയ്ക്കെതിരെ മുന്നറിയിപ്പുകളും നൽകിയിരുന്നു.

ഓർത്തഡോക്സ് ആത്മീയതയുടെ ശരിയായ മാതൃകകൾ പൂർവ്വകാലത്തെ രക്തസാക്ഷികളും ആശ്രമങ്ങളുമാണ്. എങ്ങനെയും നമ്മെ തോല്പിക്കാൻ ബദ്ധശ്രദ്ധരായി നിലകൊള്ളുന്ന പാപകരമായ ചിന്തകൾക്കെതിരെ എങ്ങനെ മുന്നേറണമെന്ന് അവർ പഠിപ്പിച്ചു. ചിലപ്പോൾ പൈശാചികശക്തികൾ 'പ്രകാശത്തിന്റെ മാലാഖമാരാ'യി നിലകൊള്ളുന്നു. യേശുവിനെത്തന്നെ നാല്പതുദിവസത്തെ ഉപവാസത്തിനുശേഷം പിശാച് പ്രലോ

ഭിപ്പിക്കുവാൻ ശ്രമിച്ചു. ഓരോരുത്തരും സദാ ജാഗ്രതയോടെ ശ്രമിച്ചെങ്കിൽ മാത്രമേ പൈശാചിക പ്രലോഭനങ്ങളെ അതിജീവിക്കുവാൻ സാധിക്കൂ.

## ആത്മീയവളർച്ചയ്ക്കുള്ള മാർഗ്ഗങ്ങൾ

പിശാചിനോടുള്ള പോരാട്ടം ആത്മീയമായ വളർച്ചയുടെ ഒരു അവസ്ഥ മാത്രമാണ്. അവർ വിലമതിച്ചിരുന്ന നന്മകളിൽ പ്രധാനം വിനയമായിരുന്നു. അതേസമയം മറ്റെല്ലാ നന്മകളും സ്വജീവിതത്തിൽ പ്രയോഗിക്കുവാൻ അവർ ശ്രദ്ധിച്ചിരുന്നു. ആത്മീയപിതാക്കന്മാരുടെ ജീവിതവും പ്രബോധനങ്ങളും അവരെ താഴെപ്പറയുന്ന രീതിയിലുള്ള ചോദ്യങ്ങൾ ചോദിക്കുവാനും ഉത്തരം കണ്ടെത്തുവാനും പ്രചോദിപ്പിച്ചു. ആത്മീയ ജീവിതത്തിന്റെ ലക്ഷ്യമെന്താണ്? ഈ ലക്ഷ്യത്തിലെത്തുവാനുള്ള ഉപാധികൾ എന്തൊക്കെയാണ്? ലക്ഷ്യത്തിലെത്തുവാൻ നമ്മെ സഹായിക്കുന്ന കാര്യങ്ങൾ ഏവയാണ്? ഏതെല്ലാം കാര്യങ്ങളാണ് ആത്മീയ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നത്? ആത്മാവിന്റെ ഫലങ്ങൾ ഏവയാണ്? ആത്മീയതയുടെ മാർഗ്ഗത്തിൽകൂടി സഞ്ചരിക്കുന്ന ഏതൊരാളും ഈ രീതിയിലുള്ള ചോദ്യങ്ങൾ ചോദിക്കാൻ ഇഷ്ടപ്പെടുന്നവരും ഉത്തരം കണ്ടെത്തുവാൻ തല്പരരുമായിരിക്കണം.

ഓർത്തഡോക്സ് വിശ്വാസത്തിൽ ആത്മീയതയുടെ വാതിൽ തെരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമല്ല, ഏവർക്കുമായി തുറന്നുകിടക്കുന്നു. ആത്മീയ പുരോഗതി ഉണ്ടാകുന്നതുവരെ ആത്മീയ ജീവിതം ഉണങ്ങിവരണ്ടതും മെല്ലെമെല്ലെ ശത്രുവിന് കടക്കുവാൻ വാതിൽ തുറന്നുകൊടുക്കുന്നതുമായിരിക്കും. പാശ്ചാത്യവീക്ഷണത്തിൽ ആത്മീയവ്യക്തിത്വത്തിന്റെ ആത്യന്തികത 'ദൈവികദർശന'ത്തിലാണ്. എന്നാൽ, പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ ഇക്കാര്യത്തിൽ, വ്യത്യസ്തമായ വീക്ഷണമാണ് പുലർത്തുന്നത്. ആത്മീയപുരോഗതി അവസാനമില്ലാത്ത വളർച്ചയാണെന്നാണ് പൗരസ്ത്യ ഓർത്തഡോക്സ് വീക്ഷണം. ജീവിതത്തിന്റെ ഒരു ഘട്ടത്തിലും ആത്മീയവ്യക്തിത്വ വളർച്ച 'മതിയായി' എന്നു തോന്നുകയില്ല. എപ്പോഴും മുൻപോട്ടുള്ള പ്രയാണം നടത്തുന്നത് 'ആത്മീയ അസംതൃപ്തി'യോടുകൂടെയായിരിക്കും. അനുസ്യൂതമായ ഈ രൂപാന്തരീകരണം ആത്മീയ അച്ചടക്കത്തിനു സഹായകരമായിരിക്കും.

## Jesus Prayer

ലൗകികഇമ്പങ്ങളിൽനിന്നുള്ള ഈ ഓട്ടത്തിന് നിശ്ശബ്ദത, ഉപവാസം, നോമ്പ്, ആത്മീയവായന, ശാരീരികാദ്ധ്വാനം, മദ്ധ്യസ്ഥത, സ്വയംപരിത്യാഗം എന്നിവ വേണ്ടിയിരിക്കുന്ന ആത്മീയാഭ്യാസങ്ങളാണ്. ഈ ആത്മീയഅഭ്യാസങ്ങൾ നിരന്തരമായി അന്വേഷിച്ചുകൊണ്ടിരിക്കണം. അപ്പോസ്തലനായ പൗലോസിന്റെ "പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ" (1 തെസ്സ. 5:16) എന്ന പ്രബോധനം പൗരസ്ത്യ ഓർത്തഡോക്സ് സന്യാസികളും താപസന്മാരും ആത്മീയ പിതാക്കന്മാരും ഗൗരവമായി സ്വീകരിച്ചിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ലക്ഷ്യത്തിലെത്തിച്ചേരുവാനുള്ള ഒരു മാർഗ്ഗം 'Jesus Prayer' അല്ലെങ്കിൽ 'ഹൃദയത്തിന്റെ പ്രാർത്ഥന' ആവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. ഇത് ചെയ്യുവാൻ സാധിക്കുന്നത് താഴെ പറയുന്ന പ്രാർത്ഥന ഓരോ ശ്വാസത്തോടും ഹൃദയമിടിപ്പോടും ആവർത്തിക്കുമ്പോഴാണ്. **യേശുവേ, ദൈവപുത്രാ മഹാപാപിയായ എന്നോട് കരുണ തോന്നേണമേ.** ഇത് പൗരസ്ത്യ സന്യാസിമാർക്ക് ഒരു 'പ്രാർത്ഥനാമന്ത്രംതന്നെ' ആയിരുന്നു.

## ആത്മീയതയെക്കുറിച്ചുള്ള പൗരസ്ത്യ ഓർത്തഡോക്സ് ദർശനം

പൗരസ്ത്യ ഓർത്തഡോക്സ് ചിന്തയിൽ ആത്മീയവളർച്ചയുടെ അത്യന്തിക ലക്ഷ്യം 'തിയോസിസ്' അല്ലെങ്കിൽ 'ദൈവീകരണ'മാണ്. വ്യക്തികളുടെയും സമൂഹങ്ങളുടെയും ദൈവീകരണവും ദൈവികസ്വഭാവത്തിലേക്കുള്ള വളർച്ചയ്ക്ക് കൃപ ആർജ്ജിക്കലുമാണ് ലക്ഷ്യം. സ്വതന്ത്രമായി നന്മ സ്വീകരിച്ചുകൊണ്ട് ദൈവികസാദൃശ്യത്തിലേക്കെത്തുവാൻ മനുഷ്യർക്ക് മനസ്സും വിവേകവും നൽകിയിട്ടുണ്ട്. ഇതാണ് ദൈവീകരണത്തിലേക്കുള്ള മാർഗ്ഗം. ആത്മീയതയുടെ ആത്യന്തിക ലക്ഷ്യമായി പാശ്ചാത്യസഭകൾ പഠിപ്പിക്കുന്ന 'ദൈവാനുകരണ'വും 'ദൈവികദർശന'വും ഓർത്തഡോക്സ് ചിന്താധാരയിലെ ദൈവീകരണവുമായുള്ള വ്യത്യാസം ഇവിടെ പ്രസക്തമാണ്.

യഥാർത്ഥത്തിൽ, നമ്മെ സൃഷ്ടിച്ചിരിക്കുന്നതുതന്നെ ആത്മീയരായാണ്. അതിനാലാണ് 'ദൈവത്തിൽ വിശ്രമിക്കുന്നതുവരെ നമുക്കു വിശ്രമമില്ല' എന്ന് സെന്റ് അഗസ്റ്റിൻ പറഞ്ഞിരിക്കുന്നത്. പ്രായോഗികമായി പറഞ്ഞാൽ ഓർത്തഡോക്സ് ക്രൈസ്തവരെന്ന നിലയിൽ നാം ആത്മീയാഭ്യാസങ്ങളായ നിശ്ശബ്ദത, കുമ്പിടിൽ, നോമ്പ്, വായന, തിരുവചനധ്യാനം, ആവശ്യക്കാർക്കും ദരിദ്രർക്കും ദാനം കൊടുക്കൽ എന്നിവ ജീവിതത്തിന്റെ തന്നെ ഭാഗമാക്കണം. ദൈവകൃപകൊണ്ടു മാത്രമേ ലൗകികതയിൽനിന്ന് ദൈവീകരണത്തിന്റെ അനുഗ്രഹിക്കപ്പെട്ട അവസ്ഥയിലേക്ക് നാം നയിക്കപ്പെടുകയുള്ളു. നാം എത്ര മാത്രം സ്വയം അച്ചടക്കം പ്രായോഗികമാക്കിയാലും ദൈവകൃപയ്ക്ക് അനുയോജ്യരാവുകയില്ല. ദൈവം സ്നേഹവാനും ദയാലുവും കൃപനിറഞ്ഞവനുമാകയാൽ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും വീണ്ടെടുക്കുന്നതിന് അവസരം തന്നുകൊണ്ടിരിക്കുന്നു.

അവസാനമില്ലാത്ത പ്രക്രിയയായ ആത്മീയവളർച്ചയുടെ ആത്മാവ് നിലകൊള്ളുന്നത് എല്ലാ കല്പനകളുടെയും സാരമായ ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കുക എന്നതിലാണ്. വേദങ്ങളുടെ സാരമായി ഉപനിഷത്തുകൾ നിലകൊള്ളുന്നതുപോലെ എല്ലാ ആത്മീയ പ്രവൃദ്ധതയുടെയും ആത്മാവ് ഈ രണ്ടു കല്പനകളിൽ നിലനിൽക്കുന്നു.

### പ്രവർത്തനങ്ങൾ

1. താബോർ മലയിലെ സംഭവത്തിന്റെ പ്രാധാന്യം എന്ത്?
2. യാക്കോബിന്റെ ഗോവണി ദർശനം വിശദീകരിക്കുക.
3. Jesus Prayer എന്നാലെന്ത്? അത് എപ്പോഴും ഉരുവിടാൻ ശ്രമിക്കുക.
4. ഓർത്തഡോക്സ് ക്രൈസ്തവരെന്ന നിലയിൽ നമ്മുടെ ആത്മീയ വളർച്ചയ്ക്ക് സഹായകമായ പ്രവർത്തനങ്ങൾ ഏവ? യെശയ്യാ 58-ാം അദ്ധ്യായംകൂടി വായിച്ച് ഉത്തരം തയ്യാറാക്കുക.

അദ്ധ്യായം രണ്ട്

# ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതകൾ

**ഓ**ർത്തഡോക്സ് എന്ന വാക്കിന്റെ അർത്ഥം ശരിയായ വിശ്വാസം, ശരിയായ സ്തുതി (ശരിയായ ആരാധന) എന്നെല്ലാമാണ്. ആദ്യകാലങ്ങളിൽ 'സ്തുതി ചൊവ്വാക്കപ്പെട്ട' എന്നായിരുന്നു ഈ വാക്ക് ഭാഷാന്തരം ചെയ്തിരുന്നത്. വേദവിപരീതികളിൽനിന്നും വ്യത്യസ്തമായി സത്യവിശ്വാസവും സത്യആരാധനയും പിൻതുടരുന്ന സഭ എന്ന അർത്ഥത്തിലാണ് പൗരസ്ത്യ സഭകൾ ഓർത്തഡോക്സ് എന്ന പേരു സ്വീകരിച്ചത്. സത്യവിശ്വാസമാണ് സത്യാരാധനയ്ക്ക് അടിസ്ഥാനം; അഥവാ സത്യ ആരാധനയിൽക്കൂടിയാണ് സത്യവിശ്വാസം പ്രകടമാക്കപ്പെടുന്നത് എന്നതാണ് ഓർത്തഡോക്സ് സഭാപിതാക്കന്മാരുടെ ദർശനം. അതുകൊണ്ടുതന്നെ ഓർത്തഡോക്സ് ആരാധനയെ മറ്റു സഭാവിഭാഗങ്ങളുടെ ആരാധനകളിൽനിന്നും വ്യത്യസ്തമാക്കുന്ന വളരെയധികം പ്രത്യേകതകളുണ്ട്. 19-ാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ ഓർത്തഡോക്സ് സഭയിൽനിന്നും പിരിഞ്ഞുപോയ മാർത്തോമ്മാ സഭയും 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ പിരിഞ്ഞുപോയ മലങ്കര റീത്തുസഭയും ഓർത്തഡോക്സ് ആരാധനാരീതി തന്നെയാണ് അടിസ്ഥാനപരമായി സ്വീകരിച്ചിട്ടുള്ളത്.

ആരാധന എന്നത് സ്വർഗവും ഭൂമിയും സമ്മേളിക്കുന്ന അതിസന്തോഷകരമായ അനുഭവമാണ്. ആരാധനയിൽ, സൃഷ്ടി മുഴുവൻ സൃഷ്ടാവിങ്കലേക്കും സ്വർഗീയാനുഭവങ്ങളിലേക്കും ആത്മാവിൽ ഉയർത്തപ്പെടുന്നതോടൊപ്പം, സ്വർഗസ്ഥനായ ദൈവം ഭൂമിയിൽ മനുഷ്യനോടും മറ്റു ഭൗമിക വസ്തുക്കളോടുംകൂടെ തന്റെ കൂടാരം സ്ഥാപിച്ച് അതിൽ വസിച്ച് മനുഷ്യനുമായി സംസർഗ്ഗം ചെയ്യുന്നു. 'ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം' എന്ന വെളിപ്പാടു പുസ്തകത്തിലെ പ്രസ്താവന ഓർത്തഡോക്സ് ആരാധനയെ സംബന്ധിച്ച് അന്വർത്ഥമാണ് (വെളിപ്പാട് 21:3).

## പ്രാദേശിക ഭാഷ

ജനങ്ങളുടെ സജീവ പങ്കാളിത്തം ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതയാണ്. അതുകൊണ്ടുതന്നെ ഓർത്തഡോക്സ് സഭകൾ പ്രാദേശിക ഭാഷയാണ് ആരാധയ്ക്കുപയോഗിക്കുന്നത്. അപ്പോസ്തോലന്മാരുടെ കാലത്ത് പാലസ്തീനിൽ അറമായ ഭാഷയായിരുന്നു ഉപയോഗിച്ചിരുന്നത്. ജറുശലേം, അന്ത്യോഖ്യ എന്നീ പട്ടണങ്ങളിൽ ഗ്രീക്കുഭാഷയിലായിരുന്നു ആരാധനയെങ്കിലും ഗ്രാമപ്രദേശങ്ങളിൽനിന്നുള്ളവർക്കായി പ്രാർത്ഥനകൾ അറമായ ഭാഷയിലേക്ക് തർജ്ജിമ ചെയ്തിരുന്നു. അന്ത്യോഖ്യയിൽ ആദ്യകാലങ്ങളിൽ ഗ്രീക്ക് ഭാഷയിലായിരുന്നു ആരാധനയെങ്കിലും ഗ്രീക്കിന്റെ പ്രാധാന്യം കുറഞ്ഞ

പ്പോൾ ആരാധനാ ഭാഷ സുറിയാനിയായി. അന്ത്യോഖ്യൻ ആരാധന ക്രമം സ്വീകരിച്ച മലങ്കരയിലും ആദ്യകാലങ്ങളിൽ സുറിയാനിയായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ ക്രമേണ എല്ലാ ശുശ്രൂഷക്രമങ്ങളും മലയാളത്തിലേക്ക് തർജ്ജിമ ചെയ്യപ്പെട്ടു. മറ്റു സംസ്ഥാനങ്ങളിലും സഭ വ്യാപകമായതോടുകൂടി വി. കുർബ്ബാന ഉൾപ്പെടെയുള്ള പല ശുശ്രൂഷകളും ഭാരതത്തിലെ മറ്റു ഭാഷകളിലേക്കും ഇപ്പോൾ തർജ്ജിമ ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വി. കുർബ്ബാനയുടെ തമിഴ്, കന്നട, കൊങ്കിണി, ഹിന്ദി, ഇംഗ്ലീഷ്, ജർമ്മൻ എന്നീ ഭാഷകളിലുള്ള പരിഭാഷ കഴിഞ്ഞ അര നൂറ്റാണ്ടിനുള്ളിൽ നടന്നുകഴിഞ്ഞു. എന്നിരുന്നാലും സുറിയാനി ക്രിസ്ത്യാനി എന്ന നിലയിൽ, സുറിയാനി ഭാഷയിലുള്ള ചില പദങ്ങൾ നമ്മുടെ ആരാധനയുടെ ഭാഗമായി ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

## ജനങ്ങളുടെ പങ്കാളിത്തം

ആരാധനയുടെ മകുടമായ വി. കുർബ്ബാന അർപ്പിക്കണമെങ്കിൽ വൈദികനുപുറമേ കുറഞ്ഞപക്ഷം ശുശ്രൂഷകനും, വിശ്വാസികളുടെ പ്രതിനിധിയായി ഒരാളും ഉണ്ടായിരിക്കണമെന്നാണ് ഓർത്തഡോക്സ് സഭയുടെ പാരമ്പര്യം. പൊതു ആരാധനയിൽ പങ്കെടുക്കുന്ന എല്ലാവരും പഞ്ചേന്ദ്രിയങ്ങൾകൊണ്ടും ദൈവത്തെ ആരാധിക്കുന്നതിനുള്ള ക്രമീകരണമാണ് ആരാധനയിലുടനീളമുള്ളത്. നമ്മുടെ ആരാധനയിൽ, കാണുവാനും (മദ്ബഹായുടെയും, അംശവസ്ത്രങ്ങളുടെയും അലങ്കാരപ്പണികൾ) കേൾക്കുവാനും (സംഗീതം) മണക്കുവാനും (കുന്തിരിക്കം) സ്പർശിക്കുവാനും (കൈയ്യസ്തൂരി) രുചിക്കുവാനുമുള്ള (വി. കുർബ്ബാന) അവസരങ്ങളുണ്ട്. എന്നാൽ ഗായകസംഘങ്ങളുടെ ആവിർഭാവത്തോടെ, വിശ്വാസികൾ വെറും ആസ്വാദ്യകരമായി മാത്രം ആരാധനയിൽ സംബന്ധിക്കുന്ന തെറ്റായ ഒരു പ്രവണത ഇന്ന് വർദ്ധിച്ചുവരുന്നുണ്ട്. ആരാധനയിൽ വിശ്വാസികൾക്ക് നേതൃത്വം കൊടുക്കുക എന്നതു മാത്രമായിരിക്കണം ഗായക സംഘങ്ങളുടെ ലക്ഷ്യം. വിശ്വാസികളുടെ ഒരുമിച്ചുള്ള പങ്കാളിത്തം ഉറപ്പാക്കുവാനാണ് ഗാനരൂപത്തിലുള്ള പ്രാർത്ഥനകൾ ആരാധനയിൽ കൂടുതൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ ഗാനരൂപത്തിലുള്ള ആരാധനാഭാഗങ്ങളുടെ അർത്ഥം മനസ്സിലാക്കുവാൻ വിശ്വാസികളും നേതൃത്വം കൊടുക്കുന്ന പുരോഹിതരും കൂട്ടായി പ്രവർത്തിച്ചെങ്കിലേ ഹൃദയസ്പർശിയായ ആരാധന സാധ്യമാകുകയുള്ളു.

## ആരാധന വ്യക്തികേന്ദ്രീകൃതമല്ല

ഓർത്തഡോക്സ് ആരാധനയിൽ വ്യക്തി എന്നതിലുപരി സമൂഹത്തിനാണ് പ്രധാന്യം. സഭ ഒറ്റ സമൂഹമായാണ് ദൈവത്തെ ആരാധിക്കുന്നത്. നിങ്ങൾ ഈ വണ്ണം പ്രാർത്ഥിപ്പിൻ എന്നു പറഞ്ഞുകൊണ്ട് കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയാണ് നാം മാതൃകയാക്കിയിരിക്കുന്നത്. സ്വർഗസ്ഥനായ 'ഞങ്ങളുടെ' പിതാവേ എന്നു പ്രാർത്ഥിക്കുവാനാണ് കർത്താവ് പഠിപ്പിച്ചത്. ഞാൻ, എന്റെ, എനിക്ക് എന്നീ പ്രയോഗങ്ങൾ ഓർത്തഡോക്സ് ആരാധനയിൽ വളരെ ചുരുക്കമാണ്.

## വിശ്വാസ ബോധനം ആരാധനയിലൂടെ

സത്യവിശ്വാസം പഠിപ്പിക്കുവാനുള്ള ഏറ്റവും പ്രധാന മാധ്യമം ആരാധനയാണ് എന്നതാണ് ഒർത്തഡോക്സ് പിതാക്കന്മാരുടെ ചിന്ത. കാരണം, ബുദ്ധിപരമായി ചിന്തിച്ച്,

യുക്തിസഹമായി പഠിക്കുവാനുള്ളതല്ല വേദശാസ്ത്രം. ആരാധനയിൽ പരിശുദ്ധാത്മസഹായത്തിലാണ് സത്യവിശ്വാസം പഠിക്കേണ്ടത്. സെദ്റാ, പ്രൊമിയോൻ, ഗീതങ്ങൾ എന്നിവയിലെല്ലാം വിശ്വാസ പഠനം ഉൾക്കൊണ്ടിട്ടുണ്ടെന്ന് മനസ്സിലാക്കാം. ഉദാഹരണത്തിന് 'അത്ഭുതമാം ഫലമേകും വൃക്ഷം .....' എന്ന ഗീതം ശ്രദ്ധിക്കുക. കന്യകമറിയാമിന്റെ കന്യാത്വത്തിനെതിരായി സംസാരിക്കുന്നവർക്കെതിരെ എത്ര ശക്തമായിട്ടാണ് ആ ഗീതം പ്രതികരിക്കുന്നത്. പെന്തിക്കോസ്തിശുശ്രൂഷയിലെ സെദ്റാകൾ ത്രിത്വവിശ്വാസത്തിന്റെ ആഴമായ പഠനവും പ്രകാശനവുമാണ്.

## വേദപുസ്തക ഭാഗങ്ങളാൽ സമ്പന്നം

ഓർത്തഡോക്സ് ആരാധന വി. വേദപുസ്തകഭാഗങ്ങളാൽ സമ്പന്നമാണ് എന്ന് നാം നേരത്തെ കണ്ടു (യൂണിറ്റ് 1, അദ്ധ്യായം 4). ശ്രദ്ധയോടെയും ഏകാഗ്രതയോടെയും ആരാധനയിൽ സംബന്ധിച്ചാൽ മാത്രമേ ആ കാര്യം മനസ്സിലാകുകയുള്ളൂ. സത്യവിശ്വാസം പഠിക്കുന്നതുപോലെ തന്നെ, വി. വേദപുസ്തകം ധ്യാനിക്കുവാനും ആരാധന തന്നെയാണ് വി. സഭ പശ്ചാത്തലമാക്കിയിരിക്കുന്നത്. പഴമ വായന, ശ്ലീഹാവായന, ഏവൻഗേലിയോൻ വായന എന്നിവ നമ്മുടെ ആരാധനയുടെ ഭാഗങ്ങളാണ്. വളരെയധികം സങ്കീർത്തന ഭാഗങ്ങളാണ് ഒരോ നമസ്കാരത്തിലും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനും പുറമേ പല ഗീതങ്ങളിലും പ്രാർത്ഥനകളിലും വേദപുസ്തകഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓർത്തഡോക്സ് ആരാധനയിൽ വളരെ പ്രാധാന്യമുള്ള കുക്കിലിയോൻ എന്ന പ്രാർത്ഥനാചക്രം എപ്പോഴും ആരംഭിക്കുന്നത് ഒരു സങ്കീർത്തനം പാടിക്കൊണ്ടാണ്. ധ്യാനപൂർവ്വം ആരാധനയിൽ സംബന്ധിക്കുന്നവർ നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ വേദപുസ്തക പാണ്ഡിത്യത്തെക്കുറിച്ച് അത്ഭുതപ്പെടും എന്നതിനു സംശയമില്ല.

## മദ്ധ്യസ്ഥ പ്രാർത്ഥനകൾ

സ്വന്ത ആവശ്യങ്ങൾക്ക് ഊന്നൽ കൊടുക്കാതിരിക്കുന്നതിനോടൊപ്പം, മറ്റുള്ളവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയ്ക്കു പ്രധാന്യം കൊടുക്കുവാനും ആരാധനയിൽ നാം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. രണ്ടു രീതിയിലുള്ള മദ്ധ്യസ്ഥപ്രാർത്ഥനകൾ നമ്മുടെ ആരാധനയിലുണ്ട് - മറ്റുള്ളവർക്ക് വേണ്ടി നാം പ്രാർത്ഥിക്കുന്നു, വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ നാം അഭയം പ്രാപിക്കുകയും ചെയ്യുന്നു. ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയും വാങ്ങിപ്പോയവർക്കു വേണ്ടിയുമുള്ള പ്രാർത്ഥനകൾ ആരാധനയിൽ സമൃദ്ധമാണ്. തുബ്ദേൻ എന്നറിയപ്പെടുന്ന മദ്ധ്യസ്ഥ പ്രാർത്ഥനകൾ ഉദാഹരണമാണ്. ധൂപ പ്രാർത്ഥനകൾ എന്ന പേരിലുള്ള ഗീതങ്ങൾ മദ്ധ്യസ്ഥ പ്രാർത്ഥനകളാണ്. ഇവിടെ മാതാവിന്റെയും പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ നാം അഭയം പ്രാപിക്കുകയും അവരെയും മറ്റു വാങ്ങിപ്പോയവരെയും ദൈവമുമ്പാകെ ഓർക്കുകയുമാണ് ചെയ്യുന്നത്. വി. കുർബ്ബാനയിലെ ഒരുക്ക ശുശ്രൂഷയിലെ ഒരു പ്രാർത്ഥന ശ്രദ്ധേയമാണ്. '.......ഞങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്ന ഈ സ്തോത്രബലി മൂലം ഞങ്ങളുടെ പിതാവായ ആദാമിനെയും, മാതാവായ ഹവ്വായെയും, ദൈവമാതാവായ വി. മറിയാമിനെയും, ദീർഘദർശിമാരെയും ശ്ലീഹന്മാരെയും..... എല്ലാവരെയും ഞങ്ങൾ ഓർക്കും.'

പുരാതനകാലം മുതൽക്കേ പ്രാർത്ഥനയെന്നാൽ സ്വന്തം ആവശ്യത്തിനുവേണ്ടി ദൈവത്തിൽനിന്നും ആനുകൂല്യങ്ങൾ യാചിക്കുകയാണ് എന്ന തെറ്റായ ഒരു ചിന്താധാര നിലനിന്നിരുന്നു. ഈ ധാരണ തീർത്തും തിരുത്തുന്നതാണ് ഓർത്തഡോക്സ് ആരാധന.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവായ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന ഓർത്തഡോക്സ് ആരാധയുടെ പ്രധാന ഘടകമാണ്. സകലത്തെയും ജീവിപ്പിക്കുന്നതും സകലവും പൂർത്തിയാക്കുന്നതും പരിശുദ്ധാത്മാവാണ് എന്നതാണ് ഓർത്തഡോക്സ് വേദശാസ്ത്രം. അതുകൊണ്ടാണ്, പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയ്ക്ക് ഇത്രയും പ്രാധാന്യം നൽകിയിരിക്കുന്നത്. വി. കുർബ്ബാന, വി. മാമോദീസാ, പട്ടംകൊട, മൂറോൻ കൂദാശ എന്നീ കർമ്മങ്ങളിൽ പ്രത്യേകമായി പരിശുദ്ധാത്മാവിനെ വിളിച്ചുകൊണ്ടുള്ള പ്രാർത്ഥനയുണ്ട് (ക്രോയ്ത്തൊാദ് റൂഹോ). എല്ലാ അവസരങ്ങളിലും ശുശ്രൂഷക്കാരൻ അവസരത്തിന്റെ പ്രാധാന്യം ജനത്തെ വിളിച്ചറിയിക്കും (എന്റെ വാത്സല്യമുള്ളവരെ ജീവനുള്ള പരിശുദ്ധ റൂഹാ.....). കൂദാശയിൽ വന്നാവസിക്കുന്ന പരിശുദ്ധ റൂഹാ നമ്മിലും വന്നാവസിച്ച് വഴി നടത്തുവാൻ പ്രാർത്ഥിച്ചുകൊണ്ട് നിൽക്കുക എന്നതാണ് ഒരോ വിശ്വാസിയുടെയും കടമ.

## ഐക്കണുകളുടെ ഉപയോഗം

ആരാധനയിൽ വിശുദ്ധരും വാങ്ങിപ്പോയ വിശ്വാസികളും നമ്മോടൊത്തുണ്ട് എന്നു സൂചിപ്പിക്കുവാൻ വിശുദ്ധന്മാരുടെ ചിത്രങ്ങൾ ആരാധനാസ്ഥലത്തു വയ്ക്കുന്ന പതിവ് ഓർത്തഡോക്സ് സഭയിലുണ്ട്. വെറും ചിത്രങ്ങളേക്കാളുപരി വേദശാസ്ത്രസത്യങ്ങൾ വ്യക്തമാക്കുന്ന ഐക്കണുകളാണ് കൂടുതൽ അർത്ഥവത്തായിട്ടുള്ളത്. പന്ത്രണ്ടും പതിമൂന്നും ശതകങ്ങളിലാണ് ഓർത്തഡോക്സ് ആരാധനയിൽ ഐക്കണുകൾക്കു പ്രധാന സ്ഥാനം ലഭിക്കുവാൻ തുടങ്ങിയത്. രചനയ്ക്ക് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും സമ്പൂർണ്ണ ശിക്ഷണം വേണമെന്നുള്ളതുകൊണ്ട് ഐക്കൺ ചിത്രകാരന്മാരധികവും സന്യാസിമാരാണ്. അഗാധമായ ആന്തരിക ആദ്ധ്യാത്മികശിക്ഷണത്തോടെ കലാസങ്കേതങ്ങളെ നിയന്ത്രിച്ചുകൊണ്ടാണ് ഐക്കണുകൾ രചിക്കുന്നത്. ഐക്കണുകൾക്ക് ദൈവവചനത്തോടൊപ്പമുള്ള പ്രാധാന്യമാണ് സഭ നല്കുന്നത്. നമ്മുടെ ചില ദേവാലയങ്ങളിലും ദയറാകളിലും ഐക്കണുകൾക്ക് പ്രാധാന്യം നല്കുന്നുണ്ട്. എങ്കിലും ഐക്കണുകളുടെ ഉപയോഗം സഭയിൽ വ്യാപകമായിട്ടില്ല. പകരം ഭിത്തിയിൽ തൂങ്ങുന്ന സാധാരണ ചിത്രങ്ങളാണ് പലയിടത്തും കാണപ്പെടുന്നത്. നിലവിലുള്ള ഐക്കണുകളിൽ ഭൂരിഭാഗവും ഗ്രീക്ക് ഓർത്തഡോക്സ് സഭയുടേതാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കുക.

## പരിസ്ഥിതിബോധം നല്കുന്ന ആരാധന

ഓർത്തഡോക്സ് ആരാധനയിലെ ശുശ്രൂഷകളിൽ ജനങ്ങൾക്ക് പരിസ്ഥിതിബോധം നല്കുവാൻ സഹായിക്കുന്ന ഗീതങ്ങളും സെദറാകളും സങ്കീർത്തനഭാഗങ്ങളും സുലഭമാണ്. ഇന്ന് എല്ലാ സഭകളും പരിസ്ഥിതിയെക്കുറിച്ച് ചർച്ച ചെയ്യുകയും പരിസ്ഥിതി സംരക്ഷണത്തിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ആരാധനയുടെ അന്തരീക്ഷത്തിലൂടെ പരിസ്ഥിതിയോട് ആഭിമുഖ്യം ഉണ്ടാക്കുവാൻ നമ്മുടെ പിതാക്കന്മാർ ആദിമുതൽ ശ്രദ്ധിച്ചിരുന്നു. ഭൂമി, ആകാശം, വായു, വെള്ളം വൃക്ഷലതാദികൾ തുടങ്ങിയവയെക്കുറിച്ചുള്ള പരാമർശം നമ്മുക്ക് ആരാധനയിൽ പലയിടത്തും കാണുവാൻ കഴിയും. ഉദാഹരണത്തിന് 'ഋജുമതികൾക്കിരുളിൻ ദ്യുതിയുളവായി' എന്ന ഗീതം നോക്കുക.

## ഓർത്തഡോക്സ് ആരാധനയിൽ സംഗീതത്തിനുള്ള പ്രാധാന്യം

നമ്മുടെ ആരാധനക്രമങ്ങളുടെ മൂലഭാഷ സുറിയാനിയാണ്. അന്ത്യോഖ്യൻ സഭാബന്ധമുണ്ടാകുന്നതിനുമുമ്പ് കൽദായ സുറിയാനിയിലായിരുന്നു ആരാധന. സുറിയാനി ഭാഷ പൊതുവേ തന്നെ സംഗീതാത്മകമാണ്. ഈ സവിശേഷത ഓർത്തഡോക്സ് ആരാധനയിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. വളരെയധികം കാവ്യഭാഗങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് പങ്കെടുക്കുന്നവർക്കുള്ള ഭാഗഭാഗിത്തവും ആസ്വാദനവും വർദ്ധിക്കും എന്നു തന്നെയല്ല കേൾവിക്കാർക്ക് മനസ്സിന് കുളിർമ്മ നൽകുകയും ചെയ്യും. പല സുറിയാനി രാഗങ്ങളും കാലാതീതമാണ്. സുറിയാനി രാഗത്തിലുള്ള ഗീതങ്ങൾ നമ്മുടെ ആരാധനയെ മറ്റു ക്രിസ്തീയ ആരാധനകളിൽനിന്നും വ്യത്യസ്തമാക്കുന്നു. ആരാധനയിൽ ഉപയോഗിക്കുന്ന ബഹുഭൂരിപക്ഷം ഗാനങ്ങളും എട്ടു രാഗങ്ങളിൽ പാടാവുന്നതാണ്. ഒരേ രാഗം തന്നെ എല്ലാ ദിവസവും കേൾക്കുന്നത് അരോചകമാകാതിരിക്കുവാനാണ് പിതാക്കന്മാർ അങ്ങനെ ക്രമീകരിച്ചിരിക്കുന്നത്. ഈ രാഗക്രമീകരണത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകത്തെ 'എക്കാറാ' എന്നാണ് പറയുന്നത്. എക്കാറ എന്നതിന് 'അടിസ്ഥാനം' എന്നാണർത്ഥം.

### പ്രവർത്തനങ്ങൾ

1. വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന കുക്കിലിയോനുകളിലെ സങ്കീർത്തനങ്ങൾ കണ്ടുപിടിക്കുക.
2. 'നൽകുക നന്മൊഴി മാനസമേ....' എന്ന, മോതിരം വാഴ്വിന്റെ ശുശ്രൂഷയുടെ ഗാനവും 45-ാം സങ്കീർത്തനം ഒന്ന് മുതൽ മൂന്ന് വരെയുള്ള വാക്യങ്ങളും താരതമ്യപ്പെടുത്തുക.
3. നമ്മുടെ ആരാധനയിൽ പരിഹരിക്കപ്പെടേണ്ട കുറവുകളെക്കുറിച്ച് ചർച്ച ചെയ്യുക.
4. ഓർത്തഡോക്സ് ആരാധനയിൽ മദ്ധ്യസ്ഥപ്രാർത്ഥനകൾക്കുള്ള സ്ഥാനം വ്യക്തമാക്കുക.
5. വി. കുർബ്ബാനയിൽ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനാഭാഗങ്ങൾ കണ്ടെത്തുക.

### തുടർ വായനയ്ക്ക്

1. ആത്മാവിലും സത്യത്തിലും - ഫാ. ഡോ. ബി. വർഗീസ്
2. സ്വാതന്ത്ര്യദീപ്തി - ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്
3. വി. കുർബ്ബാന - ഒരു ധ്യാനാത്മകപഠനം - ബിഷപ്പ് എച്ച്. പെക്കൻഹാം വാൽഷ്
4. വി. കുർബ്ബാനയുടെ ധ്യാനപഠനം - മാത്യൂസ് മാർ ബർണബാസ്

അദ്ധ്യായം മൂന്ന്

# ഓർത്തഡോക്സ് ആരാധനാക്രമം

**ആ**രാധന ആദ്യമനുഷ്യന്റെ കാലം മുതൽ തന്നെ ഉണ്ടായിരുന്നു. ആരാധനയുടെ മകുടമായ ബലിയും അന്നു മുതൽ തന്നെ ഉണ്ട്. എന്നാൽ നിയതമായ ആരാധനക്രമങ്ങൾ ആദിയിൽ ഉണ്ടായിരുന്നില്ല. ഗോത്രത്തലവന്മാർ നിർദ്ദേശിക്കുന്ന രീതിയിൽ ആരാധനകൾ നടത്തിവന്നു. എന്നാൽ മോശയുടെ കാലമായപ്പോഴേയ്ക്കും യഹോവയായ ദൈവത്തിന്റെ കൽപ്പനപ്രകാരം പ്രത്യേക പുരോഹിത സ്ഥാനികളും, ആരാധനയ്ക്ക് നിർദ്ദിഷ്ട ക്രമീകരണങ്ങളും ഉണ്ടായി. ശലോമോന്റെ കാലമായപ്പോഴേക്കും ദൈവാലയവും വർണ്ണപ്പകിട്ടാർന്ന ആരാധനാസമ്പ്രദായങ്ങളും രൂപീകൃതമായി. ക്രിസ്തീയ സഭ രൂപം കൊണ്ടപ്പോൾ യഹൂദസഭയുടെ ആരാധനാരീതികളുടെ സ്വാധീനം ക്രിസ്തീയ ആരാധനയിൽ ഉണ്ടായത് സ്വാഭാവികമാണ്. ക്രിസ്തീയസഭകളുടെ എല്ലാം മാതാവായ യരുശലേമിലാണ് ആരാധനാക്രമങ്ങൾ അവയുടെ ബാലദശയിൽ രൂപംകൊണ്ടത്. സഭ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വ്യാപിച്ചപ്പോൾ അതതു സ്ഥലങ്ങളിലെ സംസ്കാരവും പാരമ്പര്യവും ഉൾക്കൊണ്ട് സഭാ ജീവിതവും ആരാധനക്രമങ്ങളും വികസിച്ചുകൊണ്ടിരുന്നു.

## മലങ്കരയിലെ ആരാധനക്രമം

മലങ്കരയിൽ പോർട്ടുഗീസ് ആഗമനത്തിനുമുമ്പ് നിലവിലിരുന്ന ആരാധനക്രമത്തെക്കുറിച്ച് തെളിവുകളൊന്നുമില്ല. അന്നത്തെ ദേശീയസഭയുടെ ആരാധനയുമായി ബന്ധപ്പെട്ട എല്ലാ ഗ്രന്ഥങ്ങളും ഉദയംപേരൂർ സുന്നഹദോസിനോടനുബന്ധിച്ച് നശിപ്പിക്കപ്പെട്ടു എന്നത് ചരിത്രത്തിന്റെ ഭാഗമാണ്. കൂനൻകുരിശു സത്യത്തിനുശേഷം പോർട്ടുഗീസുകാരുമായി യോജിക്കാതെ, സ്വതന്ത്രരായിനിന്ന മലങ്കര സഭാംഗങ്ങൾ പൗരോഹിത്യബന്ധത്തിനുവേണ്ടി വിദേശത്തുള്ള പല സഭാകേന്ദ്രങ്ങളുമായി ബന്ധപ്പെടുവാൻ ശ്രമിച്ചുവെങ്കിലും ഒടുവിൽ അന്ത്യോഖ്യൻ സഭയുമായുള്ള ബന്ധത്തിൽ വരികയും പശ്ചാത്യസുറിയാനി ആരാധനാക്രമം മലങ്കരയിൽ വ്യാപിക്കുകയും ചെയ്തു. ഇപ്പോൾ ആരാധനാക്രമത്തിലെ മിക്കവാറും എല്ലാ ഭാഗങ്ങളും മലയാളത്തിലേക്ക് തർജ്ജിമ ചെയ്യപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. എങ്കിലും, ആരാധനാക്രമത്തിന്റെ രൂപവും ഉള്ളടക്കവും പാശ്ചാത്യ സുറിയാനിയിലെ ആരാധനാ ക്രമത്തിന്റേതുതന്നെയാണ്. അതുകൊണ്ട് സുറിയാനി ഭാഷയിലെ ചില സാങ്കേതിക പദങ്ങൾ ഇന്നും വി. കുർബ്ബാനയിൽ ഉപയോഗിച്ചു വരുന്നുമുണ്ട്.

ഓർത്തഡോക്സ് ആരാധന ക്രമത്തിൽ, ആരാധനയുടെ മകുടം വി. കുർബ്ബാന തന്നെയാണ്. എന്നാൽ ദിവസത്തിന്റെ നിശ്ചിത സമയങ്ങളിൽ നടത്തേണ്ട നിർദ്ദിഷ്ട നമസ്കാരങ്ങൾ വിശ്വാസികൾ നിർബന്ധമായും അനുഷ്ഠിക്കണം.

## യാമപ്രാർത്ഥനകൾ

പ്രാർത്ഥനകൾ ഏതു സമയവും നടത്താമെങ്കിലും ദിവസം ഏഴു നേരങ്ങളിൽ (യാമങ്ങളിൽ) പ്രാർത്ഥിക്കുക എന്നത് ഒരു ഓർത്തഡോക്സുകാരനെ സംബന്ധിച്ചിടത്തോളം നിർബ്ബന്ധമാണ്. ഈ ഏഴു നേരത്തെ നമസ്കാരം സാധാരണക്കാർക്ക് രണ്ടുനേരമായി നടത്തുവാൻ സഭ അനുവദിച്ചിട്ടുണ്ട്. പൗരസ്ത്യ പാരമ്പര്യത്തിൽ ദിവസം ആരംഭിക്കുന്നത് സന്ധ്യയിലാണ്. സന്ധ്യ, സൂത്താറ, പാതിരാത്രി, പ്രഭാതം, മൂന്നാം മണി, ആറാം മണി (ഉച്ച), ഒമ്പതാംമണി എന്നിവയാണ് ഏഴു യാമങ്ങൾ. ഇതിൽ ഒമ്പതാം മണി, സന്ധ്യ, സൂത്താറ എന്നീ യാമങ്ങളിലെ നമസ്കാരം വൈകുന്നേരവും ബാക്കി പ്രഭാതത്തിലും നടത്തുവാൻ സഭ നിർദ്ദേശിച്ചിരിക്കുന്നു. ഏഴു യാമങ്ങൾ കർത്താവിന്റെ കഷ്ടാനുഭവത്തിലെ വിവിധ ഘട്ടങ്ങളുമായി ബന്ധപ്പെടുത്താറുണ്ട്. എന്നാൽ ഏഴുനേരം പ്രാർത്ഥിക്കുന്ന രീതി പഴയ നിയമ കാലം മുതൽക്കെ ഉണ്ടായിരുന്നു എന്ന് സങ്കീർത്തനങ്ങളിൽ നിന്നും മനസ്സിലാക്കാം. 'നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം, ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കുന്നു എന്നു ദാവീദ് പറയുന്നുണ്ട് (സങ്കീ. 119:164). ഏഴു യാമങ്ങളിലെ പ്രാർത്ഥന വലിയ നോമ്പിലും മൂന്നു നോമ്പിലും മൂന്നു നേരമായിട്ട് നടത്തുന്ന പതിവാണുള്ളത്. വലിയനോമ്പിലെ ശനി, ഞായർ ദിവസങ്ങളിൽ സാധാരണ നമസ്കാരംതന്നെയാണ് ഉപയോഗിക്കേണ്ടത്.

## പ്രാർത്ഥനയിലെ ക്രിയകൾ

പ്രാർത്ഥനയിൽ ആത്മാവും ശരീരവും മനസും ഒരുമിച്ചാണ് സംബന്ധിക്കുന്നത്. 'വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ല ആത്മാവു തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു' (റോമർ 8:26). മനസ് ഏകാഗ്രതയോടെ ദൈവവുമായി സംസർഗം പുലർത്തുന്ന സമയമാണല്ലോ പ്രാർത്ഥന. എന്നാൽ പൗരസ്ത്യ പാരമ്പര്യത്തിൽ നമ്മുടെ ശരീരവും ആരാധനയുടെ ഭാഗഭാക്കാകുകയാണ്.

നമ്മുടെ എതു നമസ്കാരവും ആരംഭിക്കുന്നത് കൗമ ചൊല്ലിക്കൊണ്ടാണ് കൗമ എന്ന വാക്കിന് നില്പ് എന്നാണർത്ഥം. നിന്നുകൊണ്ട് ചൊല്ലുന്ന പ്രാർത്ഥനയായതുകൊണ്ടാണ് അതിന് കൗമ എന്ന് പേരു വന്നത്. എല്ലാ പ്രാർത്ഥനയും ദൈവമുമ്പാകെ എഴുന്നേറ്റു നിന്ന് ചൊല്ലുന്നതാണ് ഓർത്തഡോക്സ് രീതി.

കുരിശുവരയ്ക്കുന്നതും കുമ്പിടുന്നതും ഓർത്തഡോക്സ് ആരാധനയിലെ പ്രധാന അംശങ്ങളാണ് (പുറ. 4:31; 12:27). ഞായറാഴ്ചകളിലും മാറാനായ പെരുനാളുകളിലും, ഉയിർപ്പ് മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളിലും ഒഴികെ കുമ്പിടേണ്ട സമയത്ത് കുമ്പിട്ട് പ്രാർത്ഥിക്കണം എന്നതാണ് സഭയുടെ നിഷ്കർഷ. മൂന്നുനോമ്പിലും വലിയ നോമ്പിലും ഉച്ചനമസ്കാരത്തിന്റെ അവസാനം നാൽപ്പത് കുമ്പിടുന്ന രീതിയിലാണ് ആരാധനക്രമം രൂപപ്പെടുത്തിയിരിക്കുന്നത്. കുറിയേലായിസോൻ എന്ന് ചൊല്ലിക്കൊണ്ട് പത്തും, ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ എന്ന് ചൊല്ലി പത്തും, ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമേ എന്ന് ചൊല്ലി പത്തും, ഞങ്ങളുടെ കർത്താവേ ഉത്തരമരുളി ചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമേ എന്ന് ചൊല്ലി പത്തും കുമ്പിടുന്നു. വി. കുർബ്ബാന അനുഭവിച്ച ദിവസങ്ങളിൽ സന്ധ്യവരെ കുമ്പിടാറില്ല.

## ആരാധനയുടെ നിർമ്മാണ ഘടകങ്ങൾ

ഓർത്തഡോക്സ് സഭയിലെ ഏത് ആരാധനയും തുടങ്ങുന്നത് ത്രിത്വസ്തുതിയോടെ ആയിരിക്കും. പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ സാധാരണ 'പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി' എന്നർത്ഥമുള്ള 'ശുബഹോലാബോ ഉലബ്രോവല റൂഹോ കാദീശോ' എന്നു സുറിയാനിയിൽ പറഞ്ഞുകൊണ്ടായിരിക്കും നമസ്കാരങ്ങൾ തുടങ്ങുക. അതുപോലെതന്നെ ഏതു നമസ്കാരവും ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമ ചൊല്ലിക്കൊണ്ടായിരിക്കും. ആരാധനയുടെ നെടുംതൂണുകളായ കൗമയും വിശ്വാസപ്രമാണവും ഒരു ആരാധനയിലും ഓർത്തഡോക്സ് സഭ ഒഴിവാക്കുകയില്ല. അതുപോലെതന്നെ തിരുവചന വായന എല്ലാ ശുശ്രൂഷയുടെയും ഭാഗമായിരിക്കും. മൂന്ന് പുസ്തകത്തിൽനിന്നുള്ള പഴയ നിയമ വായന ഉൾപ്പെടെ ആറു വേദപുസ്തകഭാഗങ്ങൾ വി. കുർബ്ബാനയിൽ വായിക്കുന്ന രീതി ഓർത്തഡോക്സ് ആരാധനയുടെ മാത്രം പ്രത്യേകതയാണ്.

നമസ്കാരങ്ങളിലും ശുശ്രൂഷകളിലും ആദ്യം ചൊല്ലുന്ന പ്രാർത്ഥന എന്നർത്ഥമുള്ള സ്ലൂസോ, ആമുഖം എന്നർത്ഥമുള്ള പ്രുമിയോൻ, നിരനിരയായ പ്രാർത്ഥന എന്നർത്ഥമുള്ള സെദറാ, പാപപരിഹാര പ്രാർത്ഥന എന്നർത്ഥമുള്ള ഹൂസോയോ, ധൂപപ്രാർത്ഥന എന്നർത്ഥമുള്ള എത്രോ, സമാപനം എന്നർത്ഥമുള്ള ഹൂത്തോമോ ഇവയെല്ലാം ഓർത്തഡോക്സ് ആരാധനക്രമത്തിലെ ഘടകങ്ങളാണ്. ഇവയിൽ ഹൂത്തോമോ മാത്രമേ ചിലപ്പോഴെങ്കിലും ഗീതമായി ചൊല്ലാറുള്ളു.

## കുക്കിലിയോൻ

ഓർത്തഡോക്സ് ആരാധനാക്രമത്തിൽ വളരെ സ്വാധീനം ചെലുത്തിയിട്ടുള്ള ഒരു ആരാധനാക്രമീകരണമാണ് കുക്കിലിയോനുകൾ. പ്രാർത്ഥനാ ചക്രം എന്നാണ് വാക്കിന്റെ അർത്ഥം. എല്ലാ കുക്കിലിയോനും തുടങ്ങുന്നത് ഒരു സങ്കീർത്തനഭാഗത്തോടെയാണ്. അതിന്റെ ഒടുവിൽ ത്രിത്വസ്തുതിയുണ്ടാകും (ശുബഹോ.... മെനഓലം....) പിന്നീടുള്ള ഭാഗത്തിന് എക്ബോ എന്നു പറയും. (പടി, സ്റ്റെപ്പ് എന്നാണ് വാക്കിനർത്ഥം) എക്ബോ അവസാനിക്കുന്നത് നാം നല്ലവണ്ണം നിൽക്കണം എന്നർത്ഥമുള്ള സ്തൗമെൻകാലോസ് പറഞ്ഞുകൊണ്ടാണ്. വിപുലമായ കുക്കിലിയോനിൽ ഇവിടെ പ്രൊമിയോൻ വായിക്കുന്നതുകൊണ്ടാണ് സ്തൗമെൻകാലോസ് എന്നു പറയുന്നത്. തുടർന്നുള്ളത് കോലോകൾ എന്നു പറയുന്ന പാട്ടുകളാണ്. ഒരേ ലയത്തിലുള്ള രണ്ടോ അതിലധികമോ പാട്ടുകളുടെ ഒരു കൂട്ടമാണിത്. ഇടയ്ക്ക് ത്രിത്വസ്തുതി ഉണ്ടാകും. മൊറിയോറാഹേം മേലൈനൂ ആദാറൈൻ (കർത്താവേ കരുണ ചെയ്ത് ഞങ്ങളെ സഹായിക്കണമേ) പറഞ്ഞുകൊണ്ടാണ് കോലോകൾ അവസാനിക്കുന്നത് കാരണം ഇവിടെ ധൂപപ്രാർത്ഥനയുടെ അവസരമാണ്. അതിനുശേഷം ഒരു ബോവൂസോ (അപേക്ഷ) ചൊല്ലി കുക്കിലിയോൻ അവസാനിപ്പിക്കും. ഈ ക്രമീകരണത്തിലുള്ള വളരെയധികം ആരാധനകൾ സഭയിൽ ഉണ്ട്. എന്നാൽ ദൈവമാതാവ്, പരിശുദ്ധന്മാർ, വാങ്ങിപ്പോയ പട്ടക്കാർ, പരേതർ, സ്ലീബാ എന്നീ നാമങ്ങളിലുള്ള കുക്കിലിയോനുകൾ വി. കുർബ്ബാനയിലും മറ്റും നാം സാധാരണയായി ഉപയോഗിക്കുന്നുണ്ട്. മാമോദീസാ, വിവാഹം, ഭവന കൂദാശ തുടങ്ങിയ ആരാധനക്രമങ്ങളിലെല്ലാം കുക്കിലിയോന്റെ സാന്നിദ്ധ്യം കാണാം.

## സാധാരണ നമസ്കാരം

ഭവനങ്ങളിൽ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി രാവിലെയും വൈകിട്ടും നമസ്കാരം നടത്തേണ്ടത് ഓർത്തഡോക്സ് ഭവനങ്ങളെ സംബന്ധിച്ച് നിർബന്ധമാണെന്ന് സഭ അനുശാസിക്കുന്നു. ഇതിനുവേണ്ടി കുടുംബാരാധനാക്രമം എന്ന ലഘുപുസ്തകം സുന്നഹദോസ് അംഗീകരിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ഒമ്പതാം മണി, സന്ധ്യ, സൂത്താറാ എന്നീ യാമങ്ങളിലെ പ്രാർത്ഥന സന്ധ്യയ്ക്കും രാത്രി പ്രഭാതം, മൂന്നാം മണി, ഉച്ച എന്നീ യാമങ്ങളിലെ പ്രാർത്ഥനകൾ പ്രഭാതത്തിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. ഭവനങ്ങളിൽ പ്രാർത്ഥനയ്ക്കായി 'പാമ്പാക്കുട നമസ്കാരക്രമം' ഉപയോഗിക്കുന്നവരും ഇവ രണ്ടുമല്ലാതെ 'പഴയ നമസ്കാരക്രമം' ഉപയോഗിക്കുന്നവരും സഭയിലുണ്ട്. ഇവയിൽ ഏതു ക്രമം ഉപയോഗിച്ചാലും കുടുംബപ്രാർത്ഥന കൃത്യമായും സഭാചട്ടക്കൂടുകൾ അനുസരിച്ചും നടക്കണം എന്നത് നിർബന്ധമാണ്. എന്നാൽ സെമിനാരികളിലും ദയറാകളിലും മറ്റും സാധാരണ നമസ്കാരം (ശ്ഹീമാ നമസ്കാരം) എന്ന ക്രമമാണ് ഉപയോഗിക്കുന്നത്. ഇതിൽ ഒരോ ദിവസത്തെയും പ്രാർത്ഥനാവിഷയം ദിവസത്തിന്റെ പ്രാധാന്യമനുസരിച്ച് വ്യത്യസ്തമായിരിക്കും. ഞായറാഴ്ച കർത്താവിന്റെ ഉയിർപ്പ് (ക്യംതാ) സ്മരിക്കുന്ന ദിവസമാണ്. തിങ്കളാഴ്ചയും ചൊവ്വാഴ്ചയും അനുതാപത്തിന്റെ ദിവസങ്ങളാണ്. ബുധനാഴ്ച ദൈവമാതാവിനെ സ്മരിക്കുന്ന ദിവസമാണ്. (ശ്ഹീമാ നമസ്കാരത്തിലെ ബുധനാഴ്ച നമസ്കാരമാണ് നാം ഞായറാഴ്ചകളിൽ സ്ലീബാ നമസ്കാരമായി ഉപയോഗിക്കുന്നത്). ശ്ലീഹന്മാരെയും മല്പാൻമാരെയും എപ്പിസ്കോപ്പാമാരെയും ഓർക്കുന്ന ദിവസമാണ് വ്യാഴം. വെള്ളിയാഴ്ച കർത്താവിന്റെ കഷ്ടാനുഭവം സ്മരിക്കുന്ന ദിവസമാണ്. ശനിയാഴ്ച സകല വാങ്ങിപ്പോയവരെയും ഓർക്കുന്ന ദിവസവും.

വലിയ നോമ്പിലും മൂന്നു നോമ്പിലും ഹാശാ ആഴ്ചയിലും ഉള്ള നമസ്കാരങ്ങൾ സാധാരണ നമസ്കാരങ്ങളിൽനിന്നും വ്യത്യസ്തമാണ്.

## ധൂപപ്രാർത്ഥന

ഓർത്തഡോക്സ് ആരാധനക്രമത്തിലെ ഒരു അവിഭാജ്യഘടകമാണ് ധൂപാർപ്പണം. യാമപ്രാർത്ഥനകളിലും വി. കുർബ്ബാനയിലും ഇതര കൂദാശാനുഷ്ഠാനങ്ങളിലും ധൂപത്തിന് പ്രധാനപ്പെട്ട സ്ഥാനമുണ്ട്. പഴയനിയമകാലത്തെ ആരാധനയിൽ ധൂപാർപ്പണത്തിന് വളരെ പ്രാധാന്യമുണ്ടായിരുന്നു. സമാഗമന കൂടാരത്തിൽ ധൂപാർപ്പണത്തിനായി പ്രത്യേകം ധൂപപീഠം ഉണ്ടായിരുന്നു (പുറപ്പാട് 30:1-10). വെളിപാട് പുസ്തകത്തിൽ ധൂപാർപ്പണം സംബന്ധിച്ച് വളരെയധികം സൂചനകളുണ്ട്. പുതിയ യിസ്രായേലാകുന്ന സഭയുടെ പ്രാർത്ഥന ദൈവസന്നിധിയിൽ അർപ്പിക്കപ്പെടുന്ന ധൂപവർഗം നിറഞ്ഞ പൊൻകലശമാണെന്ന് വി. യോഹന്നാൻ പറയുന്നു (വെളിപ്പാട് 5:8). ധൂപാർപ്പണം ദൈവത്തിന് മുമ്പാകെയുള്ള സമ്പൂർണ്ണ സമർപ്പണത്തിന്റെ അടയാളംകൂടിയാണ്. ധൂപത്തിന്റെ സുഗന്ധത്താൽ ദൈവാലയം നിറയുന്നതുപോലെ വിശ്വാസികളുടെ ജീവിതം സ്നേഹവും നന്മയും കൊണ്ടു നിറയണം എന്ന ഒരു പ്രതീകാത്മക അർത്ഥംകൂടി ധൂപത്തിനുണ്ട്. യഥാർത്ഥത്തിൽ ധൂപം അന്തരീക്ഷത്തിലെ ദുർഗന്ധവും മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്. സഭയുടെ ആരാധനയിലൂടെ സ്ഥലകാലങ്ങൾ ശുദ്ധീകരിക്കപ്പെടുന്നതിന്റെ പ്രതീകംകൂടിയാണ് ധൂപം.

## പ്രവർത്തനങ്ങൾ

1. സൺഡേസ്കൂൾ കുട്ടികളുടെ ഇടയിലുള്ള ഒരു സാമ്പിൾ സർവ്വേയിലൂടെ ഇടവകയിൽ എത്ര ശതമാനം ഭവനങ്ങളിൽ രാവിലെയും വൈകിട്ടും കുടുംബപ്രാർത്ഥന ഉണ്ട് എന്നു കണ്ടുപിടിക്കുക.
2. ധൂപക്കുറ്റിയുടെ വിവിധ ഭാഗങ്ങളുടെ അർത്ഥം പഠന വിധേയമാക്കുക.
3. ശവസംസ്കാര ശുശ്രൂഷയിലെ കുക്കിലിയോനിൽ ഉപയോഗിക്കുന്ന സങ്കീർത്തനഭാഗങ്ങൾ കണ്ടുപിടിക്കുക.
4. ഭവനങ്ങളിൽ രാവിലെയും വൈകിട്ടും നടത്തേണ്ട നമസ്കാരത്തെപ്പറ്റി ഒരു ലഘുവിവരണം തയ്യാറാക്കുക.
5. പ്രാർത്ഥനയ്ക്കുള്ള ഏഴു യാമങ്ങളും അവയുടെ പ്രത്യേകതകളും വിശദമാക്കുക.

## തുടർവായനയ്ക്ക്

1. ശുശ്രൂഷാസംവിധാനം - യൂഹാനോൻ മാർ സേവേറിയോസ്
2. ഓർത്തഡോക്സ് സഭയുടെ ആരാധനയും ആചാരാനുഷ്ഠാനങ്ങളും - ജോസഫ് മാർ പക്കോമിയോസ്
3. അബ്ബാ പിതാവേ - റവ. ഫാ. ഡോ. ബി വർഗീസ്
4. ആരാധനയുടെ മകുടമായ വി. കുർബ്ബാനയെക്കുറിച്ചുള്ള വിശദമായ പഠനത്തിന് മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ 'വി. കുർബ്ബാന ഒരു ധ്യാനപഠനം' എന്ന പുസ്തകം ഉപയോഗിക്കുക.

അദ്ധ്യായം നാല്

# ഓർത്തഡോക്സ് സഭയിലെ പെരുന്നാളുകൾ

**വ്യ**ക്തികളായും കുടുംബമായും ദൈവത്തെ ആരാധിക്കുന്നതിനോടൊപ്പം തന്നെ പൊതുവായ ആരാധനയ്ക്കും ഓർത്തഡോക്സ് സഭയിൽ വലിയ പ്രാധാന്യമാണുള്ളത്. സഭാംഗങ്ങൾ എല്ലാവരും ഒരുമിച്ച് ദേവാലയത്തിൽ ഒത്തുകൂടി ഒരു മനസ്സോടെ ദൈവത്തെ ആരാധിക്കുന്നതിനുള്ള അവസരങ്ങൾ എത്രയും വർദ്ധിക്കുന്നുവോ അത്രയും അനുഗ്ര ഹകരമാണ് എന്ന പിതാക്കന്മാരുടെ ചിന്തയാണ് സഭയിൽ പെരുന്നാളുകൾക്കു പ്രാധാ ന്യം വർദ്ധിക്കുവാൻ കാരണമാക്കിയത്. പഴയനിയമകാലത്ത് യഹോവയായ ദൈവത്തിന്റെ കൽപ്പന അനുസരിച്ചു തന്നെ അനേകം പെരുന്നാളുകൾ യഹൂദജനങ്ങൾ ആചരിച്ചിരുന്നു. അവയിൽ വലിയ പെരുന്നാളുകളായ പെസഹ, പെന്തിക്കോസ്തി, കൂടാരപ്പെരുന്നാൾ എന്നീ പെരുന്നാളുകളിൽ യഹൂദന്മാർ യരുശലേം ദേവാലയത്തിൽ ഒരുമിച്ചുകൂടി ആരാ ധിച്ചിരുന്നു.

പെരുന്നാൾ എന്ന വാക്കിന്റെ അർത്ഥം വലിയ ദിവസം എന്നാണ്. അതുകൊണ്ടു തന്നെ സഭയുടെ എല്ലാ പെരുന്നാളുകളും ഏതെങ്കിലും വിധത്തിൽ കർത്താവായ യേശു ക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കും. യേശുക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാന സംഭ വങ്ങൾ, ക്രിസ്തു സ്ഥാപിച്ച സഭയുടെ ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ എന്നിവ അനുസ്മരിക്കുവാനും (*ഉദാ.* സ്ലീബാ പെരുന്നാൾ) അപ്പോസ്തോലന്മാർ, സഭാപിതാ ക്കന്മാർ, ശുദ്ധിമാന്മാർ, ശുദ്ധിമതികൾ എന്നിവരുടെ ഓർമ്മദിവസങ്ങൾ ആചരിക്കു വാനുമാണ് പെരുന്നാളുകൾ നടത്തുന്നത്. ഒരു ഇടവകയെ സംബന്ധിച്ചിടത്തോളം ആ ദേവാലയം ആരുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടുവോ ആ പരിശുദ്ധന്റെ (പരിശുദ്ധയുടെ) ഓർമ്മദിവസമോ, ദേവാലയത്തിന്റെ ശിലാസ്ഥാപനം നടത്തിയ ദിവസമോ പെരുന്നാ ളായി ആചരിക്കാറുണ്ട്.

## മോറാനായ പെരുനാളുകൾ

മോറാൻ എന്നാൽ നമ്മുടെ കർത്താവിന്റെ എന്നാണർത്ഥം. എല്ലാ ഞായറാഴ്ചകളും മോറാനായ പെരുന്നാളുകളാണ് - കർത്താവിന്റെ ഉയിർപ്പിന്റെ സ്മരണ കൊണ്ടാടുന്ന പെരുന്നാൾ. ഇതിനു പുറമേ, ആരാധനാ വർഷത്തിൽ നമ്മുടെ കർത്താവിന്റെ ജീവിത ത്തിലെ പ്രധാന സംഭവങ്ങൾ കൊണ്ടാടുന്ന ദിവസങ്ങളും പെരുന്നാളുകളാണ്. അവ

യാണ് മാറാനായ പെരുന്നാളുകൾ. ദൈവമാതാവിനോടുള്ള വചനിപ്പ്, കർത്താവിന്റെ ജനനം, ദേവാലയ പ്രവേശനം, മാമോദീസാ, മറുരൂപം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തി ഇവ മാറാനായ പെരുന്നാളുകളുടെ ഗണത്തിൽപ്പെടുന്നു. (ഇവയിൽ ഉയിർപ്പും, പെന്തികോസ്തി പെരുനാളും ഞായറാഴ്ച തന്നെയാണ് എന്നുള്ളതുകൊണ്ട് മാറാനായ പെരുന്നാളുകളുടെ പട്ടികയിൽ സാധാരണ പറയാറില്ല.)

ഇവ കൂടാതെ കർത്താവിന്റെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ടിട്ടുള്ള വ്യക്തികളെ സ്മരിക്കുന്ന ദിവസങ്ങളും ഈ ഗണത്തിൽപ്പെട്ട പെരുന്നാളുകളായി ആചരിക്കുവാനാണ് സഭ കൽപ്പിച്ചിട്ടുള്ളത്. അവയിൽ പ്രധാനപ്പെട്ടതാണ് ദൈവമാതാവുമായി ബന്ധപ്പെട്ട പെരുനാളുകൾ (ശൂനോയോ - മാതാവിന്റെ വാങ്ങിപ്പ്). ഇതിനു പുറമേ ചില പെരുന്നാളുകൾ മാറാനായ പോലെ ആചരിക്കണമെന്ന് സഭ കൽപ്പിച്ചിട്ടുണ്ട്. കർത്താവിന്റെ ശ്ലീഹന്മാരുടെ ഓർമ്മ, കർത്താവിനെപ്രതി കഷ്ടതയനുഭവിച്ചു മരിച്ച സഹദേന്മാരുടെ ഓർമ്മ എന്നിവ ഈ ഗണത്തിൽപ്പെടുന്നു. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മയായ ജൂൺ 29ഉം മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ ആയ ജൂലൈ മൂന്നും (അഥവാ ഡിസംബർ 21) മലങ്കരയിൽ മാറാനായ പെരുന്നാളുകളാണ്

## ഞായറാഴ്ച എങ്ങനെ ആചരിക്കണം

"ഈ ദിവസത്തിൽ ലോക വേലകളിൽ നിന്നും ഒഴിഞ്ഞിരിക്കേണ്ടതും വി. കുർബ്ബാന, വേദപുസ്തക വായന, പ്രാർത്ഥന, ദൈവഗീതങ്ങൾ മുതലായ ആത്മീയ വേലകളിൽ ഉൾപ്പെട്ടിരിക്കുന്നതും ആകുന്നു. ആത്മീയ വേലകളിൽ സംബന്ധിക്കാതെ മടിയായിരുന്നു സമയം വൃഥാ ചെലവഴിക്കരുതാത്തതുമാകുന്നു" (മതോപദേശ സാരങ്ങൾ). അന്നേ ദിവസം കുമ്പിടുവാനോ ഉപവസിക്കുവാനോ സഭ അനുവദിക്കുന്നില്ല. (യെശയ്യാ 58:13,14 വായിക്കുക). മാറാനായ പെരുന്നാളുകളും ഇതുപോലെതന്നെ ആചരിക്കപ്പെടേണ്ടതാണെങ്കിലും ഇന്നത്തെ കാലഘട്ടത്തിന്റെ പരിമിതികൾ മൂലം സഭ ഈ കാര്യത്തിൽ നിർബന്ധപൂർവ്വമായ ഒരു സമീപനം സ്വീകരിക്കുന്നില്ല.

## പെരുന്നാളുകൾ ആചരിക്കുന്നതുകൊണ്ടുള്ള പ്രയോജനം

വർഷത്തിൽ വിവിധ സമയങ്ങളിൽ കർത്താവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ ഓർക്കുന്നതിലൂടെ കർത്താവുമായി ഒരു സമകാലീനത്വം നമുക്ക് അനുഭവപ്പെടും. പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഓർമ്മ ആചരിക്കുമ്പോൾ അവരുടെ ജീവിതമാതൃകയും വിശ്വാസ സ്ഥിരതയും കർത്താവിനോടുള്ള സ്നേഹവും നമ്മുടെ ജീവിതത്തിലേക്ക് പകർത്തുവാൻ ഇടയാകുന്നു. അവരുടെ മദ്ധ്യസ്ഥത വഴി ദൈവകൃപയും അനുഗ്രഹങ്ങളും ലഭിക്കുവാൻ ഇടയാകും. കൂടാതെ, അവരിൽക്കൂടി സഭയ്ക്കും ലോകത്തിനും ഉണ്ടായിട്ടുള്ള നന്മകളെപ്രതി ദൈവത്തെ സ്തോത്രം ചെയ്യുവാൻ ഈ അവസരങ്ങൾ പ്രയോജനപ്പെടുത്താം.

## ഏറ്റവും വലിയ പെരുന്നാൾ

ഒരു ക്രിസ്തീയ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ പെരുന്നാൾ ഈസ്റ്ററാണെന്ന് പറയാം. കാരണം ക്രൂശിൽ മരിച്ച ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന ചരിത്രസത്യമാണ് ക്രിസ്തുമതത്തെ മറ്റേതൊരു മതത്തേക്കാളും വ്യത്യസ്തമാക്കുന്നത്. നമ്മുടെ രക്ഷയ്ക്ക് നിദാനമായ ആ സംഭവമാണ് നമ്മെ ഏറ്റവും അധികം സന്തോഷിപ്പിക്കുന്നതും. അതുകൊണ്ടുതന്നെയാണ് എല്ലാ ഞായറാഴ്ചയും നാം പെരുന്നാളായി ആഘോഷിക്കുന്നത്. എന്നാൽ ദൗർഭാഗ്യമെന്നു പറയട്ടെ, പല പള്ളികളിലും ഈസ്റ്റർ ശുശ്രൂഷയ്ക്ക് ആളുകൾ കുറവായിട്ടാണ് കാണപ്പെടുന്നത്. ഈ പ്രവണത തിരുത്തപ്പെടേണ്ടതാണ്.

## പെരുന്നാളുകളിലെ പ്രത്യേക ആചാരങ്ങൾ

പെരുന്നാളുകളുടെ ആചരണത്തിന് അതാതിന്റെ സ്വഭാവത്തിനും വിഷയത്തിനും യോജിച്ച തരത്തിലുള്ള പ്രത്യേകതകൾ ആചാരക്രമങ്ങളിലുള്ളത് ശ്രദ്ധിക്കേണ്ടതാണ്.

ജനനപ്പെരുനാളിലെ തീജ്വാലയുടെ ശുശ്രൂഷ കർത്താവിന്റെ ജനനസമയത്ത് ആട്ടിടയന്മാർ കണ്ടതായ ദിവ്യപ്രകാശത്തെയും, അന്ധകാരത്തിലിരുന്ന ലോകത്തിന് ഉദിച്ചതായ പ്രകാശത്തെയും പ്രതീകാത്മകമായി കാണിക്കുന്നു. ആട്ടിടയന്മാർ വന്ന് കാഴ്ചകൾ അർപ്പിച്ചതുപോലെയും, വിദ്വാന്മാർ പൊന്ന്, മൂര്, കുന്തിരിക്കം എന്നിവ കാഴ്ചയർപ്പിച്ചതിനെയും സ്മരിച്ചുകൊണ്ടും നാം തീജ്വാലയിൽ കുന്തിരിക്കം ഇടുന്നു. കുന്തിരിക്കം ജ്വാലയിൽ ഇടുമ്പോൾ നമ്മെത്തന്നെ ദൈവമുമ്പാകെ സമർപ്പിക്കുന്നതായി ധ്യാനിക്കാവുന്നതാണ്. ഈ ശുശ്രൂഷ രാത്രി നമസ്കാരത്തിന്റെ അവസാനം മാലാഖമാരുടെ സ്തുതിപ്പിന് മുമ്പായി നടത്തുന്നു.

ദനഹാപെരുന്നാളിൽ കർത്താവിന്റെ മാമ്മോദീസായെ അനുസ്മരിച്ചുകൊണ്ട് വെള്ളം വാഴ്ത്തുന്ന ശുശ്രൂഷ നടത്തുന്നു. ത്രിത്വപ്രകാശം യോർദ്ദാനിൽ ഉദയം ചെയ്തപ്പോൾ അഗ്നികൊണ്ടും ആത്മാവുകൊണ്ടും സ്നാനം നൽകുന്നവനെ യോഹന്നാൻ ലോകത്തിനു വെളിപ്പെടുത്തിയതുകൊണ്ടാണ്, ഉദയത്തിന്റെ പെരുനാൾ എന്നർത്ഥമുള്ള ദനഹാ എന്ന് ഈ പെരുന്നാളിന് പേരു വന്നത്.

ഉയിർപ്പ് പെരുന്നാളിന്റെ പ്രത്യേക ശുശ്രൂഷയിലെ പ്രധാന ഭാഗം ഉയിർപ്പിന്റെ പ്രഖ്യാപനമാണ്. രാത്രി നമസ്കാരത്തിന്റെ അന്ത്യത്തിൽ "നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേറ്റ് തന്റെ ശത്രുക്കളെ പിന്നിലേക്ക് ആട്ടിയോടിച്ചിരിക്കുന്നു" എന്ന് വൈദികൻ നടത്തുന്ന പ്രഖ്യാപനമാണ് ഉയിർപ്പിന്റെ പ്രഖ്യാപനം. "സത്യമായി താൻ ഉയിർത്തെഴുന്നേറ്റു എന്നു ഞങ്ങൾ വിശ്വസിച്ചേറ്റു പറയുന്നു" എന്ന് വിശ്വാസികൾ മറുപടി പറയും.

പെന്തിക്കോസ്തി പെരുന്നാളിൽ സുദീർഘമായ ശുശ്രൂഷയാണ് ഇപ്പോൾ നിലവിലുള്ളത്. പിതാവിനെ സംബോധന ചെയ്തും, പുത്രനെ സംബോധന ചെയ്തും, പരിശുദ്ധാത്മാവിനെ സംബോധന ചെയ്തും - ഇങ്ങനെ മൂന്നു ഭാഗങ്ങളാണ് പെന്തിക്കോസ്തി ശുശ്രൂഷയ്ക്കുള്ളത്. മൂന്ന് ശുശ്രൂഷകൾക്ക് ശേഷവും വാഴ്ത്തിയ വെള്ളം വിശ്വാസി

കളുടെ മേൽ തളിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേറ്റ വിശ്വാസികൾക്ക് മാമ്മോദീസായുടെ ഒരു പുതുക്കമാണ് പെന്തിക്കോസ്തി ശുശ്രൂഷയിൽ ലഭ്യമാകുന്നത്.

## ഹൗദ്മാലാഖെ

ഓർത്തഡോക്സ് സഭയിലെ എല്ലാ പ്രത്യേക ശുശ്രൂഷയിലും ഉൾപ്പെടുത്തിയിട്ടുള്ള ഒരു ആരാധനാരീതിയാണ് ഹൗദ്മാലാഖെ എന്നറിയപ്പെടുന്ന സ്ലീബാ ആഘോഷം. പെന്തിക്കോസ്തി ശുശ്രൂഷ മാത്രമാണ് ഇതിനൊരപവാദം. ഒരു കൗമാ ആഘോഷമായി നടത്തുന്ന രീതിയാണ് ഇത്. സാധാരണ പ്രതിവാക്യത്തിൽ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ എന്നതു ചൊല്ലുന്നു. എന്നാൽ പെരുന്നാളുകളിൽ അതതിന്റെ വിഷയം ചേർത്തുള്ള പ്രതിവാക്യമായിരിക്കും ചൊല്ലുന്നത്. സ്വർഗീയ സേനയിലെ ഒൻപതു ഗണങ്ങളോടും ഉയരത്തിലുള്ളതും മദ്ധ്യത്തിലുള്ളതും ആഴത്തിലുള്ളതുമായ എല്ലാ സൃഷ്ടിജാലങ്ങളോടും ചേർന്ന് നിന്നുകൊണ്ട് സഭ, ദൈവത്തെ സ്തുതിക്കുന്ന ഒരു സ്വർഗീയ ആരാധനയാണിത്. ജനനപെരുന്നാൾ, പാതിനോമ്പ്, ദുഃഖവെള്ളിയാഴ്ച, ഉയിർപ്പ് പെരുന്നാൾ, സ്വർഗ്ഗാരോഹണ പെരുന്നാൾ എന്നീ ദിവസങ്ങളിലും പള്ളി കൂദാശ, കുരിശിൻതൊട്ടി കൂദാശ തുടങ്ങിയ ശുശ്രൂഷകളിലും സ്ലീബാ ആഘോഷം നടത്തുന്നു. ദനഹാപെരുന്നാളിൽ വാഴ്ത്തപ്പെട്ട വെള്ളവും ഓശാനപ്പെരുന്നാളിൽ വാഴ്ത്തപ്പെട്ട കുരുത്തോലയും, മൂറോൻ കൂദാശയിൽ ശുദ്ധീകരിക്കപ്പെട്ട മൂറോനും സ്ലീബാ സഹിതം എടുത്ത് ഹൗദ്മാലാഖെ ചൊല്ലുന്നു.

## പെരുന്നാളുകളിലെ അനാവശ്യ ആഢംബരങ്ങൾ

ക്രിസ്തുവിനുവേണ്ടി ജീവിച്ച് മരിച്ച പരിശുദ്ധന്മാരുടെ പെരുന്നാളുകൾ ഇന്ന് അനാവശ്യ ആർഭാടങ്ങളുടെ വേദികളാകുന്നുണ്ട്. ഒരു പരിശുദ്ധന്റെ പെരുന്നാൾ ആഘോഷിക്കുന്നതിലൂടെ ക്രിസ്തുവിന്റെ നാമം മഹത്വപ്പെടുകയും, പരിശുദ്ധന്റെ ജീവിതചര്യ പിന്തുടർന്നു ജീവിച്ച് വിശുദ്ധിയിലേക്ക് വളരുകയും ചെയ്യേണ്ടതിനു പകരം, ഇന്ന് പെരുന്നാളുകൾ ആർഭാടങ്ങൾക്കും മേളങ്ങൾക്കും വഴിമാറുന്നു. ഇതിനെതിരെ ശബ്ദമുയർത്തുന്ന ഒരു പുതിയ തലമുറ വളർന്നുവരണം. രക്തസാക്ഷികളുടെ (ഗീവർഗീസ് സഹദാ, തോമ്മാ ശ്ലീഹാ, പത്രോസ്-പൗലോസ് ശ്ലീഹന്മാർ) പെരുന്നാൾ ആഘോഷിക്കുമ്പോൾ എന്തുകൊണ്ട് അവർ ലോകത്തെ സ്നേഹിക്കാതെ മരണത്തെ സ്വീകരിച്ചു എന്നു ചിന്തിക്കുകയും ധ്യാനിക്കുകയും ആണ് ചെയ്യേണ്ടത്. അവരുടെ ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത തരത്തിലുള്ള ആഘോഷങ്ങൾ ഒഴിവാക്കേണ്ടതാണ്. മലങ്കരസഭയിലെ പരിശുദ്ധന്മാരായ പരിശുദ്ധ പരുമല തിരുമേനിയുടെയും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെയും പെരുന്നാളുകൾ കൊണ്ടാടുമ്പോൾ അവരെ വിശുദ്ധരാക്കിയ അവരുടെ ജീവിതരീതിയെക്കുറിച്ച് ചിന്തിക്കുകയും ആ ജീവിതം അനുകരിക്കുവാൻ ശ്രമിക്കുകയും ചെയ്യണം. അവരെ സഭയ്ക്ക് തന്ന ദൈവത്തെ സ്തുതിക്കുവാനും പ്രസ്തുത പെരുന്നാളുകൾ ഉപകരിക്കണം.

### പ്രവർത്തനങ്ങൾ

1. യഹൂദന്മാരുടെ പെരുന്നാളുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.
2. മോറാനായ പെരുന്നാളുകൾ എന്നാലെന്ത്? അവയുടെ തീയതികൾ കണ്ടുപിടിക്കുക.
3. വിവിധ ദൈവാലയങ്ങളിൽ പെരുന്നാളുമായി ബന്ധപ്പെട്ടു നടത്തുന്ന ക്രൈസ്തവമല്ലാത്ത ചടങ്ങുകൾ ചർച്ച ചെയ്യുക.
4. പെരുന്നാളുകളിലെ ധൂർത്ത് എന്ന വിഷയത്തെക്കുറിച്ച് ഒരു പഠനം നടത്തുക.

### തുടർവായനയ്ക്ക്

1. ഓർത്തഡോക്സ് സഭയുടെ ആരാധനയും ആചാരാനുഷ്ഠാനങ്ങളും - ജോസഫ് മാർ പക്കോമിയോസ്
2. നിർലേപം (അദ്ധ്യായം 5) - ഗീവർഗീസ് മാർ ഈവാനിയോസ്
3. ആത്മാവിലും സത്യത്തിലും (അദ്ധ്യായം 5, 6) - ഫാ. ഡോ. ബി. വർഗീസ്

യൂണിറ്റ് നാല്

# പഠനവും അദ്ധ്യാപനവും സൺഡേസ്കൂളിൽ

## (Learning and Teaching in Sunday School)

**പ**ഠനവും അദ്ധ്യാപനവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾപോലെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അദ്ധ്യാപകൻ എപ്പോഴും ശ്രദ്ധിക്കേണ്ട ഒരു കാര്യം അദ്ധ്യാപന പ്രക്രിയയിലൂടെ വിദ്യാർത്ഥികളെ ഫലപ്രദമായ പഠനത്തിന് തയ്യാറാക്കുക എന്നതാണ്. ഇത് വളരെ ശ്രമകരമായ ഒരു ജോലി യാണ്. പ്രാർത്ഥനയോടെ ഈ ദൈവവേല ഏറ്റെടുത്ത്, നന്നായി തയ്യാറെ ടുപ്പ് നടത്തി, ഇത് നിറവേറ്റുവാൻ ശ്രമിക്കേണ്ടതാണ്.

സൺഡേസ്കൂൾ പഠനവും അദ്ധ്യാപനവും സംബന്ധിച്ച് ഒരു ഏകദേശ ധാരണ നൽകുകയാണ് ഈ യൂണിറ്റിലെ നാല് പാഠങ്ങളിൽകൂടി ഉദ്ദേശിക്കു ന്നത്. ആദ്യത്തെ പാഠത്തിൽ പഠനത്തിന്റെയും അദ്ധ്യാപനത്തിന്റെയും ലക്ഷ്യ ങ്ങളും, അടിസ്ഥാന ഘടകങ്ങളും വ്യക്തമാക്കുന്നു. രണ്ടാമത്തെ പാഠത്തിൽ വിവിധ അദ്ധ്യാപന രീതികളും അവ എപ്രകാരം സൺഡേസ്കൂൾ ക്ലാസ്സുക ളിൽ പ്രാവർത്തികമാക്കാം എന്നതും വിശദമാക്കുന്നു. മൂന്നാമത്തെ പാഠത്തിൽ വിവിധ പഠനസഹായികളും അവയുടെ ഉപയോഗങ്ങളും വിവരിക്കുന്നു. നാലാമത്തെ പാഠത്തിൽ സൺഡേസ്കൂൾ അദ്ധ്യാപകന്റെ കഴിവുകളും മുന്നൊരുക്കങ്ങളുമാണ് പ്രതിപാദിച്ചിരിക്കുന്നത്. ഓരോ പാഠത്തിന്റെയും അവ സാനം കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്ത് പഠിക്കണം. കൂടുതൽ വിവരങ്ങൾ അദ്ധ്യാപകരോട് ചോദിച്ച് മനസ്സിലാക്കാവുന്നതാണ്.

അദ്ധ്യായം ഒന്ന്

# പഠനവും അദ്ധ്യാപനവും സൺഡേസ്കൂളിൽ

## പാഠത്തിന്റെ ഘടന

1. ആമുഖം
2. എന്താണ് പഠനം?
3. പഠനത്തിന്റെ മനഃശാസ്ത്രം
4. എന്താണ് അദ്ധ്യാപനം?
5. അദ്ധ്യാപനത്തിന്റെ ലക്ഷ്യങ്ങൾ
6. പഠനവും അദ്ധ്യാപനവും
7. ഉപസംഹാരം
8. പ്രവർത്തനങ്ങൾ
9. റഫറൻസ് ഗ്രന്ഥങ്ങൾ

### 1. ആമുഖം

പഠനവും അദ്ധ്യാപനവും എന്താണെന്ന് മനസ്സിലാക്കിയാൽ മാത്രമേ അദ്ധ്യാപനം മികവുറ്റതാക്കുവാൻ കഴിയുകയുള്ളൂ. അദ്ധ്യാപനത്തിന് പ്രത്യേകമായ ലക്ഷ്യങ്ങളുണ്ട്. അവ അദ്ധ്യാപകൻ ശരിയായി മനസ്സിലാക്കിയില്ലെങ്കിൽ അദ്ധ്യാപനം ഫലപ്രദമാകയില്ല. ഈവക കാര്യങ്ങൾ ലളിതമായി വിവരിക്കുകയാണ് ഈ പാഠത്തിൽ.

### 2. എന്താണ് പഠനം?

ബാഹ്യമായ സാഹചര്യങ്ങളിൽനിന്ന് ഒരു വ്യക്തിയിലേക്ക് സംവദിക്കപ്പെടുന്ന (Communication) അനുഭവങ്ങൾകൊണ്ടും, ഉൾക്കാഴ്ചകൾ (insights) കൊണ്ടും, ആ വ്യക്തിയിലുണ്ടാകുന്ന സ്ഥിരസ്വഭാവമുള്ള മാറ്റത്തെയാണ് പഠനം എന്ന് പറയുന്നത്. പഠനം ആ വ്യക്തിയുടെ സ്വഭാവത്തിലും, ബൗദ്ധിക ഘടനയിലും മാറ്റങ്ങൾ വരുത്തുന്നു. പഠനത്തെ സംബന്ധിച്ച് നിലനിൽക്കുന്ന രണ്ട് പ്രധാന വീക്ഷണങ്ങൾ 1. പഠനംമൂലം വ്യക്തിയുടെ

പെരുമാറ്റത്തിലും സ്വഭാവത്തിലും മാറ്റം സംഭവിക്കുന്നു എന്ന വാദം (Behaviorism) 2. പഠനംമൂലം വ്യക്തിയുടെ ബൗദ്ധിക ഘടനയിൽ മാറ്റം സംഭവിക്കുന്നു. അതായത് അറിവിന്റെ ചക്രവാളം വിശാലമാവുകയും പുതിയ അറിവ് നേടുകയും ചെയ്യുന്നു എന്ന വാദം (Cognitivism). പഠനംമൂലം ഒരു വ്യക്തിയിൽ മാറ്റം സംഭവിക്കുന്നു എന്നത് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ബാഹ്യമായ പ്രേരണകൾമൂലവും ഈ മാറ്റം സംഭവിക്കാം.

ഒരു വ്യക്തിക്ക് ലഭിക്കുന്ന സാഹചര്യങ്ങളെ നമുക്ക് രണ്ടായി തിരിക്കാം 1. സ്വാഭാവികമായ സാഹചര്യം (natural environment) 2. കൃത്രിമമായ സാഹചര്യം (artificial environment). സ്വാഭാവികമായ സാഹചര്യം പ്രകൃത്യാ ഉള്ളതാണ്; ആരും സൃഷ്ടിക്കുന്നതല്ല. *ഉദാ.* വീട്, പള്ളി, സമൂഹം, കളിക്കൂട്ടുകാർ തുടങ്ങിയവ. എന്നാൽ കൃത്രിമമായ സാഹചര്യം നാം പ്രത്യേകമായി സൃഷ്ടിക്കുന്നതാണ്. അതിനാൽ അത് വളരെ ഔപചാരികവുമായിരിക്കും. *ഉദാ.* സൺഡേസ്കൂൾ, സ്കൂൾ, പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവ. ഈ രണ്ട് സാഹചര്യങ്ങളും വിദ്യാർത്ഥികളെ സ്വാധീനിക്കുന്നു. അതിനാൽ ശരിയായ പഠനം നടക്കണമെങ്കിൽ അനുകൂലമായ ഒരു സാഹചര്യം ഉണ്ടായിരിക്കണം.

### 3. പഠനത്തിന്റെ മനഃശാസ്ത്രം (Psychology of Learning)

പഠനത്തിന്റെ ചില അടിസ്ഥാന ഘടകങ്ങളാണ് ഈ ഭാഗത്ത് നാം ചിന്തിക്കുന്നത്. അവയിൽ പ്രധാനമായത്: 1. യഥാർത്ഥ താൽപര്യം (Genuin Interest), 2. ശരിയായ മനോഭാവം (Right Attitude), 3. പഠനസന്നദ്ധത (Readiness to Learn), 4. പഠനത്തിനു വേണ്ട അഭിരുചികൾ (Aptitudes), 5. പഠനത്തിനാവശ്യമായ പ്രേരണ (Motivation). ഈവക ഗുണങ്ങൾ വിദ്യാർത്ഥിയിൽ വളർത്തിയെടുക്കുവാൻ ശ്രമിക്കേണ്ടത് ഒരു യഥാർത്ഥ അദ്ധ്യാപകന്റെ കർത്തവ്യമാണ്. ചില വിദ്യാർത്ഥികൾക്ക് പഠനത്തോട് താൽപര്യം കാണുകയില്ല. ഇത് പലകാരണങ്ങളാലാകാം. അദ്ധ്യാപകരുടെ അപക്വമായ അദ്ധ്യാപന രീതി, വിദ്യാർത്ഥികളോടുള്ള തെറ്റായ സമീപനം, വിഷയത്തിന്റെ കാഠിന്യം, അനുയോജ്യമല്ലാത്ത ശിക്ഷാരീതികൾ, ശരിയായ പാഠ്യനുബന്ധ പ്രവർത്തനങ്ങളുടെ അഭാവം, അനുയോജ്യമല്ലാത്ത ഭവനാന്തരീക്ഷം തുടങ്ങിയ പല കാരണങ്ങൾമൂലം വിദ്യാർത്ഥിക്ക് പഠനത്തിൽ വേണ്ടത്ര താൽപര്യം ഇല്ലാതെയാവാം. അതിനാൽ ഒരു ഉത്തമ അദ്ധ്യാപകൻ തന്റെ വിദ്യാർത്ഥികളിൽ ശരിയായ പഠനതാൽപര്യം വളർത്തിയെടുക്കുവാൻ ശ്രമിക്കണം. എങ്കിൽ മാത്രമേ ഫലപ്രദമായ പഠനം സാധ്യമാവുകയുള്ളൂ. ഇതുപോലെതന്നെ മേല്പറഞ്ഞ മറ്റു കഴിവുകളും നൈപുണികളും (Skills and Abilities) പരിശീലിപ്പിച്ചാൽ മാത്രമേ ശരിയായ പഠനം സാദ്ധ്യമാവൂ...

### 3. എന്താണ് അദ്ധ്യാപനം

അദ്ധ്യാപനത്തിന് നിർവ്വചനങ്ങൾ അനേകമുണ്ട്. ഇവയെല്ലാം വിരൽചൂണ്ടുന്ന ഒരു പ്രധാന ആശയമാണ് അദ്ധ്യാപനം ശരിയായ പഠനം സാധ്യമാക്കുന്ന പ്രക്രിയയാണ് എന്നത്. വിദ്യാർത്ഥിയിൽ ശരിയായ പഠനം സംജാതമാക്കുന്നതിനായി അദ്ധ്യാപകൻ നടത്തുന്ന ചിട്ടയായ പ്രവർത്തനത്തെയാണ് അദ്ധ്യാപനം എന്നു പറയുന്നത്.

അദ്ധ്യാപനത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ് 1. അദ്ധ്യാപകൻ, 2. വിദ്യാർത്ഥി, 3. പാഠ്യവിഷയം, 4. സാഹചര്യം അഥവാ പരിസ്ഥിതി എന്നിവ. ഈ നാലു ഘടകങ്ങളും

അനുയോജ്യമായി ഒന്നുചേർന്ന് പ്രവർത്തിക്കുമ്പോൾ മാത്രമേ അദ്ധ്യാപനം വിജയിക്കുകയുള്ളൂ.

**4. അദ്ധ്യാപനത്തിന്റെ ലക്ഷ്യങ്ങൾ**

വിദ്യാർത്ഥിയുടെ സർവ്വതോന്മുഖമായ വികാസം അതായത് ശാരീരികവും, ബൗദ്ധികവും, മാനസികവും, ധാർമ്മികവും, ആത്മീയവുമായ വികാസം - സാദ്ധ്യമാകുക എന്നതാണ് ഏതൊരു അദ്ധ്യാപനത്തിന്റെയും ലക്ഷ്യം. അദ്ധ്യാപനത്തിന് ആത്മീയവികാസം എന്നൊരു ലക്ഷ്യമുണ്ട് എന്ന് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വ്യക്തമാക്കിയിട്ടുണ്ട്. (“By education, I mean an allround drawing out of the best in child and man - body, mind and spirit”- Mahatma Gandhi)

സൺഡേസ്കൂൾ അദ്ധ്യാപനത്തിന്റെ ലക്ഷ്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ അവയെ നമുക്ക് മൂന്നായി തിരിക്കാം.

1. പരമമായ ലക്ഷ്യം (ultimate goal)
2. ദീർഘകാല ലക്ഷ്യം (long term goal)
3. ഹ്രസ്വകാല ലക്ഷ്യം (short term / immediate goal)

**പരമമായ ലക്ഷ്യം അഥവാ ആത്യന്തിക ലക്ഷ്യം**

ദൈവപൈതലായി ജീവിച്ച് നിത്യജീവന്റെ അഥവാ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയായിത്തീരുക.

ഇത് നമ്മുടെ സൺഡേസ്കൂൾ അദ്ധ്യാപനത്തിന്റെ പരമമായ ലക്ഷ്യമായി നമുക്ക് കരുതാം. കാരണം നമ്മുടെ സഭയുടെ എല്ലാ അനുഷ്ഠാനങ്ങളും കൂദാശകളും കേന്ദ്രീകരിക്കുന്നത് ഈ ലക്ഷ്യത്തിലേക്കാണ്. ഈ ലക്ഷ്യം അദ്ധ്യാപകൻ മനസ്സിൽ സൂക്ഷിക്കേണ്ടതാണ്.

**ദീർഘകാല ലക്ഷ്യങ്ങൾ**

മുകളിൽ സൂചിപ്പിച്ച പരമമായ ലക്ഷ്യം നേടുന്നതിന് സഹായിക്കുന്ന ചില ദീർഘകാല ലക്ഷ്യങ്ങളാണ് ഇവിടെ സൂചിപ്പിക്കുന്നത്.

1. ഓർത്തഡോക്സ് വിശ്വാസത്തിൽ അടിയുറച്ച് ഒരു ഉത്തമ ക്രിസ്തീയജീവിതം നയിക്കുക.
2. സൽസ്വഭാവികളായി സമൂഹത്തിൽ സഹവർത്തിക്കുക.
3. ഉത്തമ മൂല്യങ്ങളായ പരിശുദ്ധാത്മഫലങ്ങൾ (ഗലാത്യ. 5:22) പുറപ്പെടുവിക്കുക
4. സൽക്കർമ്മങ്ങൾ, സദ്വിചാരങ്ങൾ എന്നിവ വളർത്തിയെടുക്കുക.
5. സഭയ്ക്കും സമൂഹത്തിനും ഉപകാരികളായി വർത്തിക്കുക.
6. സത്യവിശ്വാസത്തിലും സത്യാരാധനയിലും നിലനിൽക്കുക.
7. ഓർത്തഡോക്സ് വിശ്വാസത്തിലും സഭയുടെ അപ്പോസ്തോലിക അടിസ്ഥാനത്തിലും പാരമ്പര്യങ്ങളിലും അഭിമാനംകൊള്ളുക.

**ഹ്രസ്വകാല ലക്ഷ്യങ്ങൾ**

ഹ്രസ്വകാല ലക്ഷ്യങ്ങൾ അഥവാ പഠനോദ്ദേശ്യങ്ങൾ ചുരുങ്ങിയ സമയംകൊണ്ട് നേടാവുന്ന ലക്ഷ്യങ്ങളാണ്. സൺഡേസ്കൂൾ അദ്ധ്യാപകർ തങ്ങളുടെ ഓരോ ക്ലാസ്സിലും ഈ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് പരമാവധി ശ്രദ്ധിക്കേണ്ടതാണ്. പ്രധാന ഹ്രസ്വ കാല ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

1. വേദപുസ്തക സത്യങ്ങൾ പഠിക്കുകയും, അവ സ്വായത്തമാക്കുകയും ചെയ്യുക.
2. പതിവായി വേദപുസ്തകം വായിച്ച് ധ്യാനിക്കുകയും, കാനോനിക നമസ്കാരങ്ങൾ (2 നേരമായിട്ടെങ്കിലും) മുടങ്ങാതെ നടത്തുകയും ചെയ്യുക.
3. സഭയുടെ പ്രാർത്ഥനകളും, ആരാധനാ ഗീതങ്ങളും പഠിക്കുകയും അവ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക.
4. സഭയുടെ വി. കൂദാശകൾ, നോമ്പുകൾ, ആരാധനകൾ മുതലായവയെപ്പറ്റി വ്യക്ത മായി മനസ്സിലാക്കുകയും അവ അനുഷ്ഠിക്കുകയും ചെയ്യുക.
5. സഭാപിതാക്കന്മാരുടെ ജീവചരിത്രം പഠിക്കുകയും, അവരുടെ നല്ല മാതൃകകൾ അനു കരിക്കുകയും ചെയ്യുക.
6. സഭയുടെ ചരിത്രം - പ്രത്യേകാൽ കാതോലിക്കേറ്റിന്റെ ചരിത്രം പഠിക്കുകയും, സഭ യുടെ അനുഷ്ഠാനങ്ങൾ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ എന്നിവയിൽ അവ ബോധം വർദ്ധിപ്പിക്കുകയും അവ പാലിക്കുകയും ചെയ്യുക.
7. ജീവിതത്തിൽ അനുവർത്തിക്കേണ്ട നല്ല ശീലങ്ങൾ മനസ്സിലാക്കുകയും അവ ജീവി തത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക.

മേല്പറഞ്ഞ ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കിയാണ് നമ്മുടെ പുതിയ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പരീക്ഷയ്ക്കുവേണ്ടി കുട്ടികളെ ഒരുക്കുകയോ, അവരിൽ മത്സരബുദ്ധി വളർത്തുകയോ അല്ല നമ്മുടെ ലക്ഷ്യം എന്ന് അദ്ധ്യാപകർ മനസ്സിലാ ക്കണം. മേൽ സൂചിപ്പിച്ച വിവിധ ലക്ഷ്യങ്ങൾ നേടുന്നതിന് സഹായകരമായ പഠനാനു ഭവങ്ങൾ പ്രദാനം ചെയ്യുവാൻ അദ്ധ്യാപകർ പരിശ്രമിക്കണം. ചുരുക്കത്തിൽ, അദ്ധ്യാപ കന്റെ എല്ലാ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളും വിവിധ ലക്ഷ്യങ്ങളെ ആശ്രയിച്ചിരി ക്കണം.

**5. പഠനവും അദ്ധ്യാപനവും**

പഠനവും അദ്ധ്യാപനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അവ പരസ്പരം പൂരക ങ്ങളാണ്. യഥാർത്ഥ പഠനം നടക്കുന്നില്ലെങ്കിൽ അദ്ധ്യാപനം വ്യർത്ഥമായിരിക്കും. ശരി യായ അദ്ധ്യാപനം ഒരു കലയും നൈപുണ്യവുമാണ്. അത് ഏറ്റവും നന്നായി നിറവേറ്റു ന്നവരാണ് ഒരു ഉത്തമ അദ്ധ്യാപകർ.

**6. ഉപസംഹാരം**

പഠനവും അദ്ധ്യാപനവും എന്താണെന്ന് നാം മനസ്സിലാക്കി. ശരിയായ പഠനം എങ്ങനെ സാധ്യമാക്കാമെന്നും, പഠനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ എന്തെല്ലാമെന്നും നാം പഠിച്ചു. അദ്ധ്യാപനത്തിന്റെ, പ്രത്യേകിച്ച് സൺഡേസ്കൂൾ അദ്ധ്യാപനത്തിന്റെ ലക്ഷ്യ

ങ്ങൾ ഏതെല്ലാമെന്നും നാം മനസ്സിലാക്കി. വിദ്യാർത്ഥികൾ ശരിയായി പഠിക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് തന്റെ കഴിവും നൈപുണിയും ഉപയോഗിച്ച് ഏറ്റവും അനുയോജ്യമായ പഠനാനുഭവങ്ങൾ സൃഷ്ടിക്കുന്നവരാണ് ഉത്തമ അദ്ധ്യാപകർ.

**7. പ്രവർത്തനങ്ങൾ**

1. പഠനവും അദ്ധ്യാപനവും താരതമ്യം ചെയ്യുക.
2. അദ്ധ്യാപനത്തിന്റെ വിവിധ ലക്ഷ്യങ്ങൾ അടങ്ങുന്ന ഒരു ചാർട്ട് തയ്യാറാക്കുക. കൂടുതൽ ലക്ഷ്യങ്ങൾ ചോദിച്ചറിഞ്ഞ് കൂട്ടിച്ചേർക്കുക.
3. വിദ്യാർത്ഥികളിൽ പഠനതാൽപര്യം എങ്ങനെയെല്ലാം ഉണ്ടാക്കിയെടുക്കാം എന്ന വിഷയത്തെപ്പറ്റി ക്ലാസ്സിൽ ഒരു ചർച്ച നടത്തുക. കണ്ടെത്തിയ വിവരങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുക.

അദ്ധ്യായം രണ്ട്

# ബോധനരീതികൾ

## (Teaching Methods)

### പാഠത്തിന്റെ ഘടന

1. ആമുഖം
2. ബോധനരീതികൾ എന്നാലെന്ത്?
3. വിവിധതരം ബോധനരീതികൾ - പ്രത്യേകതകൾ
4. സൺഡേസ്കൂൾ അദ്ധ്യാപന രീതികൾ
5. ഉപസംഹാരം
6. പ്രവർത്തനങ്ങൾ
7. റഫറൻസ് ഗ്രന്ഥങ്ങൾ

**1. ആമുഖം**

അദ്ധ്യാപനം എന്നാൽ പ്രത്യേകമായി മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള പഠന ലക്ഷ്യങ്ങൾ നേടുന്നതിനായി അദ്ധ്യാപകർ നടത്തുന്ന ചിട്ടയായ പ്രവർത്തനമാണ്. അതിനാൽ ഒരു അദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം “എന്തു പഠിപ്പിക്കണം? (What to teach)” എന്നതു പോലെ പ്രാധാന്യമുള്ളതാണ് “എങ്ങനെ പഠിപ്പിക്കണം? (How to teach)” എന്നത്. ഒരേ ആശയംതന്നെ പല അദ്ധ്യാപകരും പല തരത്തിലാവും അവതരിപ്പിക്കുന്നത്. ഉദാഹരണത്തിന് നല്ല ശമര്യക്കാരന്റെ ഉപമ പഠിപ്പിക്കണമെന്നിരിക്കട്ടെ. ചില അദ്ധ്യാപകർ അത് ഒരു കഥ പറയുന്നതുപോലെ അവതരിപ്പിക്കും. ചിലർ അത് വിവരണ രീതിയിലാവും അവതരിപ്പിക്കുക. ചിലരാകട്ടെ ചോദ്യോത്തര രീതിയോ ചർച്ചാരീതിയോ ഒക്കെ അവലംബിക്കും. ഒരു ഉത്തമ അദ്ധ്യാപകൻ പാഠ്യവസ്തുവിന്റെ സ്വഭാവവും കുട്ടികളുടെ കഴിവുകളും താൽപര്യങ്ങളും സാഹചര്യങ്ങളും കണക്കിലെടുത്ത് ഏറ്റവും അനുയോജ്യമായ രീതി തെരഞ്ഞെടുക്കും. ഇപ്രകാരം അദ്ധ്യാപകർ തെരഞ്ഞെടുക്കുന്ന രീതിയെ ബോധനരീതി അഥവാ അദ്ധ്യാപനരീതി എന്ന് പറയുന്നു. ബോധനരീതികൾ എന്നാലെന്ത് എന്നും വിവിധതരം ബോധനരീതികളും അവയുടെ പ്രത്യേകതകൾ എന്തെല്ലാമെന്നുമാണ് ഈ പാഠത്തിൽ നാം പഠിക്കുന്നത്.

## 2. ബോധനരീതികൾ എന്നാലെന്ത്?

അദ്ധ്യാപനത്തിന്റെ ലക്ഷ്യം കുട്ടികളുടെ സമഗ്രമായ കഴിവുകളിൽ അഭിലഷണീയ മായ വ്യത്യാസം വരുത്തുക എന്നതാണ്. അതിനായി അദ്ധ്യാപകർ അനുയോജ്യമായ പഠനാനുഭവങ്ങൾ സൃഷ്ടിക്കുന്നു. ഇപ്രകാരം പഠനാനുഭവങ്ങൾ സൃഷ്ടിക്കുന്ന വിവിധ മാർഗ്ഗങ്ങളെയാണ് ബോധനരീതികൾ എന്നു പറയുന്നത്. ഏറ്റവും അനുയോജ്യമായ ബോധനരീതികൾ ഉപയോഗിച്ച് പാഠഭാഗം അവതരിപ്പിക്കുമ്പോഴാണ് കാര്യക്ഷമമായ പഠനം സാധ്യമാവുന്നത്. അതിനാൽ ബോധനരീതികൾ തെരഞ്ഞെടുക്കുമ്പോൾ അദ്ധ്യാ പകൻ കുട്ടികളുടെ മുന്നറിവ്, പാഠഭാഗത്തിന്റെ സ്വഭാവം, പഠനോദ്ദേശ്യങ്ങൾ, പഠന സഹാ യികൾ, ലഭ്യമായിട്ടുള്ള സമയം, കുട്ടികളുടെ കഴിവുകൾ, താൽപര്യങ്ങൾ ഇവയെല്ലാം പരിഗണിക്കേണ്ടതാണ്. ഒരു പാഠത്തിൽ ഉടനീളം ഒരു രീതിതന്നെ ഉപയോഗപ്പെടുത്തു ന്നത് നന്നല്ല. വിവിധ ബോധനരീതികൾ സമന്വയിപ്പിച്ച് ആകർഷകമായി അവതരിപ്പിക്കു കയാണ് ചെയ്യേണ്ടത്. ഈ സമീപനത്തെ ബഹുബോധന രീതി സമീപനം (Multi Methodology Approach) എന്ന് പറയുന്നു. ഉദാഹരണത്തിന് പ്രസംഗരീതിയിൽ ഒരു ആശയം അവതരിപ്പിച്ചിട്ട് അതിന്റെ ഉറപ്പിനായി ഒരു ചർച്ച സംഘടിപ്പിക്കാവുന്നതാണ്. ഇപ്രകാരം ഏതെല്ലാം രീതികൾ ഒരു ക്ലാസ്സിൽ ഉപയോഗപ്രദമാക്കുവാൻ കഴിയുമോ അവ കൃത്യ മായും ചിട്ടയായും ക്രമീകരിച്ച് അവതരിപ്പിക്കണം. വിവിധ ബോധനരീതികളെക്കുറിച്ച് ഇനി നമുക്ക് പഠിക്കാം.

## 3. വിവിധതരം ബോധനരീതികൾ

ബോധനരീതികൾ ധാരാളമുണ്ട്. കാരണം ഒരു രീതിയും അദ്ധ്യാപനത്തിന് സമ്പൂർണ്ണമോ കുറ്റമറ്റതോ അല്ല. അതിനാൽ വിവിധ രീതികൾ പഠനത്തിന്റെ സ്വഭാവ ത്തിനനുസരിച്ച് ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

ബോധനരീതികളെ പൊതുവായി രണ്ടായി തിരിക്കാം. 1. അദ്ധ്യാപക കേന്ദ്രീകൃതമാ യവ (Teacher centred), 2. വിദ്യാർത്ഥി കേന്ദ്രീകൃതമായവ (Learner centred)

### അദ്ധ്യാപക കേന്ദ്രീകൃത ബോധനരീതികൾ

പരമ്പരാഗത ബോധനരീതികളാണ് ഇവ. ഇവിടെ അദ്ധ്യാപകനും അദ്ദേഹത്തിന്റെ കഴിവുകൾക്കുമാണ് മുഖ്യസ്ഥാനം. വിദ്യാർത്ഥികൾ പലപ്പോഴും കേഴ്വിക്കാരായി മാറാ റുണ്ട്. അവരുടെ കഴിവുകളിലെ വ്യത്യാസങ്ങൾ വേണ്ടവണ്ണം പരിഗണിക്കാൻ ഈ രീതി കൾ അവലംബിക്കുമ്പോൾ അദ്ധ്യാപകന് കഴിയാറില്ല. ഈ ഗ്രൂപ്പിൽ പെടുന്ന പ്രധാന ബോധന രീതികളാണ് - പ്രസംഗരീതി (Lecture Method), കഥാവതരണരീതി (Story Telling Method), ദൃഷ്ടാന്ത രീതി (Demonstration Method), വിവരണ രീതി (Narration Method), പാഠപുസ്തക രീതി (Text Book Method) തുടങ്ങിയവ.

നമ്മുടെ സൺഡേസ്കൂളുകളിൽ ഈ രീതികളാണ് കൂടുതലായും അദ്ധ്യാപകർ അവ ലംബിക്കുന്നത്. ഇവ മോശമാണ് എന്നല്ല ഉദ്ദേശിക്കുന്നത്. ഇവ ഏറ്റവും ആകർഷക മായി, ആമുഖവും, ഉപസംഹാരവും ചേർത്ത് ഇടയ്ക്കിടെ ചോദ്യങ്ങൾ ചോദിച്ച് യുക്ത മായ ഫലിതങ്ങൾ ചേർത്ത് മനോഹരമാക്കാവുന്നതാണ്. എന്നാൽ കുട്ടികളുടെ സ്വതന്ത്ര ചിന്തയെ പ്രോത്സാഹിപ്പിക്കുന്നതിനോ പഠനത്തിൽ കുട്ടികളുടെ സജീവ പങ്കാളിത്തം

ഉറപ്പിക്കുന്നതിനോ, അന്വേഷണ പാടവം (Enquiry Skill) വർദ്ധിപ്പിക്കുന്നതിനോ, പഠനം സ്വാഭാവികവും കാര്യക്ഷമവും ആക്കുന്നതിനോ ഉള്ള സാധ്യത ഇവയിൽ വളരെ കുറ വാണ്. അതുകൊണ്ട് മേല്പറഞ്ഞ രീതികൾ കൂടുതലായി അവലംബിച്ചാൽ പഠനം വിദ്യാർത്ഥികൾക്ക് ഒരു കീറാമുട്ടിയായി അനുഭവപ്പെടും. ഈ കുറവുകൾ മനസ്സിലാക്കി പിൽക്കാലത്ത് വികസിപ്പിച്ചവയാണ് വിദ്യാർത്ഥി കേന്ദ്രീകൃത ബോധനരീതികൾ.

ഇവിടെ അദ്ധ്യാപകന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ പഠനം ഏറ്റെടുത്ത് വിവിധ പ്രവർത്തനങ്ങളിലൂടെ സ്വയം പഠിക്കുകയാണ് ചെയ്യുന്നത്. ശരിയായ പഠനം നടക്കണ മെങ്കിൽ വിദ്യാർത്ഥികൾക്ക് പൂർണ്ണമായ താൽപര്യവും സന്നദ്ധതയും വേണം എന്ന് നാം കഴിഞ്ഞ പാഠത്തിൽ കണ്ടുകഴിഞ്ഞു. ഇവിടെ അദ്ധ്യാപകൻ നേരിട്ടു പഠിപ്പിക്കുക യല്ല, മറിച്ച് പഠനത്തിന് വിദ്യാർത്ഥികളെ സജ്ജരാക്കുകയും അവർക്ക് സുഗമമായി പഠി ക്കുന്നതിനുള്ള ക്രമീകരണങ്ങളും പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകുകയുമാണ് ചെയ്യുന്നത്. ഈ രീതികൾ അവലംബിച്ചാൽ കുട്ടികൾ യാന്ത്രികമായി അറിവു നേടുന്ന തിനുപകരം അനായാസേന അറിവു നേടുന്നതിനും നേടുന്ന അറിവ് വിവിധ ജീവിത സാഹചര്യങ്ങളിൽ പ്രയോഗിക്കുവാനും കഴിവുണ്ടാകുന്നു.

ഈ ഗണത്തിൽപെടുന്ന വിവിധ രീതികളാണ് - ചർച്ചാരീതി (Discussion Method), സഹകരണ പഠനം (Co-operative Learning), അന്വേഷണരീതി (Enquiry Method), പ്രോജക്ട് രീതി (Project Method), പ്രശ്നപരിഹരണ രീതി (Problem Solving Method), നിരീക്ഷണ രീതി (Observation Method), നാടകീയാവിഷ്കാര രീതി (Dramatization Method) തുടങ്ങി യവ. നമ്മുടെ സൺഡേസ്കൂളുകളിൽ ഈ രീതികൾ വളരെ അപൂർവ്വമായേ ഉപയോഗി ക്കാറുള്ളൂ. എന്നാൽ ഇപ്പോൾ നടപ്പിലാക്കുന്ന പാഠപുസ്തക പരിഷ്കരണം തികച്ചും വിദ്യാർത്ഥികേന്ദ്രീകൃതമായതിനാൽ ഒരു നല്ല അളവുവരെ മേല്പറഞ്ഞ രീതികൾ പ്ര യോഗിക്കുവാൻ അദ്ധ്യാപകർ പ്രാപ്തരാകേണ്ടതാണ്. അതിനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടികളും ക്രമീകരിക്കേണ്ടതാണ്. ഈ രീതികളെപ്പറ്റി ഒരു ചുരുങ്ങിയ വിവരണം തുടർന്ന് നൽകുന്നു.

### 4. സൺഡേസ്കൂൾ അദ്ധ്യാപന രീതികൾ

സൺഡേസ്കൂൾ അദ്ധ്യാപനത്തിന് പ്രയോജനപ്പെടുത്താവുന്ന പരമ്പരാഗതവും ആധു നികവുമായ വിവിധ രീതികളാണ് ഇവിടെ ചുരുക്കമായി പ്രതിപാദിക്കുന്നത്. അദ്ധ്യാപന ത്തിന് ഒരു രീതിമാത്രം ഉടനീളം ഉപയോഗിക്കുന്നത് ശരിയല്ല. അതിനാൽ വിവിധ രീതി കളെ യഥായോഗ്യം കൂട്ടിച്ചേർത്ത് സ്വാഭാവികമാക്കി അവതരിപ്പിക്കുകയാണ് ചെയ്യേണ്ടത്. ഇങ്ങനെയുള്ള സമീപനത്തെപ്പറ്റി (Multi Methodology Approach) നേരത്തെ സൂചിപ്പിച്ചല്ലോ. ഈ രീതിയിൽ ക്രമീകരിച്ച് പാഠഭാഗങ്ങൾ പഠിപ്പിക്കുവാൻ പരിശീലിക്കേണ്ടതാണ്.

#### 1. പ്രസംഗരീതി (Lecture Method)

അദ്ധ്യാപകർ ഏറ്റവും അധികം ഉപയോഗിക്കുന്ന ഒരു രീതിയാണിത്. ഇവിടെ അദ്ധ്യാ പകൻ പാഠഭാഗത്തെ ഒരു പ്രസംഗംപോലെ അവതരിപ്പിക്കുന്നു. നല്ല തയ്യാറെടുപ്പോടെ നടത്തുന്ന പ്രസംഗം ആകർഷകമായിരിക്കും. ആമുഖത്തിനും ആശയങ്ങൾ വിശദീകരി ക്കുന്നതിനും, ആശയങ്ങളെ തമ്മിൽ യോജിപ്പിക്കുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്ന

തിനും, പാഠത്തിനു പുറത്തുള്ള ആശയങ്ങൾ സൂചിപ്പിക്കുന്നതിനുമെല്ലാം ഈ രീതി ഉപയോഗിക്കാവുന്നതാണ്. നന്നായി രൂപരേഖ തയ്യാറാക്കി ഏറ്റവും ലളിതമായും രസകരമായും വേണം അവതരിപ്പിക്കുവാൻ. താഴ്ന്ന ക്ലാസ്സുകളിൽ ഈ രീതി വളരെ കുറച്ചുമാത്രമേ പ്രയോഗിക്കാവൂ.

**2. കഥാവതരണ രീതി (Story Telling Method)**

ഏറ്റവും പ്രയോജനകരമായി ഏതു ക്ലാസ്സിലും ഉപയോഗപ്പെടുത്താവുന്ന ഒരു രീതിയാണിത്. പ്രത്യേകിച്ചും താഴ്ന്ന ക്ലാസ്സുകളിൽ പാഠഭാഗത്തെ ഒരു കഥപോലെ തയ്യാറാക്കി കുട്ടികളുടെ കഴിവനുസരിച്ച് ആകർഷകമായി അവതരിപ്പിക്കണം. കഥ പറയുമ്പോൾ ഇടയ്ക്കിടെ ചോദ്യങ്ങൾ ചോദിച്ച് കുട്ടികളെ അവരുടെ ശ്രദ്ധവിടാതെ പിടിച്ചിരുത്തുവാൻ ശ്രദ്ധിക്കണം. ഇടയ്ക്കിടെ ചിത്രങ്ങൾ കാണിക്കുകയുമാകാം.

**3. ചർച്ചാരീതി (Discussion Method)**

അഞ്ച് മുതലുള്ള ക്ലാസ്സുകളിൽ ഈ രീതി അവലംബിക്കാവുന്നതാണ്. പാഠഭാഗത്തെ പല വിഷയങ്ങളായി വിഭജിച്ച് ഓരോ വിഷയത്തിനും ചർച്ചാസൂചകങ്ങൾ തയ്യാറാക്കി ഓരോ കാർഡുകളായി ക്രമീകരിക്കണം. കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി ഓരോ ഗ്രൂപ്പിനും ഈ കാർഡ് നൽകണം. കുട്ടികൾ ഗ്രൂപ്പായി ചർച്ച ചെയ്ത് വിവിധ ആശയങ്ങൾ കണ്ടെത്തുകയും അവ രേഖപ്പെടുത്തി ഗ്രൂപ്പ് ലീഡർ ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് പൊതുവായ ചർച്ചകളും ആകാം.

**4. സഹകരണ പഠനം (Co-operative Learning)**

കുട്ടികളെ സ്വയം പഠിക്കുവാൻ പ്രാപ്തരാക്കുന്ന ഒരു രീതിയാണിത്. ഇതിനായി പഠന ജോഡികളും (Learning Pairs) പഠന സമൂഹങ്ങളും (Learning Groups) രൂപീകരിച്ച് പഠനവിഷയവും സൂചനകളും നൽകി പഠനദൗത്യം ഏല്പിക്കുന്നു. ക്ലാസ്സിലെ സമയം മാത്രമല്ല പുറത്തുള്ള സമയവും അവർക്ക് ഇതിനായി ഉപയോഗിക്കാം. ബുക്കുകൾ വായിച്ചും മറ്റ് വ്യക്തികളോട് ചോദിച്ചും മറ്റും പഠിച്ച് അത് ഒരു ഡയറിയിൽ രേഖപ്പെടുത്തി വന്ന് ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

**5. പ്രോജക്റ്റ് രീതി (Project Method)**

പൂർണ്ണമനസ്സോടെ സ്വാഭാവികമായ രീതിയിൽ ഏറ്റെടുത്തു നടത്തുന്ന ഒരു പഠന പ്രവർത്തനത്തെയാണ് പ്രോജക്റ്റ് എന്നു പറയുന്നത്. വിവിധ പ്രോജക്റ്റുകളിൽ കൂടി ആശയങ്ങൾ പഠിക്കുന്ന രീതിയാണിത്. ഇവിടെ നൽകുന്ന പ്രോജക്റ്റുകൾ കുട്ടികളുടെ കഴിവിന് അനുസൃതമാവണം. രസകരവും ലളിതവും ആയിരിക്കണം. ക്ലാസ്സിനു പുറത്താണ് ഈ പഠനം കൂടുതലായി നടക്കുന്നത്. വിവരശേഖരണം നടത്തി കണ്ടെത്തിയ വിശദാംശങ്ങൾ ഒരു പ്രോജക്റ്റിന്റെ മാതൃകയിൽ തയ്യാറാക്കി അദ്ധ്യാപകന് സമർപ്പിക്കണം. ഒരു പ്രോജക്റ്റ് എങ്ങനെ ചെയ്യാം എന്ന് നിങ്ങൾ 11-ാം ക്ലാസ്സിൽ പഠിക്കുകയും തയ്യാറാക്കുകയും ചെയ്തതാണല്ലോ.

**6. നിരീക്ഷണരീതി (Observation Method)**

പഠനത്തിന്റെ ഉറവിടത്തിൽ (Learning source) നിന്ന് നേരിട്ട് നിരീക്ഷിച്ച് ആശയം ഗ്രഹിച്ച് അതിനെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കി പഠിക്കുന്ന രീതിയാണിത്. ഇതിനായി

ഒരു ഡയറി (Observation Diary) സൂക്ഷിക്കാം. ഉദാഹരണത്തിന് പള്ളിയുടെ വിവിധ ഭാഗ ങ്ങൾ പഠിക്കുന്നതിനായി അവ അദ്ധ്യാപകൻ കാണിച്ചു കൊടുക്കണം. കുട്ടികൾ നിരീ ക്ഷിച്ച് വിവരങ്ങൾ എഴുതിയെടുക്കുന്നു. അവ പിന്നീട് ക്ലാസ്സിൽ ചർച്ചചെയ്ത് നിഗമന ങ്ങളിലെത്തുന്നു.

**7. നാടകീയാവിഷ്ക്കാര രീതി (Dramatization Method)**

പാഠഭാഗത്തിന്റെ വിവിധ ആശയങ്ങൾ ഒരു ലഘുനാടകംപോലെ അഭിനയിച്ച് അവ തരിപ്പിക്കുന്ന രീതിയാണിത്. സ്കിറ്റുകൾ, മൈം, ലഘുനാടകം, മോണോആക്റ്റ്, റോൾപ്ലേ തുടങ്ങിയവ ഈ രീതിയിൽ ഉൾപ്പെടുത്താം. ഇതിനായി പ്രത്യേകം തയ്യാറെടുപ്പുകൾ വേണം. അദ്ധ്യാപകൻ കുട്ടികളെ സജ്ജമാക്കണം. ഉദാഹരണത്തിന് നല്ല ശമര്യാക്കാ രന്റെ കഥ വിവിധ രീതികൾ ഉപയോഗിച്ച് അഭിനയിച്ച് അവതരിപ്പിക്കാവുന്നതാണ്. അവത രണത്തിനു ശേഷം ചർച്ചയിലൂടെ വിവിധ ആശയങ്ങൾ പങ്കുവയ്ക്കുന്നു.

**8. ചിന്താനൈപുണ്യ വികസന രീതി (Thinking Skills Development Method)**

പാഠഭാഗങ്ങൾ പഠിക്കുന്ന സമയത്ത് കുട്ടികൾക്ക് സ്വയം ചിന്തിച്ച് വിവിധ ആശയ ങ്ങൾ രൂപപ്പെടുത്തുവാനുള്ള പ്രേരണ നൽകുന്ന രീതിയാണിത്. ഉദാഹരണത്തിന് 'മരി ച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന' എന്ന പാഠം പഠിപ്പിക്കുന്നു എന്ന് കരുതുക. നമ്മൾ പല ആശയങ്ങളും പഠിപ്പിച്ചുകഴിഞ്ഞ് ആ ആശയങ്ങളും വേദഭാഗങ്ങളും പ്രായോഗികമാ ക്കാൻ ഒരു സന്ദർഭം നൽകുക. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെ എതിർക്കുന്ന പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽപ്പെടുന്ന നിങ്ങളുടെ ഒരു സുഹൃത്തിന് ഈ ആശയത്തെ വേദ പുസ്തകാടിസ്ഥാനത്തിൽ ന്യായീകരിച്ചുകൊണ്ട് ഒരു കത്തെഴുതുക. പഠിച്ച ആശയങ്ങ ളുടെ യാന്ത്രികമായ ഒരു ആവർത്തനമല്ല ഇവിടെ കുട്ടി നടത്തുന്നത്, മറിച്ച് ഒരു പ്രത്യേക സാഹചര്യത്തിലേക്ക് അത് പ്രായോഗികമാക്കുകയാണ്. അതിന് നല്ല ചിന്ത ആവശ്യമാണ്. കൂടാതെ പഠിച്ച ആശയവുമായി ബന്ധപ്പെട്ട കഥയെഴുതുക, നാടകമെഴുതുക, കവിതയെ ഴുതുക തുടങ്ങിയവയെല്ലാം ഈ രീതിയിൽ ഉപയോഗിക്കാവുന്നതാണ്.

മേൽപറഞ്ഞതുപോലെയുള്ള പല രീതികളും അദ്ധ്യാപകർക്ക് ഏറ്റെടുത്ത് നടത്താ വുന്നതാണ്. 'ഗുരുപാദാന്തികേ' എന്ന പുസ്തകം നിങ്ങൾക്ക് ഇതിനായി ഉപയോഗപ്പെ ടുത്താവുന്നതാണ്. സമയവും, സൗകര്യവും, കഴിവുകളും, പഠനവിഷയവും എല്ലാം പരി ഗണിച്ച് തന്റെ അദ്ധ്യാപനത്തിന്റെ സ്വഭാവവും രീതികളും രൂപപ്പെടുത്തിയെടുക്കേണ്ടത് ഒരു ഉത്തമ അദ്ധ്യാപകന്റെ കർത്തവ്യമാണ്.

**5. ഉപസംഹാരം**

സൺഡേസ്കൂൾ അദ്ധ്യാപനത്തിനായുള്ള വിവിധ രീതികളും അവയുടെ പ്രത്യേക തയും ഉപയോഗവുമൊക്കെയാണ് നാം ഈ ക്ലാസ്സിൽ പഠിച്ചത്. അദ്ധ്യാപനം ഒരു കലയും, നൈപുണ്യവുമാണ്. നല്ല അർപ്പണബോധത്തോടെ, നന്നായി തയ്യാറെടുത്ത്, പ്രാർത്ഥന യോടെ പാഠഭാഗങ്ങൾ അവതരിപ്പിക്കുമ്പോൾ അത് ഏറ്റവും ഹൃദ്യമായി മാറും. അനു യോജ്യമായ വിവിധ രീതികൾ തെരഞ്ഞെടുത്ത് ഓരോ ക്ലാസ്സിനും ചേരുംവിധം രൂപ രേഖ തയ്യാറാക്കി അദ്ധ്യാപനത്തിനായി ഒരുങ്ങണം.

**6. പ്രവർത്തനങ്ങൾ**

1. ഈ പാഠത്തിൽ പഠിച്ച വിവിധ ബോധന രീതികൾ അവലംബിച്ച് ചെറിയ പാഠഭാഗങ്ങൾ തെരഞ്ഞെടുത്ത് നിങ്ങളുടെ ക്ലാസ്സിൽ തന്നെ പഠിപ്പിച്ച് പരിശീലിക്കുക.
2. പാഠഭാഗങ്ങൾ തെരഞ്ഞെടുത്ത് അവയ്ക്ക് അനുയോജ്യമായ ബോധന രീതികൾ ഏതെല്ലാമെന്ന് ക്ലാസ്സിൽ ചർച്ച ചെയ്യുക.
3. അദ്ധ്യാപകർ നടത്തുന്ന ക്ലാസ്സുകളിൽ നിങ്ങൾ പങ്കെടുക്കുമ്പോൾ ആ ക്ലാസ്സിലെ ഓരോ ഭാഗത്തും അദ്ദേഹം ഏതെല്ലാം ബോധനരീതികളാണ് ഉപയോഗിച്ചത് എന്ന് കണ്ടെത്തുക.
4. അദ്ധ്യാപക കേന്ദ്രീകൃതവും, വിദ്യാർത്ഥി കേന്ദ്രീകൃതവുമായ ബോധനരീതികൾ തമ്മിൽ താരതമ്യം ചെയ്യുക.
5. ഈ പാഠത്തിലുള്ളതും അല്ലാത്തതുമായ ബോധനരീതികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക. മറ്റ് ബോധനരീതികൾ വിവിധ അദ്ധ്യാപകരോട് ചോദിച്ച് കണ്ടെത്തുക.

അദ്ധ്യായം മൂന്ന്

# പഠനസഹായികൾ

## (Learning Aids)

### പാഠത്തിന്റെ ഘടന

1. ആമുഖം
2. പഠനസഹായികൾ എന്നാലെന്ത്?
3. പഠനസഹായികൾ - പ്രത്യേകതകൾ
4. വിവിധതരം പഠനസഹായികൾ
5. പഠനസഹായികളും അവയുടെ ഉപയോഗങ്ങളും
6. സൺഡേസ്കൂളിൽ ഉപയോഗപ്പെടുത്താവുന്ന പഠന സഹായികൾ
7. പഠനസഹായികളും അദ്ധ്യാപകനും
8. ഉപസംഹാരം
9. പ്രവർത്തനങ്ങൾ
10. റഫറൻസ് ഗ്രന്ഥങ്ങൾ

**1. ആമുഖം**

പഠനത്തിന്റെ വാതായനങ്ങളാണ് ഇന്ദ്രിയങ്ങൾ. നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ആസ്വാദ്യകരമായ അനുഭവങ്ങളാണ് പഠനങ്ങളായി മാറുന്നത്. നാം കേൾക്കുന്നതും, കാണുന്നതും, മണക്കുന്നതുമെല്ലാം നമ്മുടെ അനുഭവങ്ങളാണ്. ഒരേ ആശയം തന്നെ കേൾക്കുകയും, കാണുകയും, സ്പർശിക്കുകയുമെല്ലാം ചെയ്യുമ്പോൾ അത് വൈവിധ്യമാർന്ന ഇന്ദ്രിയാനുഭവങ്ങളാണ് (Multi sensory experiences) പ്രദാനം ചെയ്യുന്നത്. അതിനാൽ പഠനം എളുപ്പവും സ്വാഭാവികവുമായി മാറും. ജോസഫ് വെബർ എന്ന പണ്ഡിതൻ പറയുന്നത്: "നമ്മുടെ പഠനത്തിന്റെ 40% ഭാഗം ദൃശ്യാനുഭവങ്ങളും 25% ശ്രവ്യാനുഭവങ്ങളും ആണ്" എന്നാണ്. ബാക്കി മുഴുവൻ അനുഭവങ്ങളും കൂടി ചേർന്നാണ് 35% പഠനം നടക്കുന്നത്.

ഇതിൽനിന്നും, നാം കേൾക്കുന്നതിനേക്കാൾ കാണുന്ന കാര്യങ്ങൾക്ക് പഠനത്തിൽ വളരെ സ്വാധീനമുണ്ട് എന്ന് മനസ്സിലാക്കാം. ഇപ്രകാരമുള്ള വിവിധ അനുഭവങ്ങൾ പ്രദാനം ചെയ്യുവാൻ അദ്ധ്യാപകൻ ഉപയോഗപ്പെടുത്തുന്ന ഉപാധികളാണ് പഠന സഹായികൾ അഥവാ ദൃശ്യ-ശ്രാവ്യോപകരണങ്ങൾ (Audio Visual Aids). ഇവയുടെ പ്രത്യേകതകളും, വിവിധതരം പഠനസഹായികളും സൺഡേസ്കൂളുകളിൽ ഉപയോഗപ്പെടു

ത്താവുന്ന വിവിധ പഠനസഹായികളെപ്പറ്റിയുമാണ് ഈ പാഠത്തിൽ നാം പഠിക്കുന്നത്.

### 2. പഠനസഹായികൾ എന്നാലെന്ത്?

പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതും, പഠനത്തിന്റെ സങ്കീർണ്ണത കുറച്ച് പഠനം എളുപ്പമാക്കുന്നതുമായ ദൃശ്യശ്രാവ്യോപകരണങ്ങളെ പഠനസഹായികൾ എന്നു പറയുന്നു. ഇവയുടെ ഉപയോഗംമൂലം പഠനത്തിന്റെ ഗുണമേന്മ വർദ്ധിക്കുകയും പഠനം അനായാസം നടക്കുകയും ചെയ്യും. പഠനാനുഭവങ്ങളെ സുതാര്യവും, സുഗ്രാഹ്യവുമാക്കിത്തീർക്കുന്ന മാധ്യമങ്ങളാണ് പഠനസഹായികൾ. എറിക് ആഷ്ബി (Eric Ashby) എന്ന ചിന്തകൻ വിദ്യാഭ്യാസത്തിൽ സംഭവിച്ച നാല് വിപ്ലവങ്ങൾ ചൂണ്ടിക്കാട്ടുന്നു. 1. വിദ്യാഭ്യാസം വീട്ടിൽ നിന്ന് സ്കൂളിലേക്ക് മാറ്റപ്പെട്ടത് 2. പഠനത്തിനായി എഴുതപ്പെട്ട രേഖകൾ ഉപയോഗപ്പെടുത്തിയത് 3. അച്ചടിയുടെ കണ്ടെത്തലും അതുവഴി പുസ്തകങ്ങളുടെ ഉപയോഗവും 4. ഇലക്ട്രോണിക് മാധ്യമങ്ങളുടെ ഉപയോഗം. ഇതിൽ നാലാമത്തെ മാറ്റം വിദ്യാഭ്യാസത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ ആകർഷകമാക്കുവാൻ സഹായിച്ചു. ഇപ്രകാരം പഠനം ആകർഷകവും കാര്യക്ഷമമാക്കുവാൻ ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങളെ പഠനസഹായികൾ എന്നു പറയുന്നു.

### 3. പഠനസഹായികൾ – പ്രത്യേകതകൾ

പഠനസഹായികൾ ഉപയോഗിക്കുന്നതുകൊണ്ട് പഠനം രസകരവും ആകർഷകവുമാകുന്നു. ഇതു കൂടാതെ ഇവയുടെ മറ്റു ചില പ്രത്യേകതകൾകൂടി നമുക്ക് പഠിക്കാം.

1. നല്ല പ്രേരകവസ്തുക്കളാണ് അവ. കുട്ടികളെ പഠനത്തിനായി പ്രേരിപ്പിക്കാൻ അവയ്ക്ക് കഴിയും.
2. വൈവിധ്യമാർന്ന ഇന്ദ്രിയ അനുഭവം (Multi sensory experience) പ്രദാനം ചെയ്യുവാൻ അവയ്ക്ക് കഴിയും. കേൾക്കാനും, കാണാനും, വായിക്കുവാനും എഴുതാനും, പ്രവർത്തിക്കാനും എല്ലാം ഉള്ള അനുഭവങ്ങൾ അവയിൽക്കൂടി ലഭിക്കുന്നു.
3. യഥാർത്ഥ വസ്തുക്കളുടെ പ്രതിബിംബങ്ങൾ പഠനസഹായികളായി ഉപയോഗിക്കുമ്പോൾ ആ വസ്തുക്കൾ കണ്ടതുപോലെയുള്ള ഒരു അനുഭവം കുട്ടികൾക്ക് ലഭിക്കുന്നു.
4. ക്ലാസ്സിന് ഒരു വൈവിധ്യം (Varity) നൽകുവാൻ ഇവയ്ക്ക് കഴിയും. ഉദാഹരണത്തിന് അദ്ധ്യാപനത്തിനിടയിൽ ഒരു ചിത്രം കാണിക്കുമ്പോൾ കുട്ടികൾക്ക് കൂടുതൽ താൽപര്യം ഉണ്ടാവുന്നു.
5. സമയ-ഊർജ്ജ ലാഭം പഠനസഹായികളുടെ ഉപയോഗത്തിന്റെ പ്രത്യേകതയാണ്. ഒരു നല്ല ചിത്രം ആയിരം വാക്കുകളേക്കാൾ ഉത്തമം എന്നൊരു ചൊല്ലുണ്ട്. അത്രയ്ക്ക് പഠനം എളുപ്പമാകും.
6. ക്ലാസ്സിലെ വിരസത ഒഴിവാക്കാൻ അവ സഹായിക്കുന്നു. ഫിലിമുകളും ഡോക്യുമെന്ററികളും അദ്ധ്യാപനത്തിന്റെ ഭാഗമാക്കാവുന്നതാണ്. അപ്പോൾ ക്ലാസ്സ് വളരെയേറെ ആകർഷകമാകും.

“ഞാൻ കേൾക്കുന്നത് ഞാൻ മറക്കുന്നു, ഞാൻ കാണുന്നത് ഞാൻ ഓർക്കുന്നു, ഞാൻ ചെയ്യുന്നവ ഞാൻ മനസ്സിലാക്കുന്നു” എന്നൊരു ചൊല്ലുണ്ട്. അതിനാൽ നല്ല

അദ്ധ്യാപനത്തിൽ കേൾക്കുവാൻ മാത്രമല്ല, കാണുവാനും, വായിക്കുവാനും, എഴുതുവാനും, പ്രവർത്തിക്കുവാനുമെല്ലാം ഉള്ള അവസരങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നു. ഇതിനായി പഠന സഹായികൾ യഥായോഗ്യം ഉപയോഗിക്കണം.

### 4. വിവിധതരം പഠനസഹായികൾ

പഠനസഹായികളെ പ്രധാനമായി നാലായി തരംതിരിക്കാം

1. അച്ചടിച്ച ഉപകരണങ്ങൾ (Printed Aids) ഉദാഹരണത്തിന്: പുസ്തകങ്ങൾ, വർക്ക് ബുക്ക്, കൈപ്പുസ്തകം, മാസികകൾ, ജേണലുകൾ, പത്രം തുടങ്ങിയവ.
2. ശ്രാവ്യ ഉപകരണങ്ങൾ (Audio Materials) ഉദാഹരണം: റേഡിയോ, ടേപ്പ് റെക്കാർഡുകൾ, ഭാഷാ ലബോറട്ടറികൾ തുടങ്ങിയവ
3. ദൃശ്യ ഉപകരണങ്ങൾ (Visual Materials) ഉദാഹരണം: ചോക്ക് ബോർഡ്, ചാർട്ടുകൾ, ചിത്രങ്ങൾ, മാപ്പുകൾ, മോഡലുകൾ, പ്രൊജക്റ്റുകൾ, ഒ.എച്ച്.പി., ഫ്ളാഷ്കാർഡുകൾ, പ്രവർത്തന കാർഡുകൾ തുടങ്ങിയവ
4. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ (Audio-Visual Materials) ഉദാഹരണം: ടെലിവിഷൻ, ഫിലിമുകൾ, ഡോക്യുമെന്ററികൾ, വീഡിയോ സി.ഡികൾ, കമ്പ്യൂട്ടർ തുടങ്ങിയവ

### 5. പഠനസഹായികളും അവയുടെ ഉപയോഗങ്ങളും

പഠനസഹായികൾക്ക് പഠനത്തിൽ പങ്കുണ്ടോ എന്ന ചോദ്യം ഉദിക്കുന്നേയില്ല. കാരണം അത് എത്രയോ വർഷങ്ങൾക്ക് മുമ്പേ പണ്ഡിതന്മാർ കണ്ടെത്തിയിട്ടുള്ളതാണ്. പഠന സഹായികൾ കുട്ടികളുടെ പഠനത്തിന് ഉപയോഗിക്കണമെന്ന് ആദ്യമായി നിർദ്ദേശിച്ചത് ഡച്ചുകാരനായ, ദൈവശാസ്ത്രജ്ഞനും, എഴുത്തുകാരനുമായ എറാസ്മസ് (Erasmus: 1466-1536) ആണ്. തുടർന്ന് റൂസോ, പെസ്റ്റലോസി തുടങ്ങിയ തത്വചിന്തകന്മാർ ഈ വാദത്തെ പിന്തുണയ്ക്കുകയും തങ്ങളുടെ സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇന്നത്തെ നമ്മുടെ പ്രശ്നം എങ്ങനെ പഠനസഹായികൾ കാര്യക്ഷമമായി അദ്ധ്യാപനത്തിൽ ഉപയോഗിക്കാം എന്നതാണ്. ഏറ്റവും ആകർഷകമായ ഉപകരണങ്ങൾ ഉപയോഗിച്ച് കഴിവുള്ള അദ്ധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുമ്പോൾ കുട്ടികൾക്ക് ലഭിക്കുന്ന അനുഭവം ഒന്നു വേറെതന്നെയാണ്.

### പഠനസഹായികൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പഠനസഹായികൾ തെരഞ്ഞെടുക്കുമ്പോൾ അവ ഏറ്റവും അനുയോജ്യമായതാവണം.
2. പാഠ്യവിഷയവുമായി ഏറ്റവും ബന്ധപ്പെട്ടവയാവണം.
3. യഥാർത്ഥ വസ്തുക്കളോട് ഏറ്റവും നല്ല സാമ്യമുണ്ടാവണം.
4. പഠനത്തിന്റെ ലക്ഷ്യങ്ങൾ നേടുവാൻ പര്യാപ്തമായവയാവണം.
5. ആവശ്യത്തിന് വലിപ്പവും വ്യക്തതയുമുണ്ടാവണം.
6. അദ്ധ്യാപകൻ ഇവ കൈകാര്യം ചെയ്യുവാൻ അറിഞ്ഞിരിക്കണം.
7. ഏറ്റവും അനുയോജ്യമായ സമയത്ത് അവ ഉപയോഗിക്കണം.
8. കുട്ടികളെ പരമാവധി പങ്കെടുപ്പിക്കണം.
9. ശ്രദ്ധയോടെ കൈകാര്യം ചെയ്യണം.

10. ചാർട്ടുകൾ, ചിത്രങ്ങൾ, പട്ടികകൾ തുടങ്ങിയവ അദ്ധ്യാപകൻ സ്വന്തമായി നിർമ്മിക്കുകയും, കുട്ടികളെ അവ നിർമ്മിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യണം.

11. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾക്ക് കൂടുതൽ സ്വാധീനമുള്ളതിനാൽ അവയ്ക്ക് കൂടുതൽ ഊന്നൽ നൽകണം.

## 6. സൺഡേസ്കൂളിൽ ഉപയോഗപ്പെടുത്താവുന്ന പഠനസഹായികൾ

നമ്മുടെ സൺഡേസ്കൂളുകളിൽ ഇപ്പോൾ പഠന സഹായികൾ വളരെ അപൂർവ്വമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. എന്നാൽ അദ്ധ്യാപകൻ മനസ്സുവച്ചാൽ പല നല്ല ഉപകരണങ്ങളും ഇതിനായി നമുക്ക് ഉപയോഗപ്പെടുത്താം.

1. **വിവിധതരം ബോർഡുകൾ:** കറുത്ത ബോർഡ് (Black Board), വെള്ള ബോർഡ്, ബുള്ളറ്റിൻ ബോർഡ്, റോളർ ബോർഡ് തുടങ്ങിയ വിവിധ ബോർഡുകൾ കൂടാതെ ഇപ്പോൾ അത്യാധുനികമായ ഇന്ററാക്ടീവ് ബോർഡും ലഭ്യമാണ്.

2. **വിവിധതരം ചാർട്ടുകൾ:** ചാർട്ടുപേപ്പറിൽ വിവിധ തരത്തിൽ ആശയങ്ങൾ രേഖപ്പെടുത്തി ചാർട്ടുകളാക്കി ഉപയോഗിക്കാം. ആശയവിവരണ ചാർട്ട്, പട്ടിക ചാർട്ട്, ചെയിൻ ചാർട്ട്, ഫ്ളോചാർട്ട് (Flow Chart), ചിത്ര ചാർട്ട് (Picture Chart) തുടങ്ങിയ വിവിധതരം ചാർട്ടുകളുണ്ട്. വിവിധ നിറങ്ങൾ കൊടുത്ത് ഇത് ആകർഷകമാക്കാം.

3. **മാപ്പുകൾ, ഗ്ലോബ് തുടങ്ങിയവ:** വേദപുസ്തകത്തിലെ വിവിധ സ്ഥലങ്ങൾ കാണിക്കുന്ന മാപ്പുകൾ സൺഡേസ്കൂൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇവയും മറ്റ് മാപ്പുകളും ഗ്ലോബും നമുക്ക് ഉപയോഗിക്കാം.

4. **മാതൃകകൾ (Models):** യഥാർത്ഥ വസ്തുക്കളുടെ ചെറിയ ത്രിമാന രൂപങ്ങളാണ് മോഡലുകൾ. ഉദാ: പക്ഷിയുടെ മാതൃക, താബോർ മലയുടെ മാതൃക തുടങ്ങിയവ. മോഡലുകൾ ചിത്രങ്ങളെക്കാൾ സ്വാധീനമുള്ളവയാണ്.

5. **ചിത്രങ്ങൾ** (Pictures), **ഐക്കണുകൾ** (Icons) തുടങ്ങിയവ: യഥാർത്ഥ വസ്തുക്കളുടെ ദ്വിമാന രൂപങ്ങളാണ് ചിത്രങ്ങൾ. മോഡലുകൾ എപ്പോഴും ലഭ്യമാക്കാൻ പ്രയാസമുള്ളതിനാൽ നമുക്ക് എളുപ്പം ഉപയോഗിക്കാവുന്നവയാണ് ചിത്രങ്ങൾ, വലുപ്പമുള്ളവയും, വിവിധ നിറങ്ങളുള്ളതുമായ ചിത്രങ്ങളും ഉപയോഗിക്കണം. ചിത്രങ്ങളെക്കാൾ യഥാർത്ഥവും അർത്ഥസമ്പുഷ്ടവുമാണ് ഐക്കണുകൾ. അവയും നമുക്ക് ഉപയോഗിക്കാവുന്നതാണ്.

6. **റഫറൻസ് പുസ്തകങ്ങൾ, മാസികകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ:** സൺഡേസ്കൂളുകളിൽ ഒരു നല്ല ലൈബ്രറി ഉണ്ടായിരുന്നാൽ വളരെ നന്ന്. ഇല്ലെങ്കിൽ അദ്ധ്യാപകർ അതിന് താൽപര്യം കാട്ടി പുസ്തകങ്ങൾ ശേഖരിക്കുക. ദിവ്യബോധന ഗ്രന്ഥങ്ങൾ, തിരുവചന ഭാഷ്യം, ബൈബിൾ നിഘണ്ടു, മലങ്കര സഭാ വിജ്ഞാനകോശം, മലങ്കര സഭാപിതാക്കന്മാർ തുടങ്ങിയ വിവിധ റഫറൻസ് പുസ്തകങ്ങൾ വാങ്ങി സൂക്ഷിക്കുകയും ഉപയോഗിക്കുകയും വേണം. മലങ്കരസഭ മാസിക വരുത്തി ഉപയോഗപ്പെടുത്താം.

7. **കമ്പ്യൂട്ടർ, ലാപ്ടോപ്പ്, എൽ.സി.ഡി. പ്രൊജക്ടർ, സ്ക്രീൻ തുടങ്ങിയവ:** സൺഡേസ്കൂളിൽ ഏറ്റവും പ്രയോജനപ്രദമായ ഒരു സെറ്റ് പഠന സഹായികളാണ് ഇവ. ഇപ്പോൾ സഭാചരിത്രം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ വീഡിയോ സി.ഡി.കൾ ലഭ്യമാണ്. അവ പൊതുക്ലാസ്സുകളിലും, അതാതു ക്ലാസ്സുകളിലും കുട്ടികളെ

കാണിക്കാവുന്നതാണ്. ഇന്റർനെറ്റ് സൗകര്യമുണ്ടെങ്കിൽ സഭയുടേതുൾപ്പെടെയുള്ള വിവിധ സൈറ്റുകളിൽനിന്ന് വിവരങ്ങൾ ശേഖരിച്ച് എൽ.സി.ഡി. ഉപയോഗിച്ച് പ്രദർശിപ്പിക്കാം.

### 7. പഠനസഹായികളും അദ്ധ്യാപകനും

എത്ര ഗുണമേന്മയുള്ള പഠനസഹായി ഉപയോഗിച്ചാലും അത് കഴിവുള്ള ഒരു അദ്ധ്യാപകന് പകരമാവില്ല. സൺഡേസ്കൂൾ അദ്ധ്യാപകൻ ഏതുതരം പഠനസഹായികളും ഉപയോഗിക്കുവാൻ താല്പര്യവും കഴിവുമുള്ള ആളാവണം. എങ്കിൽ മാത്രമേ അദ്ധ്യാപനം വിജയിക്കുകയുള്ളൂ. അതുപോലെ യഥാസമയത്ത് തന്നെ അവ ഉപയോഗിക്കുവാനും കഴിയണം. നമ്മുടെ സൺഡേസ്കൂളുകളിൽ സമയത്തിന്റെയും, ധനത്തിന്റെയും ഒക്കെ പരിമിതികളുണ്ട്. അവയ്ക്കനുസൃതമായി സാധ്യമാക്കാവുന്ന പരമാവധി പഠന സഹായികൾ ക്രമീകരിച്ച് ക്ലാസ്സുകൾക്ക് പ്രയോജനപ്പെടുത്താൻ അദ്ധ്യാപകർ ശ്രദ്ധിക്കണം.

### 8. ഉപസംഹാരം

വിവിധ പഠന സഹായികളെപ്പറ്റിയും അവയുടെ പ്രത്യേകതകൾ, ഉപയോഗം തുടങ്ങിയവയെപ്പറ്റിയും നാം പഠിച്ചു. കൂടാതെ സൺഡേസ്കൂൾ ക്ലാസ്സുകളിൽ ഉപയോഗപ്പെടുത്താവുന്ന വിവിധ പഠനസഹായികളെപ്പറ്റി അദ്ധ്യാപകർ അറിഞ്ഞിരിക്കേണ്ട വിവരങ്ങളുമാണ് ഈ പാഠത്തിലൂടെ നാം പഠിച്ചത്. പഠനത്തെ സഹായിക്കുന്ന ഉപകരണങ്ങളാണ് ഇവ എന്നും അവ വിദ്യാർത്ഥികളെ പഠനത്തിന് താൽപര്യമുള്ളവരാക്കുന്നു എന്നുമാണ് നാം പഠിച്ചത്.

### 9. പ്രവർത്തനങ്ങൾ

1. വിവിധതരം പഠനസഹായികളുടെ പേരുകൾ തരംതിരിച്ച് ഒരു പട്ടിക തയ്യാറാക്കുക.
2. സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠനസഹായികളുടെ ഉപയോഗം എത്രത്തോളം സാധ്യമാക്കാം എന്നതിനെപ്പറ്റി ക്ലാസ്സിൽ ഒരു ചർച്ച നടത്തുക.
3. സൺഡേസ്കൂൾ ക്ലാസ്സുകളിൽ ഉപയോഗിക്കാവുന്ന ഏതാനും പഠനസഹായികൾ തയ്യാറാക്കുക.
4. നിങ്ങൾ തയ്യാറാക്കിയ പഠനസഹായികൾ പരിശീലനത്തിന്റെ ഭാഗമായി പഠിപ്പിക്കുമ്പോൾ ക്ലാസ്സിൽ ഉപയോഗിക്കുക.
5. സൺഡേസ്കൂൾ അദ്ധ്യാപനത്തിൽ, പത്രം, ടെലിവിഷൻ, സിനിമാ തുടങ്ങിയ മാധ്യമങ്ങൾക്ക് എത്രമാത്രം സ്വാധീനം ചെലുത്താനാവും, കൂട്ടുകാരും അദ്ധ്യാപകരുമൊത്ത് ചർച്ചചെയ്യുക.

അദ്ധ്യായം നാല്

# സൺഡേസ്കൂൾ അദ്ധ്യാപകൻ- കഴിവുകളും മുന്നൊരുക്കവും

## പാഠത്തിന്റെ ഘടന

1. ആമുഖം
2. ഒരു നല്ല അദ്ധ്യാപകൻ ആര്?
3. പഠനപ്രക്രിയയിൽ അദ്ധ്യാപകന്റെ സ്ഥാനം
4. അദ്ധ്യാപകന്റെ യോഗ്യതകളും കഴിവുകളും
5. സൺഡേസ്കൂൾ അദ്ധ്യാപകന്റെ ഉത്തരവാദിത്തങ്ങളും ചുമതലയും
6. ഉപസംഹാരം
7. പ്രവർത്തനങ്ങൾ

### 1. ആമുഖം

പഠനപ്രക്രിയയിൽ അദ്ധ്യാപകന്റെ സ്ഥാനം നിർണ്ണായകമാണ്. ആധുനിക സാങ്കേതികവിദ്യയുടെ അതിപ്രസരത്തിലും ഒരു പ്രധാന സ്ഥാനം ഇന്നും ഉത്തമ അദ്ധ്യാപകർക്കുണ്ട്. പാഠ്യവസ്തുവിനെ ജീവനും തേജസ്സും ചൈതന്യവുമുള്ളതാക്കി വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാക്കുന്നതിൽ ഉത്തമ അദ്ധ്യാപകർക്ക് സുപ്രധാനമായ പങ്കുണ്ട്. അറിവു പകർന്നുകൊടുക്കുന്നവൻ മാത്രമല്ല ഒരു ഉത്തമ അദ്ധ്യാപകൻ, മറിച്ച്, വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നവനും അവരെ നന്നായി നയിക്കുന്നവനും, ഉത്തമസ്നേഹിതനും വഴികാട്ടിയും സഹായിയുമാണ്. ഒരു ഉത്തമ അദ്ധ്യാപകന്റെ യോഗ്യതകളും കഴിവുകളും ഉത്തരവാദിത്തങ്ങളും വിശദമാക്കുകയാണ് ഈ പാഠത്തിൽ.

### 2. ഒരു നല്ല അദ്ധ്യാപകൻ ആര്

അദ്ധ്യാപനത്തിൽ വളരെ പ്രസക്തമായ ഒരു ചോദ്യമാണിത്. അനുയോജ്യമായ പഠനാനുഭവങ്ങൾ പ്രദാനം ചെയ്ത് വിദ്യാർത്ഥികളിൽ അനുപേക്ഷണീയമായ സ്വഭാവ വ്യതിയാനങ്ങൾ വരുത്തുന്നയാളാണ് ഒരു ഉത്തമ അദ്ധ്യാപകൻ. ബുദ്ധിയും തേജസ്സുമുള്ള പൗരന്മാരെ വാർത്തെടുക്കുന്ന ശില്പിയാണ് അദ്ധ്യാപകൻ. എച്ച്. ജി. വെൽസിന്റെ അഭിപ്രായത്തിൽ 'അദ്ധ്യാപകൻ ചരിത്രം നിർമ്മിക്കുന്നവനാണ്' (The teacher is the real maker of History). സ്കൂളിൽ അദ്ധ്യാപകൻ വിദ്യാർത്ഥിയുടെ മാതാവും പിതാവും സഹോദരനും സഹോദരിയും സുഹൃത്തും വഴികാട്ടിയും എല്ലാമാണ്. സ്കൂളിന്റെ ചാലകശക്തി

യാണ് അദ്ധ്യാപകൻ. അദ്ധ്യാപകൻ ഒരു പൂന്തോട്ടക്കാരനാണ്. സമൂഹമാകുന്ന പൂന്തോട്ടത്തിലെ കുരുന്നു ചെടികളാണ് വിദ്യാർത്ഥികൾ. അവ വളർന്ന് പുഷ്പിച്ച് അനേകർക്ക് നറുമണം പകരുവാൻ തക്കവണ്ണം അതിനെ പരിപോഷിപ്പിക്കുകയാണ് ഈ പൂന്തോട്ടക്കാരന്റെ (അദ്ധ്യാപകന്റെ) ധർമ്മം.

### 3. പഠനപ്രക്രിയയിൽ അദ്ധ്യാപകന്റെ സ്ഥാനം

പഠനപ്രക്രിയയിലെ മൂന്ന് പ്രധാന ഘടകങ്ങളാണ് അദ്ധ്യാപകൻ, വിദ്യാർത്ഥി, പാഠ്യവസ്തു എന്നിവ. ഇവയുടെ പ്രത്യേകത ചൂണ്ടിക്കാട്ടുന്ന ഒരു സാദൃശം ഇതാ. Teacher taught John Latin (അദ്ധ്യാപകൻ ജോണിനെ ലാറ്റിൻ പഠിപ്പിച്ചു.) ഇവിടെ ഒരു ഉത്തമ അദ്ധ്യാപകൻ ലാറ്റിൻ മാത്രം അറിഞ്ഞാൽ പോരാ. ജോണിയാകുന്ന വിദ്യാർത്ഥിയെക്കൂടി നന്നായി മനസ്സിലാക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ വിവിധ ആവശ്യങ്ങളും പ്രത്യേകതകളും മനസ്സിലാക്കണം. വിദ്യാർത്ഥിയുടെ സാഹചര്യങ്ങൾ, ഭവനാന്തരീക്ഷം ഇവയെല്ലാം മനസ്സിലാക്കണം. പഠനപ്രക്രിയയിൽ അദ്ധ്യാപകന്റെ സ്ഥാനം വളരെ ശ്രേഷ്ഠമാണ്. ഒരു നാടകത്തിൽ സംവിധായകന്റെ സ്ഥാനത്തോട് അതിനെ നമുക്ക് ഉപമിക്കാം. നാടകത്തിൽ സംവിധായകൻ അഭിനയിക്കുന്നില്ല. സ്റ്റേജിൽ എത്തുന്നുമില്ല. എന്നാൽ കർട്ടനു പിന്നിൽ അഭിനേതാക്കളെ മുഴുവൻ നിയന്ത്രിക്കുകയും ഏറ്റവും നല്ല അവതരണത്തിനുള്ള എല്ലാ സഹായങ്ങളും ക്രമീകരണങ്ങളും ഒരുക്കുകയുമാണ് അദ്ദേഹം ചെയ്യുന്നത്. ഇപ്രകാരം ഒരു വിദ്യാർത്ഥി ഏറ്റവും നന്നായി പഠിക്കുവാൻ ആവശ്യമായ എല്ലാ സഹായവും ചെയ്തുകൊടുക്കുന്ന ആളാണ് അദ്ധ്യാപകൻ. അതിനാൽ അദ്ദേഹത്തെ ഫെസിലിറ്റേറ്റർ (Fecilitator) എന്നു വിളിക്കുന്നു. അദ്ദേഹം നമ്മുടെ സംസ്കാരത്തിന്റെ സംരക്ഷകനും (Preserver) സൂക്ഷിപ്പുകാരനും (custodian) ആണ്. വിദ്യാർത്ഥിക്കും പാഠ്യവസ്തുവിനും ഇടയിലുള്ള മദ്ധ്യവർത്തിയാണ് (mediator) അദ്ധ്യാപകൻ; വിദ്യാർത്ഥിയുടെ ജീവിതത്തെക്കൂടി നിയന്ത്രിക്കുന്നവനാണ്. ഈ അർത്ഥത്തിലാണ് അദ്ധ്യാപകരെ മെന്റർ (mentor) എന്ന് വിളിക്കുന്നത്. പാഠ്യവസ്തു പഠിതാവിന് അനുഭവവേദ്യമാവുന്നത് അദ്ധ്യാപകന്റെ കഴിവുകൾകൊണ്ടും നൈപുണ്യങ്ങൾകൊണ്ടുമാണ്. അദ്ധ്യാപകന്റെ കഴിവുകളും യോഗ്യതകളും എന്തെല്ലാം എന്ന് നമുക്ക് നോക്കാം.

### 4. അദ്ധ്യാപകന്റെ കഴിവുകളും യോഗ്യതകളും

ഒരു ഉത്തമ അദ്ധ്യാപകന്റെ കഴിവുകളെ മൂന്നായി തിരിക്കാം.

1. അദ്ധ്യാപനസംബന്ധമായ ഗുണങ്ങൾ (Teacher Qualities)
2. നേതൃത്വ ഗുണങ്ങൾ (Leadership Qualities)
3. വ്യക്തിത്വ ഗുണങ്ങൾ (Personal Qualities)

#### 1. അദ്ധ്യാപന സംബന്ധമായ ഗുണങ്ങൾ

അദ്ധ്യാപകൻ തന്റെ വിഷയത്തിൽ പരിജ്ഞാനം ഉള്ള ആളായിരിക്കണം. ഇന്നത്തെ വിദ്യാർത്ഥികൾ മാധ്യമങ്ങളുടെ സഹായത്താൽ അറിവുകൾ സ്വാംശീകരിക്കുവാൻ കഴിവുള്ളവരാണ്. അതിനാൽ അവർക്ക് ഏറ്റവും പുതിയ അറിവുകൾ നല്കുവാൻ അദ്ധ്യാപകൻ പ്രാപ്തി നേടണം. അതോടൊപ്പം പഠിക്കുവാൻ നല്ല താല്പര്യമുള്ള ആളുമായിരിക്കണം. കൂടാതെ നല്ല പുസ്തകങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും വായിക്കണം. സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുവാൻ കഴിവും മനസ്സുമുണ്ടാവണം.

വിവിധ ബോധനരീതികളെപ്പറ്റി നല്ല അവഗാഹവും അവ തന്റെ അദ്ധ്യാപനത്തിൽ പ്രായോഗികമാക്കുവാനുള്ള കഴിവും ഉണ്ടാകണം. ആശയങ്ങളും പാഠങ്ങളും നന്നായി അവതരിപ്പിക്കുവാനുള്ള നൈപുണ്യം (Presentation skill) ഏതൊരു അദ്ധ്യാപകന്റെയും കഴിവിന്റെ മാനദണ്ഡമാണ്. ആശയവിനിമയം, ചോദ്യം ചോദിക്കൽ, വിഷയാവതരണം, ശബ്ദക്രമീകരണം, പഠനസഹായികളുടെ ഉപയോഗം, മൂല്യനിർണ്ണയം ഇവയെല്ലാം വിവിധ നൈപുണികളാണ്. ഏറ്റവും അനുയോജ്യമായ ബോധനരീതികൾ ഉപയോഗപ്പെടുത്തി പഠനം ഏറ്റവും കാര്യക്ഷമമാക്കുക എന്നത് അദ്ധ്യാപകന്റെ ഒരു പ്രധാനപ്പെട്ട കഴിവാണ്.

കുട്ടികളെ മനസ്സിലാക്കുക, അവരുടെ താല്പര്യങ്ങളും കഴിവുകളും പരിമിതികളും മനസ്സിലാക്കി പഠിപ്പിക്കുക എന്നതും അദ്ധ്യാപകന്റെ മൗലികമായ കഴിവാണ്.

**2. നേതൃത്വഗുണങ്ങൾ**

അദ്ധ്യാപകൻ ഒരു ഉത്തമനായ നേതാവ് ആയിരിക്കണം. തന്റെ വിദ്യാർത്ഥികൾക്ക് അനുകരിക്കുവാൻ കഴിയുന്ന മാതൃക കാട്ടുവാൻ അദ്ധ്യാപകൻ ശ്രമിക്കണം. തന്റെ നേതൃത്വ സ്വഭാവം തികച്ചും ജനാധിപത്യരീതിയിലുള്ളതായിരിക്കണം. കുട്ടികൾക്ക് ആവശ്യത്തിന് സ്വാതന്ത്ര്യവും ആവശ്യത്തിന് നിയന്ത്രണവും വേണം. അദ്ധ്യാപകൻ ഒരു ഉത്തമ ഇടയനായിരിക്കണം. നമുക്ക് മാതൃകയാക്കാവുന്ന ഏറ്റവും നല്ല അദ്ധ്യാപകൻ യേശു ക്രിസ്തു ആണ്. ഏറ്റവും ഉയർന്ന കഴിവുകളുടെ ഉടമയായ അദ്ധ്യാപകർക്കു മാത്രമേ തന്റെ വിദ്യാർത്ഥികളെ ശരിയായ പാതയിൽ നയിച്ചുകൊണ്ടുപോകുവാൻ കഴിയുകയുള്ളൂ.

**3. വ്യക്തിഗത ഗുണങ്ങൾ**

അദ്ധ്യാപകൻ ഒരു നല്ല വ്യക്തിത്വത്തിന്റെ ഉടമയായിരിക്കണം. ഉത്തമ മൂല്യങ്ങളായ സ്നേഹം, ദീർഘക്ഷമ, ദയ, വിനയം, സൗമ്യത തുടങ്ങിയവ അദ്ധ്യാപകൻ ജീവിതത്തിൽ പ്രാവർത്തികമാക്കണം. അദ്ധ്യാപകന്റെ മുഖം എപ്പോഴും പ്രസന്നമായിരിക്കണം. അദ്ദേഹം വിശ്വസ്തനായിരിക്കണം. നല്ല നർമ്മബോധമുള്ള വ്യക്തിയായിരിക്കണം. നർമ്മങ്ങൾ അവസരത്തിനൊത്ത് പ്രയോഗിക്കുവാൻ കഴിയണം. നല്ല അനുഭവജ്ഞാനമുള്ള ആളായിരിക്കണം.

## 5. സൺഡേസ്കൂൾ അദ്ധ്യാപകന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും

ഏതൊരു അദ്ധ്യാപകന്റെയും ജോലി വളരെ ഉത്തരവാദിത്തമുള്ളതാണ്. സൺഡേസ്കൂൾ അദ്ധ്യാപകൻ അതിൽനിന്ന് ഒട്ടും വ്യത്യസ്തനല്ല. തന്റെ ചുമതലകളെപ്പറ്റിയും ഉത്തരവാദിത്തങ്ങളെപ്പറ്റിയും നല്ല അവബോധമുള്ള ആളായിരിക്കണം ഒരു ഉത്തമ സൺഡേസ്കൂൾ അദ്ധ്യാപകൻ. തന്റെ വിദ്യാർത്ഥികൾക്കും സമൂഹത്തിനും ഉത്തമ മാതൃകയായിരിക്കണം. മറ്റുള്ളവർക്ക് അനുകരിക്കാവുന്ന സ്വഭാവഗുണങ്ങളുടെ ഉടമയായിരിക്കണം. ഒരു നല്ല ദൈവവിശ്വാസിയായിരിക്കണം. പതിവായി പ്രാർത്ഥിക്കുകയും ആരാധനയിൽ പങ്കെടുക്കുകയും ഇടവകയിലെ എല്ലാ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്കും നേതൃത്വവും പ്രോത്സാഹനവും നല്കുകയും ചെയ്യണം.

അദ്ധ്യാപകൻ കൂടുതൽ പഠിക്കുവാൻ താല്പര്യമുള്ള ആളായിരിക്കണം. വേദപ്രവീൺ ഡിപ്ലോമ പരീക്ഷ നിർബന്ധമായും പാസ്സായിരിക്കണം. ദിവ്യബോധനം സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഡിഗ്രി കോഴ്സുകൾ നമ്മുടെ പഴയ സെമിനാരിയുടെ ചുമതലയിൽ നടത്തുന്നുണ്ട്. അതിൽ ചേർന്ന് പഠിക്കാവുന്നതാണ്. കൂടാതെ കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ തുടങ്ങിയവയിൽ പരിജ്ഞാനം അഭികാമ്യമാണ്. കുട്ടികളുടെ സർവ്വതോമുഖമായ പുരോ

ഗതിയാവണം തന്റെ ലക്ഷ്യം. അതിനായി ക്ലാസ്സിലും പുറത്തും വേണ്ട പ്രോത്സാഹന ങ്ങൾ നല്കേണ്ടതാണ്. സൺഡേസ്കൂൾ കുട്ടികൾക്കായി പഠനയാത്രകളും തീർത്ഥയാ ത്രകളും ക്യാമ്പുകളും സംഘടിപ്പിക്കുവാൻ ഹെഡ്മാസ്റ്ററോട് ചേർന്ന് പ്രവർത്തിക്കണം. ഡിസ്ട്രിക്ട്, ഭദ്രാസന, കേന്ദ്രതലങ്ങളിൽ നടത്തുന്ന എല്ലാ സമ്മേളനങ്ങളിലും അദ്ധ്യാ പക പരിശീലനപരിപാടികളിലും കൃത്യമായി പങ്കെടുക്കണം. സഭയുടെ എല്ലാ ആത്മീയ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവ പങ്കാളിയായിരിക്കണം. സഭയോട് കൂറും ഭക്തിയും സ്നേഹവുമുള്ള ആളായിരിക്കണം. സഭയുടെയും സമൂഹത്തിന്റെയും നന്മ യ്ക്കായി നിസ്വാർത്ഥമായി പ്രവർത്തിക്കുവാൻ കഴിയണം. ധാരാളം വായിക്കണം. സെക്യു ലർ വിദ്യാഭ്യാസവും (ബി. ഏ., എം. ഏ. തുടങ്ങിയവ) നേടണം. കൂടാതെ T.T.C, B.Ed. പോലുള്ള അദ്ധ്യാപക പരിശീലന കോഴ്സുകൾക്ക് ചേർന്ന് പഠിക്കുന്നതും വളരെ പ്രയോ ജനകരമാണ്. ഇവയെല്ലാം അദ്ധ്യാപകന്റെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗ ങ്ങളാണ്.

**6. ഉപസംഹാരം**

ഒരു ഉത്തമ അദ്ധ്യാപകൻ ആര് എന്നും പഠനപ്രക്രിയയിൽ അദ്ധ്യാപകന്റെ സ്ഥാനം എന്ത് എന്നും നാം ചിന്തിച്ചു. കൂടാതെ അദ്ധ്യാപകന്റെ കഴിവുകളും യോഗ്യതകളും നാം മനസ്സിലാക്കി. തുടർന്ന് ഒരു സൺഡേസ്കൂൾ അദ്ധ്യാപകന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും ചുരുക്കമായി ഗ്രഹിച്ചു. ഇപ്പോൾ ഒരു സൺഡേസ്കൂൾ അദ്ധ്യാപകനാ കണം എന്ന ആഗ്രഹം തോന്നുന്നുണ്ടോ? എങ്കിൽ അതിനായി പ്രാർത്ഥിക്കുകയും നന്നായി പഠിച്ച് തയ്യാറാവുകയും ചെയ്യുക.

**7. പ്രവർത്തനങ്ങൾ**

1. ഒരു ഉത്തമ അദ്ധ്യാപകന്റെ യോഗ്യതകൾ എന്തെല്ലാം?
2. സൺഡേസ്കൂൾ അദ്ധ്യാപകന്റെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള ഏതാനും മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
3. “സൺഡേസ്കൂൾ പഠനം വിജയകരമാകണമെങ്കിൽ കഴിവും അർപ്പണബോധവു മുള്ള അദ്ധ്യാപകരുണ്ടാവണം” ഈ ആശയത്തോട് നിങ്ങൾ യോജിക്കുന്നുവോ? വിശദമാക്കുക.
4. ‘സൺഡേസ്കൂൾ അദ്ധ്യാപകന്റെ യോഗ്യതകളും ചുമതലകളും’ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക.
5. നിങ്ങളുടെ അനുഭവത്തിൽ ഉത്തമ അദ്ധ്യാപകരായുള്ളവരിൽ നിങ്ങൾ കാണുന്ന പ്രത്യേക ഗുണങ്ങൾ എന്തെല്ലാം?

## യൂണിറ്റ് അഞ്ച്

# ക്രിസ്തീയ വിദ്യാഭ്യാസം

## അദ്ധ്യായം ഒന്ന്

# ക്രിസ്തീയ വിദ്യാഭ്യാസം
# (Christian Education)

### മുഖവുര

**വി**ദ്യാഭ്യാസം അതിന്റെ ഉള്ളടക്കത്തിലും ആന്തരികതയിലും ഒന്നേയുള്ളൂ. ആകയാൽ സൂക്ഷ്മതലത്തിൽ അതിനെ വിശ്വാസങ്ങളുടെ ലേബലിൽ തരംതിരിക്കാനാവില്ല. എങ്കിലും മതങ്ങളും രാഷ്ട്രീയ പ്രത്യയശാസ്ത്രപ്രചാരകരും അവരവരുടെ പ്രത്യേക ലക്ഷ്യങ്ങൾ നേടുന്നതിന് തനതായ വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്കും ലക്ഷ്യങ്ങൾക്കും രൂപം കൊടുത്തിട്ടുണ്ട് എന്നത് കേവലം പരമാർത്ഥം മാത്രം. ക്രിസ്തുസഭ അതിന്റെ പ്രത്യേക വിശ്വാസങ്ങളും ജീവിതശൈലിയും തത്വശാസ്ത്രങ്ങളും പ്രചരിപ്പിക്കുന്നതിന് വിദ്യാഭ്യാസമെന്ന പ്രക്രിയയെ ആശ്രയിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. അങ്ങനെ വിദ്യാഭ്യാസപ്രക്രിയയ്ക്ക് ഒരു താത്വികാടിസ്ഥാനം ഉണ്ടാകുന്നു. അതോടൊപ്പം ആധുനിക കാലത്ത് വിദ്യാർത്ഥി-കേന്ദ്രീകൃത വിദ്യാഭ്യാസ സമ്പ്രദായം ആഴത്തിൽ വേരോടിക്കഴിഞ്ഞതിനാൽ വിദ്യാഭ്യാസപ്രക്രിയയിൽ മനഃശാസ്ത്രസങ്കേതത്തിന് സ്ഥാനമുണ്ടായി. സ്വഭാവം, പെരുമാറ്റരീതികൾ എന്നിവയുടെ പരിണാമം, വളർച്ച എന്നിവയ്ക്ക് ഊന്നൽ നല്കിയതാണ് ഇതിന്റെ പ്രധാന ഹേതു.

അറിവു നേടുന്നതിനുള്ള മാർഗ്ഗമായിട്ടാണ് വിദ്യാഭ്യാസത്തെ കരുതിയിരുന്നത്. എന്നാൽ ഇന്നാകട്ടെ കേവലം അറിവുതേടി സ്വാംശീകരിക്കുക എന്നതിനെക്കാൾ വിശാലമായ അർത്ഥവും ഉദ്ദേശ്യങ്ങളുമാണ് പഠനപ്രക്രിയയ്ക്കുള്ളത്. വിവിധ കഴിവുകൾ, നൈപുണികൾ, പ്രശ്നപരിഹാരമാർഗ്ഗങ്ങൾ മുതലായവയിൽ പ്രാവീണ്യം നേടുക മനുഷ്യാവകാശങ്ങൾ, സ്വാതന്ത്ര്യം മുതലായവയുടെ ഗൗരവം എന്തെന്നു ഗ്രഹിക്കുക എന്നിവയും ഇന്ന് വിദ്യാഭ്യാസത്തിന്റെ ഭാഗമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

കുട്ടികൾക്ക് അധ്യാപകർ അറിവിന്റെ തലത്തിൽ നിന്നുകൊണ്ട് എന്തൊക്കെയോ നല്കുന്നു എന്ന ധാരണ പൊളിച്ചെഴുതപ്പെട്ടിട്ടുണ്ട്. മറിച്ച്, അനുയോജ്യമായ പഠനാന്തരീക്ഷം സൃഷ്ടിച്ച് സ്വന്തനിലയിൽ കാര്യങ്ങൾ അപഗ്രഥിച്ച് അറിവും അനുഭവങ്ങളും നേടുന്നതിനും നൈപുണികൾ വളർത്തിയെടുക്കുന്നതിനും വ്യക്തിത്വവികസനത്തിനും

വിദ്യാർത്ഥികളെ സഹായിക്കുക എന്നതാണ് വിദ്യാഭ്യാസപ്രക്രിയയിൽ നടക്കുന്നതും നടക്കേണ്ടതും എന്നതിനാണ് ഇന്ന് ഊന്നൽ നല്കപ്പെട്ടിരിക്കുന്നത്. ഇത്തരം ഒരു സാഹചര്യത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും പഠനപ്രക്രിയയ്ക്കു വിധേയമാകുന്നു എന്നു പൊതുതത്വം അംഗീകരിച്ചേ മതിയാകൂ!

## ക്രിസ്തീയ വിദ്യാഭ്യാസം - അർത്ഥവും സാംഗത്യവും

നന്മയിൽ വളരുവാൻ ജ്ഞാനം നേടണമെന്ന ചിന്ത അതിപുരാതനമാണ്. തത്വശാസ്ത്രജ്ഞനായ പ്ലേറ്റോയുടെ ദൃഷ്ടിയിൽ ഒരു ശിശുവിൽ ജന്മസിദ്ധമായി അടങ്ങിയിരിക്കുന്ന നന്മവാസനയെ സ്ഥിരസ്വഭാവമായി വളർത്തിക്കൊണ്ടുവരാനുള്ള പരിശീലനമാണ് വിദ്യാഭ്യാസം. യഹോവാഭക്തി ജ്ഞാനത്തിന്റെ തുടക്കമാണെന്ന ബൈബിളിലെ ജ്ഞാനവാക്യം ഇവിടെ അർത്ഥപൂർണ്ണമാകുന്നു (സദൃശ്യ 1:7, 9:10). അങ്ങനെ ക്രിസ്തീയ വിദ്യാഭ്യാസം സഭയുടെ ശുശ്രൂഷ(ministry)യിൽ ഒരു പ്രധാന ഘടകമായി കരുതപ്പെടുന്നു. ബോധപൂർവ്വവും വ്യവസ്ഥാപിതവുമായ രീതിയിൽ വേദസത്യങ്ങൾ, ധാർമ്മിക ജീവിതശൈലി, ദൈവത്തോടുള്ള ബന്ധം, സഭയിൽ കൗദാശിക ജീവിതത്തിനുള്ള താല്പര്യം ജീവിതവിശുദ്ധി, നിഷ്ഠാജീവിതം മുതലായവയെപ്പറ്റി അറിവും പ്രായോഗിക പരിജ്ഞാനവും നല്കുന്ന ശുശ്രൂഷയാണിത്. ലൗകിക വിദ്യാഭ്യാസ പദ്ധതിയിലെ സങ്കേതങ്ങൾ പ്രയോജനകരമായവ അവലംബിക്കുമെങ്കിലും ക്രിസ്തീയവിദ്യാഭ്യാസത്തിന് തനതായ ലക്ഷ്യങ്ങളും ശൈലികളുമുണ്ട്. ആത്യന്തികമായി നോക്കിയാൽ ദൈവീകരണം (Theosis) എന്നതാണ് ക്രിസ്തീയ ബോധനത്തിന്റെയും ജീവിതത്തിന്റെയും ലക്ഷ്യം. ചിട്ടയായ ജീവിതത്തിലൂടെ ക്രമേണ വളർന്ന് ക്രിസ്തുവിന്റെ സ്വഭാവത്തിലൂന്നി ദൈവത്തിന്റെ രൂപസാദൃശ്യങ്ങളിലേക്ക് എത്തിച്ചേരുക എന്നതാണ് ഇതിന്റെയർത്ഥം.

ലോകപരമായ പൊതുവിദ്യാഭ്യാസ പദ്ധതിയിൽ സന്മാർഗ്ഗചിന്തകൾ വളർത്തുന്ന അംശങ്ങളുണ്ട്. എന്നാൽ ഒരു യഥാർത്ഥ സത്യക്രിസ്ത്യാനിയായി, ദൈവാനുരൂപിയായി വളരാൻ ക്രിസ്തീയ വിദ്യാഭ്യാസം കൂടിയേ തീരൂ. വിശേഷിച്ചും ജീവിതസാഹചര്യങ്ങളിലെ നിരന്തര പരിണാമങ്ങളും ശാസ്ത്ര-സാങ്കേതിക വിദ്യയുടെ വളർച്ചയും ധാർമ്മിക അധഃപതനവും സത്യവിശ്വാസത്തിലൂന്നിയ ഒരു വിദ്യാഭ്യാസപദ്ധതിയുടെ അനിവാര്യതയിലേക്കാണ് വിരൽചൂണ്ടുന്നത്.

മനുഷ്യന്റെ നന്മയ്ക്കും പുകഴ്ചയ്ക്കുമായി ദൈവം നല്കിയ കല്പനകളെല്ലാം രണ്ട് കാര്യങ്ങളായി സംഗ്രഹിക്കാമെന്ന് യേശുതമ്പുരാൻ അരുൾചെയ്തു.

1. ദൈവത്ത സ്നേഹിക്കുക.
2. സമസൃഷ്ടങ്ങളെ നമ്മെപ്പോലെതന്നെ സ്നേഹിക്കുക.

ദൈവമക്കളുടെ തേജസ്സായ സ്വാതന്ത്ര്യത്തിലേക്കും വിശുദ്ധിയിലേക്കുമെത്താനുള്ള മാർഗ്ഗങ്ങളാണിവ. "പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ" (മത്തായി 19:14) "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ (വി. മർക്കോ. 16:15) എന്നിങ്ങനെയുള്ള കർത്താവിന്റെ കല്പനകൾ ബോധനം നല്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റിയാണ് പറയുന്നത്.

സൂക്ഷ്മമായി ചിന്തിച്ചാൽ ക്രിസ്തീയ വിദ്യാഭ്യാസം, സഭ അതിന്റെ മക്കളായ കുഞ്ഞുങ്ങൾക്ക് ചെയ്തുകൊടുക്കുന്ന ഒരു സംഗതിയല്ല. മറിച്ച്, സഭയിൽ ലഭ്യമായ ആത്മീക

ജീവിതാനുഭവങ്ങളുമായി ഇടപഴകുന്നതുമൂലം അവരിൽ സംഭവിക്കുന്ന ഒരു പ്രക്രിയയാണ്. അത്തരം ജീവിതാനുഭവങ്ങളിൽ സത്യവിശ്വാസം, കുടുംബം, കുട്ടികളുടെ വളർച്ച എന്നിവയെല്ലാം ഉൾപ്പെടും. ഒരു ക്രിസ്ത്യാനിയായി വളരുന്നത് ഒരു ഉൾപ്രക്രിയയാണ്. പഠനം എപ്പോഴും സാഹചര്യങ്ങളുമായി ബന്ധപ്പെട്ടതും വളർച്ചാപരവുമായിരിക്കും. അറിവുകൾ മനസ്സിന്റെ വൈകാരിക വളർച്ച, അനുഭവങ്ങൾ, പക്വത എന്നിവയെ ആശ്രയിച്ചായിരിക്കും ഈ വളർച്ചയുടെ ഗതി.

കുട്ടികളെ 'മുതിർന്നവരായി' കരുതി പഠിപ്പിക്കരുതെന്നു വിദ്യാഭ്യാസ മനഃശാസ്ത്രം മുന്നറിയിപ്പു നല്കുന്നു. ഈ സംഗതിതന്നെ നാലാം ശതകത്തിൽ ജീവിച്ചിരുന്ന കപ്പദോക്യൻ സഭാപിതാവായ നാസിയാൻസസിലെ ഗ്രീഗോറിയോസ് പറഞ്ഞിട്ടുണ്ട്.

അങ്ങനെ വിദ്യാഭ്യാസം ഒരു ആജീവനാന്ത തുടർപ്രക്രിയയായി വ്യവഹരിക്കപ്പെടുന്നു. കുട്ടികൾക്ക് യുക്തമായ വിദ്യാഭ്യാസം നല്കുന്നതുവഴി ജനതതിയെയും തലമുറകളെയുമാണ് പഠിപ്പിക്കുന്നത്. ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം യഥാർത്ഥജീവിതത്തിലുള്ള വളർച്ചയ്ക്ക് കുട്ടികളെ തയ്യാറാക്കുക എന്നതാണ്. വിശ്വാസിസമൂഹത്തിലാണ് ഈ വളർച്ച സാധ്യമാകുന്നത്. സഭാസമൂഹത്തിൽ ലഭ്യമായ ആരാധന, പ്രതീകങ്ങൾ, ചരിത്രം, പിതാക്കന്മാരുടെ പഠിപ്പിക്കലുകൾ ഇവയുടെ സഹായത്തോടെ സഭാംഗങ്ങൾ സഭയിലേക്ക് കൂട്ടിച്ചേർക്കപ്പെടുന്നു.

തന്റെ ശിഷ്യന്മാരെയും അതോടൊപ്പം ജനങ്ങളെയും ക്രിസ്തു പഠിപ്പിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്.

**ചിന്തിക്കുക**

1. ദൈവീകരണം എന്നാൽ എന്ത്?
2. ക്രിസ്തീയ വിദ്യാഭ്യാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ?

അദ്ധ്യായം രണ്ട്

# ക്രിസ്തീയ വിദ്യാഭ്യാസം: ചരിത്രപശ്ചാത്തലം

## 1. ആമുഖം

ക്രിസ്തുമതം യഹൂദമതത്തിന്റെ ഒരു തുടർച്ചയെന്ന് വേണമെങ്കിൽ പറയാം. അതുകൊണ്ട് ക്രിസ്തീയ വിദ്യാഭ്യാസചരിത്രം യഹൂദമതബോധന ചരിത്രത്തിൽനിന്നു വേണം തുടങ്ങുവാൻ. നമ്മുടെ കർത്താവ് ജനിച്ചത് ഒരു യഹൂദകുടുംബത്തിലും വളർന്നത് ആ പാരമ്പര്യത്തിലുമാണല്ലോ.

## 2. യഹൂദ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകങ്ങൾ

### a. ഉള്ളടക്കം

യിസ്രായേലിന്റെ ആദ്യകാലഘട്ടങ്ങളിൽ വിദ്യാഭ്യാസം തികച്ചും അനൗപചാരികമായിരുന്നു. സീനായ് മലയിൽവച്ച് മോശെ വഴിയായി ദൈവം ജനത്തിനു നല്കിയ പ്രമാണങ്ങൾ അവരുടെ മതജീവിതത്തിന് ആധാരമായ പഠനപുസ്തകമായി. ന്യായപ്രമാണ വായനയും പഠനവും അവരുടെ ജീവിതത്തിൽ അങ്ങനെ വളരെ പ്രാധാന്യമുള്ളതായി. ദൈവ-മനുഷ്യബന്ധം, മനുഷ്യജീവിതം, വ്യക്തിബന്ധങ്ങൾ, മതപരവും സാമൂഹ്യപരവുമായ കടമകൾ, ധാർമ്മിക നൈതികപ്രമാണങ്ങൾ, ദൈവാരാധനയെ സംബന്ധിക്കുന്ന ചട്ടങ്ങൾ എന്നിവയെല്ലാം ന്യായപ്രമാണത്തിന്റെ ഭാഗമാണ്. ഒരു 'നല്ല' യഹൂദൻ ഈ ന്യായപ്രമാണപ്രകാരം ജീവിക്കുന്നവനാണ്. അവൻ 'യഹോവ'യുടെ മുമ്പിൽ നിഷ്കളങ്കനും നീതിമാനും യഹോവയുടെ കൃപ ലഭിച്ചവനുമായിരിക്കും (ഉല്പ. 6:8-9).

### b. പഠനചുറ്റുപാട്

അനൗപചാരികമതബോധനത്തിന്റെ സ്ഥലം വീടുതന്നെ ആയിരുന്നു. മാതാപിതാക്കളായിരുന്നു അദ്ധ്യാപകർ. ശൈശവകാലഘട്ടത്തിൽ മാതാവിൽനിന്ന് ശിശു മതജീവിതത്തിന്റെ ബാലപാഠങ്ങൾ പഠിക്കുന്നു. എന്നാൽ പിന്നീട് പിതാവ് ആ ഉത്തരവാദിത്തം ഏല്ക്കുന്നു. കുടുംബനാഥൻ എന്ന നിലയിൽ പിതാവിനായിരുന്നു മക്കളുടെ മതപഠനത്തിന്റെ ഉത്തരവാദിത്തം. വാമൊഴിയായി അനൗപചാരികമായി കൈമാറിയിരുന്ന ഈ പഠനത്തിൽ പെസഹാ, പെന്തിക്കോസ്തി, കൂടാരപ്പെരുന്നാൾ, പാപപരിഹാരദിനം (യോം കിപ്പൂർ), വിവിധ യാഗങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ആവശ്യമായ വിശദീകര

ണങ്ങളും പഠിപ്പിക്കലുകളും വീട്ടിൽതന്നെ സാധ്യമാക്കുമായിരുന്നു. ദൈവം തങ്ങളോടും പൂർവ്വികരോടും എങ്ങനെ ബന്ധപ്പെട്ടിരുന്നുവെന്നും പിതാക്കന്മാരുമായുള്ള ഉടമ്പടി ബന്ധമെന്തായിരുന്നുവെന്നും പിതാവ് മക്കളെ ബോധ്യപ്പെടുത്തും. ന്യായപ്രമാണം ഹൃദിസ്ഥമാക്കുക പഠനത്തിന്റെ ഒരു പ്രധാന ഭാഗംതന്നെ ആയിരുന്നു. ഒരു കുഞ്ഞിന് നാലു വയസാകുമ്പോൾ 'വിശ്വാസപ്രമാണം' കുഞ്ഞിനെ പഠിപ്പിക്കും. 'ഷെമാ' എന്ന പേരിലറിയപ്പെടുന്ന ഒരു പ്രധാന പ്രാർത്ഥനയാണിത്. ആവർത്തനപുസ്തകം 6:4-9 ൽ അതിപ്രകാരം വായിക്കുന്നു.

> *"യിസ്രായേലേ, കേൾക്ക: യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം. ഇന്നു ഞാൻ കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചുകൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം. അവയെ അടയാളമായി നിന്റെ കൈമേൽ കെട്ടേണം. അവ നിന്റെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായി ഇരിക്കേണം. അവയെ നിന്റെ വീട്ടിന്റെ കട്ടിളകളിന്മേലും പടിവാതിലുകളിലും എഴുതേണം."*

അങ്ങനെ ഒരു എബ്രായ പൈതൽ അവന്റെ/അവളുടെ സമൂഹത്തിൽ ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കിയാണ് വരുന്നത്. കുടുംബാരാധനയും ന്യായപ്രമാണസംബന്ധിയായ ചർച്ചകളും വ്യാഖ്യാനങ്ങളും വളരെ സാധാരണമായിരുന്നു. ഈ വിധത്തിലുള്ള അനൗപചാരിക വിദ്യാഭ്യാസം അവരെ അവരുടെ ജീവിതത്തിന്റെ മതാത്മകതയെക്കുറിച്ച് അറിവുള്ളവരാക്കുകയും മിസ്രയീമ്യ അടിമത്തത്തിൽനിന്നുള്ള വീണ്ടെടുപ്പായ 'പുറപ്പാട്' എന്ന സംഭവത്തിന് അവരുടെ ജീവിതവുമായുള്ള അഭേദ്യബന്ധത്തെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു

## c. ഔപചാരിക വിദ്യാഭ്യാസം (tabernacle)

യിസ്രായേൽ അവരുടെ മരുഭൂയാത്രയിലും തുടർന്നു കൂടാരമടിച്ചു താമസിച്ച സ്ഥലങ്ങളിലും സമാഗമനകൂടാരം സ്ഥാപിച്ചു. സമാഗമനകൂടാരങ്ങൾ യഹൂദജനതയുടെ ആരാധനാ കേന്ദ്രങ്ങളും മതബോധന കേന്ദ്രങ്ങളുമായിരുന്നു. പ്രായപൂർത്തിയായവർ അവിടെ ന്യായപ്രമാണം വായിച്ചുകേൾക്കുകയും അവരുടെ ജീവിതത്തിന് ആവശ്യമായ വ്യാഖ്യാനപാഠങ്ങൾ ശ്രവിക്കുകയും ചെയ്തു.

കുട്ടികൾ അവിടെ എഴുത്തും വായനയും അടിസ്ഥാനഗണിതവും പഠിച്ചു. എഴുത്തും വായനയും പഠിച്ചവർ പിന്നെ ന്യായപ്രമാണം ഹൃദിസ്ഥമാക്കാൻ ശ്രമിച്ചു. ഔപചാരിക വിദ്യാലയങ്ങളുടെ സ്ഥാപനം വളരെ വൈകിയാണുണ്ടായത്. BCE 75 നും AD 64നും ഇടയിൽ 'പുസ്തകങ്ങളുടെ വീടാ'യ ബത്ത് ഹസ്സെഫറും 'പഠിത്തവീടു'കളായ ബത്ത് ഹമ്മിദ്രാഷും സ്ഥാപിതമായി. ആറുവയസ്സു മുതൽ പ്രായമുള്ള കുട്ടികളെ ഈ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിന് മഹാപുരോഹിതൻ അദ്ധ്യാപകരെ നിയമിച്ചുവന്നു. ബത്ത് ഹസ്സെഫറിൽ വേദഗ്രന്ഥങ്ങളുടെ പഠനവും (6-10 വയസ്സുകാർക്ക്) ബത്ത് ഹമ്മിദ്രാഷിൽ വാമൊഴിപ്രമാണങ്ങളായ മിഷ്നായുടെ പഠനവും (10-15 വയസ്സുകാർക്ക്) നടത്തിവന്നു.

താല്പര്യമുള്ളവർക്ക് ന്യായപ്രമാണങ്ങളിലും പ്രവചനങ്ങളിലും തുടർപഠനം നടത്തുന്നതിനുള്ള സാഹചര്യം യഹൂദ സമൂഹത്തിലുണ്ടായിരുന്നു.

## 3. അദ്ധ്യാപകർ

### a. പുരോഹിതന്മാർ

യാഗാദികർമ്മങ്ങൾ അനുഷ്ഠിക്കുക എന്ന ചുമതലയ്ക്കു പുറമേ, യാഗങ്ങൾ, പെരുന്നാളുകൾ, അനുഷ്ഠാനങ്ങൾ എന്നിവ സംബന്ധിച്ച് പഠിപ്പിക്കുവാനുള്ള ഉത്തരവാദിത്തവും പുരോഹിതന്മാരിൽ നിക്ഷിപ്തമായിരുന്നു. ഏഴു വർഷത്തിലൊരിക്കൽ ന്യായപ്രമാണം മുഴുവനും പുരോഹിതന്മാർ ജനത്തെ വായിച്ചു കേൾപ്പിക്കണമായിരുന്നു (ആവർ. 31:10-13). പുരോഹിതന്മാർ അവരുടെ പഠിപ്പിക്കലുകളും ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും എഴുതിവയ്ക്കുകയും ചരിത്രസംഭവങ്ങളെ രേഖപ്പെടുത്തുകയും ചെയ്യുന്ന രീതി ഉണ്ടായി. പില്ക്കാലത്ത് ഈ രേഖകളും പഠനങ്ങളും വ്യാഖ്യാനങ്ങളും യഹൂദസമൂഹം ആധികാരികരേഖകളായി (മിദ്രാഷ് എന്ന പേര്) പരിഗണിച്ചു.

### b. പ്രവാചകന്മാർ

ദൈവത്തിന്റെ സന്ദേശം ജനത്തെ അറിയിക്കുവാൻ ദൈവം വിളിച്ചു നിയോഗിക്കുന്നവരാണ് പ്രവാചകന്മാർ. സ്വഭാവവൈകല്യങ്ങളെയും പ്രവൃത്തിയിലെ അരുതായ്മകളെയും ന്യായപ്രമാണവെളിച്ചത്തിൽ വിമർശിച്ച്, തിരുത്തുവാൻ അവർ ജനത്തോട് നിർദ്ദേശിച്ചു. ദൈവത്തിന്റെ വിശുദ്ധിയും നീതിയും ദൈവവും മനുഷ്യനുമായുള്ള ഉടമ്പടിയും അവർ ഉയർത്തിക്കാണിച്ചു. നൈതിക-ധാർമ്മിക ജീവിതം നയിക്കുവാൻ അധികാരികളെയും പൊതുസമൂഹത്തെയും അവർ ഉപദേശിച്ചു, ശാസിച്ചു. അങ്ങനെ യിസ്രായേൽ ജനതയെ പഠിപ്പിച്ച ശ്രേഷ്ഠഗുരുക്കന്മാരാണ് പ്രവാചകന്മാർ.

## 4. മതബോധനം പുതിയനിയമ കാലഘട്ടത്തിൽ

യേശുക്രിസ്തു ഒരു നല്ല ഗുരുവായിരുന്നു. ചെറിയതും അർത്ഥസമ്പുഷ്ടവുമായ ഉപമകളിലൂടെ വലിയ കാര്യങ്ങൾ ആധികാരികമായി ജനത്തെ പഠിപ്പിച്ച അദ്ധ്യാപകൻ. ദൈവശാസ്ത്രകാഴ്ചപ്പാടിലൂടെയായിരുന്നു ഈ 'റബ്ബി'യുടെ പഠിപ്പിക്കൽ. തന്റെ ശിഷ്യന്മാരെയും അദ്ദേഹം താല്പര്യത്തോടെ പഠിപ്പിച്ചു. തന്റെ മുന്നിലിരിക്കുന്നവരുടെ ജീവിതത്തോടു ബന്ധമുള്ള, അവരുടെ ജീവിത സാഹചര്യങ്ങളിൽ സംഗതമായ, പിതാവാം ദൈവത്തിലുള്ള ഭക്തിയും വിശ്വാസവും വർദ്ധിപ്പിക്കുന്ന, മനുഷ്യരോടുള്ള ദൈവസ്നേഹം വെളിപ്പെടുത്തുന്ന അനുതാപത്തിലേക്ക്, മാനസാന്തരത്തിലേക്ക് നയിക്കുന്ന, നൈതിക-ധാർമ്മികമൂല്യങ്ങളെ ഉറപ്പിക്കുന്ന, പ്രകൃതിയോടിണങ്ങുന്ന ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്ന ഒരു പഠിപ്പിക്കലായിരുന്നു യേശുക്രിസ്തുവിന്റേത്.

## 5. അപ്പോസ്തൊലിക കാലഘട്ടം

സഭയുടെ തുടക്കം മുതലേ അത് 'പഠിപ്പിക്കുന്ന' സഭയാണ്. ഒന്നാം പെന്തക്കോസ്തിയിൽ സഭയോടു ചേർന്ന മൂവായിരം പേരെക്കുറിച്ച് നാം വായിക്കുന്നു: "അവർ

അപ്പോസ്തൊലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (അപ്പോ. 2:42). സുവിശേഷങ്ങളുടെ രൂപീകരണംപോലും ഈ പഠിപ്പിക്കലിന്റെ ഭാഗമായാണുണ്ടായത്. സുവിശേഷങ്ങൾ എഴുതപ്പെടും മുമ്പേതന്നെ അപ്പോസ്തൊലന്മാർ അവരുടേതായ ബോധനരീതികൾ ആവിഷ്കരിച്ചിരുന്നുവെന്നു വേണം മനസ്സിലാക്കാൻ. മാമോദീസാ, വി. കുർബ്ബാന എന്നിവയുടെ അർത്ഥവും പ്രാധാന്യവും വിശദമാക്കുന്ന രീതി നിലവിലുണ്ടായിരുന്നുവെന്നതിന് വേദസൂചനകളുണ്ട് (1 കൊരി. 11:23 മു.).

മാതാപിതാക്കൾക്ക് മക്കളെ പഠിപ്പിക്കുവാനുള്ള ഉത്തരവാദിത്തമുണ്ടെന്നാണ് അപ്പോസ്തലന്മാരുടെ പ്രബോധനം.

"പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ" (എഫെ. 6:4).

ആദിമസഭ ക്രിസ്തീയമതബോധനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നല്ല തിട്ടമുള്ളവരായിരുന്നു. അതുകൊണ്ടാണ് ആരാധനയുടെ ഭാഗമായിത്തന്നെ വിശ്വാസപഠിതാക്കൾക്കുള്ള (catachumens) ഭാഗം ഉൾപ്പെടുത്തിയിരുന്നത്. മാമോദീസാ സ്വീകരിക്കുവാൻ ഒരുങ്ങുന്ന ഇങ്ങനെയുള്ളവരെ ആരാധനയുടെ പ്രധാനഭാഗത്തുനിന്ന് മാറ്റിനിർത്തിയിരുന്നു. (നമ്മുടെ വി. കുർബ്ബാനയുടെ രണ്ടു ഭാഗങ്ങൾ ഇങ്ങനെ ക്രമീകരിച്ചിട്ടുള്ളതാണ്.) പഠിപ്പിക്കലിനൊപ്പം ധാർമ്മികതാപരിശീലനം, മറ്റു ക്രിസ്ത്യാനികളുമായി ഇടപെടുവാനുള്ള സാധ്യത എന്നിവയും മതപഠനത്തിന്റെ ഭാഗമായിരുന്നു.

**ചിന്തിക്കുക**

1. 'ഷെമാ' എന്ന യഹൂദവിശ്വാസപ്രമാണത്തിലെ ആശയങ്ങൾ എന്തെല്ലാം?
2. ആദിമസഭയുടെ ബോധനരീതി എങ്ങനെയായിരുന്നു?

അദ്ധ്യായം മൂന്ന്

# ക്രിസ്തീയ വിദ്യാഭ്യാസവും സൺഡേസ്കൂളും

## 1. ആമുഖം

**ക്രൈ**സ്തവസഭയിൽ മതബോധനത്തിന്റെ അടിസ്ഥാനം യേശുവിന്റെ വചനവും അപ്പോസ്തോലിക പാരമ്പര്യവുമാണ്. ആരാധനയുടെ അവിഭാജ്യഘടകമായിരുന്നു മത ബോധനം എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" (വി. മത്താ. 19:14) എന്ന കർത്തൃനിർദ്ദേശമാണ് സൺഡേസ്കൂൾ പഠനത്തിന്റെ ആപ്ത വാക്യം. യേശുവിന്റെ ആഹ്വാനം സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളണമെന്നാണ്. ശിഷ്യരാക്കിച്ചേർക്കുന്നത് പഠിപ്പിക്കുന്നതിലൂടെയും വി. മാമോദീസായിലൂടെയുമാണ്. പഠിപ്പിക്കുന്നവരോടൊപ്പം ക്രിസ്തുവിന്റെ സാന്നിദ്ധ്യം എപ്പോഴും ഉണ്ടായിരിക്കും.

> *ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് (വി. മത്താ. 28:19-20).*

വി. യൂദാശ്ലീഹായും ഇതു സാക്ഷിക്കുന്നുണ്ട്.

> *പ്രിയരെ, നമുക്കു പൊതുവിലുള്ള രക്ഷയെക്കുറിച്ചു നിങ്ങൾക്കെഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിന് പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്ന് എനിക്കു തോന്നി (യൂദാ. 3).*

അങ്ങനെ സൺഡേസ്കൂൾ പഠനം ക്രിസ്തീയാരാധനയുടെയും മതബോധനത്തിന്റെയും അവിഭാജ്യഘടകമാണെന്ന് നമുക്ക് ബോധ്യമാകുന്നു.

## 2. സൺഡേസ്കൂൾ ചരിത്രം

### a. പാശ്ചാത്യസമൂഹത്തിൽ

പാശ്ചാത്യസഭയിലുണ്ടായ സൺഡേസ്കൂൾ യൂറോപ്പിലുണ്ടായ വ്യാവസായികവിപ്ലവത്തിന്റെ ഫലമാണെന്നു പറയാം. റോബർട്ട് റെയ്ക്സ് എന്ന ഒരു പത്രപ്രവർത്തക

നാണ് ഇംഗ്ലണ്ടിൽ സൺഡേസ്കൂളിന് ആരംഭം കുറിച്ചത്. മിസ്സിസ് കിങ് ആണത്രേ ആദ്യത്തെ സൺഡേസ്കൂൾ അദ്ധ്യാപിക. വ്യാവസായിക വിപ്ലവം യൂറോപ്പിൽ വലിയ സാമൂഹിക മാറ്റത്തിന് വഴിവച്ചു. കൃഷിയും മറ്റുമായി കഴിഞ്ഞിരുന്ന ഗ്രാമവാസികൾ വ്യാവസായികനഗരങ്ങളിലേക്കു ചേക്കേറി. തൊഴിൽശാലകളിൽ പ്രായഭേദമെന്യേ കുട്ടികളും കഠിനമായ ജോലികളിലെത്തപ്പെട്ടു. ഇവരാരുംതന്നെ വിദ്യാഭ്യാസമുള്ളവരായിരുന്നില്ല. കുറഞ്ഞകൂലിയും സമയക്ലിപ്തതയില്ലാത്ത കഠിനാദ്ധ്വാനവും ആയിരുന്നു പലരുടെയും സ്ഥിതി. ആറു ദിവസവും സൂര്യനെ കാണുകപോലുംചെയ്യാതെ കഠിനാദ്ധ്വാനം ചെയ്തിരുന്ന കുട്ടികൾ ഞായറാഴ്ച സ്വതന്ത്രരായിരുന്നു. കഠിനഹൃദയരും കുറ്റവാസനയുള്ളവരുമായി മാറിയിരുന്ന ഈ കുഞ്ഞുങ്ങളെ ശ്രദ്ധിക്കാനായാൽ, രൂപാന്തരപ്പെടുത്താനായാൽ കുറ്റവാളികളുടെ എണ്ണം കുറയ്ക്കാനാകുമെന്ന ചിന്തയാണ് പത്രപ്രവർത്തകനായ റോബർട്ട് റെയ്ക്സിനെ ഇവരുടെ ഇടയിൽ പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ചത്.

1780-ൽ ഒരു ഞായറാഴ്ച തെരുവിലലഞ്ഞ കുട്ടികളെ മധുരപലഹാരങ്ങളും മറ്റും നൽകി സ്വാധീനിച്ച് മിസ്സിസ് കിങ്ങിന്റെ വീട്ടിലെത്തിച്ചു. അവിടെ എഴുത്തും വായനയും ആരാധനയും വേദപഠനവും പാഠ്യഭാഗങ്ങളായി. വരുന്ന കുട്ടികൾ വ്യത്യസ്തപ്രായക്കാരായതിനാൽ, മുതിർന്നവരെ ആദ്യം പഠിപ്പിക്കുകയും പിന്നെ ചെറുപ്രായക്കാരെ പഠിപ്പിക്കുവാൻ അവരെ നിയോഗിക്കുകയും ചെയ്യുന്ന രീതി അവലംബിച്ചു. 1811-ൽ റോബർട്ട് റെയ്ക്സ് മരിക്കുമ്പോൾ ഇംഗ്ലണ്ടിൽ ഏതാണ്ട് അഞ്ച് ലക്ഷം (half a million) കുട്ടികൾ സൺഡേസ്കൂൾ അധ്യയനം നടത്തുന്നുണ്ടായിരുന്നു. സഭ ഈ ദൗത്യം ഏറ്റെടുക്കുമെന്നൊരു ചിന്ത റെയ്ക്സിന് ഉണ്ടായിരുന്നു. എന്നാൽ ഞായറാഴ്ച പഠിപ്പിക്കുന്നത് 'ശാബതുലംഘനം' എന്ന ചിന്തയാലാകാം സഭ ഈ പ്രവൃത്തിയെ എതിർക്കുകയാണുണ്ടായത്. പഠിക്കുന്നത് 'ചൂഷണ'ത്തിന് തടസ്സമാകുമെന്ന് ചിന്തിച്ച വ്യവസായികളും ഈ നീക്കത്തെ എതിർത്തു. എങ്കിലും തളരാതെ മുന്നേറിയ ഈ പ്രസ്ഥാനത്തിന്, പിൽക്കാലത്ത് സഭ അംഗീകരിച്ച് ചെറിയ സഹായങ്ങളൊക്കെ ചെയ്തുതുടങ്ങി. മതബോധനം മാത്രമായിരുന്നില്ല ഈ പാഠശാലയിലെ പഠനവിഷയങ്ങൾ. ഞായറാഴ്ചകളിൽ മാത്രം കൂടിവന്നിരുന്നതുകൊണ്ട് അതിലെത്തിയ കുട്ടികൾ 'സൺഡേസ്കൂൾ' എന്നു പറഞ്ഞുവെന്നു മാത്രം.

## ക്രിസ്തീയ വിദ്യാഭ്യാസവും സൺഡേസ്കൂളും

സഭയുടെ ചിട്ടയോടുകൂടിയ ഒരു ശുശ്രൂഷയാണ് ക്രിസ്തീയ വിദ്യാഭ്യാസം എന്നു നാം കണ്ടു. വി. കൂദാശകൾ, പാരമ്പര്യങ്ങൾ, സഭാചരിത്രം പ്രായോഗികസാഹചര്യങ്ങളിൽ ക്രിസ്തീയ മൂല്യങ്ങളുടെ സാംഗത്യം എന്നിവ വിശ്വാസസമൂഹത്തെ പഠിപ്പിക്കുന്നതിന് ഇതാണ് ഉത്തമമാർഗ്ഗം. വിവിധങ്ങളായ പഠിപ്പിക്കലുകളും വികലമായ ആത്മീയ വഴികളും ആധിപത്യം നേടുന്ന ഇക്കാലത്ത് ശരിയായ ബോധനം നൽകിയില്ലെങ്കിൽ ജനം വഴിതെറ്റിപ്പോകാനിടയാകും. അനുയോജ്യമായ പരിപാടികളും വിഭവങ്ങളും വികസിപ്പിച്ചെടുത്ത് വലിയ ഉത്സാഹത്തോടെ ഈ കർമ്മം ചെയ്യുവാനാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്. വ്യത്യസ്ത പ്രായങ്ങളിലുള്ളവർക്ക് അനുയോജ്യമായ 'വിശ്വാസപഠന' പരിപാടി ഇതിനായി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. വളർച്ചയ്ക്ക് നിദാനമായിരിക്കേണ്ട സ്വഭാവരൂപീകരണം, വ്യക്തിത്വം, അടിസ്ഥാന ബോധ്യങ്ങൾ, ധാർമ്മികമൂല്യങ്ങൾ പങ്കുവയ്ക്കുവാനുള്ള മനസ്സ് മുതലായവ കരുപ്പിടിപ്പിക്കേണ്ടത് ബാല്യത്തിലും കൗമാരത്തിലുമൊക്കെയാണ്. അതുകൊണ്ടുതന്നെ ക്രിസ്തീയ മതബോധനമുൾപ്പെടെ എല്ലാ പഠന

പരിപാടികളും ആരംഭിക്കേണ്ടത് 'എളുപ്പം സ്വാധീനിക്കാവുന്ന' ഈ പ്രായത്തിലാണ്. ഇത് ക്രിസ്തീയ മതബോധനത്തിന്റെ ഒഴിച്ചുകൂടാനാവാത്ത പ്രകൃതത്തെയും സാംഗത്യത്തെയും സൂചിപ്പിക്കുന്നു. ഒരു മനുഷ്യന്റെ വളർച്ചയ്ക്കാവശ്യമായ ഉറപ്പുള്ള അടിസ്ഥാനങ്ങൾ ശൈശവത്തിൽതന്നെ നൽകണമെന്ന വസ്തുത സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. ഒരുവന്റെ വളർച്ചയുടെ പ്രാരംഭദശയിൽതന്നെ ഉണ്മയായതും യഥാർത്ഥവുമായ ആശയങ്ങളെയും സ്വാധീനങ്ങളെയും അവന്റെ മനസ്സിൽ ഉറപ്പിക്കണം. അങ്ങനെയുള്ള സ്വാധീനങ്ങൾ യുവമനസ്സുകളിൽ അനുകൂലസാഹചര്യങ്ങളിൽ മുളപൊട്ടും. അതുകൊണ്ട് ദൈവാനുഭവത്തിലേക്കുള്ള 'ഉപനയനം' ജീവിതത്തിന്റെ ഈ ഘട്ടത്തിൽതന്നെ ലഭ്യമാക്കണം. ഇതാണ് വാസ്തവത്തിൽ സൺഡേസ്കൂളിന്റെ ലക്ഷ്യംതന്നെ.

### b. സൺഡേസ്കൂൾ ഭാരതത്തിൽ

'സെറാമ്പൂർ ട്രയോ' എന്ന പേരിലറിയപ്പെട്ട മൂന്ന് പ്രൊട്ടസ്റ്റന്റ് മിഷനറിമാർ - വില്യം കേറി, ജോഷ്വാ മാർഷ്മാൻ, വില്യം വാർഡ് - 1800-ൽ കൽക്കട്ടയിൽ ഒരു ദിനപാഠശാല ആരംഭിച്ചു. എന്നാലത് ഏതാനും മാസം മാത്രമേ നിലനിന്നുള്ളൂ. ഏതാനും വർഷം കഴിഞ്ഞ് ഈ പദ്ധതി പുനരാരംഭിച്ചു. ഇതേതുടർന്ന് 1803-ൽ ഭാരതത്തിലെ ആദ്യ സൺഡേസ്കൂൾ ആരംഭിച്ചു. മറ്റു വിദേശ മിഷനറിമാരും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ സൺഡേസ്കൂളുകൾ ആരംഭിച്ചു. 1809-ൽ ബാപ്റ്റിസ്റ്റു സഭ അവരുടെ സൺഡേസ്കൂൾ ആരംഭിച്ചു. 1870 ആയപ്പോഴേക്കും വിവിധ സൺഡേസ്കൂൾ അസ്സോസിയേഷനുകൾ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപീകൃതമായി. 1876-ൽ അലഹബാദിൽ വിവിധ അസ്സോസിയേഷനുകളുടെ എഴുപത്തിയേഴ് (77) പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം ഇൻഡ്യ സൺഡേസ്കൂൾ യൂണിയൻ (ISSU) സ്ഥാപിച്ചു. 1906-ൽ ജബൽപൂർ ആസ്ഥാനമാക്കി, 1927-ൽ കൂനൂരിലേക്കു മാറ്റി. 1933-ലാണ് ആദ്യമായി ഒരു ഭാരതീയൻ ISSU-വിന്റെ അദ്ധ്യക്ഷനാകുന്നത് - റവ. എ. റല്ലാറാം. ഇരുപത് പ്രാദേശിക ഭാഷകളിൽ ISSU സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ പുറത്തിറക്കി. 1896 മുതൽ വാർഷിക പരീക്ഷയും നടത്തിവന്നു. അധികം വൈകാതെ ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇൻഡ്യയുടെ ക്രിസ്തീയ വിദ്യാഭ്യാസവിഭാഗമായ CEEFI (Christian Education of the Evangelical Fellowship of India), ഭാരതത്തിലെ ദേശീയ സഭാ സമിതി(NCCI)യുടെ ഭാഗമായ AISSA (All India Sunday School Association) എന്നിവയും സൺഡേസ്കൂൾ മേഖലയിൽ സജീവസാന്നിധ്യമായി വന്നു. അദ്ധ്യാപക പരിശീലനത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്ന AISSA യുമായി OSSAE 2007 മുതൽ സഹകരിച്ചു പ്രവർത്തിച്ചുവരുന്നു.

### c. സൺഡേസ്കൂൾ മലങ്കരസഭയിൽ

മലങ്കരമെത്രാപ്പോലീത്തായും വലിയ മാർ ദീവന്നാസ്യോസ് എന്ന അഭിധാനത്തിലറിയപ്പെട്ടിരുന്നതുമായ ആറാം മാർതോമ്മായുടെ (1765-1808) കാലത്ത് നമസ്കാരങ്ങളും കൂദാശകളും പഠിപ്പിക്കുന്നതിന് ഏർപ്പെടുത്തിയ മതബോധനമാണ് പിന്നീട് സൺഡേസ്കൂളായി പരിണമിച്ചത്. പാശ്ചാത്യമിഷനറിമാരുടെ നവീകരണസമ്പ്രദായങ്ങളോടുള്ള പ്രതികരണമെന്ന നിലയിലാണ് ഇത് നിലവിൽ വന്നത്. 1809-ൽ കണ്ടനാട് പള്ളിയിൽ ചേർന്ന പള്ളിപ്രതിപുരുഷയോഗതീരുമാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു "കുട്ടി

കളെ നമസ്കാരങ്ങളും കൂദാശകളും പഠിപ്പിക്കണം" എന്നത്. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമൻ ഈ തീരുമാനങ്ങൾ നടപ്പിൽ വരുത്തുവാൻ ഉത്സാഹിയായി. തിരുവിതാംകൂറിലെ ആദ്യത്തെ 'പഠിത്തവീടായ' പഴയസെമിനാരി 1815-ൽ സ്ഥാപിതമായത് അങ്ങനെയാണ്. കോട്ടയം എം.ഡി. സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ ഇടവകകളിൽ ഞായറാഴ്ചതോറും ഈ പഠനം തുടരുവാനുള്ള ക്രമീകരണം ചെയ്തു. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യശതദശകത്തിൽ വേദപുസ്തകം പൂർണ്ണമായും മലയാളത്തിൽ ലഭിച്ചു. അതേതുടർന്ന് വിശ്വാസ-കൂദാശ-ആരാധനാ പാഠങ്ങളോടൊപ്പം പഴയ-പുതിയനിയമ ഭാഗങ്ങളും പാഠ്യഭാഗമായി.

മലങ്കര സഭാഭാസുരൻ പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ കാലം മലങ്കരസഭയിലെ വിവിധ ഇടവകകളിലെ സൺഡേസ്കൂളുകളുടെ ഏകീകരണ കാലമായിരുന്നു. മലങ്കര സൺഡേസ്കൂൾ സമാജത്തിന്റെ (MSS) സെക്രട്ടറിയായി റവ. ഫാ. കെ. ഡേവിഡ് നിയമിതനായി. ആദ്യം ഏഴു ക്ലാസ്സുകൾ, പിന്നീടു രണ്ടുംകൂടെ ചേർന്ന് ഒൻപതു ക്ലാസ്സുകളാക്കി MSS പാഠ്യപദ്ധതി ക്രമീകരിച്ചു. 5-ാം ക്ലാസ്സ് പൂർത്തിയാക്കുമ്പോഴേക്കും നമസ്കാരങ്ങളെല്ലാം ഹൃദിസ്ഥമാക്കാനുതകുംവിധമാണ് പാഠഭാഗങ്ങൾ ക്രമീകരിച്ചിരുന്നത്.

സഭയുടെ 'വാനമ്പാടി' എന്നറിയപ്പെടുന്ന പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് തിരുമേനി 1930-ൽ MSS പ്രസിഡണ്ടന്റായി നിയമിക്കപ്പെട്ടു. പ. വട്ടശ്ശേരിൽ തിരുമേനി നിയമിച്ച റായ് ബഹദൂർ സാഹിബ് ഒ.എം. ചെറിയാൻ കൺവീനറായ സമിതി തയ്യാറാക്കിയ സഭാ ഭരണഘടനയുടെ നക്കലിൽ സൺഡേസ്കൂളിനെ സംബന്ധിച്ച് മൂന്നു വകുപ്പുകളുണ്ട്.

വകുപ്പ് 138. ഓരോ ഇടവകയിലും ഒന്നിൽ കുറയാതെ സൺഡേസ്കൂൾ ഉണ്ടായിരിക്കണം.

വകുപ്പ് 139. സൺഡേസ്കൂൾ വികാരിയുടെയും സഹായപട്ടക്കാരുണ്ടെങ്കിൽ അവരുടെയും പ്രത്യേക ചുമതലയിലും മേൽനോട്ടത്തിലും നടക്കേണ്ടതാകുന്നു.

വകുപ്പ് 140. സൺഡേസ്കൂളുകളുടെ നടത്തിപ്പിലേക്ക് ഓരോ മെത്രാസന ഇടവകയിലും ഓരോ സെക്രട്ടറിയും എല്ലാ മെത്രാസന ഇടവകകൾക്കും പൊതുവായി മാനേജിങ് കമ്മറ്റിയാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ജനറൽ സെക്രട്ടറിയും ഉണ്ടായിരിക്കേണ്ടതാണ്. മെത്രാസന ഇടവക സെക്രട്ടറിയെ ഇടവകമെത്രാൻ നിയമിക്കേണ്ടതാകുന്നു.

പ. വട്ടശ്ശേരിൽ തിരുമേനി പഴയസെമിനാരി അദ്ധ്യാപകനായിരുന്ന സമയത്ത് എഴുതിയ 'മതോപദേശസാരം' എന്ന പുസ്തകം സൺഡേസ്കൂൾ പഠനത്തിന് വളരെ സഹായകരമായിരുന്നു.

പ. വട്ടശ്ശേരിൽ തിരുമേനിയെ എതിർത്തവർ 1935-ൽ കരിങ്ങാച്ചിറപ്പള്ളിയിൽ ഒരു യോഗം ചേർന്ന് 'മലങ്കര സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ' (MSSA) ആരംഭിച്ചിരുന്നു. 1958-ൽ ഓർത്തഡോക്സ് സഭയ്ക്കനുകൂലമായ സുപ്രീംകോടതിവിധി ഉണ്ടായതിനെ തുടർന്ന് സമാജവും അസ്സോസിയേഷനും ഒന്നാകുവാനുള്ള ശ്രമവും തുടങ്ങി. അങ്ങനെ 1964 ജൂലൈ 22-ാം തീയതി പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന യോഗം പുതിയൊരു ക്രമീകരണത്തിന് തുടക്കമിട്ടു. കണിയാംപറമ്പിൽ വന്ദ്യ കുര്യൻ കോർ എപ്പിസ്കോപ്പ കൺവീനറായ ഭരണഘടനാകമ്മറ്റിയും ദിവ്യ ശ്രീ. കെ. ഡേവിഡ് അച്ചൻ കൺവീനറായ സില

ബസ് പരിഷ്കരണ കമ്മറ്റിയും രൂപീകരിച്ചു. അവരുടെ റിപ്പോർട്ട് 20-11-1964-ൽ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചു. അങ്ങനെ പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ (OSSAE) നിലവിൽ വന്നു. വയലിപറമ്പിൽ ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി പ്രസിഡന്റും കണിയാമ്പറമ്പിലച്ചൻ ഡയറക്ടർ ജനറലും കെ. ഡേവിഡ് അച്ചൻ പബ്ലിക്കേഷൻ ഓഫീസറും ആയി നിയമിതരായി. ഐക്യപ്പെട്ട സഭയിലെ സൺഡേസ്കൂളിൽ 1010 സ്കൂളുകളും 92,777 കുട്ടികളും 7251 അദ്ധ്യാപകരും ഉണ്ടായിരുന്നു. 1966-ൽ കണ്ടനാട് ഭദ്രാസനത്തിന്റെ പൗലോസ് മാർ പീലക്സിനോസ് തിരുമേനി പ്രസിഡന്റായി. 1974-ലെ പുതിയ ചേരിതിരിവിൽ മാർ പീലക്സിനോസും കണിയാമ്പറമ്പിലച്ചനും അവരുടെ സ്ഥാനങ്ങൾ രാജിവച്ചു. അന്ത്യോഖ്യൻ മൂവ്മെന്റിന്റെ താല്പര്യത്തിൽ ഒരു സമാന്തര സൺഡേസ്കൂൾ പ്രസ്ഥാനം, 'മലങ്കര യാക്കോബായ സുറിയാനി സൺഡേസ്കൂൾ അസ്സോസിയേഷൻ' (MJSSA) എന്ന പേരിൽ സമാരംഭിച്ചു.

1974-ൽ കൊല്ലം ഭദ്രാസനത്തിന്റെ മാത്യൂസ് മാർ കൂറിലോസ് പ്രസിഡന്റായി നിയോഗിക്കപ്പെട്ടു. കെ. ഡേവിഡ് കോർ എപ്പിസ്കോപ്പ ഡയറക്ടർ ജനറലും ഫാ. ടി.ജി. സഖറിയ പബ്ലിക്കേഷൻ ഓഫീസറുമായി. കെ. ഡേവിഡ് കോർ എപ്പിസ്കോപ്പായുടെ മരണത്തെത്തുടർന്ന് ചിറത്തലാട്ട് സി.വി. ജോർജ്ജ് കോർ എപ്പിസ്കോപ്പാ 1974-ൽ ഡയറക്ടർ ജനറലായി.

ഇക്കാലത്താണ് പൗരസ്ത്യ ഓർത്തഡോക്സ് സഭകൾക്കു പൊതുവായ പാഠ്യപദ്ധതി ഉണ്ടാകണമെന്ന ചിന്തയുണ്ടായത്. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ലോകപരിചയവും വൈജ്ഞാനികപ്രഭാവവും അതിനു കാരണമായി. അദ്ദേഹം അദ്ധ്യക്ഷനായ സമിതി തയ്യാറാക്കിയ പാഠ്യപദ്ധതി മറ്റു പൗരസ്ത്യസഭകൾക്കൊപ്പം ഇവിടെയും നടപ്പിലാക്കി. വന്ദ്യ സി.വി. ജോർജ്ജ് കോർ എപ്പിസ്കോപ്പാ സ്ഥാനമൊഴിഞ്ഞപ്പോൾ 1993-ൽ ഫാ. ഡോ. ടി.ജെ. ജോഷ്വാ ഡയറക്ടർ ജനറലായി നിയമിതനായി. ശ്രീ. ടി.ടി. ചാക്കോ പബ്ലിക്കേഷൻ ഓഫീസറും. ശ്രീ. ടി.ടി. ചാക്കോയുടെ നിര്യാണത്തെതുടർന്ന് 1997-ൽ ഫാ. കെ.വി. തോമസ് പബ്ലിക്കേഷൻ ഓഫീസറായി. ശ്രീ സി.യു. മാത്യുവിനെ ഓഫീസ് മാനേജരായും നിയമിച്ചു. ഈ മൂവരും ചേർന്നുള്ള കാലഘട്ടത്തെ സൺഡേസ്കൂളിന്റെ 'സുവർണ്ണ കാലഘട്ടം' എന്നു പറയാം. പുതിയ പാഠ്യപദ്ധതിയും പുസ്തകങ്ങളും ജീവകാരുണ്യദിന സ്തോത്രകാഴ്ച, എൻഡോവ്മെന്റുകൾ, കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ എഴുതി സൂക്ഷിക്കുക, സൺഡേസ്കൂൾ വാർത്തകൾ പൊതുസമൂഹത്തെ അറിയിക്കുവാൻ 'മലങ്കരസഭ' മാസികയിൽ പ്രത്യേക പംക്തി, സൺഡേസ്കൂൾ പ്രവർത്തനങ്ങളെ ഇടവകവികാരിമാരുമായി ബന്ധിപ്പിക്കാനുതകുന്ന വികാരിമാർക്കുള്ള കത്ത്, ഓഫീസ് പ്രവർത്തനങ്ങൾ പ്രാർത്ഥനയോടെ ആരംഭിക്കുവാനുള്ള ക്രമീകരണം എന്നിവ ഈ കാലഘട്ടത്തിൽ നടപ്പിൽ വരുത്തി. 2015 മുതൽ 'ദ സൺഡേസ്കൂൾ' ത്രൈമാസികയുടെ പ്രസിദ്ധീകരണം പുനരാരംഭിച്ചു. 2017ൽ ഫാ. കെ. വി. തോമസ് വിരമിക്കുകയും പ്രൊഫ. ഡോ. ചെറിയാൻ തോമസിനെ പബ്ലിക്കേഷൻ ഓഫീസറായി നിയമിക്കുകയും ചെയ്തു.

2001-ൽ കേരളത്തിനു വെളിയിലുള്ള ഭദ്രാസനങ്ങളിലെ സൺഡേസ്കൂൾ പ്രവർത്തകർ നാഗ്പൂർ സെമിനാരിയിൽ യോഗം ചേർന്ന് അവിടെയുള്ള സൺഡേസ്കൂളുകളുടെ പ്രവർത്തനം, ആ പ്രദേശങ്ങളിലെ ഭാഷ, സംസ്കാരം, സാമൂഹിക സാഹചര്യങ്ങൾ എന്നി

വകൂടി പരിഗണിച്ച് ഊർജിതമാക്കാൻ തീരുമാനിച്ച് ചില നിർദ്ദേശങ്ങൾ വച്ചത് OSSAE അംഗീകരിക്കുകയും സുന്നഹദോസ് പിന്നീട് അത് നടപ്പിലാക്കുവാൻ അനുവദിക്കുകയും ചെയ്തു. നാഗ്പൂർ സെമിനാരി പ്രിൻസിപ്പലായിരുന്ന ഫാ. ഡോ. റജി മാത്യുവിനെ സുന്നഹദോസ്, ഡയറക്ടറായി നിയമിച്ചു. അങ്ങനെ OSSAE–OKR (Outside Kerala Region) നിലവിൽ വന്നു. 1991 മുതൽ 2002 വരെ കൊല്ലം ഭദ്രാസനത്തിന്റെ മാത്യൂസ് മാർ എപ്പിപ്പാനിയോസ് തിരുമേനിയും തുടർന്ന് അഞ്ചു വർഷം കുന്നംകുളം ഭദ്രാസനത്തിന്റെ പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയും (പിന്നീട് പരിശുദ്ധ കാതോലിക്കാബാവാ), 2007 മുതൽ 2017 വരെ കൊച്ചി ഭദ്രാസനാധിപനായിരിക്കുന്ന അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായും OSSAE പ്രസിഡന്റുമാരായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ തിരുവനന്തപുരം ഭദ്രാസനാധിപനായ അഭി. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനി പ്രസിഡന്റായി തുടരുന്നു.

2007-ൽ ഫാ. ടി.ജെ. ജോഷ്വാ വിരമിച്ചപ്പോൾ ഫാ. ഡോ. ഓ. തോമസ് ഡയറക്ടർ ജനറലായി നിയമിതനായി. ഒരു ദശാബ്ദത്തിലധികമായി തുടർന്നുവരുന്ന പാഠ്യപദ്ധതി പരിഷ്കരിക്കണമെന്ന ചിന്ത 2010-ൽ ഉണ്ടായി. അതിനായി പ്രസിഡന്റ്, ഡയറക്ടർ ജനറൽ, പബ്ലിക്കേഷൻ ഓഫീസർ, വിദ്യാഭ്യാസ-വേദശാസ്ത്രവിഷയങ്ങളിലെ പ്രഗത്ഭർ എന്നിവരുൾപ്പെട്ട ഒരു സമിതി രൂപീകരിച്ചു. 2015 മുതൽ ഫാ. ഡോ. റജി മാത്യുവും തുടർന്ന് ഫാ. ഡോ. ജേക്കബ് കുര്യനും ഡയറക്ടർജനറൽമാരായി സേവനം അനുഷ്ഠിച്ചു. ഓഫീസ് കമ്പ്യൂട്ടറൈസേഷൻ, ഒ.എസ്.എസ്.എ.ഇ. വെബ്സൈറ്റ്, പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക, ഗ്രേഡിങ്ങ് സിസ്റ്റം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, OKR ന്റെ ഓൺലൈൻ പഠനപദ്ധതി എന്നിവ സൺഡേസ്കൂളിന്റെ വളർച്ചയുടെ ഭാഗങ്ങളാണ്. 2015-ൽ എല്ലാ ക്ലാസ്സുകളിലും പുതിയ പാഠ്യപദ്ധതി നിലവിൽ വന്നു. 2019 ഏപ്രിൽ മുതൽ ഫാ. വർഗീസ് വർഗീസ് മീനടം ഡയറക്ടർ ജനറലായി സേവനമനുഷ്ഠിക്കുന്നു.

ക്രിസ്തീയ മതബോധനത്തിന്റെ ഒരു അവിഭാജ്യഘടകമാണ് സൺഡേസ്കൂൾ. കുഞ്ഞുങ്ങൾ ദൈവമക്കളായി വളരുവാൻ തക്കവിധം പരിശീലനവും ബോധനവും നൽകി യേശുവിന്റെ കല്പന പ്രാവർത്തികമാക്കുവാൻ സൺഡേസ്കൂൾ അതിന്റെ ശുശ്രൂഷകൾ നിർവഹിച്ചുവരുന്നു. കർത്താവ് ഈ ശുശ്രൂഷയെ അനുഗ്രഹിച്ച് ഇത് കുഞ്ഞുങ്ങൾക്ക് ഏറെ പ്രയോജനമുള്ളതാക്കിത്തീർക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

**ചിന്തിക്കുക**

1. സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ആരംഭം എങ്ങനെ?
2. ഒ.എസ്.എസ്.എ.ഇ. രൂപീകരിക്കുവാൻ ഇടയായ സാഹചര്യം മനസ്സിലാക്കുക.
3. സൺഡേസ്കൂൾ കേന്ദ്രതലം മുതൽ നിങ്ങളുടെ സ്കൂൾതലം വരെയുള്ള ഭാരവാഹികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.

അദ്ധ്യായം നാല്

# ക്രിസ്തീയ തുടർവിദ്യാഭ്യാസം

**ഒ**രു മനുഷ്യന്റെ ജീവിതകാലം മുഴുവനും തുടരേണ്ട ഒരു പ്രക്രിയയാണ് വിദ്യാഭ്യാസം എന്ന തത്വം പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. സൺഡേസ്കൂളിലൂടെ കുഞ്ഞുങ്ങൾക്ക് ലഭിച്ചിട്ടുള്ള മത-ധാർമ്മിക അടിസ്ഥാനങ്ങൾ അവരുടെ വളർച്ചയിൽ ഉറപ്പാക്കേണ്ട ചുമതല സഭയ്ക്കുണ്ട്. ഇത് സാധ്യമാക്കുവാൻ തുടർവിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. സഭയിലെ വിവിധ ആത്മീയ പ്രസ്ഥാനങ്ങളിലൂടെ സത്യവിശ്വാസത്തിലും സത്യ ആരാധനയിലും ധാർമ്മിക ജീവിതത്തിലും സാമൂഹിക സേവനത്തിലും തല്പരരായി ഉറച്ചുനിൽക്കുവാൻ സഭ വ്യക്തികളെ സജ്ജരാക്കുന്നു. അതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്ന OVBS, OCYM, MGOCSM, MOMS പ്രാർത്ഥനായോഗങ്ങൾ, ദിവ്യബോധനം എന്നിവയെ പരിചയപ്പെടുത്തുകയാണിവിടെ. സഭയിൽ സജീവമായി പ്രവർത്തിക്കുന്ന ബാലികാ ബാലസമാജത്തിന്റെ പ്രവർത്തകരായി സേവനമനുഷ്ഠിക്കുവാനും വേദപ്രവീൺ ഡിപ്ലോമാ പാസ്സായവർ തയ്യാറാകണം.

## 1. ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ (OVBS)

വെക്കേഷൻ ബൈബിൾ സ്കൂൾ ഭാരതത്തിൽ ആരംഭിക്കുന്നത് 1952-ലാണ്. ക്രിസ്തീയ മൂല്യങ്ങൾ കുഞ്ഞുങ്ങളിലേക്ക് പകരുവാനായാണ് മധ്യവേനലവധിക്കാലത്ത് ഈ പദ്ധതി നടത്തുന്നത്. 1959 മുതൽ സഭയുടെ വിവിധഭാഗങ്ങളിൽ വി.ബി.എസ്. നടന്നുവന്നിരുന്നു. മധ്യവേനലവധിക്കാലത്ത് പത്തുദിവസം ആട്ടവും പാട്ടും കഥയും കളിയുമായി വേദപാഠങ്ങളും പുണ്യജീവിത ചരിത്രങ്ങളും മൂല്യബോധവും പ്രാർത്ഥനാജീവിതവും കുഞ്ഞുങ്ങളിലേക്ക് സംവദിപ്പിക്കുന്നു. തുടക്കത്തിൽ ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന വി.ബി.എസ്. മിനിസ്ട്രീസിന്റെ പുസ്തകങ്ങൾ ഉപയോഗിച്ചുവന്നു. റവ. ഫാ. കെ.ഓ. തോമസ്, റവ. ഫാ. എം.വി. പൗലോസ് എന്നിവരായിരുന്നു അതിനു നേതൃത്വം നൽകിയിരുന്നത്. 1977-ൽ OSSAE പൊതുയോഗ തീരുമാനം പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചപ്രകാരം ഈ പദ്ധതി ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ (OVBS) എന്ന പേരിൽ OSSAE യുടെ ഭാഗമായിത്തീർന്നു. റവ. ഫാ. ജെ. വറുഗീസ് കായംകുളം OVBS-ന്റെ ആദ്യത്തെ ഡയറക്ടറായി; ഡീ. രാജു വറുഗീസ് സെക്രട്ടറിയും. ഇവരുടെ നേതൃത്വത്തിൽ 1983-84 വർഷങ്ങളിലേയ്ക്കുള്ള പുസ്തകങ്ങൾ തയ്യാറാക്കി. സഭയുടെ വിവിധ ഇടവകകളിലായി കൂടുതൽ OVBS യൂണിറ്റുകൾ സംഘടിപ്പിക്കുകയും ചെയ്തു. റവ. ഫാ. ജെ. വറുഗീസിനെ തുടർന്ന് റവ. ഫാ. എം.വി. പൗലോസ്, റവ. ഫാ. കെ.വി. തോമസ്, റവ. ഫാ. കുര്യൻ തോമസ്, റവ. ഫാ. ജോൺ മാത്യു, ഫാ. കെ. വി. ഏലിയാസ്, ഫാ. മാത്യു കോശി, എന്നിവർ ഡയറക്ടർമാരായി. ശ്രീ. ഈ.എ. ജോസഫ്, ശ്രീ. ടി.വി. കുര്യൻ, പ്രൊഫ. ഡോ. ചെറിയാൻ തോമസ്, ഡോ. ഐപ്പ് വർഗീസ് എന്നിവർ ഡീ. രാജു

വർഗീസിനു ശേഷം ജനറൽ സെക്രട്ടറിമാരായി. 2020 മുതൽ ഫാ. റ്റൈറ്റസ് ജോൺ ഡയറക്ട റായും ശ്രീ. സന്തോഷ് ബേബി ജനറൽ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്നു.

സൺഡേസ്കൂളിൽ വരാത്ത കുട്ടികൾ പോലും OVBS-ലേക്ക് ആകർഷിക്കപ്പെടുന്നു എന്നത് ഈ പാഠ്യപദ്ധതിയുടെ ഒരു സവിശേഷതയാണ്. ഇത്തരത്തിൽ OVBS ഒരു തുടർവി ദ്യാഭ്യാസ പരിപാടിയായി നടത്തപ്പെടുന്നു. OVBS ക്ലാസ്സുകൾ ആറു വകുപ്പുകളായി തിരി ച്ചിട്ടുണ്ട്. കൂടാതെ ഓരോ വർഷവും ഒരു പൊതുവിഷയം തെരഞ്ഞെടുത്ത് അത് അടി സ്ഥാനമാക്കിയിട്ടുള്ള ക്ലാസ്സുകളും പുസ്തകങ്ങളും ക്രമീകരിക്കുന്നു. സഭയുടെ എല്ലാ ഇടവകകളിൽനിന്നും കുഞ്ഞുങ്ങൾ OVBS-നെ സന്തോഷത്തോടെ സ്വീകരിക്കുന്നു എന്നത് ചാരിതാർത്ഥ്യജനകം തന്നെ.

## 2. മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ്സ് മൂവ്മെന്റ് (MGOCSM)

1908-ലാണ് പ. പരുമലതിരുമേനിയുടെ നാമത്തിലുള്ള ഈ പ്രസ്ഥാനം ഉടലെടു ത്തത്. 1907-ൽ മദ്രാസിൽ വച്ചു നടന്ന സിറിയൻ സ്റ്റുഡന്റ്സ് കോൺഫറൻസാണ് ആരംഭം. 1908-ൽ തിരുവല്ല തിരുമൂലപുരം ബാലികാമഠത്തിലായിരുന്നു ആദ്യത്തെ യോഗം. 1960-ലാണ് MGOCSM എന്ന പേര് സ്വീകരിക്കുന്നത്. തുടക്കത്തിൽ MGOCSM വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചത്. ആരാധന, പഠനം, സേവനം എന്നിവ ലക്ഷ്യമാക്കി സൺഡേസ്കൂൾ പഠനപ്രായം കവിഞ്ഞ വിദ്യാർത്ഥികളെ ക്രിസ്തീയ മൂല്യ ങ്ങളിൽ വളരുവാൻ അവസരമൊരുക്കുകയാണ് MGOCSM-ന്റെ ഉദ്ദേശ്യം. അങ്ങനെ, ഇതൊരു തുടർവിദ്യാഭ്യാസ പ്രസ്ഥാനമാകുന്നു. ആഴ്ചയിലൊരിക്കൽ അവരവർ പഠിക്കുന്ന സ്ഥാപ നങ്ങളിൽ ഒരു നിശ്ചിത സമയത്തും സ്ഥലത്തും ഒന്നിച്ചുകൂടുവാനും വേദപഠനം, പ്രാർത്ഥ ന, സാമൂഹ്യസേവനം എന്നിവയിൽ പങ്കാളികളാകുവാനും പ്രസ്ഥാനം പ്രോത്സാഹനം നൽകുന്നു. സഭയുമായുള്ള ബന്ധം ഉലയാതെ ദൃഢമായി നിലനിർത്തുന്നതിലും ശ്രദ്ധി ക്കുന്നു. ആണ്ടിലൊരിക്കൽ ഏതെങ്കിലും ഒരു തെരഞ്ഞെടുക്കപ്പെട്ട സ്ഥലത്തുവച്ച് നാലു നാൾ നീളുന്ന ഒരു വിദ്യാർത്ഥി സംഗമം നടത്തുന്നു.

മുമ്പ് കലാലയങ്ങളെ മാത്രം കേന്ദ്രീകരിച്ചായിരുന്നുവെങ്കിൽ, ഇന്നത് സ്കൂളുകളി ലേക്കുകൂടി പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ, എഞ്ചിനീയറിംഗ് സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുള്ള Medical Auxilliary, Technical Auxilliary എന്നിവയും ഇന്നുണ്ട്.

1908-ൽ Syrian Students Conference-ന്റെ ആദ്യയോഗം അന്ന് റമ്പാനായിരുന്ന വട്ടശ്ശേ രിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിലായിരുന്നു നടന്നത്. പിന്നീട് വളരെക്കാലം MGOCSM പ്രസിഡന്റായി സേവനമനുഷ്ഠിച്ച കാലത്ത് തിരുവനന്തപുരത്തും, കോട്ടയത്തും, അദ്ദേഹം സ്റ്റുഡന്റ് സെന്ററുകൾ സ്ഥാപിച്ചു. പിൽക്കാലത്ത് ആലുവയിലും സ്റ്റുഡന്റ് സെന്റർ സ്ഥാപി ക്കപ്പെട്ടു. MGOCSM-ന്റെ വളർച്ചയുടെ വഴികളിലെ നാഴികക്കല്ലുകളായിരുന്നു ഈ സെന്റ റുകൾ. കോട്ടയം സ്റ്റുഡന്റ് സെന്ററാണ് മുഖ്യകാര്യാലയം. കേരളത്തിനു വെളിയിൽ വിവിധ നഗരങ്ങളിൽ സ്റ്റുഡന്റ് ചാപ്ലെയിൻമാരെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ-വിദ്യാഭ്യാസ സാഹചര്യങ്ങളിൽ, മുമ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്രീക രിച്ച് നടത്തിയിരുന്ന പ്രവർത്തനങ്ങൾ ഇടവകകൾ കേന്ദ്രീകരിച്ച് നടത്തിവരുന്നു.

## 3. ഓർത്തഡോക്സ് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (OCYM)

മലങ്കര ഓർത്തഡോക്സ് സഭയുടെ യുവജനവിഭാഗമായ OCYM 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ വിവിധ ഇടവകകളിൽ പ്രവർത്തിച്ചുവരുന്നു. യുവജനസംഘം എന്നായിരുന്നു പേര്. നവീകരണക്കാരുടെ കടന്നുകയറ്റത്തെ ചെറുക്കുക എന്നതായിരുന്നു ലക്ഷ്യം. 1933-ലാണ് വിവിധ ഇടവകകളിൽ പ്രവർത്തിച്ചിരുന്ന സംഘങ്ങളുടെ സഭാടിസ്ഥാനത്തിലുള്ള ഏകീകരണം നടന്നത്. അങ്ങനെ ആരാധന, പഠനം, സേവനം എന്ന ആപ്തവാക്യവുമായി സിറിയൻ യുവജനസംഘം നിലവിൽ വന്നു. 1936-ലെ മാവേലിക്കര യോഗത്തോടെ ഈ പ്രസ്ഥാനം സഭയുടെ അവിഭാജ്യഘടകമായി അംഗീകരിക്കപ്പെട്ടു. തുടർന്ന് പുത്തൻകാവ് ഗീവറുഗീസ് മാർ പീലക്സീനോസ് പ്രസിഡന്റായും, റവ. ഫാ.പി. ഈ. ദാനിയേൽ (ദാനിയേൽ മാർ പീലക്സീനോസ്) സെക്രട്ടറിയായും നിയമിക്കപ്പെട്ടു. പുതുപ്പള്ളിയിൽ 1958-ൽ കൂടിയ വാർഷികയോഗം ഓർത്തഡോക്സ് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് എന്ന പേര് ഔദ്യോഗികമായി സ്വീകരിച്ചു. ഓർത്തഡോക്സ് യൂത്ത് എന്ന പേരിൽ ഒരു മാസിക OCYM പ്രസിദ്ധീകരിച്ചിരുന്നു. റവ. ഫാ. കെ.വി. ശാമുവേൽ വളരെക്കാലം അതിന്റെ എഡിറ്ററായി സേവനം ചെയ്തു. ഇന്ന് ആ മാസികയുടെ പേര് ഓർത്തഡോക്സ് യുവജനം എന്ന് മാറ്റിയിട്ടുണ്ട്.

സൺഡേസ്കൂൾ പഠനം കഴിഞ്ഞവരെ സഭയുടെ ആരാധനാ-കൗദാശിക ബന്ധങ്ങളിൽ നിലനിർത്തി അവരെ നൈതിക-ധാർമ്മിക മൂല്യബോധമുള്ളവരായി നിലനിർത്തുവാൻ OCYM ശ്രദ്ധിക്കുന്നു. വേദപഠനം, കലാ-കായിക മത്സരങ്ങൾ, വാർഷിക യോഗങ്ങൾ എന്നിവയിലൂടെ യുവതലമുറയുടെ സർഗ്ഗാത്മകതയെ സഭയ്ക്കും സമൂഹത്തിനും പ്രയോജനമുള്ളതാക്കാനും അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുവാനും പ്രസ്ഥാനം സഹായിക്കുന്നു.

## 4. പ്രാർത്ഥനാ യോഗങ്ങൾ

വായനായോഗങ്ങൾ, കുടുംബയൂണിറ്റുകൾ എന്നെല്ലാം പറയപ്പെടുന്ന പ്രാർത്ഥനാ യോഗങ്ങൾ മലങ്കരസഭയിലാരംഭിച്ചിട്ട് വളരെക്കാലമായിട്ടില്ല. എന്നാലും പുരോഹിതന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന പ്രാർത്ഥനായോഗങ്ങൾ പലയിടവകകളിലും ഉണ്ടായിരുന്നു. ഇവ വേദപഠനം, സഭാജീവിതത്തിലെ സജീവ പങ്കാളിത്തം, ദരിദ്രരെ സഹായിക്കൽ, ക്രിസ്തീയ സംബന്ധം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു. ക്രിസ്തീയകുടുംബവും മൂല്യങ്ങളും, വേദപുസ്തകം നൽകുന്ന നിത്യസത്യങ്ങളെക്കുറിച്ചുള്ള അവബോധം, വ്യക്തികളേയും കുടുംബങ്ങളേയും ബാധിക്കുന്ന സാമൂഹ്യപ്രശ്നങ്ങളോടുള്ള ഇടപെടൽ എന്നിവയ്ക്കാണ് ഈ തുടർവിദ്യാഭ്യാസം ഊന്നൽ നൽകുന്നത്. സഭയുടെ കീഴിൽ അഖില മലങ്കര പ്രാർത്ഥനാസമാജം പ്രവർത്തിച്ചുവരുന്നു. കുടുംബ പ്രാർത്ഥനായോഗങ്ങളിൽ പങ്കെടുക്കുന്നവരിൽ ഭൂരിഭാഗവും പ്രായപൂർത്തിയായവരാണ്.

## 5. മലങ്കര ഓർത്തഡോക്സ് മർത്തമറിയം സമാജം (MOMS)

മർത്തമറിയം വനിതാസമാജം എന്ന പേരിൽ 1104 ഇടവം 15-ാം തീയതി കവിയൂർ സ്ലീബാ പള്ളിയിൽ വച്ച് ആരംഭിച്ച ഈ പ്രസ്ഥാനത്തിന്റെ ആപ്തവാക്യം പ്രാർത്ഥിക്കുക,

പ്രവർത്തിക്കുക, പ്രകാശിക്കുക എന്നതാണ്. സമാജത്തിന്റെ ആദ്യത്തെ പ്രസിഡന്റ് റവ. ഫാ. എം.സി. കുര്യാക്കോസും സെക്രട്ടറി മിസ് കെ.എം. അന്നമ്മ(റവ. സിസ്റ്റർ ഹന്ന)യും ആയിരുന്നു. 1964-ൽ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനി പ്രസിഡന്റും ശ്രീമതി ആലീസ് മാണി സെക്രട്ടറിയുമായി. സഭയിലെ സ്ത്രീകളുടെ കൂടിവരവിനും പഠനത്തിനും വേദിയൊരുക്കുന്ന ഒരു പ്രസ്ഥാനമാണിത്. വേദപഠനം, സഭാജീവിതത്തിലെ പങ്കാളിത്തം, അശരണരേയും രോഗികളേയും വേദനിക്കുന്നവരേയും കരുതുക, ക്രിസ്തീയ സംബന്ധം നിലനിർത്തുക എന്നിവയാണ് MOMS-ന്റെ പരിപാടികൾ. അടിസ്ഥാനപരമായി MOMS പഠനത്തിനും ആത്മീയ ബോധനത്തിനുമുള്ള ഒരു കേന്ദ്രമാണ്.

എല്ലാ ഇടവകകളിലും ഞായറാഴ്ച വി. കുർബ്ബാനാനന്തരമോ സൗകര്യപ്രദമായ മറ്റവസരത്തിലോ ഒരുമിച്ചുകൂടി വേദപഠനം നടത്തുകയും കൂദാശകളെയും സഭയുടെ ചരിത്രത്തെയും ക്രിസ്തീയ കുടുംബജീവിതത്തിലെ വിഷയങ്ങളെയുംപറ്റി പഠനങ്ങളും ചർച്ചകളും നടത്തിവരികയും ചെയ്യുന്നു. സഭയുടെ അംഗബലത്തിൽ പകുതിയിലധികം വരുന്ന ഒരു വിഭാഗത്തെ സഭയുടെ കൗദാശിക ജീവിതവുമായി ബന്ധിപ്പിക്കുന്ന പ്രധാന കണ്ണിയാണ് MOMS. സ്ത്രീകളുടെ വേദപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 1981 മുതൽ ഒരു വാർഷിക പരീക്ഷ സമാജം നടത്തുന്നുണ്ട്. ആത്മീയ വളർച്ചയോടൊപ്പം ഭൗതിക സാമ്പത്തിക വളർച്ചയുംകൂടി ലക്ഷ്യമിട്ട് 2009 മുതൽ നവജ്യോതി മോംസ് എന്ന പേരിൽ ഒരു വനിതാ സഹകരണ സംരംഭം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ആണ്ടിലൊരിക്കൽ വളരെ വിപുലമായ രീതിയിൽ വാർഷികയോഗം സമാജാംഗങ്ങൾക്കായി നടത്തുന്നുണ്ട്.

സഭയുടെ തുടർവിദ്യാഭ്യാസ പരിശീലന പദ്ധതിയായി MOMS-ന്റെ പ്രവർത്തനങ്ങളെ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## 6. ദിവ്യബോധനം

പ്രായപൂർത്തിയായവർക്കുള്ള ഒരു തുടർവിദ്യാഭ്യാസ പരിപാടിയായിട്ടാണ് ദിവ്യബോധനം വിഭാവനം ചെയ്തിട്ടുള്ളത്. വേദപരിജ്ഞാനവും അടിസ്ഥാനവേദശാസ്ത്രാഭ്യാസവും അത്മായർക്കു നൽകണമെന്ന ബോധ്യമാണ് ഇതിന്റെ പിന്നിലുള്ളത്. 1984-ൽ പത്തു പുസ്തകങ്ങൾ വീതമുൾക്കൊള്ളുന്ന ദ്വിവത്സര പഠനപദ്ധതിയായി മൂന്നു തലത്തിൽ - സർട്ടിഫിക്കറ്റ് കോഴ്സ്, ഡിപ്ലോമ, ഡിഗ്രി - ഈ പഠനപദ്ധതി നടപ്പാക്കി. സെമിനാരി പ്രിൻസിപ്പലായിരുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പരിലാളനയിലാണ് ഇത് ആരംഭിച്ച് വളർന്ന് വികസിച്ചത്. സെമിനാരി അദ്ധ്യാപകരെക്കൊണ്ട് പുസ്തകങ്ങൾ തയ്യാറാക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു. വി. വേദപുസ്തകം, സഭാചരിത്രം, ആരാധന, വിശ്വാസാചാരങ്ങൾ, ധർമ്മശാസ്ത്രം, കൗൺസലിംഗ് ആദിയായ വിഷയങ്ങൾ ഈ പദ്ധതിയിലൂടെ പഠനത്തിനായി നൽകുന്നു. ആരംഭകാലത്ത് ദിവ്യബോധനത്തിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചത് റവ. ഫാ. സി.സി. ചെറിയാനാണ്. സഭയിലെ അനേകം ആളുകൾക്ക് അടിസ്ഥാനവേദശാസ്ത്രാവബോധം നൽകുവാൻ ദിവ്യബോധനത്തിന് സാധ്യമായിട്ടുണ്ട് എന്ന് നിസ്സംശയം പറയാനാകും. മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള പുസ്തകങ്ങൾ ദിവ്യബോധനം തയ്യാറാക്കി നൽകിവരുന്നു. അത്മായ തുടർവിദ്യാഭ്യാസ പരിപാടികളിൽ ഏറ്റവും ശ്രദ്ധേയവും വളരെ ക്രമീകൃതമായി നടക്കുന്നതുമായ ഒരു പഠനപദ്ധതിയാണ് ദിവ്യബോധനം.

## Souvenirs

1. **OSSAE** ജൂബിലി സ്മരണിക കോട്ടയം, 1990
2. അശീതി: ഫാ. ഡോ. ടി.ജെ. ജോഷ്വായുടെ അഷ്ടദശതി സ്മരണിക കോട്ടയം OSSAE, 2008
3. ദിവ്യബോധനം സിൽവർ ജൂബിലി ഡയറക്ടറി, കോട്ടയം 2009
4. അഷ്ടദശതി സ്മരണിക, MOMS, കോട്ടയം, 2011

## ചിന്തിക്കുവാൻ

1. 12-ാം ക്ലാസ് പാസ്സായശേഷം ക്രിസ്തീയപഠനത്തിനായി ഏതൊക്കെ മേഖലകളാണ് നിങ്ങൾ തെരഞ്ഞെടുക്കുന്നത്?
2. സഭയിലെ എല്ലാ ആത്മീയ സംഘടനകളുടെയും ഇപ്പോഴത്തെ കേന്ദ്ര ഭാരവാഹിക ളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.

## യൂണിറ്റ് ആറ്

# പരിസ്ഥിതി, ശാസ്ത്രം, ആരോഗ്യം

**അ**മിതമായ ചൂഷണംമൂലം പ്രകൃതിയുടെ നിലനിൽപ്പുതന്നെ ഇന്ന് വൻഭീഷണി നേരിടുകയാണ്. ഈ പരിസ്ഥിതി പ്രശ്നങ്ങൾക്ക് പ്രധാന ഉത്തരവാദി മനുഷ്യർ തന്നെയാണ്. മനുഷ്യന് ജീവിക്കുന്നതിനും പുലരുന്നതിനും വേണ്ട എല്ലാ സാഹചര്യങ്ങളും വിഭവങ്ങളും ദൈവം സൃഷ്ടിച്ച ഈ ഭൂമിയിൽ ലഭ്യമാണ്. എന്നാൽ ദുരാഗ്രഹവും ലാഭേച്ഛയും സ്വാർത്ഥതയുംമൂലം മനുഷ്യൻ പ്രകൃതിയുടെ സ്വാഭാവിക സ്ഥിതിയെ അപകടത്തിലാക്കുന്നതിനാൽ പ്രകൃതിയെ ആശ്രയിക്കുന്ന മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടേയും നിലനിൽപ്പാണ് യഥാർത്ഥത്തിൽ അപകടത്തിലാകുന്നത്. ഇത്തരം ചൂഷണം ഭൂമിയെയും മനുഷ്യനെയും സൃഷ്ടിച്ച ദൈവത്തിന്റെ കൽപനകൾക്ക് വിരുദ്ധമാണ്. ഈ പ്രപഞ്ചത്തെ മുഴുവൻ സംരക്ഷിച്ച് പരിപാലിച്ച് അതിൽനിന്നുള്ള നന്മ എല്ലാവരും സാമാന്യമായി അനുഭവിച്ച് ജീവിക്കണം എന്നതാണ് ദൈവത്തിന്റെ ഇഷ്ടം. എന്നാൽ ഇന്ന് അമിത സ്വാർത്ഥരായ മനുഷ്യർ വികസനത്തിന്റെ പേരിൽ ഈ ദൈവീക ക്രമീകരണത്തെ മിക്കവാറും താറുമാറാക്കിയിരിക്കുന്നു. ഇതാണ് ഇന്ന് പരിസ്ഥതി നേരിടുന്ന പ്രധാന പ്രശ്നം.

മനുഷ്യനിർമ്മിതമായ ഈ പരിസ്ഥിതിപ്രതിസന്ധിയുടെ വിവിധ കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളുമാണ് ഈ യൂണിറ്റിലെ നാല് പാഠങ്ങളിൽ പ്രതിപാദിക്കുന്നത്. ആദ്യപാഠത്തിൽ പരിസ്ഥിതി ആദ്ധ്യാത്മികതയുടെ അർത്ഥവും പ്രാധാന്യവും വ്യക്തമാക്കുന്നു. അതോടൊപ്പം പരിസ്ഥിതി പഠനത്തിന്റെ ആവശ്യകതയും പരിസ്ഥിതി പ്രതിസന്ധിയും വിശദമാക്കുന്നു. കൂടാതെ പരിസ്ഥിതി പ്രശ്നങ്ങളോടുള്ള ക്രിസ്തീയ സമീപനം എന്താണെന്നും ഈ പാഠത്തിൽ പ്രതിപാദിക്കുന്നു. രണ്ട്, മൂന്ന് പാഠങ്ങളിൽ ശാസ്ത്രപുരോഗതിയുടെ സാധ്യതകളും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നു. നാലാമത്തെ പാഠത്തിൽ ആരോഗ്യസംരക്ഷണമാണ് പ്രമേയമാക്കിയിരിക്കുന്നത്.

അദ്ധ്യായം ഒന്ന്

# പാരിസ്ഥിതിക ആദ്ധ്യാത്മികത- അർത്ഥവും പ്രാധാന്യവും

## (Eco-Spirituality: Meaning and Importance)

### പാഠത്തിന്റെ ഘടന

1. ആമുഖം
2. പരിസ്ഥിതി പഠനം (Ecology)
3. പാരിസ്ഥിതിക പ്രതിസന്ധി (Environmental Crisis)
4. പാരിസ്ഥിതിക പ്രശ്നങ്ങളോടുള്ള ക്രിസ്തീയ സമീപനം
5. ഉപസംഹാരം
6. പ്രവർത്തനങ്ങൾ

**1. ആമുഖം**

ഈ പ്രപഞ്ചവും സർവ്വ ചരാചരങ്ങളും ദൈവത്തിന്റെ സൃഷ്ടിയാണ്. പരസ്പരാശ്രയത്വമാണ് സർവ്വസൃഷ്ടികളുടെയും നിലനിൽപ്പിന്റെ ആധാരം. എന്നാൽ സ്വാർത്ഥനായ മനുഷ്യൻ തന്റെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ മറ്റു സൃഷ്ടികളെ ചൂഷണം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുന്നു. സാങ്കേതിക സാമ്പത്തിക വളർച്ചയിൽ ഊന്നിയ വികസനപ്രവർത്തനങ്ങൾ മനുഷ്യന്റെ നിലനില്പിനെത്തന്നെ അപകടപ്പെടുത്തുന്നതായി ഇപ്പോൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആ നിലയിൽ മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടെയും ആരോഗ്യകരമായ നിലനിൽപ്പിന് വൻ ഭീഷണിയായ ഒരു സാമൂഹിക പ്രശ്നമായിട്ടാണ് സർക്കാരുകളും സാമൂഹ്യസംഘടനകളും പാരിസ്ഥിതിക പ്രശ്നത്തെ വിലയിരുത്തുന്നത്. മനുഷ്യന്റെ ഇടപെടൽ പ്രകൃതിയെ അഥവാ പരിസ്ഥിതിയെ എങ്ങനെ ബാധിക്കുന്നുവെന്നും ഇവയ്ക്ക് എങ്ങനെ പരിഹാരം കാണാം എന്നും ലോകത്ത് ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ഭൗതിക ശാസ്ത്രവും ഭരണകൂടങ്ങളും മാത്രം പരിശ്രമിച്ചാൽ പരിഹരിക്കപ്പെടാവുന്ന ഒരു പ്രശ്നമല്ല ഇതെന്ന് ലോകത്തിനു ബോധ്യം വന്നിട്ടുണ്ട്. ഏതൊരു സാമൂഹിക പ്രശ്നത്തെയുംപോലെ, ആത്മീകവും സാമൂഹികവുമായ ബോധവൽക്കരണവും ചില പരിഹാരനടപടികളും പാരിസ്ഥിതിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിനു അത്യന്താപേക്ഷിതമാണ്. പരിസ്ഥിതി ശാസ്ത്രത്തെക്കുറിച്ചും അവയോടുള്ള പൗരസ്ത്യ ക്രിസ്തീയ സമീപനത്തെക്കുറിച്ചുമാണ് ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

### 2. പരിസ്ഥിതി പഠനം (Ecology)

'പരിസ്ഥിതി പഠനം' എന്ന ആശയം നിങ്ങൾ കേട്ടിട്ടുണ്ടോ? ചരാചരങ്ങളും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനശാഖയാണ് പരിസ്ഥിതി വിജ്ഞാനീയം അഥവാ പരിസ്ഥിതി പഠനം. ആവാസ വ്യവസ്ഥയിലെ സർവ്വചരാചരങ്ങളുടെയും നിലനില്പിനെ സ്വാധീനിക്കുന്ന എല്ലാ ഘടകങ്ങളെയും അവയുടെ പാരസ്പര്യത്തെയുമാണ് പരിസ്ഥിതി എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളിൽ മനുഷ്യരുടെ ഇടപെടൽ വളരെ നിർണ്ണായകമാണ്. പ്രകൃതിയെയും പ്രകൃതി നിയമങ്ങളെയും അവഗണിച്ചാൽ നമ്മൾ ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളുടേയും നിലനില്പുതന്നെ അപകടത്തിലാകും. സങ്കീർണ്ണമായ ജൈവ വ്യവസ്ഥകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്താലാണ് ജീവൻ നിലനിൽക്കുന്നത്. ഏതെങ്കിലും ഒരു ജൈവപ്രക്രിയയിലുണ്ടാകുന്ന തടസ്സം ആ ജൈവചങ്ങലയിലെ സർവ്വതിനെയും ബാധിക്കും. ഉദാഹരണമായി സുന്ദരമായ ഒരു ആമ്പൽക്കുളത്തിൽ കുറെയേറെ മാലിന്യം നിക്ഷേപിക്കുന്നു എന്നിരിക്കട്ടെ. മാലിന്യത്തെ ദ്രവിപ്പിക്കുവാനായി സൂക്ഷ്മാണുക്കൾക്ക് കൂടുതൽ ഓക്സിജൻ ആവശ്യമായി വരും. എന്നാൽ മാലിന്യത്തിന്റെ ആധിക്യംമൂലം കുളത്തിലെ ഓക്സിജന്റെ അളവ് ആവശ്യത്തിനനുസരിച്ച് ലഭ്യമല്ലാതെ വരും. ക്രമേണ ഓക്സിജന്റെ അളവ് കുറഞ്ഞ് ഇല്ലാതെയാകും. അങ്ങനെ സൂക്ഷ്മാണുക്കൾ സർവ്വതും നശിക്കും. കുളത്തിലെ ജൈവഘടനയുടെ താളം തെറ്റും. മാലിന്യം കുന്നുകൂടി ജലാശയംതന്നെ ഇല്ലാതാകും. അതായത് പരിസ്ഥിതി ശൃംഖലയിലെ ഒരു ജൈവഘടകത്തിന്റെ സ്വഭാവം ആ കണ്ണിയിലുള്ള മറ്റു ജൈവഘടകങ്ങളേയും ബാധിക്കും. സത്യത്തിൽ പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റം അതിന്റെ പ്രഭവസ്ഥാനത്ത് ആയിരിക്കണമെന്നില്ല. വളരെ വിദൂരമായ സ്ഥലത്തായിരിക്കും പ്രത്യാഘാതം ഉണ്ടാകുന്നത്. കാലാവസ്ഥാവ്യതിയാനവും ആഗോള താപനവും (Global Warming) അത്തരത്തിൽ പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതത്തിന്റെ ബാക്കിപത്രമാണ്.

### 3. പാരിസ്ഥിതിക പ്രതിസന്ധി (Environmental crisis)

ആധുനിക ലോകത്തിൽ ഋതുഭേദങ്ങൾ എന്താണെന്നു തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയാണ്. മഴ പെയ്യേണ്ട കാലത്ത് മഞ്ഞോ വരൾച്ചയോ ഒക്കെ പതിവായിരിക്കുന്നു. എവിടെയും അടിഞ്ഞുകൂടുന്ന മാലിന്യവും ഇന്ധനം കത്തുന്നതിന്റെ കരിയും പുകയും വ്യവസായശാലകളിലെ മാലിന്യവും വാഹനങ്ങളിൽനിന്നുള്ള പുകപടലവുംകൊണ്ട് അന്തരീക്ഷം മുഴുവൻ മലിനമായിക്കൊണ്ടിരിക്കുന്നു. അതാകട്ടെ, ജീവൻ നിലനിർത്തുവാൻ കഴിവുള്ള ഭൂമിയുടെ ദൈവദത്തമായ പരിസ്ഥിതിയാണ്. ആ പരിസ്ഥിതിയുടെ നിലനില്പ് അതിലധിവസിക്കുന്ന ജീവജാലങ്ങളുടെ പരസ്പര ബന്ധത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ മനുഷ്യന്റെ സാമൂഹിക സാമ്പത്തിക വികസന പ്രവർത്തനങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ആസൂത്രിതമല്ലാത്ത വ്യവസായവൽക്കരണവും അതുമൂലമുള്ള മലിനീകരണവും പരിസ്ഥിതിയുടെ താളം തെറ്റിക്കുന്നു. 'എന്തു വില നൽകിയും വികസനം' എന്ന സർക്കാരുകളുടെ നിലപാടുകൾക്ക് നൽകേണ്ടിവരുന്ന വില, വലിയ പാരിസ്ഥിതിക പ്രശ്നങ്ങളും അതുമൂലം മനുഷ്യരുടെയും ജന്തുക്കളുടെയും ആരോഗ്യരംഗത്ത് ചെലവിടേണ്ടിവരുന്ന വൻ സാമ്പത്തികബാധ്യതയുമാണ്. പ്രധാനപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ ഓസോൺ പാളികൾക്കുണ്ടാകുന്ന വിനാശം (Ozone depletion), ആഗോള താപനം, അമ്ലമഴ (Acid rain), ഭൂഗർഭജലത്തിനുണ്ടാകുന്ന നാശം, വനനശീക

രണം, ജീവജാലങ്ങൾ ഭൂമുഖത്തുനിന്നും ഇല്ലാതാകുന്നത് തുടങ്ങിയ സങ്കീർണ്ണമായ പ്രശ്നങ്ങളാണ്. ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങൾ ജീവനെ ഭൂമുഖത്തുനിന്നുതന്നെ ഉന്മൂലനം ചെയ്യും. ചുരുക്കത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങളുടെ മൂലഹേതു, പ്രകൃതിക്കു നേരെ മനുഷ്യന്റെ അന്യായമായ ഇടപെടൽ ആണെന്ന് ആധുനിക ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. മനുഷ്യന്റെ ധാർമ്മികതയിൽ ഇടപെടാതെ ദിശാബോധം നൽകുവാനുള്ള മതത്തിന്റെ ശക്തിയും സ്വാധീനവുമാണ് പരിസ്ഥിതി ആദ്ധ്യാത്മികതയിൽ ഇനി ചർച്ചചെയ്യുന്നത്

## 4. പാരിസ്ഥിതിക പ്രശ്നങ്ങളോടുള്ള ക്രിസ്തീയ സമീപനം

മനുഷ്യനെ ദൈവം സൃഷ്ടിച്ചത് സൃഷ്ടിയുടെ മകുടമായിട്ടാണ്. ഏദൻതോട്ടത്തിൽ വേല ചെയ്വാനും അതിനെ കാപ്പാനും ദൈവം മനുഷ്യനു ചുമതല നൽകി (ഉല്പ. 2:15) ഇങ്ങനെ ഭൂമിയെയും പ്രകൃതിയെയും സംരക്ഷിച്ചും, ജീവസന്ധാരണത്തിനുവേണ്ടി ഭൂമിയിൽ അദ്ധ്വാനിച്ചും ജീവിക്കേണ്ടത് മനുഷ്യന്റെ കടമയാണ്. ഭൂമിയെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂതല ജന്തുവിന്മേലും വാഴുവാൻ (ഉല്പ. 1:28) മനുഷ്യന് ദൈവം അധികാരം നൽകി. വിവിധതരം സസ്യങ്ങളും ഫലവൃക്ഷങ്ങളും ആഹാരമായും നൽകി. ഈ അടിസ്ഥാനകല്പനയുടെ ലംഘനമാണ് പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഇടയാക്കിയിരിക്കുന്നത്. ഇക്കാരണത്താൽ, പരിസ്ഥിതിസംരക്ഷണത്തിന് ഒരു ആത്മീക അടിസ്ഥാനമുള്ളതായി നാം ഗ്രഹിക്കുന്നു.

ദൈവം തന്റെ സ്വന്തരൂപത്തിലും സാദൃശ്യത്തിലുമാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. സമസൃഷ്ടികളോട് മനുഷ്യനുണ്ടായിരിക്കേണ്ട സമീപനവും തദനുസൃതമായിരിക്കണം. മനുഷ്യൻ തന്റെ യഥാർത്ഥ ഉത്തരവാദിത്തം മനസ്സിലാക്കാതെ സ്വയം സൃഷ്ടിയുടെ നാഥനായി പ്രവർത്തിച്ചതുമൂലം ഉണ്ടായ ധാർമ്മിക അധഃപതനവും മറ്റു സൃഷ്ടികളിൽനിന്ന് വേറിട്ട ഒരു വർഗ്ഗമായി സ്വയം കരുതിയതുമൂലം ഉണ്ടായ ഉത്തരവാദിത്തരാഹിത്യവുമാണ് പ്രകൃതിയുടെ വിനാശത്തിനു കാരണം. മനുഷ്യനെപ്പറ്റിയും സൃഷ്ടിയുടെ പ്രാധാന്യത്തെപ്പറ്റിയും വേദപുസ്തകവും സഭാപിതാക്കന്മാരും പഠിപ്പിക്കുന്നതും അതിലൂടെ പൗരസ്ത്യ സഭയുടെ പരിസ്ഥിതിയെക്കുറിച്ചുള്ള ആത്മീയ ദർശനവുമാണ് തുടർന്നുള്ള പാഠങ്ങളിൽ നാം പഠിക്കുന്നത്.

## 5. പരിസ്ഥിതി ആദ്ധ്യാത്മികതയുടെ വേദപുസ്തകാടിസ്ഥാനം

വേദപുസ്തകം പരിശോധിച്ചാൽ പ്രകൃതിയെയും അതിലുള്ള സർവ്വസൃഷ്ടികളെയും സംരക്ഷിക്കുവാനും കരുതുവാനുമുള്ള സന്ദേശം നൽകുന്നതായി കാണാം. മനുഷ്യനു പ്രകൃതിയോടുള്ള ബന്ധം എങ്ങനെ ആയിരിക്കണമെന്ന് പൂർണ്ണമായി വേദപുസ്തകം പ്രതിപാദിക്കുന്നുണ്ടെന്ന് അതിന് അർത്ഥമില്ല. എന്നാൽ പരിസ്ഥിതിയെക്കുറിച്ചുള്ള നമ്മുടെ നല്ല ധാരണകൾക്ക് അടിത്തറ പാകുവാനും ചില പ്രശ്നങ്ങൾക്കു പരിഹാരം കാണുവാനും അവ ഉപകരിക്കും. ഉല്പത്തി പുസ്തകം ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ പ്രപഞ്ചത്തെക്കുറിച്ചും അതിന്റെ ഉല്പത്തിയെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങൾ ക്രൈസ്തവ പരിസ്ഥിതി ആത്മീകതയുടെ അടിസ്ഥാന വിശ്വാസങ്ങളെ പ്രതിഫലിപ്പിക്കുന്നു. പ്രത്യേകിച്ച് ഉല്പ. 1:1-11 വരെയുള്ള ഭാഗങ്ങളിൽ പ്രപഞ്ചത്തെക്കുറിച്ചും അതിൽ മനുഷ്യനുള്ള സ്ഥാനത്തെപ്പറ്റിയും വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. (വേദഭാഗം വായിക്കുന്നു. കുട്ടികൾ വിശദീകരണങ്ങൾ നൽകുന്നു). അവിടെ ദൈവമാണ് സർവ്വസൃ

ഷ്ടികളുടേയും ഉറവിടം എന്നും ദൈവം എല്ലാ സൃഷ്ടികളെയും നല്ലത് എന്ന് കണ്ട തായും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഭൂമിയിലെ മണ്ണിൽനിന്നുമാണ് ആദാമിനെ സൃഷ്ടിച്ചതെന്നും കാണാം (ഉല്പ. 2:7). ആദാം എന്ന വാക്കിന് മണ്ണിൽനിന്ന് എടുത്ത വൻ എന്നാണ് അർത്ഥം. അത് മണ്ണും (പ്രകൃതിയും) മനുഷ്യനും തമ്മിലുള്ള ബന്ധ ത്തിന്റെ വ്യാപ്തിയെ കുറിക്കുന്നു.

മണ്ണും (പ്രകൃതി) മനുഷ്യനും തമ്മിലുള്ള ബന്ധത്തെ എങ്ങനെ വിശദീകരിക്കാം?

നോഹയുടെ കാലത്തെ പ്രളയവും പെട്ടകത്തിൽ സർവ്വ ജന്തുക്കളെയും ദൈവം പ്രവേശിപ്പിച്ചതും അതിനുശേഷം മഴവില്ലിനെ അടയാളമായി നൽകിയതും ദൈവത്തിനു മനുഷ്യനോടു മാത്രമല്ല സർവ്വസൃഷ്ടിയോടുമുള്ള കരുതലിനെ സൂചിപ്പിക്കുന്നു (ഉല്പത്തി 7,8,9 അദ്ധ്യായങ്ങൾ). മഴവില്ലിന്റെ വളവും, വി. മദ്ബഹായുടെ വളവും (Semi-circle) ദൈവകൃപയെയും കരുണയെയും സൂചിപ്പിക്കുന്നു. (ഗോഥിക്ക് ആകൃതി അല്ല). അനവ ധിയായി വർദ്ധിക്കുകയും പെറ്റുപെരുകുകയും ചെയ്യട്ടെ എന്ന ആശംസ സർവ്വജീവജന്തു ക്കൾക്കുമായിട്ടാണ് ദൈവം നൽകുന്നത് (ഉല്പ. 1:22, 8:17). ചുരുക്കത്തിൽ സൃഷ്ടി കഥ യിൽ ദൈവമാണ് സർവ്വജീവന്റെയും ഉറവിടമെന്നും എല്ലാ സൃഷ്ടിയും ശ്രേഷ്ഠമാണെന്നും മനുഷ്യനെ ഭൂമിയുമായി ദൈവം ബന്ധിച്ച് സൃഷ്ടിച്ചിരിക്കുന്നതായും എല്ലാ സൃഷ്ടിക ളെക്കുറിച്ചും ദൈവത്തിനു വിചാരമുള്ളതായും കാണാം. കൂടാതെ മനുഷ്യർ ഭൂമിയെയും അതിലെ ജീവന്റെ ഭാവങ്ങളെയും ബഹുമാനിക്കുകയും വിലമതിക്കുകയും വേണമെന്നും ഇത് അർത്ഥമാക്കുന്നു.

എന്നാൽ ഉല്പത്തി 1:28, 2:15 എന്നീ വാക്യങ്ങൾ ചില ധാരണപ്പിശകുകൾക്ക് കാരണ മായിട്ടുണ്ട്. ‘അടക്കി വാഴുക’ (1:28), ‘വേല ചെയ്യുവാനും സൂക്ഷിക്കുവാനും’ (2:15) എന്നുള്ള ദൈവീക നിയോഗത്തെ ചിലർ സർവ്വസൃഷ്ടിയേയും അടക്കി ഭരിക്കുന്നതിനും തന്നിഷ്ടം പോലെ പ്രപഞ്ചത്തെ ഉപയോഗിക്കുന്നതിനും ചൂഷണം ചെയ്യുന്നതിനും നശിപ്പിക്കുന്ന തിനുമുള്ള മനുഷ്യന്റെ അധികാരമായി ചിത്രീകരിച്ചുവന്നിട്ടുണ്ട്. പ്രത്യേകിച്ച് പാശ്ചാത്യ ചിന്തയിൽ മനുഷ്യസുഖത്തിനുവേണ്ടി സർവ്വചരാചരങ്ങളെയും വിവേചനം കൂടാതെ ഉപയോഗിക്കുന്നതിന് ഈ വ്യാഖ്യാനം കുറെയൊക്കെ പ്രേരിപ്പിച്ചിട്ടുള്ളതായി പണ്ഡിതർ അഭിപ്രായപ്പെടുന്നു. യഥാർത്ഥത്തിൽ ഈയൊരുഭാഗം ഭൂമിയെയും അതിലെ ചരാചര ങ്ങളെയും നിലനിർത്തുവാനും സംരക്ഷിക്കുവാനുമുള്ള മനുഷ്യന്റെ വിളിയേയും ഉത്തര വാദിത്വത്തെയുമാണ് ഓർമ്മിപ്പിക്കുന്നത്. ഉല്പ 1:28 ലെ വാഴുക എന്ന പദം കരുണനിറ ഞ്ഞതും, മനുഷ്യത്വപരവുമായ ഒരു ഭരണക്രമത്തെ സൂചിപ്പിക്കുന്നു. അത് സമൃദ്ധിയും സമാധാനവും ഉണ്ടാക്കുന്ന ഒരു ഉത്തരവാദിത്തമായിട്ടാണ് മനസ്സിലാക്കേണ്ടത്. മറിച്ച് സർവ്വസംഹാരിയായി പ്രകൃതിയെ ചൂഷണം ചെയ്യുക എന്ന അർത്ഥത്തിലല്ല.

അതുപോലെ ലേവ്യപുസ്തകം 25-ാം അദ്ധ്യായം പ്രകൃതിയോടുള്ള ദൈവകരുത ലിന്റെയും മനുഷ്യന് അതിലുള്ള പങ്കാളിത്തത്തേയും കാണിക്കുന്ന ഉത്തമ ഉദാഹരണ മാണ്. 8,104,148 തുടങ്ങിയ സങ്കീർത്തനങ്ങൾ സൃഷ്ടിയുടെ നന്മയെയും, മനുഷ്യനും പ്രകൃതി യുമായുള്ള ബന്ധത്തെയും വ്യക്തമാക്കുന്നു. അവിടെ മനുഷ്യൻ മാത്രമല്ല, പ്രകൃതിയും ദൈവമഹത്വത്തിന്റെ സാക്ഷ്യങ്ങൾ ആണെന്നു കാണാം. വേദപുസ്തകത്തിലെ ജ്ഞാന സാഹിത്യ ഗ്രന്ഥങ്ങളിൽ പ്രകൃതി ദൈവത്തിന്റെ വെളിപ്പെടലിന്റെ ഒരു മാധ്യമമായി ചിത്രീ കരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി ഇയ്യോബിന്റെ പുസ്തകത്തിൽ മനുഷ്യേതര വസ്തു

വായ ചുഴലിക്കാറ്റിൽനിന്ന് മനുഷ്യനോട് ദൈവം സംസാരിക്കുന്നതായി കാണാം (ഇയ്യോ 38, 39). അതുകൊണ്ട് വൈവിധ്യമാർന്ന പ്രകൃതിവസ്തുക്കളിൽനിന്ന് മനുഷ്യർക്ക് പലതും പഠിക്കുവാനുണ്ടെന്നുള്ള ബോദ്ധ്യത്തിൽ അവയെ ബഹുമാനിക്കുവാനും സംരക്ഷിക്കുവാനുമുള്ള ബാധ്യത മനുഷ്യനുണ്ട്. കൂടാതെ മനുഷ്യന്റെ അനുസരണക്കേടിനാൽ ജീർണ്ണതയ്ക്കു വിധേയമായ സൃഷ്ടിയുടെ മുഴുവൻ വീണ്ടെടുപ്പിനെക്കുറിച്ചുള്ള ചിന്തകൾ പഴയനിയമത്തിൽ സൂചിപ്പിച്ചിട്ടുണ്ട് (മീഖ 4, യെഹസ്‌ക്കേൽ 47, യെശയ്യ 2,11, 35).

പുതിയനിയമം പരിശോധിച്ചാൽ ക്രിസ്തുവിന്റെ രക്ഷാപ്രവർത്തനം ലക്ഷ്യംവയ്ക്കുന്നത് മനുഷ്യന്റെ മാത്രം വീണ്ടെടുപ്പല്ല, മറിച്ച് സർവ്വസൃഷ്ടികളെയും യഥാസ്ഥാനപ്പെടുത്തുകയാണ് എന്നു കാണുവാൻ കഴിയും. (റോമ. 8:18-25, കൊലോ. 1:15-23, 1 കൊരി. 15:20-28, 2 കൊരി. 5:17) റോമാ ലേഖനം 8:18-25 ൽ യേശുക്രിസ്തുവിന്റെ മരണത്തിലൂടെ മനുഷ്യന്റെയും സർവ്വ പ്രപഞ്ച സൃഷ്ടികളുടെയും വിമോചനത്തെക്കുറിച്ച് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. കൊലൊ. 1:15-23ൽ എല്ലാ വസ്തുക്കളെയും ദൈവവുമായി രമ്യപ്പെടുത്തുന്നത് ക്രിസ്തുവാണെന്നു കാണാം. ചുരുക്കത്തിൽ സർവ്വ സൃഷ്ടികളോടുമുള്ള ദൈവത്തിന്റെ കരുതൽ പുതിയനിയമം പഠിപ്പിക്കുന്നതായി ഈ വേദഭാഗങ്ങൾ വെളിപ്പെടുത്തുന്നു. പൊതുവായി ദൈവം ഉളവാക്കിയ പ്രപഞ്ചത്തെക്കുറിച്ചും, ദൈവവും സൃഷ്ടിയും തമ്മിലും, സൃഷ്ടികൾ പരസ്പരവും പാലിക്കേണ്ട ബന്ധത്തെ പറ്റിയും വിശദീകരിക്കുന്നു. മനുഷ്യന്റെ വീഴ്ചയിലൂടെ ഈ പാരസ്പര്യം തകർന്നതായും ദൈവത്തിന്റെ കരുതൽ സർവ്വസൃഷ്ടിയെയും പിന്തുടരുന്നതായും വേദപുസ്തകം സാക്ഷിക്കുന്നു.

### 6. പ്രപഞ്ചത്തോടുള്ള കരുതൽ സഭാപിതാക്കന്മാരുടെ പഠിപ്പിക്കലിൽ

മഹാനായ ബസ്സേലിയോസ്, നിസ്സായിലെ ഗ്രീഗോറിയോസ്, നാസിയാൻസിലെ ഗ്രീഗോറിയോസ്, ജോൺ ക്രിസോസ്റ്റം, മാക്സിമസ് ദ കൺഫസർ തുടങ്ങിയ ധാരാളം പിതാക്കന്മാർ സൃഷ്ടിയെക്കുറിച്ചും അതിന്റെ മഹിമയെക്കുറിച്ചും നിർവചിക്കുന്നുണ്ട്. വേദപുസ്തക ചിന്തയുടെ തുടർച്ചയായിട്ടാണ് സഭാപിതാക്കന്മാർ പ്രപഞ്ചത്തെക്കുറിച്ചും, ലോകത്തിന്റെ നിലനില്പിനെക്കുറിച്ചും പഠിപ്പിക്കുന്നത്. പ്രത്യേകിച്ച് യോഹന്നാൻ 1:1-18 വരെയും, കൊലോസ്യർ 1:15-20 വരെയും, എബ്രായ ലേഖനം 11:3 എന്നീ വേദഭാഗങ്ങൾ അടിസ്ഥാനമാക്കിയാണ് അവർ പഠിപ്പിക്കുന്നത്. സർവ്വ സൃഷ്ടിക്രമത്തെക്കുറിച്ച് പറയുമ്പോൾ ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ തമ്പുരാന്റെ സ്രഷ്ടാവെന്ന നിലയിലുള്ള സ്ഥാനം അടിവരയിട്ടു പറയുന്നതിന് അവർ ശ്രദ്ധിച്ചിരുന്നു. അതുമൂലം, സർവ്വസൃഷ്ടിയും അതിന്റെ പൂർണ്ണതയിലേക്കുള്ള പ്രയാണത്തിലാണ് എന്ന് മഹാനായ ബസേലിയോസ് പിതാവ് പഠിപ്പിക്കുന്നു. ആ നിലയിൽ ഇപ്പോൾ പ്രകൃതിക്കുണ്ടാകുന്ന നാശോന്മുഖമായ മാറ്റം സ്വാഭാവിക പരിണാമമായി കാണാൻ കഴിയില്ല.

സഭാപിതാക്കന്മാർ സർവ്വവ്യാപി എന്ന നിലയിലും സർവ്വസ്രഷ്ടാവ് എന്ന നിലയിലും ദൈവത്തെ ലോകവുമായി ബന്ധിപ്പിച്ച് ചിന്തിക്കുവാൻ ശ്രദ്ധിച്ചിരുന്നു. അതാകട്ടെ ലോകം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. കൂടാതെ രക്ഷാചരിത്രത്തെ സ്രഷ്ടാവിന്റെ വ്യക്തിനിഷ്ഠമായ അദമ്യമായ ആഗ്രഹത്തിന്റെ പ്രവർത്തനമായി കാണുന്നു. പ്രത്യേകിച്ച് ഗ്രീക്കുകാരുടെ ലോകസൃഷ്ടിയെക്കുറിച്ചുള്ള വിശ്വാസസംഹിതയുടെ പശ്ചാത്തലത്തിൽ സർവ്വലോകരക്ഷ ലോഗോസ് എന്ന മാധ്യമം

ഉപയോഗിച്ച് വ്യാഖ്യാനിച്ചു. അതിലൂടെ രക്ഷയെ സർവ്വസൃഷ്ടിക്കുമുള്ള ദൈവീക ഇടപെടലായി പഠിപ്പിച്ചു. അങ്ങനെ യേശുതമ്പുരാന്റെ കുരിശിലെ യാഗത്തിന് സൃഷ്ടി മുഴുവന്റെയും മാദ്ധ്യസ്ഥവും വീണ്ടെടുപ്പും എന്ന ഉദാത്തമായ വ്യാഖ്യാനം നൽകി. പാശ്ചാത്യർ വ്യക്തിപരമായ രക്ഷയ്ക്ക് ഊന്നൽ നൽകി പഠിപ്പിച്ചപ്പോൾ വി. അത്താനാസ്യോസിനെപ്പോലുള്ള പിതാക്കന്മാർ സൃഷ്ടിയെയും വീണ്ടെടുപ്പിനെയും വ്യക്തിക്കപ്പുറമായി സർവ്വതിനെയും ഉൾക്കൊള്ളുന്ന സമഗ്രതയായി പഠിപ്പിച്ചു. യേശുക്രിസ്തു സർവ്വ പ്രപഞ്ചത്തിന്റെയും വീണ്ടെടുപ്പുകാരനാണെന്നും ലോകത്തിന്റെ നാഥനാണെന്നും ഗ്രിഗറി നാസിയൻസൻ അർത്ഥശങ്കയില്ലാതെ പഠിപ്പിക്കുകയും, യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവ്യാപാരം സൃഷ്ടി മുഴുവനുമായി ബന്ധിപ്പിച്ചു പഠിപ്പിക്കുകയും ചെയ്തു. നിസായിലെ ഗ്രീഗോറിയോസിന്റെ ചിന്തയിൽ ലോഗോസിനെ സൃഷ്ടികർത്താവെന്നും, രക്ഷ ലോഗോസും സൃഷ്ടിയും തമ്മിൽ ബന്ധപ്പെട്ടതാണെന്നും പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ സൃഷ്ടിയുടെ മേലുള്ള പ്രവർത്തനത്തെയും സൃഷ്ടിമുഴുവനെയും നിലനിർത്തി മുന്നോട്ടുപോകുന്ന ദൈവശക്തിയെക്കുറിച്ച് സഭാപിതാക്കന്മാർ പൊതുവായി ഉദ്ബോധിപ്പിക്കുന്നുണ്ട്.

### 7. ഉപസംഹാരം

പരിസ്ഥിതി ആത്മീയത എന്ന ആശയത്തിന്റെ പ്രാധാന്യം മനസ്സിലായല്ലോ. പരിസ്ഥിതിയോടുള്ള മനുഷ്യന്റെ സമീപനം എങ്ങനെയായിരിക്കണമെന്നും, പരിസ്ഥിതി ഇന്ന് നേരിടുന്ന വിവിധ പ്രശ്നങ്ങൾ ഏതെല്ലാം എന്നും അവയുടെ പ്രധാന കാരണങ്ങൾ എന്തെല്ലാം എന്നും ചുരുക്കമായി നാം മനസ്സിലാക്കി. പരിസ്ഥിതി സൗഹൃദമായ ഒരു അദ്ധ്യാത്മികതയിലൂടെ ഈ പ്രശ്നങ്ങൾ പലതും പരിഹരിക്കാവുന്നതാണ്.

### 8. പ്രവർത്തനങ്ങൾ

1. മനുഷ്യന്റെ വിവേകശൂന്യമായ പെരുമാറ്റം മൂലം പ്രകൃതിക്ക് സംഭവിക്കാവുന്ന ദോഷങ്ങൾ ഏതെല്ലാം?
2. നിങ്ങളുടെ ചുറ്റുമുള്ള പരിസ്ഥിതിപ്രശ്നങ്ങൾ നിരീക്ഷിച്ച് കണ്ടെത്തുക. അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
3. പരിസ്ഥിതിപ്രശ്നങ്ങളോടുള്ള ക്രിസ്തീയ സമീപനം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സിൽ ഒരു ചർച്ച നടത്തുക. കണ്ടെത്തിയ വിവരങ്ങൾ ഒരു റിപ്പോർട്ടാക്കി ക്ലാസിൽ അവതരിപ്പിക്കുക.
4. വാഴുക എന്ന പദത്തിന്റെ ശരിയായ അർത്ഥം വിശദമാക്കുക.
5. ലോക പരിസ്ഥിതിദിനം (ജൂൺ 5) ആചരിക്കുക. വിവിധ ബോധവൽക്കരണ പരിപാടികൾ സൺഡേസ്കൂളിൽ സംഘടിപ്പിക്കുക.
6. വൃക്ഷത്തൈകളും ചെടികളും നട്ടുപിടിപ്പിച്ച് പരിസരം ഹരിതമനോഹരമാക്കുക.
7. പരിസ്ഥിതി ആദ്ധ്യാത്മികതയുടെ വേദപുസ്തക അടിസ്ഥാനം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക.
8. 'പ്രപഞ്ചത്തോടുള്ള കരുതൽ സഭാപിതാക്കന്മാരുടെ പഠിപ്പിക്കലിൽ' എന്ന വിഷയത്തിൽ ഒരു ലഘുപഠനം നടത്തി ഒരു റിപ്പോർട്ട് തയ്യാറാക്കുക.

അദ്ധ്യായം രണ്ട്

# ഇൻഫർമേഷൻ ടെക്നോളജി: സാധ്യതകൾക്കൊപ്പം പ്രശ്നങ്ങളും

ആധുനിക മനുഷ്യന്റെ ജീവിതശൈലിതന്നെ മാറ്റിമറിക്കുകയും അറിവിന്റെ ലോകത്തിലേക്ക് അമ്പരപ്പിക്കുന്ന വേഗത്തിൽ കൂട്ടിക്കൊണ്ടുപോവുകയും ചെയ്ത ശാസ്ത്രശാഖയാണ് ഇൻഫർമേഷൻ ടെക്നോളജി അഥവാ ഐ.ടി. മേഖല. ഇന്നത്തെ ലോകത്തിൽ ഏറ്റവും അത്ഭുതകരമായ വളർച്ച സംഭവിച്ചിരിക്കുന്ന ശാസ്ത്രശാഖയും ഇതുതന്നെ. ഇന്ന് ജനങ്ങളിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുകയും ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ രീതിയിൽ വളരുകയും ചെയ്യുന്ന ശാസ്ത്രശാഖയായും ഇൻഫർമേഷൻ ടെക്നോളജിയെ നമുക്ക് കാണാം. ആധുനിക മനുഷ്യന്റെ ജീവിതശൈലി തന്നെ ഐ.ടി. അധിഷ്ഠിതമാണെന്ന് പറഞ്ഞാൽ അതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല.

## എന്താണ് ഇൻഫർമേഷൻ ടെക്നോളജി?

വിവരങ്ങൾ ശേഖരിച്ച് കമ്പ്യൂട്ടറുകളുടെ സഹായത്തോടെ അത് സൂക്ഷിക്കുകയും ആവശ്യമുള്ളപ്പോൾ പ്രോസസ്സിംഗ് നടത്തി അത് ഉപയോഗിക്കുകയും ചെയ്യുന്നതാണ് വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനപരമായ ഉപയോഗം.

ഇന്ന് ഐ.ടി. എന്ന ശീർഷകത്തിൽ കമ്പ്യൂട്ടർ (ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ, ഓപ്പറേറ്റിംഗ് സിസ്റ്റംസ്), വെബ്-ബേസ്ഡ് ഇൻഫർമേഷൻ സിസ്റ്റംസ്, കമ്യൂണിക്കേഷൻ ഉൽപന്നങ്ങൾ, വീഡിയോ-മൾട്ടിമീഡിയ ഉൽപന്നങ്ങൾ, ഇൻഫർമേഷൻ കയോസ്ക്, (Kiosks), ഓഫീസ് ഉൽപന്നങ്ങൾ (Photo Copier, Fax Machine) തുടങ്ങിയവയെല്ലാം ഉൾപ്പെട്ടിരിക്കുന്നു.

## ഐ.ടി.യുടെ സാധ്യതകൾ

ഒരു ഗ്രാമത്തിൽ ജനങ്ങൾ അടുത്ത് ജീവിക്കുന്നതുപോലെ ലോകത്തെവിടെയുമുള്ള ആളുകൾക്ക് പരസ്പരം കണ്ടും ബന്ധപ്പെട്ടും ആശയങ്ങൾ കൈമാറിയും ജിവിക്കാവുന്ന വിധത്തിൽ ലോകത്തെ മുഴുവൻ ഒരു ഗ്ലോബൽ വില്ലേജ് എന്ന രീതിയിൽ കമ്പ്യൂട്ടർ ശൃംഖലകൊണ്ട് ബന്ധിച്ചിരിക്കുന്നു. സ്വാതന്ത്ര്യം, വേൾഡ് കമ്മ്യൂണിറ്റി എന്നിവയുടെ പ്രതീകമാണ് ഇന്ന് ഐ.ടി.  നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ അറിഞ്ഞും അറിയാതെയും ഐ.ടി.യുടെ സാധ്യതകൾ ധാരാളം ഉപയോഗപ്പെടുത്തുന്നുണ്ട്. അനന്തമായ ഉപയോഗങ്ങളും സാധ്യതകളുമാണ് ഐ.ടി. നമ്മുടെ മുമ്പിൽ തുറന്നുനൽകുന്നത് ഇതിൽ ചില മേഖലകളിലേയ്ക്ക് നമുക്ക് കണ്ണോടിക്കാം.

**ആശയവിനിമയം (Communication)**

കമ്യൂണിക്കേഷൻ രംഗത്താണ് ഈ ശാസ്ത്രശാഖ ഏറ്റവുമധികം വളർച്ച നേടിയതും സമൂഹത്തിൽ സ്വാധീനം ചെലുത്തിയിട്ടുള്ളതും. ഒരു ടെലിഫോൺ കണക്ഷൻ ലഭിക്കുവാൻ വർഷങ്ങളുടെ കാത്തിരിപ്പ് വേണ്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 10 മിനിട്ടിൽ പത്ത് കണക്ഷൻ വേണമെങ്കിലും ലഭ്യമാണല്ലോ. ഇ-മെയിൽ വഴി സെക്കന്റുകൾകൊണ്ട് വിവരങ്ങൾ കൈമാറാം, ഇന്റർനെറ്റിലൂടെ ലോകത്തെവിടെയുമുള്ള ആളുകളുമായും ആശയവിനിമയം നടത്താം, നേരിൽ കാണുന്നതുപോലെ കമ്പ്യൂട്ടർ സ്ക്രീനിൽ കണ്ട് സംസാരിക്കാം, ഐ.ടി.യിലൂടെ ലോകം വളരെ ചെറുതായി എന്നുവേണം പറയുവാൻ.

**ട്രാവൽ/ടൂറിസം**

ഈ രംഗത്ത് ബസ്സ്/ട്രെയിൻ/വിമാനയാത്രകൾ തുടങ്ങിയവയുടെ ടിക്കറ്റുകൾ ബുക്ക് ചെയ്യുക, ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് മനസ്സിലാക്കുക, ഹോട്ടൽ മുറികൾ അഡ്വാൻസ് ബുക്കിംഗ് നടത്തുക മുതലായ കാര്യങ്ങൾ ഇന്റർനെറ്റിലൂടെ സാധ്യമാണ്. ഇപ്പോൾ യാത്രയ്ക്ക് പേപ്പർ ടിക്കറ്റിന്റെ (Hard copies) ആവശ്യമേയില്ല. മൊബൈൽ ഫോണിൽ ലഭിക്കുന്ന മെസ്സേജ് മതി. ഇവിടെ ഓരോ ദിവസവും ലക്ഷക്കണക്കിന് കടലാസുകൾ ലാഭിക്കുന്നു എന്നാണ് കണക്ക്. മൊബൈൽ ഫോണിൽ SMS അയച്ചുപോലും റയിൽവേ റിസർവേഷൻ ഇപ്പോൾ സാധ്യമാണ്.

**ബാങ്കിംഗ്**

ബാങ്കിംഗ് മേഖലയിലെ ഇടപാടുകൾക്ക് ഇന്ന് കൂടുതലായി ഇന്റർനെറ്റ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഇപ്പോൾ പണമിടപാടുകൾക്ക് ബാങ്കുകളിൽ പോകേണ്ട കാര്യമില്ല. മൊബൈൽ ബാങ്കിംഗ് സൗകര്യങ്ങളും ലഭ്യമാണ്. എ.ടി.എം, മറ്റ് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യങ്ങൾ എന്നിവയൊക്കെ ഇന്ന് ആളുകൾ ധാരാളം ഉപയോഗപ്പെടുത്തുന്നുണ്ട്.

**മറ്റ് സേവനങ്ങൾ**

ആധുനികലോകത്ത് എല്ലാ ആളുകളും തിരക്കുപിടിച്ച ജീവിതത്തിലാണ്. ഒന്നിനും സമയം തികയാത്ത അവസ്ഥ. ഇവിടെ ടെലഫോൺ, ഇലക്ട്രിസിറ്റി ബിൽ, ഗ്യാസ് സിലിണ്ടർ ബുക്കിംഗ് തുടങ്ങിയവയ്ക്കൊന്നും നേരിട്ട് ഓഫീസുകളിൽ ഇന്ന് പോകേണ്ട കാര്യമില്ല.

**അറിവ് ശേഖരണം/വിദ്യാഭ്യാസം**

ഇന്ന് ഇന്റർനെറ്റിൽ വിവിധ അന്വേഷണ സങ്കേതങ്ങൾ (search engines) ഉപയോഗിച്ച് ലോകത്തിലെ പ്രധാന സ്ഥലങ്ങൾ, സംഭവങ്ങൾ, ചരിത്രവിവരങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയ എല്ലാ വിവരങ്ങളും ശേഖരിക്കുവാൻ സാധിക്കുന്നു. എന്തു തരത്തിലുള്ള വിവരങ്ങളും ഇന്റർനെറ്റിൽ ലഭ്യമാണ്. മാത്രമല്ല മറ്റ് രാജ്യങ്ങളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിവിധ കോഴ്സുകളെക്കുറിച്ച് വിശദവിവരങ്ങൾ, ഓൺലൈൻ രജിസ്ട്രേഷൻ, പരീക്ഷകൾ, കോഴ്സുകൾ തുടങ്ങിയവയ്ക്കും, ഓൺലൈനായി ലൈബ്രറികൾ പ്രയോജനപ്പെടുത്തുന്നതിനും ഐ.ടി. ഉപകരിക്കുന്നു.

ആരോഗ്യ മേഖലയിലും ബിസിനസ്സ് മേഖലയിലും ഐ.ടി.യുടെ സാധ്യതകൾ വളരെയേറെയാണ് ഈ മേഖലകളിൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിനും വീഡിയോ

കോൺഫറൻസിംഗിലൂടെ തീരുമാനങ്ങൾ എടുക്കുന്നതിനും വിവിധ പ്രവർത്തനങ്ങളുടെ തൽസ്ഥിതി (*ഉദാ.* തീരുമാനങ്ങൾ, ചരക്കുനീക്കങ്ങൾ) ഓൺലൈനായി അറിയുന്നതിനും ഐ.ടി. ഉപകരിക്കുന്നു. ബിസിനസ്സ് പ്രവർത്തനങ്ങൾക്കെല്ലാം സോഫ്റ്റ്‌വെയർ പ്രോഗ്രാമുകൾ ഉപയോഗിക്കുന്നതുമൂലം ധാരാളം സമയം ലാഭിക്കുവാൻ സാധിക്കുന്നു. നല്ലൊരു വെബ്സൈറ്റിൽക്കൂടി ഇന്ന് പബ്ലിക് റിലേഷൻ വലിയൊരളവുവരെ നടത്താൻ സാധിക്കുന്നു. ഒരു സ്ഥാപനവുമായി ഓൺലൈനിൽ തന്നെ ആശയവിനിമയം നടത്താൻ സാധിക്കും. ബൈബിൾ റഫറൻസുകൾ ഈ സംവിധാനത്തിലൂടെ വളരെ എളുപ്പമാണ്.

**പരസ്യമാധ്യമങ്ങൾ**

ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഫണ്ട് ശേഖരണത്തിനും ഈ മേഖല ഉപയോഗപ്പെടുത്തുന്നുണ്ട്. അതുപോലെ മാർക്കറ്റിംഗ് ബിസിനസ്സ് രംഗത്തും ഐ.ടി. മേഖല വളരെ സ്വാധീനം ചെലുത്തുന്നുണ്ട്. യുവജനങ്ങൾക്കിടയിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന പരസ്യമാധ്യമങ്ങൾക്കായി ഐ.ടി. സാധ്യതകൾ വളർന്നുകൊണ്ടിരിക്കുന്നു. ധാരാളം ഉൽപന്നങ്ങളുടെ മാർക്കറ്റിംഗും ഇതിലൂടെ നടക്കുന്നുണ്ട്.

പണം സമ്പാദനത്തിനുള്ള ഒരു അധികമാർഗ്ഗമാണ് ഐ.ടി. ഇന്നത്തെ ലോകം ഇൻഫർമേഷൻ സൊസൈറ്റിയാണ്. സ്വന്തമായി വെബ്സൈറ്റുകൾ ഡിസൈൻ ചെയ്തും, വിവരങ്ങൾ ഷെയർ ചെയ്തും പണം സമ്പാദിക്കുന്ന ധാരാളം ആളുകൾ നമുക്കിടയിൽ ഉണ്ട്. വ്യക്തിഗതം, വീട്, സ്ഥാപനങ്ങൾ എന്നിവയുടെ സുരക്ഷ (safety and security) മേഖലയിലും ഐ.ടി. ഉൽപന്നങ്ങൾ ഉപയോഗിക്കുന്നു. കുറ്റവാളികളെ കണ്ടുപിടിക്കാനും ഈ സൗകര്യങ്ങൾ സഹായിക്കുന്നു. ഗവൺമെന്റ് തലത്തിൽപോലും ഐ.ടി.യുടെ സാധ്യതകൾ ഇപ്പോൾ ഉപയോഗിക്കപ്പെടുന്നുണ്ട്. ഇ-ഗവേർണൻസ് ഇതിനുദാഹരണമായി പറയാം. കേരളത്തിൽ സെക്രട്ടറിയേറ്റ്/മുഖ്യമന്ത്രിയുടെ ഓഫീസ് പ്രവർത്തനങ്ങൾ വരെ വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്നത്തെ ലോകം ഇൻഫർമേഷൻ ടെക്നോളജിയുടെ അടിസ്ഥാനത്തിൽ അനുദിനം വളരുന്നു എന്നാണ് കാണാൻ കഴിയുന്നത്. ഇതിന്റെ സാധ്യതകളെ നമുക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നു.

**ഐ.ടി.യുടെ ദുരുപയോഗങ്ങൾ**

ഐ.ടി. മേഖല പല രീതിയിലും ജനോപകാരപ്രദമായിരിക്കുമ്പോഴും പലപ്പോഴും ഇത് കുറ്റകൃത്യങ്ങളുടെ ഒരു പുതിയ മാധ്യമവുമായിത്തീരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ചിന്തിക്കാം.

കമ്പ്യൂട്ടർ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളാണ് ഐ.ടി. മേഖല. കമ്പ്യൂട്ടറിന്റെ പ്രവർത്തനങ്ങളെ അപ്പാടെ താറുമാറാക്കുന്ന വിധത്തിൽ വൈറസ് പ്രോഗ്രാമുകൾ ഈ മേഖലയുടെ ഏറ്റവും വലിയ വെല്ലുവിളിയാണ്. ബാങ്കിംഗ് സേവനങ്ങൾ കമ്പ്യൂട്ടർ ഉപയോഗിച്ച് ചെയ്യുമ്പോൾ ധാരാളമായി ദുരുപ യോഗം ചെയ്യപ്പെടുന്നുണ്ട്. അക്കൗണ്ട് ഉടമകളുടെ പാസ്‌വേർഡുകൾ കണ്ടുപിടിച്ച് ഈ മേഖലയിൽ നടത്തുന്ന തട്ടിപ്പ് പ്രവർത്തനങ്ങൾക്കെതിരെ വളരെ ജാഗ്രത പുലർത്തേണ്ടതുണ്ട്.

ഈ മേഖലയിലെ മറ്റൊരു ചതിക്കുഴിയാണ് ലോട്ടറികൾ, അവാർഡുകൾ തുടങ്ങിയവ ലഭിച്ചുവെന്ന് വ്യാജമായി വിദേശരാജ്യങ്ങളിൽനിന്നും ലഭിക്കുന്ന മെസേജുകൾ. ഇത്

വിശ്വസിച്ച് അതിന് മറുപടി നൽകി ലക്ഷക്കണക്കിന് പണം നഷ്ടപ്പെടുത്തിയ ധാരാളം ആളുകൾ നമുക്കിടയിലുണ്ട്.

അശ്ലീല വെബ്സൈറ്റുകൾ യുവതലമുറയെ സ്വഭാവദൂഷ്യങ്ങളിലേക്ക് നയിക്കുകയും ലൈംഗികതയെ മോശമായ രീതിയിൽ കാണാൻ ഇടയാക്കുകയും നിരവധി കുറ്റകൃത്യ ങ്ങൾക്ക് അത് കാരണമാകുകയും ചെയ്യുന്നു. ഇന്റർനെറ്റിന്റെ ഏറ്റവും വലിയ ദുരുപയോ ഗമായി കണക്കാക്കപ്പെടുന്നത് അശ്ലീല വെബ്സൈറ്റുകൾവഴി പുതിയ തലമുറയെ ലൈംഗിക അരാജകത്വത്തിലേക്ക് നയിക്കുന്നു എന്നതാണ്.

വ്യാജവെബ്സൈറ്റുകൾ നിർമിച്ച് ട്രാവൽ/ടൂറിസം ഹോട്ടൽ ബുക്കിംഗ് മേഖലക ളിലും തട്ടിപ്പുകൾ നടക്കുന്നുണ്ട്. മറ്റുള്ളവരുടെ പേരിൽ വ്യാജ പ്രൊഫൈലുകൾ നിർമിച്ച് ബ്ലാക്ക്മെയിൽ ചെയ്യുകയും അപമാനിക്കുകയും ചെയ്യുന്നു. കോടിക്കണക്കിന് പണം ചിലവഴിച്ച് നിർമ്മിക്കുന്ന സിനിമകളുടെ വ്യാജപ്രിന്റുകൾ ഉണ്ടാക്കി അതിന്റെ കോപ്പി കൾ വിതരണം ചെയ്യുകയും ഇന്റർനെറ്റിലൂടെ പ്രചരിപ്പിക്കുകയും ചെയ്ത് നിർമ്മാതാ ക്കൾക്ക് വൻ നഷ്ടമുണ്ടാക്കുന്നു.

വ്യക്തികൾക്കെതിരെ അപവാദ പ്രചരണത്തിനായും ഇന്ന് ഈ മേഖല പലരും ഉപ യോഗിക്കുന്നു. ഫോട്ടോകൾ മോർഫിംഗിലൂടെ നഗ്നഫോട്ടോകളാക്കി ഇന്റർനെറ്റിൽ പ്രച രിപ്പിക്കപ്പെട്ട് പലരും ആത്മഹത്യ ചെയ്ത സംഭവങ്ങൾ നിരവധിയാണ്.

വ്യാജ എസ്.എം.എസ്സുകൾ പ്രചരിപ്പിച്ച് ജാതീയ-വംശീയകലാപങ്ങൾ വരെ ഉണ്ടാ കുന്ന സാഹചാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. രാജ്യത്തിന്റെ സുരക്ഷയെത്തന്നെ ബാധിക്കുന്ന കാര്യങ്ങളാണിവ.

സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകളിലൂടെ മാത്രമുള്ള ബന്ധങ്ങൾ ജനങ്ങളെ സമൂഹ ത്തിന്റെ മുഖ്യധാരയിൽനിന്നും മാറ്റിനിർത്തുന്നു എന്ന് പരാതിപ്പെടുന്നവരുമുണ്ട്.

ഐ.ടി.യുടെ ഗുണദോഷങ്ങളെക്കുറിച്ച് അറിയുവാൻ പാടില്ലാത്ത മുതിർന്ന ഒരു തലമുറ നമുക്കിടയിൽ ഉണ്ട്. അവർക്ക് ഇതിന്റെ സാധ്യതകൾ ഉപയോഗിക്കാൻ കഴിയു ന്നില്ല. മാത്രമല്ല, ചതിക്കുഴികളിൽ വീഴുവാനുള്ള സാധ്യതകൾ കൂടുതലുമാണ്. ഇന്ന് ഐ.ടി. മേഖലയിൽ മാത്രം ജീവിക്കുന്ന ഒരു വലിയ വിഭാഗം ചെറുപ്പക്കാർ, ഇതിന്റെ നല്ല സാധ്യതകളെ കാര്യമായി പ്രയോജനപ്പെടുത്താതെ ഇന്റർനെറ്റ്, ഗെയിംസ് തുടങ്ങി യവയിലും ഫെയ്സ് ബുക്ക്, ടിററ്റർ തുടങ്ങിയ സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകളിലും മാത്രം സമയം ചിലവഴിക്കുന്നത് അപകടകരമായ പ്രതിഭാസമാണ്. Computer/Internet ഇവയുടെ അമിതമായ ഉപയോഗം മൂലം വളരെയേറെ കുട്ടികൾ പഠനത്തിൽ പിന്നോക്കം പോകുന്നതായും കാണുന്നുണ്ട്.

ഇന്ന് ധാരാളം ആളുകൾ ഐ.ടി. മേഖലയിൽ ജോലിചെയ്യുന്നു. ആരോഗ്യമുള്ള യൗവനകാലത്ത് ആളുകൾ ഐ.ടി. കമ്പനികളിൽ രാപകൽ ഭേദമന്യേ ജോലിചെയ്ത് ധാരാളം പണം സമ്പാദിക്കുന്നു. പക്ഷേ ആരോഗ്യം കുറയുന്നതോടെ കമ്പനികൾക്ക് ഇവരെ വേണ്ടതാനും. ഇത് ഐ.ടി. മേഖലയിലെ വെല്ലുവിളിയാണ്. ഏറ്റവും വലിയ തൊഴിൽശൃംഖലയാണ് ഇന്ന് ഐടി മേഖല എന്നാൽ ഇത് എത്രമാത്രം തൊഴിൽ സുരക്ഷ നൽകുന്നു എന്നത് ഒരു ചോദ്യചിഹ്നമാണ്.

ചുരുക്കത്തിൽ അറിവിന്റെ സാങ്കേതികവിദ്യ സമൂഹത്തിന് വളരെയേറെ പ്രയോജന കരവും അതോടൊപ്പം ദോഷങ്ങൾ ചെയ്യുന്നവയുമാണ്. ഐ.ടി. മേഖല ദുരുപയോഗപ്പെ

ടുത്താതിരിക്കാൻ ഗവൺമെന്റ് അനുയോജ്യമായ നിയമനിർമ്മാണം നടത്തുകയും കുറ്റം ചെയ്തവർക്ക് കാലതാമസമെന്യേ ശിക്ഷ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയും വേണം. ഐ.ടി. സംവിധാനത്തെ കൂടുതൽ ജനോപകാരപ്രദമായും വിവിധ മേഖലക ളിലെ വികസനത്തിനായും ഉപയോഗിക്കുകയും ചെയ്യുവാൻ തക്കവണ്ണം പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

ഐ.ടി.യുടെ സാധ്യതകളെയും ദുരുപയോഗങ്ങളെയുംകുറിച്ച് ഏതാനും കാര്യങ്ങൾ മാത്രമാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ഐ.ടി.യുടെ നന്മകൾ എല്ലാ മേഖലകളിലും കൂടുതലായി ഉപയോഗിക്കപ്പെടുവാൻ നമുക്ക് കഴിയേണ്ടതാണ്. നമ്മുടെ ജീവിതത്തിൽ ഓരോ ദിവസവും പല രൂപത്തിലും ഭാവത്തിലും തിന്മയുടെ ശക്തികളും പ്രലോഭന ങ്ങളും നമ്മെ സ്വാധീനിക്കാറുണ്ട്. നമ്മൾ സ്വയം തിന്മ പ്രവർത്തിക്കുകയോ മറ്റുള്ളവ രുടെ തെറ്റായ പ്രവർത്തനങ്ങൾക്ക് ഇരകൾ ആയിത്തീരുകയോ ചെയ്യപ്പെടാം. ഇവിടെ നാം വളരെ കരുതലോടെ വേണം ജീവിക്കുവാൻ. ഐ.ടി. ഇന്നത്തെ ലോകത്തിന്റെ യഥാർത്ഥ്യമാണ്. ഇത് മാറ്റിനിർത്തി നമുക്ക് ജീവിക്കുവാൻ സാധ്യമല്ല. വ്യക്തിജീവിത ത്തിലും സാമൂഹ്യജീവിതത്തിലും വിവരസാങ്കേതികവിദ്യയുടെ നല്ല ഗുണങ്ങളും സാധ്യത കളും ഉപയോഗിക്കുവാൻ നമുക്ക് കഴിയട്ടെ.

### പ്രവർത്തനങ്ങൾ

1. സാമൂഹ്യസേവനരംഗത്ത് ഇൻഫർമേഷൻ ടെക്നോളജി എങ്ങനെ പ്രയോജനപ്പെടു ത്താമെന്ന് ചിന്തിക്കുക.
2. സഭയ്ക്ക് 21-ാം നൂറ്റാണ്ടിൽ ഐ.ടി.യുടെ സാധ്യതകൾ ഏതെല്ലാം രീതിയിൽ പ്രയോ ജനപ്പെടുത്തുവാൻ സാധിക്കും?
3. നിങ്ങളുടെ ഇടവകയിലെ യുവജനപ്രസ്ഥാനവുമായി സഹകരിച്ച് 'ഇൻഫർമേഷൻ ടെക്നോളജി; ഉപയോഗങ്ങളും ദുരുപയോഗങ്ങളും' എന്ന വിഷയത്തിൽ ഒരു സെമിനാർ നടത്തുക.

അദ്ധ്യായം മൂന്ന്

# ശാസ്ത്രവും സാങ്കേതികവിദ്യയും

**ഇ**ന്ന് മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്വാധീനിച്ചിരിക്കുന്ന ഒന്നാണ് ആധുനിക ശാസ്ത്രവും സാങ്കേതിക വിദ്യകളും. കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളിലായി അഭൂതപൂർവ്വമായ വളർച്ചയാണ് ഈ രംഗം കൈവരിച്ചിരിക്കുന്നത്. പ്രപഞ്ചത്തിന്റെ എല്ലാ മേഖലകളെയും കീഴടക്കുന്ന രീതിയിൽ ഇവ വളർന്നുകൊണ്ടുമിരിക്കുന്നു. ഒരു വ്യക്തിയുടെ ജീവിതവും അവനുൾപ്പെടുന്ന സമൂഹവും മാത്രമല്ല ശാസ്ത്രത്തെ ഉപയോഗിച്ച് പ്രപഞ്ചത്തെ മുഴുവൻ കൈപ്പിടിയിൽ ആക്കുവാനാണ് ആധുനിക മനുഷ്യന്റെ ലക്ഷ്യം.

ശാസ്ത്രസാങ്കേതിക വിദ്യകളുടെ പ്രയോജനം അനുഭവിക്കാത്ത ഒരു മേഖലയും ഇന്ന് ലോകത്തിൽ ഇല്ലെന്ന് പറയാം. പുതിയ കണ്ടുപിടുത്തങ്ങൾ മനുഷ്യജീവിതത്തെ വളരെ ആയാസരഹിതമാക്കിയിട്ടുണ്ട്. മനുഷ്യൻ കഠിനാധ്വാനം ചെയ്ത് സാധിച്ചിരുന്ന പല ജോലികളും ഇന്ന് ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ വളരെ എളുപ്പമായിത്തീർന്നിട്ടുണ്ട്. മാത്രമല്ല മനുഷ്യസമൂഹത്തിന് ഉപയോഗപ്രദമല്ലാത്ത കണ്ടുപിടുത്തങ്ങൾ നിലനിൽക്കുന്നില്ല എന്നു കാലം തെളിയിച്ചിട്ടുണ്ട്.

## ശാസ്ത്രസാങ്കേതിക വിദ്യകളുടെ ഉപയോഗങ്ങൾ

**കുടുംബങ്ങളിൽ**

ശാസ്ത്രസാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഗുണങ്ങൾ മനുഷ്യൻ ഏറ്റവും അനുഭവിക്കുന്നത് കുടുംബങ്ങളിലാണ്. ഒരു സാധാരണ കുടുംബത്തിലെ അരയ്ക്കുക, പൊടിയ്ക്കുക, വസ്ത്രം അലക്കുക, പാചകം തുടങ്ങി പല ജോലികളും ഇന്ന് മെഷീനുകൾ ഏറ്റെടുത്തിരിക്കുന്നു. കൂട്ടുകുടുംബവ്യവസ്ഥയിൽനിന്നും അണുകുടുംബവ്യവസ്ഥയിലേക്ക് നമ്മുടെ സംസ്കാരം മാറിയപ്പോൾ ഈ കണ്ടുപിടുത്തങ്ങൾ വളരെ ഗുണകരമായി. ഇന്ന് കുടുംബങ്ങളിലെ വിനോദോപാധികൾ (entertainment) മുഴുവൻ പുതിയ സാങ്കേതിക വിദ്യകളുടെ സഹായത്തോടെയാണ്.

**ആശയ വിനിമയ മേഖലയിൽ**

സാങ്കേതിക വിദ്യ വളർന്നതിന്റെ പ്രയോജനം ഏറ്റവുമധികം അനുഭവിക്കുന്ന മേഖലയാണിത്. Digital Technology യുടെ ആവിർഭാവവും വളർച്ചയും ആശയവിനിമയ മേഖലയെ ആധുനികവൽകരിച്ചു എന്നല്ല മാറ്റിമറിച്ചു എന്നു വേണം പറയുവാൻ. വേഗതയേറിയതും ചിലവ് കുറഞ്ഞതുമായ രീതികൾ ടെലഫോൺ കമ്യൂണിക്കേഷൻ രംഗത്തെ

വളരെ ജനകീയമാക്കി. ഇന്ന് ജനങ്ങൾ പ്രത്യേകിച്ച് യുവജനങ്ങൾ ആശയവിനിമയം നടത്തുന്നത് ഫോൺ/ഇന്റർനെറ്റ് എന്നിവ ഉപയോഗിച്ച് SMS, email, social networking sites എന്നിവയിൽ കൂടി മാത്രമായിട്ടുണ്ട്. 1995-ൽ ആണ് ഇൻഡ്യയിൽ മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും ഉപയോഗം ആരംഭിച്ചത് (1 5ആഗസ്റ്റ് 1995). ഇൻഡ്യയുടെ ജനസംഖ്യ 121 കോടിയാണ് (Census 2011) എന്നാൽ ടെലഫോൺ കണക്ഷനുകളുടെ എണ്ണം 94 കോടിയാണ് (സെപ്റ്റംബർ 2012). ടെലഫോൺ കണക്ഷനുകളുടെ എണ്ണത്തിൽ ഇൻഡ്യ ലോകരാജ്യങ്ങളിൽ രണ്ടാം സ്ഥാനത്തും Internet ഉപയോഗത്തിൽ മൂന്നാം സ്ഥാനത്തും നിൽക്കുന്നു.

**അറിവിന്റെ ലോകം**

സാങ്കേതികവിദ്യയുടെ വളർച്ചയോടെ അറിവിന്റെ ലോകം വളർന്ന് വിശാലമായി, അഥവാ അറിവിന് അതിർവരമ്പുകൾ ഇല്ലാതെയായി. അറിവിന്റെ ലോകം ഇന്ന് വിരൽതുമ്പിലാണ്. കമ്പ്യൂട്ടറുകൾ മുഖേന ലോകത്തെവിടെയും ഉള്ള അറിവുകൾ ആർക്കും ഇന്ന് ലഭ്യമാണ്. കമ്പ്യൂട്ടർ നെറ്റ്‌വർക്കിംഗിലൂടെ ലോകത്തെ മുഴുവൻ ഒരു കൊച്ചുഗ്രാമമായി ചുരുക്കിയിരിക്കുന്നെന്ന് പറയാം.

വിദ്യാഭ്യാസരംഗം ടെക്നോളജിയുടെ വളർച്ചയോടുകൂടി വളരെ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ഡിജിറ്റൽ ലൈബ്രറി, ദൂരെയുള്ള Library കളിൽനിന്ന് Online reference സൗകര്യങ്ങൾ Smart Class Rooms തുടങ്ങി വിദ്യാഭ്യാസരംഗം സമൂല മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ഇനി ഏതാനും വർഷങ്ങൾ കഴിഞ്ഞാൽ ബുക്കുകളുമായി സ്കൂളിൽ പോകുന്നത് പഴങ്കഥയായി മാറിയേക്കും.

സ്പേസ് ടെക്നോളജിയിൽ ഇന്ന് പല ലോകരാജ്യങ്ങളും വളരെയധികം നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ചന്ദ്രനിൽ എത്തിയത് മാത്രമല്ല മറ്റ് ഗ്രഹങ്ങളെക്കുറിച്ചുള്ള പഠനവും ബഹുദൂരം മുന്നേറിയിരിക്കുന്നു. ഇന്ന് മനുഷ്യന് ഭൂമിയിൽ മാത്രമല്ല ചന്ദ്രനിലും സ്ഥലം വാങ്ങാം. ടൂറിസ്റ്റായി വിദേശരാജ്യങ്ങളിലേക്ക് മാത്രമല്ല സേപ്സ് ഷട്ടിലിലും യാത്രചെയ്യാം.

ഇതുപോലെ ആരോഗ്യ സംരക്ഷണം (Diagnosis and Treatment), ഓഫീസ് വർക്കുകൾ, ബാങ്കിംഗ്, ട്രാവൽ & ടൂറിസം, അടിസ്ഥാന സൗകര്യവികസനങ്ങൾ, ഓട്ടോമൊബൈൽ, മീഡിയ, കൃഷി, വിനോദോപാധികൾ, ബാങ്കിംഗ് തുടങ്ങിയ മേഖലകളിലെല്ലാം ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം സാധാരണയായിട്ടുണ്ട്.

## സാങ്കേതിക വിദ്യകളുടെ സ്വാധീനവും പ്രാധാന്യവും

ഇന്ന് ലോകത്തിൽ വിവിധങ്ങളായ മെഷീനുകൾ പ്രവർത്തനരഹിതമായാൽ ലോകം തന്നെ നിശ്ചലമാകും എന്ന് പറയാം. എന്തുജോലിയും ചെയ്തുകിട്ടാൻ നാം ഇന്ന് യന്ത്രങ്ങളെയാണ് ആശ്രയിക്കുന്നത്. ഏറ്റവും എളുപ്പമായി ചെയ്യാവുന്ന കണക്കുകൂട്ടലുകൾ പോലും ചെയ്യാൻ നാം കാൽക്കുലേറ്ററിനെ ആശ്രയിക്കുന്നു.

പുതിയ റോഡുകൾ, റെയിൽവേ ലൈനുകൾ, പാലങ്ങൾ, കനാലുകൾ, കെട്ടിടങ്ങൾ തുടങ്ങിയവ നിർമ്മിക്കുവാൻ ആയിരക്കണക്കിന് മനുഷ്യരുടെ പ്രയത്നം വേണ്ടിവന്നിരുന്നു. എന്നാൽ ഇന്ന് ഇവയൊക്കെ മെഷീനുകൾ ഉപയോഗിച്ച് പ്രയാസം കൂടാതെ ചെയ്യുവാൻ സാധിക്കുന്നു. മനുഷ്യർക്ക് തൊഴിൽ നഷ്ടപ്പെടും എന്ന ഭയം കൊണ്ട് കമ്പ്യൂട്ടറുകൾക്കെ

തിരെ സമരം നടത്തിയ ഒരു കാലമുണ്ടായിരുന്നു. എന്നാൽ സാധാരണ ജോലികൾക്ക് പോലും തൊഴിലാളികൾക്ക് ക്ഷാമം അനുഭവപ്പെടുന്ന ഇന്നത്തെ അവസ്ഥയിൽ മെഷീനുകൾ അനുഗ്രഹം തന്നെയാണ്. മെഷീനുകളുടെ സഹായം കൂടാതെ ജീവിക്കാൻ തന്നെ സാധ്യമല്ലാത്ത അവസ്ഥയിലാണ് ഇന്ന് ജനങ്ങൾ (മൊബൈൽ ഫോൺ തന്നെ ഏറ്റവും നല്ല ഉദാഹരണം.)

## സാങ്കേതിക വിദ്യയുടെ വളർച്ച: ചില ദോഷഫലങ്ങൾ

സാങ്കേതിക വിദ്യകൾ ആധുനിക സമൂഹത്തിന് വളരെ പ്രയോജനം ചെയ്യുന്നതോടൊപ്പം പല രീതിയിലും സമൂഹത്തിന് ദോഷകരമായും തീരുന്നുണ്ട്. ഇതിൽ ഏതാനും ചില കാര്യങ്ങൾ ചിന്തിക്കാം.

**1. സമൂഹം ഒരു കൺസ്യൂമർ സൊസൈറ്റിയായി മാറുന്നു**

അനുദിനം മാറിവരുന്ന സാങ്കേതികവിദ്യകളും അങ്ങനെയുള്ള ഉൽപന്നങ്ങളും അവയുടെ പരസ്യങ്ങളും സമൂഹത്തെ ഒരു Consumer Societyയായി മാറ്റിയിരിക്കുകയാണ്. കമ്പനികൾ തമ്മിലുള്ള വാശിയേറിയ മൽസരങ്ങളുടെ ഫലമായി ഉൽപന്നങ്ങൾ അവയുടെ പരസ്യങ്ങളിലൂടെ ജനങ്ങളെ സ്വാധീനിക്കുവാൻ ശ്രമിക്കുന്നതുമൂലം എന്ത് തെരഞ്ഞെടുക്കണം എന്ന വിഷമഘട്ടത്തിലാണ് സാധാരണ ജനങ്ങൾ.

**2. യൂസ് ആൻഡ് ത്രോ സംസ്കാരം**

ഇന്ന് എല്ലാ മേഖലകളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുന്ന സംസ്കാരമാണിത്. മുൻപ് പേപ്പർ/പ്ലാസ്റ്റിക്, പ്ലേയ്റ്റ് എന്നിവയായിരുന്നു യൂസ് ആൻഡ് ത്രോ എന്ന് വിശേഷിപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് പല ആധുനിക ഉപകരണങ്ങളും പ്രത്യേകിച്ച് വീട്ടാവശ്യത്തിനുള്ള ഉപകരണങ്ങൾ (house hold items) എല്ലാം തന്നെ ഈ വിഭാഗത്തിൽപെടും. ഓരോ ഉപകരണങ്ങളിലെയും സാങ്കേതിക വിദ്യകൾ വളരെവേഗം മാറിക്കൊണ്ടിരിക്കുന്നതിനാൽ, കേടുവരുന്ന ഉപകരണങ്ങളുടെ സ്പെയർ പാട്സുകൾ കിട്ടാതെ ഇവയൊന്നും റിപ്പയർ ചെയ്യുവാൻ സാധിക്കുന്നില്ല. പല കുടുംബങ്ങളിലും ഇത് സാമ്പത്തിക പ്രശ്നത്തിലേയ്ക്ക് വരെ എത്തുന്നു.

**3. ലളിതജീവിത സംസ്കാരം വഴിമാറുന്നു**

സാങ്കേതിക വിദ്യകളുടെ വളർച്ച സംസ്കാരത്തിന്റെ തകർച്ചയ്ക്കും മൂല്യച്യുതിക്കും കാരണമാകുന്നുണ്ട്. ലളിതജീവിതം ആർഭാടത്തിന് വഴിമാറുന്നു. മാത്രമല്ല, പുതിയ തലമുറ തങ്ങളുടെ സമയം കൂടുതൽ ചെലവഴിക്കുന്നത് മാറിവരുന്ന ടെക്നോളജിയോട് താദാത്മ്യം പ്രാപിക്കുന്നതിനും അവ സ്വായത്തമാക്കുന്നതിനുമാണ്.

ആത്മീയ ജീവിതത്തെയും ഇത് സാരമായി ബാധിക്കുന്നുണ്ട്. പ്രാർത്ഥന ഉൾപ്പെട്ട ടൈംടേബിൾ ഉണ്ടായിരുന്ന കുടുംബങ്ങളിൽ ഇന്ന് എല്ലാ അംഗങ്ങളും ചേർന്നുള്ള കുടുംബപ്രാർത്ഥന അപൂർവ്വമാണ്. ടെലിവിഷൻ പ്രോഗ്രാമുകൾക്കും കമ്പ്യൂട്ടറുകൾക്കും മുന്നിൽ സമയം ചെലവഴിക്കുമ്പോൾ ആത്മീയ കാര്യങ്ങൾക്ക് സ്ഥാനഭ്രംശം സംഭവിക്കുന്നു. ചുരുക്കത്തിൽ ആത്മീയത അടിസ്ഥാനമാക്കിയുള്ള ലളിത ജീവിതത്തിന് ഇവിടെ അറുതി വരികയാണ്.

**4. സ്വതസിദ്ധമായ ബുദ്ധി ഉപയോഗിക്കപ്പെടാതെയിരിക്കുന്നു**

സാങ്കേതിക വിദ്യകളെ കൂടുതലായി ആശ്രയിക്കുന്നതുമൂലം നൈസർഗികമായ കഴിവുകൾ പലർക്കും ഉപയോഗശൂന്യമാവുകയാണ്. മൊബൈൽ ഫോണിന്റെ കണ്ടുപിടുത്തത്തിനു മുമ്പ് ആളുകൾക്ക് ധാരാളം ഫോൺ നമ്പറുകൾ ഓർമ്മയിൽ സൂക്ഷിക്കുവാൻ കഴിഞ്ഞിരുന്നു. ഇന്ന് സ്വന്തം വീട്ടിലെ നമ്പർ പോലും ഫോണിൽനിന്ന് ലഭിക്കണം എന്ന അവസ്ഥയായി. എന്തെങ്കിലും കാരണവശാൽ ഫോൺ നഷ്ടപ്പെട്ടാൽ എല്ലാ നമ്പറുകളും നഷ്ടമായി എന്ന് പലരും വിലപിക്കുന്നത് കാണാം. ഇവിടെ നാം തലച്ചോറിന്റെ കഴിവിനെ ഉപയോഗപ്പെടുത്താതിരിക്കയും ഓർമ്മശക്തി കുറയാൻ കാരണമാവുകയും ചെയ്യുന്നു. ചെറിയ കണക്കുകൂട്ടലുകൾ ചെയ്യുവാൻ പോലും ഇന്ന് പലർക്കും കാൽക്കുലേറ്ററുകൾ വേണം. ഇവിടെയും നാം ജന്മസിദ്ധമായ കഴിവുകളെ ഉപയോഗിക്കുന്നില്ല. എഴുതുവാനും വായിക്കുവാനുമുള്ള കഴിവുപോലും പുതിയ തലമുറയ്ക്ക് കുറഞ്ഞുവരുന്നു.

പുതിയ വാഹനങ്ങളിൽ ട്രാഫിക് ഗൈഡുകളും റൂട്ട് മാപ്പുകളും ലഭ്യമാക്കുന്ന പ്രോഗ്രാമുകൾ ഉണ്ട്. ഇനി സ്വന്തം വീട്ടിലേയ്ക്കുള്ള വഴി അറിയാൻ പോലും ജനങ്ങൾ മെഷീനുകളെ ആശ്രയിക്കുന്ന കാലം വിദൂരമല്ല.

**5. ശാരീരിക വ്യായാമം കുറയുന്നു**

മുൻകാലങ്ങളിൽ വീട്ടുജോലി, കൃഷി, നടന്നുള്ള ചെറിയ യാത്രകൾ എന്നിവയിൽകൂടി ശാരീരികവ്യായാമം ലഭിച്ചിരുന്നു. ഇപ്പോൾ വീട്ടുജോലികൾ കൂടുതലും മെഷീനുകൾ ഏറ്റെടുത്തു. കൃഷികൾ വളരെ കുറഞ്ഞു. ചെറിയ യാത്രകൾക്കുപോലും വാഹനങ്ങൾ ഉപയോഗിക്കുകയോ മറ്റ് രീതികൾ ഉപയോഗിച്ച് ഉദ്ദേശകാര്യം സാധിക്കുകയോ ചെയ്യുന്നു. (*ഉദാ.* ഫോൺ, ഇന്റെർനെറ്റ് etc) ഇതുകൊണ്ട് വ്യായാമം കുറയുകയും പല രോഗങ്ങൾക്കും അടിമകളാവുകയും ചെയ്യുന്നു.

**6. സാമൂഹ്യബന്ധങ്ങൾ കുറയുന്നു**

പുതിയ സാങ്കേതിക വിദ്യകളിൽ കൂടി തങ്ങളുടേതായ ഒരു ചുറ്റുവട്ടത്തിൽ മാത്രം ആളുകളുമായി ബന്ധംപുലർത്താനാണ് പുതിയ തലമുറ താൽപര്യം കാണിക്കുന്നത്. ഇത് പൊതുവായി സാമൂഹ്യബന്ധങ്ങൾ കുറയുകയും സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് അറിവില്ലാത്തവരാവുകയും ചുറ്റുപാടുമായി ഒരു ബന്ധവും ഇല്ലാത്തവരാക്കി ആളുകളെ തീർക്കുകയും ചെയ്യുന്നു.

**7. ദൈവവിശ്വാസം കുറയുവാൻ കാരണമാകുന്നു**

മനുഷ്യൻ സർവ്വശക്തനാണെന്നും ശാസ്ത്രം ദൈവത്തിന് അതീതമാണെന്നുമുള്ള ചിന്തകളും പ്രവർത്തനങ്ങളുമാണ് ആധുനിക മനുഷ്യനിൽ കണ്ടുവരുന്നത്. ദൈവവിശ്വാസം കുറയുക മാത്രമല്ല ആത്മീയ വളർച്ചയ്ക്കും ആത്മീയ കൂട്ടായ്മകൾക്കും സമയം കണ്ടെത്തുവാൻ ഇന്ന് പലർക്കും കഴിയുന്നില്ല. പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിലെ ഈ പ്രവണത അതിവേഗം നമ്മുടെ രാജ്യത്തും വ്യാപിച്ചുവരുന്നതായി കാണുന്നു.

ശാസ്ത്രസാങ്കേതിക വിദ്യകൾ മനുഷ്യസമൂഹത്തിന് ധാരാളം സംഭാവനകൾ നൽകുന്നുണ്ടെന്നുള്ളത് സത്യമാണ്. എന്നാൽ ഇവ ദൈവികശക്തിക്ക് അതീതമോ പകരം

വയ്ക്കാവുന്നതോ അല്ല. ശാസ്ത്രവും സാങ്കേതിക വിദ്യകളും നശ്വരവും മനുഷ്യരാൽ നിയന്ത്രിക്കപ്പെടുന്നതുമാണ്. ദൈവത്തിന്റെ സൃഷ്ടി എന്ന നിലയിൽ മനുഷ്യജീവിതത്തിന് ചില ലക്ഷ്യങ്ങളുണ്ട്. ഈ ലക്ഷ്യപ്രാപ്തിയ്ക്കായി ദൈവാശ്രയബോധത്തോടെ ജീവിക്കുമ്പോൾ സർവ്വശക്തനായ ദൈവത്തെ പ്രപഞ്ചത്തിലെ സകലത്തിന്റെയും സ്രഷ്ടാവായി നമുക്ക് കാണുവാൻ കഴിയും. അപ്പോൾ സമൂഹത്തിന്റെ നന്മയ്ക്കായി ജീവിക്കുകയും ശാസ്ത്രത്തെ നല്ല സമൂഹത്തിന്റെ സൃഷ്ടിക്കായി ഉപയോഗിക്കുകയും ചെയ്യുവാൻ സാധിക്കും.

## പ്രവർത്തനങ്ങൾ

1. വൈദ്യശാസ്ത്രം, ട്രാവൽ, ടൂറിസം, ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ ശാസ്ത്ര സാങ്കേതിക വിദ്യകളുടെ ഉപയോഗം ചർച്ച ചെയ്യുക.
2. സുവിശേഷവൽക്കരണത്തിൽ ആധുനിക സാങ്കേതിക വിദ്യകളെ എങ്ങിനെ ഉപയോഗിക്കാം എന്ന് ചർച്ച ചെയ്യുക.
3. സൺഡേസ്കൂൾ വിദ്യാഭ്യാസത്തിൽ ആധുനിക സാങ്കേതിക വിദ്യകളെ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന വിഷയത്തിൽ സെമിനാർ നടത്തുക.

അദ്ധ്യായം നാല്

# ആരോഗ്യസംരക്ഷണവും മദ്യം-മയക്കുമരുന്ന് ദുരുപയോഗവും

**ആ**രോഗ്യമുള്ള മനസ്സ്, ആരോഗ്യമുള്ള ശരീരം ഇതാണ് ആരോഗ്യത്തെക്കുറിച്ച് സാധാരണ പറയാറുള്ളത്. ആരോഗ്യത്തിന്റെ വിവിധ തലങ്ങളായി ശാരീരിക ആരോഗ്യം, മാനസിക ആരോഗ്യം, സാമൂഹിക ആരോഗ്യം, ആത്മിക ആരോഗ്യം എന്നിവ കരുതപ്പെടുന്നു. അതായത് പൂർണ്ണആരോഗ്യമുള്ള ഒരാൾ മേൽപറഞ്ഞ തലങ്ങളിലെല്ലാം ആരോഗ്യകരമായ ജീവിതം നയിക്കുന്ന ആളായിരിക്കണം.

ഇന്ന് മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലിയിൽ ആരോഗ്യത്തെ ഏറ്റവുമധികം ബാധിക്കുന്ന സാമൂഹ്യവിപത്തായി കരുതാവുന്നതാണ് മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയുടെ ഉപയോഗം. കൗമാര കാലത്താണ് ഈ ദുശ്ശീലങ്ങൾ ആരംഭിക്കുവാൻ ഏറ്റവും സാധ്യത കണ്ടുവരുന്നത്. തെറ്റായ കൂട്ടുകെട്ടും മാധ്യമങ്ങളുടെയും പരസ്യങ്ങളുടെയും സ്വാധീനവുമാണ് ഇതിന് പ്രധാന കാരണം. ഒരിക്കൽ ഉപയോഗിച്ചുകഴിഞ്ഞാൽ പിന്നെ വളരെ പെട്ടെന്ന് നാം ഇതിൽ അടിമകളായി മാറുന്നു. ആധുനിക യുവത്വത്തിന്റെ ഏറ്റവും വലിയ പ്രശ്നമായി അവതരിപ്പിക്കപ്പെടുന്നതും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗമാണ്.

വിഷമദ്യം കഴിച്ച് ആളുകൾ മരിക്കുന്നതിന്റെ വാർത്തകൾ പലപ്പോഴും മാധ്യമങ്ങളിൽ കാണാറുണ്ട്. ഈ വാർത്തകൾ സാധാരണക്കാർക്ക് വെറുമൊരു വാർത്ത എന്നതിൽ കവിഞ്ഞ് ഒന്നും തോന്നാറില്ല. നഷ്ടപ്പെടുന്നതും ദുഃഖിക്കുന്നതും മരിച്ചവരുടെ ബന്ധുമിത്രാദികൾ മാത്രമായിരിക്കും. പലരും സാധാരണ പുകവലിയിൽ ആരംഭിച്ച് മദ്യപാനത്തിലേക്ക് കടക്കുകയും പിന്നീട് മയക്കുമരുന്നിന്റെ ഉപയോഗത്തിൽ എത്തുകയും ചെയ്യുന്നതായിട്ടാണ് കണ്ടുവരുന്നത്. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുമ്പോൾ ക്രമേണ ഇതിന്റെ അളവ് കൂട്ടിക്കൊണ്ടുവരികയും ഇതില്ലാതെ ജീവിക്കാൻ വയ്യ എന്ന അവസ്ഥയിൽ എത്തുകയും ചെയ്യുന്നു. പാൻപരാഗ് മുതൽ ഹാൻസ്, കഞ്ചാവ്, ബ്രൗൺഷുഗർ തുടങ്ങി വിവിധ രൂപത്തിലും ഭാവത്തിലും മയക്കുമരുന്നുകൾ ലഭ്യമാണ്.

ഗവൺമെന്റ് തലത്തിൽ നിരോധനം ഉണ്ടെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ പോലും ആവശ്യക്കാർക്ക് ഇപ്പോഴും രഹസ്യമായി ഇവ ലഭിക്കുന്നു.

മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവർക്ക് ഈ ശീലത്തിൽനിന്നും മാറാൻ പ്രയാസമാണ്. ഇക്കൂട്ടർ കൂടുതൽ പേരെ ഇതിലേക്ക് സ്വാധീനിച്ച് കൊണ്ടുവരും. മയക്കുമരുന്ന് വിൽപന അന്തർദ്ദേശീയ തലത്തിൽ തന്നെ അധോലോകസംഘങ്ങളുടെ നിയന്ത്രണത്തിലാണ് നടക്കുന്നത്. പലരും പണം സമ്പാദിക്കുവാനായി ഈ റാക്കറ്റിൽ ചെന്നുപെ

ടാറുണ്ട്. പിന്നീട് ഇതിൽനിന്ന് രക്ഷപെടുവാനേ സാധിക്കില്ല. ചിലപ്പോൾ ജീവൻ തന്നെ അപകടത്തിലായി എന്ന് വന്നേക്കാം.

## മദ്യവും മയക്കുമരുന്നും എന്തുകൊണ്ട് ഉപയോഗിക്കുന്നു?

വിവിധ കാരണങ്ങൾകൊണ്ടാണ് ആളുകൾ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നത്. സാഹചര്യങ്ങളാണ് പലരെയും ഈ ശീലത്തിലേക്ക് നയിക്കുന്നതെന്ന് ഒറ്റവാചകത്തിൽ പറയാം.

1. കൗമാരപ്രായത്തിൽ ഞാനൊരു കുട്ടിയല്ല മുതിർന്ന ആളാണ് എന്ന ചിന്ത മറ്റുള്ളവരിൽ ഉണ്ടാക്കുവാൻവേണ്ടി ആരംഭിക്കുന്ന പുകവലി ശീലമാണ് പലരെയും മദ്യപാനത്തിലേക്കും മയക്കുമരുന്നിലേക്കും നയിക്കുന്നത്. ഒരിക്കൽ ഉപയോഗിക്കുമ്പോൾ അതിൽ പ്രത്യേക താത്പര്യം തോന്നുകയും അത് വീണ്ടും ഉപയോഗിക്കണമെന്ന ചിന്ത ഉണ്ടാകുകയും ചെയ്യും. ക്രമേണ ഇതൊരു ശീലമായി, അതിന് അടിമയായി ഇതു കൂടാതെ ജീവിക്കുവാൻ വയ്യ എന്ന സ്ഥിതിയിൽ ആയിത്തീരുന്നു.
2. ചില ചെറുപ്പക്കാർ പുകവലിക്കുന്നതും മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നതും ഒരു ഫാഷന് വേണ്ടിയാണ്. മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റാനുള്ള ഒരു ഉപാധിയായും ഇവർ ഇതിനെ കാണുന്നു.
3. പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുവാൻ: കുടുംബത്തിലെ പ്രശ്നങ്ങൾ; പ്രത്യേകിച്ച് ഭാര്യാ-ഭർതൃബന്ധങ്ങളിലെ പ്രശ്നങ്ങൾ, സഹോദരങ്ങൾ തമ്മിലും മക്കളും മാതാപിതാക്കളും തമ്മിലുള്ള പ്രശ്നങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ ഇവയൊക്കെ ഇന്ന് സർവ്വസാധാരണമാണ്. പ്രശ്നങ്ങളെ പരിഹരിക്കുവാനുള്ള ശ്രമങ്ങൾ നടത്താതെ മദ്യപാനത്തിലൂടെ സകലവും മറക്കുവാനും സമാധാനം കണ്ടെത്തുവാനും ശ്രമിക്കുന്നവരുണ്ട്.

   ഇതുപോലെതന്നെ മുതിർന്ന വിദ്യാർത്ഥികൾ പഠനപ്രശ്നങ്ങളിൽ നിന്നും, ഉദ്യോഗസ്ഥർ തൊഴിൽസംബന്ധമായ പ്രശ്നങ്ങളിൽനിന്നും രക്ഷപെടുവാനെന്ന വ്യാജേനയും മദ്യപാനവും മയക്കുമരുന്ന് ഉപയോഗവും നടത്തുന്നുണ്ട്.
4. മദ്യം, മയക്കുമരുന്ന് ഉപയോഗത്തിലൂടെ നല്ല സുഖം ലഭിക്കും എന്ന ധാരണ: മനുഷ്യന്റെ സാധാരണ അവസ്ഥയായ സൃഷ്ടിപരമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത് സമൂഹത്തിന്റെ സജീവാംഗം എന്നതിൽ നിന്ന് അബോധാവസ്ഥയിലേക്ക് മാറുന്നതിനെയാണ് പലരും സുഖം എന്ന് വിശേഷിപ്പിക്കുന്നത്.
5. പുകവലി, മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവയുടെ ഒരു സുപ്രധാന കാരണമാണ് സുഹൃത്തുക്കളുടെ നിർബന്ധം. സുഹൃത്തുക്കളുടെ കൂട്ടുകെട്ടിൽനിന്നും ഒഴിവാക്കപ്പെടാതിരിക്കാനും അവരുടെ മുമ്പിൽ ചെറുതായി പോകാതിരിക്കാനും മാത്രം അവരുടെ ഒരു പഫ്, ഒരു പുക തുടങ്ങിയ നിർബന്ധങ്ങൾക്ക് വഴങ്ങിയാണ് കൗമാരപ്രായത്തിൽ ഇവ ഉപയോഗിക്കാൻ പലരും തുടങ്ങുന്നത്.
6. പ്രിയപ്പെട്ടവരുടെ വേർപാടിന്റെ ദുഃഖം മറക്കുവാൻ മദ്യപിക്കുന്നവരുണ്ട്.
7. കഠിനമായ ശാരീരിക ജോലികൾ ചെയ്യുന്നവർ, മദ്യം കൂടുതൽ കരുത്തും ശക്തിയും നൽകും എന്നുള്ള തെറ്റിദ്ധാരണകൊണ്ട് മദ്യം ദിവസേന ഉപയോഗിക്കുന്നു.

8. വൈകുന്നേരങ്ങളിൽ നടക്കുന്ന പാർട്ടികളിൽ മദ്യം ഒഴിവാക്കാൻ പാടില്ലാത്ത ഐറ്റമായി പലരും കരുതുന്നു. പെട്ടെന്ന് പണം കൈവരുന്നവരും ബിസിനസ്സ് വിജയം ആഘോഷിക്കുന്നവരും സോഷ്യൽ സ്റ്റാറ്റസ് വളർത്തുവാൻ മദ്യം ഉപയോഗിച്ചുള്ള പാർട്ടികളെയാണ് പൊതുവെ ആശ്രയിക്കുന്നത്.

10. പെരുനാളുകൾ, ഉത്സവങ്ങൾ, വിശേഷദിവസങ്ങൾ തുടങ്ങിയവ ആഘോഷിക്കുന്നതിനും മദ്യം അനിവാര്യമാണെന്ന് ചിന്തിക്കുന്നവർ ആധുനിക തലമുറയിൽ ധാരാളം ഉണ്ട്.

## ആരോഗ്യവും മദ്യം/മയക്കുമരുന്ന് ഉപയോഗവും

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ജീവിതത്തിൽ പല രീതിയിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

ഇത് ആരോഗ്യത്തെ ബാധിക്കുന്നു; കരൾ സംബന്ധമായ രോഗങ്ങൾ, അർബുദം തുടങ്ങിയവയ്ക്ക് കാരണമാകുന്നു. മദ്യത്തിന് അടിമയായാൽ, മദ്യം കൂടാതെ ജീവിക്കാൻ പറ്റാത്ത അവസ്ഥയിലാകും. രാവിലെ പോലും മദ്യം കൂടാതെ ആയിരിക്കുവാൻ പറ്റാത്ത സ്ഥിതിയിൽ എത്തും. ഏർപ്പെട്ടിരിക്കുന്ന ജോലി ശരിയായി ചെയ്യാൻ പറ്റാതെയാകും. മദ്യപൻ എന്നറിയപ്പെടാൻ തുടങ്ങിയാൽ ആ വ്യക്തിസമൂഹത്തിലെ പരിഹാസപാത്രമായിത്തീരുന്നു.

മദ്യത്തിനും മയക്കുമരുന്നിനും അടിമയായിക്കഴിഞ്ഞാൽ പണം ഉണ്ടാക്കുവാൻ എന്തും ചെയ്യും. കുട്ടികളാണെങ്കിൽ മോഷണം, ചെറിയ കുറ്റകൃത്യങ്ങൾ എന്നിവയിൽ ഏർപ്പെടും. മുതിർന്നവർ തങ്ങളുടെ സമ്പാദ്യം മുഴുവൻ ഇതിനായി ഉപയോഗിക്കും. ഉള്ള സ്വത്ത് മുഴുവൻ വിറ്റും കടം വാങ്ങിയും ദരിദ്രനായി മാറുകയും മറ്റുള്ളവരുടെ മുമ്പിൽ ഇരന്ന് ജീവിക്കേണ്ട സ്ഥിതിയിൽ ആവുകയും ചെയ്യും. ഉദ്യോഗസ്ഥരായവർ കൈക്കൂലി വാങ്ങുകയും, അന്യായമായ രീതിയിൽ പണം സമ്പാദിക്കുന്നതിന് ശ്രമിക്കുകയും ചെയ്യും.

കുടുംബജീവിതം താറുമാറാകുന്നതിന്റെ ഒരു പ്രധാന കാരണം മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗമാണ്. ഇന്ന് ധാരാളം കുടുംബങ്ങളിലെ പട്ടിണിക്ക് കാരണം മദ്യപാനമാണ്. ഭാര്യാഭർതൃകലഹം, കുട്ടികളുമായുള്ള വഴക്ക്, വീട്ടുപകരണങ്ങൾ നശിപ്പിക്കൽ ഇവയെല്ലാം കുടുംബത്തിൽ മദ്യപാനത്തിന്റെ അനന്തര ഫലങ്ങളായി കാണാം.

### വ്യക്തിജീവിതം താറുമാറാകുന്നു

ജീവിതത്തിന് ലക്ഷ്യബോധം നഷ്ടപ്പെടുകയും ജന്മനാ ഉള്ള കഴിവുകളെ ഉപയോഗിക്കുവാനോ വളർത്തിയെടുക്കുവാനോ സാധിക്കാതെ വരികയും പുതുതായി ഒരു പരിശീലനവും സാധ്യമല്ലാതെ വരികയും ചെയ്യുന്നു. കുടുംബത്തിനും സമൂഹത്തിനും ഇവർ ഒരു ബാധ്യതയായി മാറും. പലപ്പോഴും ഇത് ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്യും.

### പ്രാർത്ഥനാ ജീവിതവും ദൈവവിശ്വാസവും നഷ്ടപ്പെടും

മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നവർ ദൈവത്തിനോ വിശ്വാസത്തിനോ ഗൗരവമായി പ്രാധാന്യം കൊടുക്കാൻ കഴിയാതെയാകുന്നു. ആരാധനകളിൽ പങ്കെടുക്കുന്നതുപോലും വെറും പേരിനുവേണ്ടി മാത്രമാകും.

**ലൈംഗിക അരാജകത്വം**

പലപ്പോഴും ഇത് മദ്യപാനത്തിന്റെ അനന്തരഫലമായി കാണാറുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കുന്നവർ, പല ആളുകൾ ഒരേ സിറിഞ്ച് ഉപയോഗിക്കുന്നത് HIV/ AIDS ഉണ്ടാകുന്നതിന് വഴിവയ്ക്കുന്നു.

വിദ്യാർത്ഥികൾ മദ്യമോ മയക്കുമരുന്നോ ഉപയോഗിക്കുവാൻ തുടങ്ങിയാൽ, പഠനത്തിൽ പിന്നോക്കം പോകുക, സ്കൂളിൽ വരാതെയാകുക, പഠനത്തിൽ പിന്നോക്കമായി പഠനം നിർത്തേണ്ടി വരിക, മുതിർന്നവരുമായി അനാവശ്യ കൂട്ടുകെട്ട് ഉണ്ടാകുക, സാമൂഹ്യ വിരുദ്ധരുമായി ബന്ധപ്പെടാനുള്ള സാഹചര്യം സൃഷ്ടിക്കുക, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുക മുതലായവ സംഭവിക്കാം.

## മദ്യപാനം/മയക്കുമരുന്ന് ശീലത്തെ എങ്ങനെ നേരിടാം

വ്യക്തി, കുടുംബം, സമൂഹം എന്നീ പല തട്ടുകളിലും ഏറ്റവുമധികം പ്രശ്നങ്ങളുണ്ടാക്കുന്ന അവസ്ഥയാണ് മദ്യപരുടെയും മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെയും. ഒരു പരിധി കഴിഞ്ഞാൽ ഇതൊരു രോഗാവസ്ഥയായിട്ടാണ് കണക്കാക്കുന്നത്. അതനുസരിച്ച് ചികിത്സകൾ തേടേണ്ടതുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ലഭ്യത നിയന്ത്രിക്കുക, ഇതിന്റെ ദോഷഫലങ്ങളെക്കുറിച്ചുള്ള അറിവ് പകരുക, De-Addiction Centre കളിൽ ചികിത്സയ്ക്ക് വിധേയമാകുക, തുടർന്ന് സ്ഥിരമായി AA (Alcoholic Anonimous) group meeting-കളിൽ സംബന്ധിക്കുകയും മദ്യപാനത്തിനെതിരായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാവുന്നതാണ്. മദ്യപാനം ഉപേക്ഷിച്ച് നല്ല ജീവിതം നയിക്കുവാൻ സാധിച്ചിട്ടുള്ള വളരെയധികം ആളുകൾ നമ്മുടെ ചുറ്റുപാടും ഉണ്ട്. മറ്റുള്ളവർ എത്ര സ്വാധീനിച്ചാലും സ്വയം തീരുമാനമെടുത്താൽ മാത്രമേ ഇപ്രകാരം മാറുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ ജീവിതവും ആരോഗ്യവും സംരക്ഷിക്കേണ്ട പ്രധാന ചുമതല നമ്മുടേത് മാത്രമാണ്.

നീരാളി (Octopus) എന്ന കടൽജീവിയുടെ പിടിയിൽ അകപ്പെട്ടു കഴിഞ്ഞാൽ രക്ഷപെടാൻ എളുപ്പമല്ല. അതുപോലെതന്നെയാണ് മദ്യവും മയക്കുമരുന്നും. പ്രശസ്ത കവയിത്രി സുഗതകുമാരി ടീച്ചറിന്റെ ശ്രദ്ധേയമായ അഭിപ്രായം ഇപ്രകാരമാണ്: ഒരു പിശാചിന്റെ ക്രൗര്യത്തോടെ അവ നിങ്ങളെ അടിമയാക്കും. പുകയായും പാനീയമായും കുത്തിവയ്ക്കലായും ഒക്കെ ആ വിഷം ഉള്ളിൽ ചെന്നുകഴിഞ്ഞാൽ പിന്നെ ഭ്രാന്താണ്. അവ കിട്ടാൻവേണ്ടി എന്തും ചെയ്യും, എവിടെനിന്നും മോഷ്ടിക്കും, ആരെയും കൊല്ലും, എന്ത് കുറ്റകൃത്യവും ചെയ്യും, നിയമങ്ങളും മര്യാദകളും ആദർശങ്ങളുമൊക്കെ കാറ്റിൽ പറത്തും. മയക്കുമരുന്നിന്റെ അടിമ, അവന്റേതായ ഒരു അധോലോകത്തിൽ മുങ്ങിത്താഴുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, തൊഴിൽ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് മയക്കുമരുന്ന് കച്ചവടം നടക്കുന്നത്. ഇത് നിയമവിരുദ്ധമായതുകൊണ്ട് ശ്രദ്ധയിൽ പെട്ടാൽ പോലീസിൽ വിവരം നൽകണം.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. സുഹൃത്തുക്കളെ തെരഞ്ഞെടുക്കുമ്പോൾ പ്രത്യേകം സൂക്ഷിക്കുക. ശരിയല്ലാത്ത കൂട്ടുകെട്ടുകളിൽനിന്ന് തീർച്ചയായും ഒഴിഞ്ഞുനിൽക്കണം.

2. രോഗം വന്നിട്ട് ചികിത്സിക്കുന്നതിലും നല്ലതാണല്ലോ രോഗം വരാതെ സൂക്ഷിക്കുന്നത്. അതുകൊണ്ട് പുകവലി, മദ്യം, മയക്കുമരുന്ന് ഇവ ഒരിക്കലും ഉപയോഗിക്കാതെ സൂക്ഷിക്കണം.

3. ഒഴിവുസമയങ്ങൾ, വിനോദങ്ങൾ, കൂട്ടുകാരുമൊത്ത് ചിലവഴിക്കുന്ന സമയങ്ങൾ ഇവ നല്ല രീതിയിൽ മുന്നോട്ട് പോകണം എന്ന് നാം തന്നെയാണ് തീരുമാനമെടുക്കേണ്ടത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളുടെ സ്വാധീനം ഉണ്ടാവുമ്പോൾ ഉറച്ചു തന്നെ 'ഇല്ല, വേണ്ട' എന്ന് പറയുവാൻ കരുത്താർജിക്കണം. നമ്മുടെ ജീവിതത്തോടും ആരോഗ്യത്തോടും സ്നേഹം കാണിക്കാത്തവരോടുള്ള സൗഹൃദങ്ങൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. അത്തരം സൗഹൃദങ്ങൾ വേണ്ടെന്ന് വയ്ക്കണം.

4. കുട്ടികളെ ഈ രീതിയിൽ സുഹൃത്തുക്കളോ മുതിർന്നവരോ ആരെങ്കിലും നിർബന്ധിക്കുന്നെങ്കിൽ അക്കാര്യം പെട്ടെന്ന് തന്നെ രക്ഷാകർത്താക്കളെയും അദ്ധ്യാപകരെയും അറിയിക്കണം.

നമുക്കുചുറ്റും കച്ചവടക്കണ്ണുകളാണുള്ളതെന്ന് തിരിച്ചറിയുക. ഇന്ന് യുവജനങ്ങളുടെ ജീവിതശൈലി എന്നത് അനുകരണമാണ് എന്ന് പറയാം. പരസ്യങ്ങളിലും ടി.വി, സിനിമ തുടങ്ങിയ മാധ്യമങ്ങളിലും കാണുന്നതെല്ലാം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാക്കാനാണ് നാം വെമ്പൽ കൊള്ളുന്നത്. എന്നാൽ നല്ലതിനെ സ്വീകരിക്കുകയും അല്ലാത്തത് തള്ളിക്കളയുകയും ചെയ്യുന്നതാണ് ഏറ്റവും യുക്തമായ രീതി.

മദ്യവും ലഹരിയും വരുത്തുന്ന കുടുംബപരവും സാമൂഹ്യപരവുമായ വിപത്തുകളെപ്പറ്റി വിശുദ്ധ വേദപുസ്തകം പഠിപ്പിക്കുന്നുണ്ട്. വീഞ്ഞുകുടിച്ച് ലക്കുകെട്ട് കിടന്ന നോഹയെപ്പറ്റിയുള്ള വിവരണങ്ങൾ അപ്പാടെ ലഭ്യമാണ് (ഉല്പ. 9:21, 23). മദ്യപൻ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നത് അപ്പോസ്തോലികമായ മുന്നറിയിപ്പാണല്ലോ (1 കൊരി. 6:10). ലോത്തിന്റെ മദ്യപാനാനുഭവവും ഒരു മുന്നറിയിപ്പാണ് (ഉല്പത്തി 19:31-38).

## പ്രവർത്തനങ്ങൾ

1. വിശേഷദിവസങ്ങൾ ലഹരിമുക്തമാക്കുവാൻ യുവജന പ്രസ്ഥാനവുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുക
2. മദ്യം മയക്കുമരുന്ന് എന്നിവ ആരോഗ്യത്തെ കൂടുതലായി എങ്ങിനെ ബാധിക്കുന്നു എന്ന് കണ്ടുപിടിച്ച് ചർച്ച ചെയ്യുക.

യൂണിറ്റ് ഏഴ്

# പ്രാർത്ഥനകളും പ്രാർത്ഥനാഗീതങ്ങളും

അദ്ധ്യായം ഒന്ന്

## സാധാരണ നമസ്കാരത്തിലെ പ്രാർത്ഥനകൾ

**ചു**വടെ കൊടുത്തിരിക്കുന്ന പ്രാർത്ഥനകൾ ഹൃദിസ്ഥമാക്കുകയും അവയുടെ അർത്ഥതലങ്ങൾ മനസ്സിലാക്കുകയും ചെയ്യണം.

1. മാർ സേവേറിയോസിന്റെ അപേക്ഷ
2. ക്രോബേന്മാരുടെ സ്തുതിപ്പ്
3. ത്രിത്വത്തോടുള്ള അപേക്ഷ
4. മാലാഖമാരുടെ സ്തുതിപ്പ്
5. മാർ സേവേറിയോസിന്റെ മാനീസാ
6. വിശ്വാസപ്രമാണം

വിശദമായ പഠനത്തിന് മറ്റു ക്ലാസ്സുകളിലെ സൺഡേസ്കൂൾ ടെക്സ്റ്റുകൾ ഉപയോഗിക്കാവുന്നതാണ്. യഥാക്രമം ക്ലാസ് 7, 4, 3, 8, 10, 9 എന്നീ ക്ലാസ്സുകളിലെ സൺഡേസ്കൂൾ പാഠപുസ്തകങ്ങളിൽ ഈ പ്രാർത്ഥനകൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

അദ്ധ്യായം രണ്ട്

# വി. കുർബ്ബാനയിലെ ത്രിത്വ പ്രാർത്ഥനകൾ

**പ**രിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസവും യേശുക്രിസ്തു മനുഷ്യാവതാരം ചെയ്ത ദൈവമാണെന്ന വിശ്വാസവുമാണ് ഓർത്തഡോക്സിയുടെ അടിസ്ഥാനമെന്ന് യൂണിറ്റ് രണ്ടിൽ നാം പഠിച്ചു. വി. കുർബ്ബാനയിൽ പുരോഹിതന്റെ പ്രാർത്ഥനകളിൽ ഭൂരിപക്ഷവും വി. ത്രിത്വത്തെ സംബോധന ചെയ്തുകൊണ്ടുള്ളവയാണ്. എല്ലാ പ്രാർത്ഥനകളും അവസാനിപ്പിക്കുന്നതും ത്രിത്വ സ്തുതിയോടെയാണ്. 'ശുബഹോലാബോ....' എന്ന ത്രിത്വ സ്തുതി ഓർത്തഡോക്സ് ആരാധനയിലെ പ്രധാന ഘടകമാണ്. വിശുദ്ധ കുർബ്ബാനയിൽ വിശ്വാസികൾ ചൊല്ലുന്ന ചില പ്രാർത്ഥനകൾ ഈ വിശ്വാസത്തിന്റെ പ്രഖ്യാപനമാണ്. അങ്ങനെയുള്ള ചില പ്രാർത്ഥനകളാണ് ഈ അദ്ധ്യായത്തിലെ നമ്മുടെ പഠന വിഷയം. ഈ പ്രാർത്ഥനകൾ മനഃപാഠമാക്കുക എന്നത് ഓരോ ഓർത്തഡോക്സ് വിശ്വാസിയുടെയും കടമയാണ്.

### 1. രഹസ്യങ്ങളുടെ ആഘോഷസമയത്ത്

പുരോഹിതൻ പീലാസാ ഉയർത്തിക്കൊണ്ട്, 'ഈ വിശുദ്ധതകൾ വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും നൽകപ്പെടുന്നു' എന്നു പറയുമ്പോൾ അതിനു പ്രതിവാക്യമായി പറയുന്നത് ഒരു ത്രിത്വസ്തുതിയാണ്.

'പരിശുദ്ധനായ ഏകപിതാവും, പരിശുദ്ധനായ ഏക പുത്രനും, പരിശുദ്ധനായ ഏക റൂഹായും അല്ലാതെ പരിശുദ്ധൻ ഇല്ല, ആമ്മീൻ'

കാസാ ഉയർത്തുന്ന സമയത്ത് ജനത്തിന്റെ ത്രിത്വസ്തുതി ഇപ്രകാരമാണ് "ഒന്നായിരിക്കുന്ന പിതാവിനും പുത്രനും ജീവനുള്ള വിശുദ്ധ റൂഹായ്ക്കും എന്നേക്കും സ്തുതി, ആമ്മീൻ"

വി. കുർബ്ബാന വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും മാത്രം നല്കപ്പെടുന്നു എന്ന പുരോഹിതന്റെ പ്രഖ്യാപനം വളരെ പ്രാധാന്യം അർഹിക്കുന്നു. എല്ലാവരും അതിനു യോഗ്യരല്ല; വിശുദ്ധീകരിക്കപ്പെട്ടവർ മാത്രമേ അതിന് അർഹത നേടുന്നുള്ളൂ. വി. കുർബ്ബാനയുടെ പ്രധാനഭാഗം പദവിയിൽ കയറിനിന്ന് പുരോഹിതൻ ആരംഭിക്കുന്നതിനുമുമ്പ് വി. കുർബ്ബാനയിൽ തുടർന്ന് പങ്കെടുക്കുന്ന എല്ലാവരും സത്യവിശ്വാസികളും വിശുദ്ധരുമാണെന്ന് ശുശ്രൂഷകൻ ഉറപ്പുവരുത്തുന്നു. അതിന്റെ സൂചനയായിട്ടാണ് ധൂപക്കുറ്റിയുടെ ചങ്ങലകൾ കൈയ്യിൽ ഒരുമിച്ചു ചേർത്തുപിടിച്ചുകൊണ്ട് 'സ്തൗമെൻ കാലോസ്' എന്ന്

ഉച്ചത്തിൽ പ്രഖ്യാപിക്കുന്നത്. അവിശ്വാസികളും അശുദ്ധരും മാറിനിന്നിട്ട് വിശുദ്ധരായവർ മാത്രമാണ് വി. കുർബ്ബാനയിൽ സംബന്ധിക്കുന്നത്. പുരോഹിതന്റെ ഈ പ്രഖ്യാപനത്തിനു മറുപടിയായി നാം ഏറ്റുപറയുന്നത്, പിതാവും പുത്രനും പരിശുദ്ധറൂഹായുമല്ലാതെ ആരും പരിശുദ്ധരല്ല എന്നും അതുകൊണ്ടുതന്നെ ഞങ്ങൾ ഇതിനു യോഗ്യരല്ല എന്നുമാണ്. ഈ സാഹചര്യത്തിലും ഈ വിശുദ്ധതകൾ സ്വീകരിക്കുവാൻ നമ്മെ അർഹരാക്കിത്തീർത്ത ത്രിത്വത്തെ സ്തുതിക്കുകയാണ് അടുത്ത പ്രതിവാക്യത്തിൽ. പുരോഹിതന്റെ തുടർന്നുള്ള പ്രാർത്ഥനയിൽ പരിശുദ്ധ ത്രിത്വം നമ്മോടുകൂടെയുണ്ട് എന്ന് ഉദ്ഘോഷിക്കുന്നതിലൂടെ ഈ ദൈവികരഹസ്യങ്ങളുടെ അനുഭവത്തിന് ത്രിത്വത്തിന്റെ കൂട്ടായ്മ നമ്മെ യോഗ്യരാക്കിത്തീർത്തിരിക്കുന്നു എന്നു പ്രഖ്യാപിക്കുകയാണ്.

### 2. കാസായും പീലാസായും എടുത്ത് പടിഞ്ഞാറോട്ട് വരുന്നതിനുമുമ്പ്

'നാം അട്ടഹസിച്ചു പറയണം' എന്ന് ശുശ്രൂഷക്കാരൻ അറിയിക്കുമ്പോൾ പ്രതിവാക്യമായി നാം താഴെപ്പറയുന്ന പ്രകാരം പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധറൂഹായുമായവൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനും ആകുന്നു. ആദിമുതൽ തലമുറ തലമുറകൾ വരെയും തനിക്കു സ്തുതി ഹാലേല്ലുയ്യാ.'

ഇതും അർത്ഥവത്തായ ഒരു ത്രിത്വസ്തുതിയാണ്. പിതാവും പുത്രനും പരിശുദ്ധറൂഹായുമായവൻ എന്ന പ്രയോഗം ശ്രദ്ധിക്കുക. 'ആയവൻ' എന്ന ഏകവചനമാണ് ഇവിടെ ഉപയോഗിക്കുന്നത്. 'ത്രിയേകദൈവം' എന്ന സത്യവിശ്വാസം നാം ഇവിടെ അട്ടഹസിച്ച് പറയുകയും പരിധിയില്ലാതെ സ്തുതി കരേറ്റുകയുമാണ് ചെയ്യുന്നത്.

അദ്ധ്യായം മൂന്ന്

# ആരാധനാഗീതങ്ങൾ

# കൃംതാ-സന്ധ്യാനമസ്കാരം

**സ്ലീ**ബാനമസ്കാരമെന്നും കൃംതാനമസ്കാരമെന്നും രണ്ട് നമസ്കാരക്രമങ്ങളാണ് നമ്മുടെ വി. കുർബ്ബാനക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്ലീബാപ്പെരുന്നാൾ മുതൽ സ്ലീബാനമസ്കാരവും, കൃംതാപെരുന്നാൾ മുതൽ കൃംതാനമസ്കാരവുമാണ് നാം ഉപയോഗിക്കുന്നത്. സ്ലീബാ സന്ധ്യാനമസ്കാരത്തിലെ ചില ഗീതങ്ങൾ നാം ഒമ്പതാംക്ലാസ്സിൽ പഠിച്ചു. കൃംതാ-സന്ധ്യാനമസ്കാരത്തിലെ ഗീതങ്ങളാണ് ഈ പാഠത്തിലെ പഠനവിഷയം.

കൃംതാനമസ്കാരത്തിലെ ഗീതങ്ങളിൽ കർത്താവിന്റെ ഉയിർപ്പാണ് പ്രധാന ധ്യാന വിഷയം. ഏതാനും ഗീതങ്ങളുടെ വിശദീകരണം ചുവടെ ചേർക്കുന്നു.

1. "ഈ നിൻ ഉത്ഥാനത്തിൻ നാൾ
   വംശത്തലയാം - ആദം മോദിക്കും
   നാഥാ! സർവ്വേശാ! കൃപ ചെയ്കെന്നിൽ"

എല്ലാ ഞായറാഴ്ചകളും കൃംതായുടെ (കർത്താവിന്റെ ഉയിർപ്പിന്റെ) സ്മരണ ആണല്ലോ? അതുകൊണ്ടാണ് 'ഈ നിൻ ഉത്ഥാനത്തിൻ നാൾ' എന്ന് പാടുന്നത്. മനുഷ്യ വർഗത്തിന്റെ തലവനായ ആദാം ഈ ഉത്ഥാനപ്പെരുന്നാളിൽ സന്തോഷിക്കുന്നു. സർവ്വ ശക്തനായ കർത്താവേ അനുഗ്രഹിക്കണമേ എന്നാണ് ഇവിടെ പ്രാർത്ഥിക്കുന്നത്. പറുദീസായുടെ അനുഭവത്തിൽനിന്നും ബഹിഷ്കൃതനായ ആദാമിന് ക്രിസ്തുവിന്റെ മരണവും ഉയിർപ്പുമാണല്ലോ പറുദീസായിലേക്കുള്ള പ്രവേശനം സാധ്യമാക്കിയത്.

2. "എൻ നാഥാ നിൻ കൃപ നിന്നെ
   ഇപ്പാപികളിൽ ചായിച്ചു.
   നിൻ സ്ലീബാച്ചിറകിൽ തൂങ്ങും
   നിൻ സഭമേൽ കൃപ തോന്നേണം."

എന്റെ നാഥാ നിന്റെ കൃപയാണ് നിന്നെ ഈ പാപികളിലേക്ക് ഇറക്കിക്കൊണ്ടുവന്നത്. നിന്റെ കുരിശിന്റെ ചിറകുകളിൽ ആശ്രയിക്കുന്ന നിന്റെ സഭമേൽ കൃപ തോന്നണമേ എന്നാണ് ഈ ഗീതത്തിന്റെ അർത്ഥം.

മനുഷ്യരായ നാം പാപികളാണെന്നും, ദൈവത്തിന്റെ കൃപയാണ് മനുഷ്യാവതാരത്തിനു കാരണമായതെന്നും കുരിശാണ് നമ്മുടെ രക്ഷയുടെ അടയാളമെന്നും ഇവിടെ ഏറ്റുപറയുകയാണ്.

3. "നാഥൻ മൃതരിടയിലുറപ്പി-ച്ചാദത്തെ
ഖേദിക്കേണ്ട നിൻ പാപത്തെ - ഓർത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻകനി നീ തിന്നതിനാൽ കയ്പ്പും-കുടിച്ചേൻ ഞാൻ
നഗ്നതയാൽ-നീ ഇലകൾ ചാർത്തി
നഗ്നതയോടെന്നെയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ് കോപം താതന്റെ."

കർത്താവ് മരിച്ചവരുടെ ഇടയിൽചെന്ന് ഇപ്രകാരം പറഞ്ഞ് ആദത്തെ ധൈര്യപ്പെടുത്തി. "നിന്റെ പാപത്തെ ഓർത്ത് ഇനിയും നീ ദുഃഖിക്കരുത്. നീ കുറ്റം ചെയ്തതിനു നിനക്ക് പകരമാണ് ഞാൻ അടികൾ കൊണ്ടത് (മത്തായി 27:30). ഏദനിലെ വിലക്കപ്പെട്ട കനി നീ ഭക്ഷിച്ചതിനു പകരം ഞാൻ കൈപ്പുള്ള പാനീയം കുടിച്ചു (മത്തായി 27:33). നഗ്നനാണെന്നു തിരിച്ചറിഞ്ഞ നീ ഇലകൾകൊണ്ട് നിന്റെ നഗ്നത മറച്ചു (ഉല്പത്തി 3:7). യഹൂദന്മാർ എന്നെ നഗ്നനായി കുരിശിൽ തൂക്കി (മത്തായി 27:35). കുരിശിൽ ഞാൻ ഒഴുക്കിയ രക്തത്താൽ പിതാവാം ദൈവത്തിന്റെ കോപം പൂർണമായി മാറി (എബ്രായർ 9:22-25 വായിക്കുക). രക്ഷയുടെ ഒരു വേദശാസ്ത്രമാണ് ഈ ഗീതത്തിൽ നാം പാടുന്നത്.

4. "നിൻ മുറിവുകളീന്നേറ്റേൻ മൂ-റോൻ മണമെൻ നാഥാ
നിന്നധരങ്ങളഹോ പട്ടിൻ-നൂലോടൊത്തുള്ളൂ
കാണ്മാൻ വന്നോ-നെന്നെ ഭടർ ചുറ്റി
ഗോഗുൽത്തായി-ക്കവരെ വിട്ടോടി
നിൻ മാർവ്വു തുറന്നും, രക്തം-വാർത്തും കണ്ടേൻ ഞാൻ
കുരിശാലടിയാരെ കാക്കും-നാഥന്നായ് സ്തോത്രം
ഹാലേല്ലുയ്യാ - അട്ടഹസിക്കുന്നേൻ.

ഈ ഗീതത്തിൽ അടങ്ങിയിരിക്കുന്ന ആശയം മനസ്സിലാക്കുവാൻ ഗീതത്തിന്റെ പശ്ചാത്തലത്തെക്കുറിച്ചുള്ള പഠനം അനിവാര്യമാണ്.

യേശുക്രിസ്തുവും പ. സഭയും തമ്മിലുള്ള ബന്ധം മണവാളനും മണവാട്ടിയും തമ്മിലുള്ള (nuptial) ബന്ധത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കുന്ന പാരമ്പര്യം സുവിശേഷത്തിലും അപ്പോസ്തോലിക പഠിപ്പിക്കലിലും കാണുന്നു. യഹൂദ പാരമ്പര്യത്തിലും യഹോവയും യിസ്രായേലും തമ്മിലുള്ള ബന്ധം ഭാര്യാഭർത്തൃ ബന്ധത്തിൽ വിവരിക്കുന്നുണ്ട് (യിരെമ്യ 31:32) "ഞാൻ അവർക്ക് ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചു കളഞ്ഞു എന്ന് യഹോവയുടെ അരുളപ്പാട്"; "വിശ്വാസ ത്യാഗികളായ മക്കളെ, മടങ്ങിവരുവിൻ എന്ന് യഹോവയുടെ അരുളപ്പാട്, ഞാനല്ലോ നിങ്ങളുടെ ഭർത്താവ്" (യിരെമ്യ 3:14) "ഒരു ഭാര്യ ഭർത്താവിനോട് വിശ്വാസപാതകം ചെയ്ത് അവനെ വിട്ടുകളയുന്നതുപോലെ, നിങ്ങൾ എന്നോട് വിശ്വാസപാതകം ചെയ്തിരിക്കുന്നു എന്ന് യഹോവയുടെ അരുളപ്പാട്" (യിരെമ്യ 3:20) യെശയ്യാവ് 54:7-14;

ഭാര്യാഭർത്തൃബന്ധത്തിലെ ഉടമ്പടിബന്ധം, യഹോവയും യിസ്രായേലും തമ്മിലുള്ള വാഗ്ദത്ത ബന്ധമായി ഉല്പത്തി പുസ്തകം മുതലേ വിവരിക്കുന്നു. പ്രവാചക പുസ്തകങ്ങളിലും, കീർത്തനങ്ങളിലും ഈ വിവരണത്തിന് അനവധി ഉദാഹരണങ്ങൾ ലഭിക്കുന്നു.

(ആവർത്തനം 7:6-11, യിരെമ്യ 2:2, 3:1-4 യെഹ. 16:8 2 കൊരി. 11:2 എഫേ. 5:22-24)

സുറിയാനി ആരാധനാപാരമ്പര്യത്തിൽ യേശുക്രിസ്തുവിനെ സ്വർഗ്ഗീയ മണവാളനായും പ. സഭയെ വിജാതീയരുടെ ഇടയിൽനിന്ന് യേശുക്രിസ്തു തെരഞ്ഞെടുത്ത മണവാട്ടിയായുമുള്ള കാവ്യഭാവന (poetic image) ധാരാളമായി ഉപയോഗിക്കുന്നുണ്ട്. വിവാഹശുശ്രൂഷയിലെ 'സഭയാം തിരുസഭയാമീ ഞാൻ അത്യുന്നതനുടെ മണവാട്ടി' എന്ന ഗാനം ഈ കാവ്യഭാവനയുടെ ഉദാഹരണമാണ്.

പഴയനിയമത്തിലെ 'ഉത്തമഗീതം' പ്രതിപാദിക്കുന്ന ശൂലേംകാരി ഇടയപെൺകുട്ടിയും അവളുടെ ഗ്രാമീണകാമുകനും തമ്മിലുള്ള പ്രേമം സ്വർഗ്ഗീയ മണവാളനായ ദൈവപുത്രനും മണവാട്ടിയായ പ. സഭയും തമ്മിലുള്ള ബന്ധത്തെ വിവരിക്കുവാൻ സഭാപിതാക്കന്മാർ ധാരാളമായി ഉപയോഗിച്ചിരുന്നു. നിസ്സായിലെ മാർ ഗ്രിഗോറിയോസിന്റെ, 'ഉത്തമഗീതം' അടിസ്ഥാനമാക്കിയുള്ള പ്രസംഗങ്ങളും പഠനങ്ങളും പ്രസ്തുത വിവരണത്തിനു മകുടോദാഹരണമാണ്. ഈ ഒരു പശ്ചാത്തലത്തിലാണ് നമ്മുടെ പഠനവിധേയമായ ഗീതം രൂപപ്പെടുത്തിയിരിക്കുന്നത്.

സഭാപിതാക്കന്മാരായ ഒരിഗനും മനുഷ്യരോടുള്ള ദൈവസ്നേഹം വിവരിക്കുവാൻ ഈ കാവ്യഭാവന ഉപയോഗിച്ചിട്ടുണ്ട്.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരസംഭവങ്ങളുടെ പ്രാധാന്യം വിവരിക്കത്തക്ക രീതിയിൽ പ. സഭയാകുന്ന മണവാട്ടി, സ്വർഗ്ഗീയ മണവാളനായ യേശുക്രിസ്തുവിനെ അന്വേഷിക്കുന്നതും, ഗോഗുൽത്തായിൽ, കുരിശുമരണത്തിലൂടെ മണവാട്ടിക്കുവേണ്ടി പ്രാണത്യാഗം നിർവഹിക്കുന്ന മണവാളനെ കണ്ടെത്തുന്നതുമായ 'കാവ്യഭാവന' സുറിയാനി ആരാധനാപാരമ്പര്യത്തിൽ ദർശിക്കുന്നുണ്ട്.

യോർദ്ദാൻ നദിയിൽവച്ച് യേശുക്രിസ്തു യോഹന്നാൻ മംദാനായാൽ വി. മാമോദീസാ സ്വീകരിച്ചത് യേശുക്രിസ്തുവും, മണവാട്ടിയായി തെരഞ്ഞെടുക്കപ്പെട്ട സഭയുമായുള്ള വിവാഹ ഉടമ്പടിയായും, ക്രൂശുമരണം വി. വിവാഹകൂദാശയുടെ പൂർത്തീകരണമായും സുറിയാനി ആരാധനാ പാരമ്പര്യത്തിൽ വിവരിക്കുന്നു. മശിഹായുടെ മണവാളത്വത്തിന്റെ മുദ്രയായി മണവാട്ടിയായ പ. സഭയ്ക്ക് യേശുക്രിസ്തു നൽകിയ വിവാഹമോതിരം കർത്താവിന്റെ തിരുശരീരരക്തങ്ങളാണ്.

വിവാഹകൂദാശയിൽ ഇപ്രകാരം പാടുന്നു

"എന്നെ മാമോദീസായാൽ
ആത്മീയായുധമണിയിച്ചാൻ
വിരലിന്മേൽ മെയ് ര-ക്തങ്ങൾ
മോതിരമായെൻ പേർക്കേ-കി"

വി. മാമോദീസായുടെയും വി. കുർബ്ബാനസ്ഥാപനത്തിന്റെയും പൂർത്തീകരണം നിർവഹിക്കുന്നത് കർത്താവിന്റെ രക്ഷാകരമായ കുരിശുമരണത്തിലാണ്. ഈ വേദശാസ്ത്ര പശ്ചാത്തലവും ഉത്തമഗീതത്തിന്റെ പശ്ചാത്തലത്തിൽ സ്വർഗീയ മണവാളനായും ഇടയശ്രേഷ്ഠമായ യേശുക്രിസ്തുവിനെ അന്വേഷിച്ച് ഗോഗുൽത്തായിലെ കുരിശു മരച്ചുവട്ടിൽ എത്തിച്ചേരുന്ന പ. സഭയുടെ യാത്രയുടെ കാവ്യഭാവനയുമാണ് 'നിൻ മുറിവുകളീന്നേറ്റോൻ.....' എന്ന ഗീതം.

‘നിന്റെ മുറിവുകളിൽനിന്നും പുറപ്പെടുന്ന സുഗന്ധം മൂറോൻ തൈലത്തിന്റെ സുഗന്ധം പോലെ മനോഹരമാണ്. നിന്റെ അധരങ്ങൾ പട്ടുനൂൽപോലെ മൃദുലമാണ്. നിന്നെ കാണുവാൻ വന്ന എന്നെ ഭടന്മാർ വളഞ്ഞു. അവരെ വിട്ടിട്ട് ഞാൻ ഗോൽഗോഥാ മലയിലേക്ക് ഓടി. നിന്റെ നെഞ്ച് പിളർന്ന് രക്തം ഒഴുകുന്നത് അവിടെ ഞാൻ കണ്ടു (യോഹ. 19:34). കുരിശിനാൽ അടിയാരെ രക്ഷിക്കുന്ന കർത്താവിനു സ്തോത്രം. ഹാലേലുയ്യാ എന്ന് ഞങ്ങൾ അട്ടഹസിച്ചു പറയുന്നു.’

വിവിധ ഗീതങ്ങളുടെ ആദ്യ ഈരടികൾ മാത്രമാണ് ഈ പാഠത്തിൽ വിശദീകരിച്ചത്. തുടർന്നുള്ള ഗീതങ്ങളും ഹൃദിസ്ഥമാക്കുകയും അർത്ഥം മനസ്സിലാക്കുകയും ചെയ്യണം. എം.ഒ.സി. പ്രസിദ്ധീകരിച്ചിരിക്കുന്ന വി. കുർബ്ബാനക്രമവും, ജീവനുള്ള ബലി എന്ന പുസ്തകവും ഇതിനായി ഉപയോഗിക്കാം.

അദ്ധ്യായം നാല്

# കുർബ്ബാനാനന്തര ശുശ്രൂഷയിലെ ഗീതങ്ങൾ

**വി.** കുർബ്ബാന അവസാനിച്ചതിനുശേഷമുള്ള (അവസാനത്തെ ആശീർവാദത്തിനു ശേഷം) രഹസ്യമായ ശുശ്രൂഷയാണ് കുർബ്ബാനാനന്തര ശുശ്രൂഷയായി വി. കുർബ്ബാന ക്രമത്തിൽ നൽകിയിട്ടുള്ളത്. മറ ഇട്ടുകൊണ്ട് പുരോഹിതൻ നടത്തുന്ന ഈ ശുശ്രൂഷാ സമയത്ത് ജനങ്ങൾ ഗീതങ്ങൾ ആലപിച്ചുകൊണ്ട് ആ ശുശ്രൂഷയിലും പങ്കാളികളാകുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. ആ സമയത്ത് പാടുന്ന ഗീതങ്ങളാണ് ഈ പാഠത്തിൽ നാം പഠിക്കുന്നത്.

1. എന്റെ കടങ്ങളശേഷം നിൻ
   കൃപയാം എസ്പൂഗായതിനാൽ
   മായിച്ചെൻ പാപങ്ങളെയും
   കൃപയാൽ പുണ്യമതാക്കണമേ.

'കർത്താവേ നിന്റെ കൃപയാകുന്ന എസ്പൂഗായാൽ എന്റെ കടങ്ങളും പാപങ്ങളും മായിച്ചുകളഞ്ഞ് നിന്റെ കൃപയാൽ എന്നെ പുണ്യമുള്ളവനാക്കണമേ' എന്നാണ് ഈ ഗീതത്തിന്റെ അർത്ഥം.

എസ്പൂഗാ എന്ന സുറിയാനി പദത്തിന് ഇംഗ്ലീഷ് തർജ്ജിമയിൽ 'sponge' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് എന്നറിയുമ്പോൾ ആ വാക്കിനെക്കുറിച്ചുള്ള ആശയം വ്യക്തമാകും. തുടർന്നുള്ള ഗീതങ്ങളും മനസ്സിലാക്കി പഠിക്കുക.

2. മോറാനേശുമശിഹാ
   ഉൾക്കൊണ്ടോരീ നിൻമെയ്യും-തിരുരക്തമതും
   ശിക്ഷാപ്രതികാരങ്ങൾക്കായ്
   തീരാതെ കുറ്റങ്ങളാറാ-നുതകീടണമേ
   നിൻവലമതിൽ നിൽക്കുന്നതിനും
   ഹാലേലുയ്യാ-ധൈര്യസമേതം.

അർത്ഥം: കർത്താവായ യേശുമശിഹാ, ഞങ്ങൾ ഭക്ഷിച്ച നിന്റെ ശരീരവും രക്തവും ഞങ്ങളുടെ ശിക്ഷയ്ക്കോ പ്രതികാരത്തിനോ ആയിത്തീരരുതേ. പിന്നെയോ, ഞങ്ങളുടെ കുറ്റങ്ങളുടെ പരിഹാരത്തിനും ധൈര്യപൂർവ്വം നിന്റെ വലത്തുഭാഗത്തു നിൽക്കുന്നതിനും സഹായകമാകണമേ.

'കുറ്റങ്ങളാറാനുതകീടണമേ' = 'കുറ്റങ്ങൾ ആറുവാൻ സഹായിക്കണമേ.' 'ആറുക' എന്നാൽ തണുക്കുക അഥവാ ക്ഷമിക്കപ്പെടുക എന്നാണ് അർത്ഥമാക്കുന്നത്.

3. പാതകനാം റൂബേലിന്-ജീവൻ മൂശ
മൃഗബലിയാൽ നൽകി-യെങ്കിൽ
ജീവനെഴും നിൻ ബലിയാലെ
വിശ്വാസികളാം മരിച്ചോർക്ക-
ങ്ങെത്ര ഗുണം കൂടും.

പാപം ചെയ്ത രൂബേൻ മോശയുടെ മൃഗബലിയാൽ മോചനം പ്രാപിച്ചു എങ്കിൽ കർത്താവേ, നിന്റെ ജീവനുള്ള ബലിയാൽ, വിശ്വാസികളായ മരിച്ചുപോയവർക്ക് എത്രയധികം മോചനം ലഭിക്കും എന്നാണ് ഈ ഗീതത്തിന്റെ അർത്ഥം.

രൂബേൻ ചെയ്ത പാപം ഉല്പത്തി 35:22-ൽ പറയുന്നുണ്ട്. അതുമൂലം, യാക്കോബ് മക്കളെ അനുഗ്രഹിക്കുമ്പോൾ മൂത്തവനായ രൂബേനോട് 'നീ ശ്രേഷ്ഠനാകുകയില്ല' എന്നാണ് പറഞ്ഞത് (ഉല്പ. 49:4). എന്നാൽ പാപമോചനത്തിനുള്ള മൃഗബലി യഹോവ മോശ മുഖാന്തിരം നടപ്പിലാക്കിയശേഷം, തന്റെ അന്ത്യകാലത്ത് മോശ ഇസ്രായേൽ മക്കളെ അനുഗ്രഹിക്കുമ്പോൾ 'രൂബേൻ മരിക്കാതെ ജീവിച്ചിരിക്കട്ടെ അവന്റെ പുരുഷന്മാർ കുറയാതിരിക്കട്ടെ' (ആവ. 33:6) എന്നു പറഞ്ഞ് ആ ഗോത്രത്തെ അനുഗ്രഹിക്കുകയാണ് ചെയ്യുന്നത്. പഴയനിയമകാലത്തെ മൃഗബലികൊണ്ട് ഇത്രയും സാധിക്കുമെങ്കിൽ കർത്താവായ യേശുക്രിസ്തുവിന്റെ ജീവനുള്ള ബലികൊണ്ട് എത്രയധികം പാപമോചനം ലഭിക്കും എന്ന പ്രത്യാശയോടെയാണ് വി. കുർബ്ബാനയുടെ സമാപനശുശ്രൂഷ അവസാനിച്ചിരിക്കുന്നത്.

❖